# വികസനരേഖ



വെള്ളൂർ ഗ്രാമപഞ്ചായത്ത്

4-8-7

അധികാരം ജനങ്ങളിലേക്ക്
ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# വികസനരേഖ

വികസന സെമിനാർ

കെ. എം. ഹൈസ്കൂൾ, വെള്ളൂർ

1997 ജനുവരി 5

**വെള്ളൂർ ഗ്രാമപഞ്ചായത്ത്**
വെള്ളൂർ, വേവെള്ളൂർ പി. ഒ.
കോട്ടയം ജില്ല - 686 609
ഫോൺ : 57171

## പത്രാധിപ സമിതി

കെ. ദേവരാജ്

എൻ.ഡി. ശശി

പി.കെ. സദാശിവൻ

എ.എം. ശ്രീകുമാർ

എ.കെ. ജോൺ

എം. രാജപ്പൻ

സി.എൻ. സുനിൽ

ജി. കൈലാസ്

സാബു ഐസക്

ടി.പി. ശ്രീശങ്കർ

വി.എസ്. മധു



*“മനുഷ്യരാശിയുടെ ഒരു ചെറിയ ഭാഗത്തിനുവേണ്ടി മാത്രമാകാതെ എല്ലാവർക്കുംവേണ്ടി അദ്ധ്വാനവും സമയവും ലാഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കുറച്ചുപേരുടെ കൈകളിൽ കേന്ദ്രീകരിക്കപ്പെടുന്നതിനുപകരം, സമ്പത്ത് എല്ലാവരുടേയും കൈകളിൽ എത്തിച്ചേരണമെന്നാണ് എൻെറ ആഗ്രഹം.”*

*- യംഗ് ഇന്ത്യ - 13 നവംബർ 1927*

# VELLOOR PANCHAYAT

## ADMINISTRATIVE MAP



## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



വി.ടി. പൗലോസ്



ശിവശങ്കരൻ നായർ



വി. ബാലകൃഷ്ണൻ എമ്പ്രാൻ



ജി. ചന്ദ്രൻ



വെള്ളൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്

# നിലവിലിലുള്ള ഭരണസമിതി



*പി. പി. കണ്ണൻ*
വൈസ് പ്രസിഡൻറ്



*എൻ.എം. താഹ*
പ്രസിഡൻറ്



കെ.കെ. മധുസൂദനൻ നായർ,
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ



*ലൂക്ക് മാത്യു*
മെമ്പർ വാർഡ് 2



*സുബൈദ ബദറുദ്ദീൻ*
മെമ്പർ വാർഡ് 3



*പി.എ. ശാന്തകുമാരി*
മെമ്പർ വാർഡ് 5



*ശാലിനി മോഹനൻ*
മെമ്പർ വാർഡ് 7



*പി.പി.രാമകൃഷ്ണൻ നായർ*
മെമ്പർ വാർഡ് 8



*പി.ടി. ജോണി*
മെമ്പർ വാർഡ് 9



*മോളി ചാക്കോ*
മെമ്പർ വാർഡ് 10.



*സി. ജോൺ*
*സെക്രട്ടറി*

# വിഷയവിവരം


1 ആമുഖം

2 പഞ്ചായത്തിന്റെ പൊതുവിവരങ്ങൾ

3 ഭൂപ്രകൃതിയും വിഭവങ്ങളും

4 വിഭവങ്ങൾ

5 സാമൂഹ്യസാംസ്കാരിക ചരിത്രം

6 വിഭവഭൂപടം

7 വികസന മേഖലകൾ

- 1 കൃഷിയും ജലസേചനവും
- 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
- 3 വ്യവസായം
- 4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- 5 കുടിവെള്ളവു പൊതുജനാരോഗ്യവും
- 6 വിദ്യാഭ്യാസം
- 7 പാർപ്പിടവും സാമൂഹ്യക്ഷേമവും
- 8 പട്ടികജാതി പട്ടികവർഗ്ഗവികസനം
- 9 വനിത
- 10 സഹകരണം
- 11 സംസ്കാരം
- 12 വിഭവസമാഹരണം
- 13 പരിസ്ഥിതി

8 ഉപസംഹാരം


..00L. 10

# ആമുഖം

സ്വാതന്ത്ര്യാനന്തരം, സമ്പദ്‌വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ച ലക്ഷ്യമിട്ടാണ് നമ്മുടെ പഞ്ചവത്സരപദ്ധതികൾ ആവിഷ്കരിക്കപ്പെട്ടത്. എട്ട് പഞ്ചവത്സരപദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചെങ്കിലും അവയൊന്നും തന്നെ ഫലപ്രാപ്തിയിൽ എത്തിയില്ല എന്നതാണ് വസ്തുത. പദ്ധതിയാസൂത്രണത്തിലെ കേന്ദ്രീകൃതസ്വഭാവവും, ഉദ്യോഗസ്ഥ മേൽനോട്ടത്തിലുള്ള അവയുടെ നടത്തിപ്പുമാണ് ഇതിനുള്ള പ്രധാനകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇതിൻെറ ഫലമായി രാജ്യത്തിൻെറ പല ഭാഗങ്ങളും വികസനകാര്യത്തിൽ വളരെയധികം പിന്നോക്കം പോവുകയും, പല പ്രദേശങ്ങളിലും വിഘടനവാദം പോലുള്ള വിഭാഗീയ പ്രവണതകൾ തലപൊക്കുകയും ചെയ്തു.

ആസൂത്രണ പ്രക്രിയ വികേന്ദ്രീകരിക്കണമെങ്കിൽ അധികാര വികേന്ദ്രീകരണവും അനിവാര്യമാണ്. കഴിഞ്ഞ കാലങ്ങളിൽ ഇതിനെ സംബന്ധിച്ച് നിരവധി പഠനങ്ങളും ചർച്ചകളും നടന്നിട്ടുണ്ടെങ്കിലും ഭരണ ഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്തീരാജ് - നഗരപാലികാ നിയമങ്ങൾ നിലവിൽ വന്നതാണ് ഈ രംഗത്തെ സുപ്രധാന ചുവടുവയ്പ്. ഇതോടെ പ്രാദേശികസ്വയം ഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും, ഇന്ത്യയൊട്ടുക്ക് ഒരേകീകൃത സ്വഭാവം കൈവരികയും, കൂടുതൽ അധികാരങ്ങൾ ലഭിക്കുകയും ചെയ്തു. കേരളത്തിലും 1995 ഒക്ടോബർ രണ്ടോടെ തെരഞ്ഞെടുക്കപ്പെട്ട പുതിയ പഞ്ചായത്ത് - നഗരസഭാസമിതികൾ നിലവിൽ വന്നു.

ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളുടേതിൽ നിന്നും തുലോം വ്യത്യസ്തമാണ് കേരളത്തിൻെറ സ്ഥിതി. പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, ആയുർദൈർഘ്യം, ശിശുമരണനിരക്ക്, സ്ത്രീ സാക്ഷരത തുടങ്ങിയ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. ഇക്കാര്യത്തിൽ നാം പല വികസിത രാജ്യങ്ങൾക്കുമൊപ്പം നിൽക്കുന്നു എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്. എന്നാൽ അടിസ്ഥാന ഉത്പാദന മേഖലകളായ കൃഷി, വ്യവസായം എന്നിവയുടെ കാര്യത്തിൽ കേരളം ഇന്ത്യയിലെ പല സംസ്ഥാനങ്ങളേക്കാളും പിന്നിലാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി നമ്മുടെ കാർഷിക രംഗം ഉത്പാദനത്തിലും, ഉത്പാദനക്ഷമതയിലും പിന്നോട്ടുപോകുന്ന പ്രവണതയാണ് കാണിക്കുന്നത്. റബ്ബർ കൃഷിയുടെ കാര്യം മാത്രമാണ് ഇതിനൊരു അപവാദം. വ്യാവയാസികരംഗത്ത് കാര്യമായ നേട്ടം കൈവരിക്കാൻ ഇക്കാലത്ത് നമുക്ക് കഴിഞ്ഞിട്ടില്ല. ഉത്പാദനമേഖലയിൽ ഈ മുരടിപ്പ് നിലനില്ക്കുമ്പോൾ ത്തന്നെ ജീവിതഗുണമേന്മ നിലനിർത്തുന്ന, 'കേരള മോഡൽ' വികസനത്തെക്കുറിച്ച് ധാരാളം പഠനങ്ങൾ നടക്കുന്നുണ്ട്.

കേരളത്തിലെ വികസന പ്രക്രിയ നേരിടുന്ന പ്രധാന വെല്ലുവിളി - അത് ഒട്ടുംതന്നെ സ്ഥായിയല്ല എന്നുള്ളതാണ്. സമ്പത്തിൻെറ വിതരണത്തിൽ നാം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസം, പൊതുവിതരണം, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ സർക്കാരിൻെറ ബോധപൂർവ്വമായ ഇടപെടലുകൾ, ഭൂപരിഷ്കരണം, സുസജ്ജമായ തൊഴിലാളി സംഘടനകൾ, വിദേശമലയാളികളുടെ ധനം എന്നിവയാണ് ഈ നേട്ടങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നാൽ ജീവിതഗുണം നിലവാരത്തിൽ കൈവരിച്ച വളർച്ച സാമ്പത്തിക ഉത്പാദനരംഗത്ത് കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുതകുന്ന പദ്ധതികളാണ് അടുത്ത പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്. ഇതിനായി ആസൂത്രണപ്രക്രിയതന്നെ വികേന്ദ്രീകരിക്കേണ്ടതുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന് മുഖ്യതടസ്സമായി നിന്നിരുന്നത്, വികേന്ദ്രീകൃത അധികാരഘടനയുടെ അഭാവമാണ്. പഞ്ചായത്തീരാജ്-നഗരപാലികാ നിയമങ്ങൾ നിലവിൽ വന്നതോടെ ഇതിന് ഒരു പരിധി വരെ പരിഹാരം കാണാനായി.

ഈ അനുകൂല സാഹചര്യത്തിൽ 9-ാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുമ്പോൾ താഴെ തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ രൂപപ്പെടുത്തുന്നതിനു വേണ്ടിയാണ് ജനകീയാസൂത്രണപരിപാടി നടപ്പിലാക്കാൻ കേരളസർക്കാരും കേരളത്തിലെ ആസൂത്രണബോർഡും തീരുമാനിച്ചത്.

പ്രാദേശിക ആസൂത്രണപ്രക്രിയയുടെ മുന്നൊരുക്കമായ വിഭവ ഭൂപടത്തിൻെറ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയ പഞ്ചായത്ത് എന്ന നിലയിൽ, ജനകീയ ആസൂത്രണ പരിപാടികൾ ഫലപ്രദമാക്കാനുള്ള അനുകൂല സാഹചര്യം നമുക്കുണ്ട്. ജനകീയാസൂത്രണത്തിൻെറ ആദ്യ ഘട്ടമെന്ന നിലയിൽ '96 സെപ്തംബർ 26-ാം തിയതി പഞ്ചായത്തുതലത്തിൽ സന്നദ്ധപ്രവർത്തകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി സംഘടിപ്പിച്ചു. സംസ്ഥാന-ജില്ലാതല പരിശീലകരുടെ നേതൃത്വത്തിൽ നടന്ന പ്രസ്തുത പരിശീലന പരിപാടിയിൽ 120 അംഗങ്ങൾ പങ്കെടുത്തു. ഇതിനുശേഷം വാർഡ് തലവികസന സമിതികളുടേയും, പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരുടേയും നേതൃത്വത്തിൽ വിശേഷാൽ ഗ്രാമസഭകൾക്കു വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടന്നു. വിവിധ വാർഡുകളിൽ അയൽക്കൂട്ടങ്ങളും 4, 5, 8 വാർഡുകളിൽ വിളംബരജാഥകളും നടന്നു. ഒക്ടോബർ 2-നും 13-നുമിടക്കുള്ള അവധി ദിവസങ്ങളിലായി പഞ്ചായത്തിലെ 10 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ സമ്മേളിച്ചു. 10 ഗ്രാമസഭകളിലായി 328 വനിതകളും 1125 പുരുഷന്മാരുമായി 1453 ആളുകൾ പങ്കെടുത്തു.

1, 2, 9 വാർഡുകളിൽ ജനപങ്കാളിത്തം കുറവായിരുന്നു. ഏറ്റവും കൂടുതൽ പേർ പങ്കെടുത്തത് 10-ാം വാർഡിലെ ഗ്രാമസഭയിലാണ്.

ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം, വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ട വിവരങ്ങൾ ശേഖരിക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ, എന്നിവയാണ് രണ്ടാം ഘട്ടത്തിൽ നടന്ന പ്രവർത്തനങ്ങൾ. ഇതിനുള്ള പഞ്ചായത്തുതല പരിശീലനപരിപാടി നവംബർ 9-ാം തീയതി നടന്നു. എന്നാൽ പങ്കാളിത്തം തീരെ കുറവായിരുന്നു. ഏകദേശം 30 പേർ മാത്രമേ ബന്ധപ്പെട്ട പരിശീലന പരിപാടിയിൽ പങ്കെടുത്തുള്ളൂ. പിന്നീട് തന്നെ പലരും സജീവപ്രവർത്തനത്തിനുണ്ടായിരുന്നില്ല. അതിനാൽ ദ്വിതീയവിവരശേഖരണം സമയത്തിനു നടത്താൻ കഴിയാതെ വരുകയും റിപ്പോർട്ടു തയ്യാറാക്കുന്നതിൽ താമസം നേരിടുകയും ചെയ്തു.

വികസനസെമിനാറിൽ തുടർന്നു നടക്കാനിരിക്കുന്ന വിഷയഗ്രൂപ്പ് ചർച്ചകൾ ഈ വികസന രേഖ കൂടുതൽ സമ്പുഷ്ടമാക്കും എന്ന പ്രതീക്ഷയോടെ സെമിനാറിൽ പങ്കെടുക്കുന്ന എല്ലാവരുടേയും ചർച്ചക്കായി, വെള്ളൂർ ഗ്രാമപഞ്ചായത്തിൻെറ ഈ വികസനരേഖ സമർപ്പിക്കുന്നു.

ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | സ്ഥലം | തിയതി | പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1. | കാരുണ്യമാതാ എൽ. പി. സ്കൂൾ, [illegible] | 2-10-96 | 95 | 6 | 101 |
| 2. | സി. എം. എസ്. എൽ. പി. സ്കൂൾ, [illegible] | 2-10-96 | 64 | 13 | 77 |
| 3. | സി. എം. എസ്. എൽ. പി. സ്കൂൾ, [illegible] | 12-10-96 | [illegible] | 67 | 172 |
| 4. | കെ. എച്ച്. എം. എൽ. പി. എസ്., [illegible] കുന്ന് | 6-10-96 | [illegible] | 55 | 162 |
| 5. | എൻ. എസ്. എസ്. കരയോഗമന്ദിരം, തോന്നല്ലൂർ | 6-10-96 | 114 | 50 | 164 |
| 6. | കേന്ദ്രീയ വിദ്യാലയം, ന്യൂസ് പ്രിൻ്റ് [illegible] | 13-10-96 | 150 | 11 | 161 |
| 7. | പടിഞ്ഞാറെക്കുറ്റ് മൈതാനം, വെള്ളൂർ | 6-10-96 | 92 | 24 | 116 |
| 8. | കെ. എം. ഹൈസ്കൂൾ, വെള്ളൂർ | 12-10-96 | 153 | 27 | 180 |
| 9. | ടാഗോർ ലൈബ്രറി, ഇറുമ്പയം | 12-10-96 | 82 | 21 | 103 |
| 10. | പഞ്ചായത്ത് നേഴ്സറി സ്കൂൾ, ഇറുമ്പയം | 13-1096 | 163 | 54 | 217 |
| | ആകെ | | 1125 | 328 | 1453 |

# പഞ്ചായത്ത് - പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : | വെള്ളൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | വെള്ളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കടുത്തുരുത്തി |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാ മണ്ഡലം | : | വൈക്കം |
| ലോകസഭാ മണ്ഡലം | : | കോട്ടയം |
| താലൂക്ക് | : | വൈക്കം |
| ജില്ല | : | കോട്ടയം. |
| വിസ്തീർണ്ണം | : | 19.30 ച.കിലോമീറ്റർ |

**അതിരുകൾ**

| | | |
|---|---|---|
| തെക്ക് | : | തലയോലപറമ്പ് മറവൻതുരുത്ത് പഞ്ചായത്തുകൾ |
| വടക്ക് | : | എടക്കാട്ടുവയൽ, മുളക്കുളം പഞ്ചായത്തുകൾ |
| കിഴക്ക് | : | മുളക്കുളം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | ചെമ്പ് പഞ്ചായത്ത് |
| ജനസംഖ്യ | : | 2158[illegible] |
| പുരുഷന്മാർ | : | 1084[illegible] |
| സ്ത്രീകൾ | : | 1073[illegible] |
| പട്ടികജാതിക്കാർ | : | 2871 |
| പട്ടികവർഗ്ഗക്കാർ | : | 24 |
| ആകെ സാക്ഷരർ | : | 1780 - 82 |
| സാക്ഷരർ – പുരുഷന്മാർ | : | 919 |
| സ്ത്രീകൾ | : | 860 |
| ജനസാന്ദ്രത | : | ച. കിലോമീറ്ററിന് 958 പേർ |
| വാർഡുകളുടെ എണ്ണം | : | 10 |
| പ്രസിഡൻറ് | : | എൻ.എം. താഹ |
| വൈസ് പ്രസിഡൻറ് | : | പി.പി. [illegible] |

*അവലംബം 19[illegible] റിപ്പോർട്ട്*

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

ഉത്തര അക്ഷാംശം 9 47°-നും 9 51°-നും ഇടയിലും രേഖാംശം 76 25°-നും 76 30°-നും ഇടയിലുമായിട്ട് സ്ഥിതി ചെയ്യുന്ന വെള്ളൂർ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് എടയ്ക്കാട്ടുവയൽ, പിറവം പഞ്ചായത്തുകളും കിഴക്ക് മുളക്കുളം പഞ്ചായത്തും തെക്ക് തലയോലപറമ്പ്, മറവൻതുരുത്ത് പഞ്ചായത്തുകളും പടിഞ്ഞാറു ഭാഗത്ത് ചെമ്പുപഞ്ചായത്തുമാണ്. 10 വാർഡുകളുള്ള ഈ പഞ്ചായത്തിന്റെ വിസ്തൃതി 19.30 ച:കി.മീ. ആണ്.

ഭൂപ്രകൃതി അനുസരിച്ച് ഈ പ്രദേശത്തെ പ്രധാനമായും മൂന്നായി തരംതിരിക്കാം- ഏകദേശം മദ്ധ്യത്തിലൂടെ ഒഴുകുന്ന മൂവാറ്റുപുഴയാറിന്റെ ഇരു കരകളിലുമായി വ്യാപിച്ചു കിടക്കുന്ന തീരപ്രദേശവും, താഴ്‌വരകളും, കുന്നിൻ പ്രദേശങ്ങളും. ഇവിടത്തെ ഏറ്റവും ഉയർന്ന പ്രദേശം വടക്കു കിഴക്കൻ അതിർത്തിയിലെ 60-മീറ്ററിലും അധികമുയരമുള്ള ചെമ്മഞ്ചി മലയാണ്. സമുദ്ര നിരപ്പിൽ നിന്നും 5മീറ്റർ മുതൽ 7 മീറ്റർ വരെ ഉയരത്തിലാണ് നദീതീര പ്രദേശങ്ങൾ

എക്കൽമണ്ണ്, പൂഴിമണ്ണ്, ചെങ്കല്ല്, പാറ എന്നിവ ചേർന്നതാണ് ഉപരിതല പ്രദേശത്തിന്റെ ഘടന. കുന്നുകളിലും അവയുടെ ചെരിവുകളിലും ചെങ്കല്ലും പാറയും കാണപ്പെടുന്നു. ഉയർന്നു നില്ക്കുന്ന പാറകൾ കൂടുതലും കാണുന്നത് പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിലാണ്. നദീതട പ്രദേശത്ത് മണലും കളിമണ്ണും ചേർന്ന എക്കൽമണ്ണും താഴ്‌വരകളിൽ പൂഴിമണ്ണും ചിലയിടങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു.

## ജലവിഭവം

ഉപരിതല ജലവും ഭൂഗർഭ ജലവും പഞ്ചായത്തിൽ ലഭ്യമാണ്. ഉപരിതല ജലത്തിന്റെ പ്രധാന സ്രോതസ് മൂവാറ്റു പുഴയാറാണ്. ഒരിക്കലും വറ്റാത്ത 27 വലിയ കുളങ്ങളും 5 നീർച്ചാലുകളും ഇവിടെയുണ്ട്.

താഴ്‌വര പ്രദേശങ്ങളിൽ സുലഭമായും കുന്നിൻചെരുവുകളിൽ മിതമായും കുന്നിൻ മുകളിലുള്ള സ്ഥലങ്ങളിൽ വളരെക്കുറഞ്ഞ തോതിലുമാണ് ജലം ലഭിക്കുന്നത്. താഴ്‌വരകളിലെ ജലവിതാനം ഭൂനിരപ്പിൽനിന്നും 1 മീറ്റർ മുതൽ 5 മീറ്റർ വരെയാണ്. ചെരിവു പ്രദേശങ്ങളിൽ ഇത് 6 മീറ്റർ മുതൽ 9 മീറ്റർ വരെയും കുന്നിൻ മുകളിലുള്ള സ്ഥലങ്ങളിൽ 9 മീറ്ററിൽ കൂടുതലുമാണ്. തിരുവനന്തപുരത്തെ ഭൂശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഒരു റിപ്പോർട്ട് അനുസരിച്ച് ഇവിടെ ലഭ്യമായ കുടിവെള്ളത്തിൽ ഇരുമ്പിന്റേയും അഴുകിയ ജൈവ വസ്തുക്കളുടേയും അംശം താരതമ്യേന കൂടുതലാണെന്നു കാണുന്നു. ഒരു കാലത്ത് ശുദ്ധജല സമൃദ്ധിയാൽ അനുഗ്രഹീതമായിരുന്ന ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുന്നു.

## ഭൂവിഭവം

പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയിൽ 1440.60 ഹെക്ടർ(75%) കൃഷിഭൂമിയും 219.30 ഹെക്ടർ(11%) കൃഷിയോഗ്യമായ തരിശും 5.80 ഹെക്ടർ പുറമ്പോക്കുമാണ്. ബാക്കിയുള്ള 265 ഹെക്ടർ സ്ഥലം(14%) HNL ഫാക്ടറിയുടെ ഉടമസ്ഥതയിലാണ്.

*(അവലംബം: കൃഷിഭവൻ രേഖകൾ)*

## കാർഷിക വിഭവങ്ങൾ

പഞ്ചായത്തിലെ കാർഷിക വിളകളിൽ ഏറ്റവും പ്രധാനമായത് 470 ഹെക്ടറിൽ കൃഷിചെയ്യുന്ന റബ്ബറാണ്. രണ്ടാം സ്ഥാനത്തുള്ള തെങ്ങ് 363 ഹെക്ടറിൽ കൃഷി ചെയ്യുന്നു. പ്രധാന വിളകളുടെ വിതരണത്തെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിളയുടെ പേര് | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| റബ്ബർ | 470 |
| തെങ്ങ് | 363 |
| നെല്ല് | 236 |
| വാഴ | 80 |
| പച്ചക്കറി | 50 |
| പയർ | 45 |
| കപ്പ | 41 |
| കുരുമുളക് | 30 |
| മറ്റു വിളകൾ | 616 |
| ആകെ | 1931 |

*(അവലംബം കൃഷിഭവൻ രേഖകൾ)*

## ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കുകൾ പ്രകാരം വെള്ളൂർ പഞ്ചായത്തിലെ ജനസംഖ്യ 21584- ആണ്. പുരുഷന്മാർ 10845-ഉം സ്ത്രീകൾ 10739-ഉം. 6- വയസുവരെ പ്രായമുള്ള 2559 പേരിൽ ആൺകുട്ടികളുടെ എണ്ണം 1344ഉം പെൺകുട്ടികളുടെ എണ്ണം 1215-ഉം ആണ്.

17802 പേരാണ് സാക്ഷരരായവർ. 9194 പുരുഷന്മാരും 8608 സ്ത്രീകളും

പട്ടികജാതിക്കാരായ 1430 പുരുഷന്മാരും 1441 സ്ത്രീകളുമാണ് പഞ്ചായത്തിലുള്ളത്. പട്ടികവർഗ്ഗക്കാരുടെ എണ്ണം യഥാക്രമം 11-ഉം 13-ഉം ആണ്

# സാമൂഹിക സാംസ്കാരിക ചരിത്രം

ഏതൊരു സമൂഹത്തിൻേറയും സാംസ്കാരികവും സാമൂഹികവുമായ ചരിത്രം, അതിൻെറ വേരുകൾ പടർത്തി നില്ക്കുന്നത്, ആ സമൂഹത്തെ നിലനിർത്തിപ്പോന്നിരുന്ന യഥാർത്ഥ ഉൽപാദന വ്യവസ്ഥയിലാണ്. അതായത് ആ സമൂഹം നിലനിന്നു പോരുന്നതിന് അത് എന്ത് ഉല്പാദിപ്പിച്ചു, എങ്ങിനെ ഉല്പാദിപ്പിച്ചു എന്ന സുപ്രധാന ചോദ്യങ്ങൾക്ക് ഉത്തരം കാണാതെ വയ്യ എന്നർത്ഥം. ഈ സാമാന്യവൽക്കരണത്തിൻെറ അടിസ്ഥാനത്തിൽ കേരളത്തിൻെറ സാംസ്കാരിക ചരിത്രം അന്വേഷിക്കുന്ന ഏതൊരാൾക്കും ഇവിടെ നിലനിന്നിരുന്ന ഉല്പാദന വ്യവസ്ഥയെ, അതിൻെറ ഘടനയെ പരിഗണിക്കാതെ കഴിയില്ല. ബ്രിട്ടീഷ് കൊളോണിയൽ കാലത്തിനു മുമ്പ് ഇന്ത്യ എന്ന പോലെ ഇന്ന് കേരളം എന്നറിയപ്പെടുന്ന ഭൂവിഭാഗവും സുപ്രധാനമായും അതിനെ പുലർത്തിയിരുന്നത് കാർഷിക വൃത്തിയിലൂടെ ആയിരുന്നു. അതായത് ജന്മി നാടുവാഴി വ്യവസ്ഥയിലായിരുന്നു ഉല്പാദനം നിലനിന്നിരുന്നത് എന്നർത്ഥം. ഭൂമിയുടെ ഉടമസ്ഥത പ്രധാനമായും ബ്രഹ്മസ്വവും ദേവസ്വവുമായിരുന്നു അതുകൊണ്ടുതന്നെ മിച്ചോൽപ്പാദനം കൈക്കലാക്കിയിരുന്നത് പ്രധാനമായും ന്യൂനപക്ഷം വരുന്ന ജന്മി വർഗ്ഗമായിരുന്നു. പ്രത്യക്ഷോല്പാദനത്തിൽ നിന്നും വിടുതൽ നേടിയ ഇവർക്കായിരുന്നു കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളുടെ മേഖലയിൽ മേൽക്കോയ്മ. ഇത് നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. തൽഫലമായി ക്ഷേത്രാചാരാനുഷ്ടാനങ്ങളോടു ബന്ധപ്പെട്ടുകൊണ്ട് ഉടലെടുത്ത കലാരൂപങ്ങളാണ് കേരളീയ കലകളെന്ന പേരിലറിയപ്പെടുന്ന ചാക്യാർകൂത്ത്, കൂടിയാട്ടം, കഥകളിച ഇവയുമായി ബന്ധപ്പെട്ട സാഹിത്യ രൂപങ്ങൾ, മേള പദ്ധതികൾ തുടങ്ങിയവ.

ഈ മേൽക്കോയ്മക്കെതിരായ ആദ്യത്തെ ഫലപ്രദമായ് വെല്ലുവിളി എഴുത്തച്ഛനിലൂടെയാണ് ആരംഭിക്കുന്നത്. അതായത് ഭക്തിപ്രസ്ഥാനത്തിലൂടെ. വേദാധികാരം നിഷേധിക്കപ്പെട്ട കീഴാളരുടെ ഉയർന്നു പൊങ്ങിയ പ്രതിഷേധമാണ് ഒരർത്ഥത്തിൽ എഴുത്തച്ഛനിലൂടെ പുറത്തുവന്ന കിളിപ്പാട്ട്. വേദ ഭാഷയായ സംസ്കൃതാധിപത്യത്തിന് ദ്രാവിഢ-ഗോത്ര ഭാഷയുടെ ശക്തമായ വെല്ലുവിളിയായി മാറി ഈ കിളിപ്പാട്ട്. ആധുനിക മലയാള ഭാഷയുടെ അടിത്തറയായി തീർന്ന ഈ ധാര നമ്മുടെ പ്രദേശത്ത് രാമായണ പാരായണത്തിലൂടെയും മറ്റും ശക്തമായി നിലനിന്നിരുന്നു.

ഭാഷയുടേയും സാഹിത്യത്തിൻേറയും രംഗത്തുണ്ടായ ഈ പകരം വയ്ക്കൽ കീഴാളരുടെ ജീവിതാവബോധത്തിലുണ്ടായ വിപ്ലവകരമായ മാറ്റവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഇതു പില്ക്കാലത്ത് സവർണ്ണ മേധാവിത്വത്തിനും രാജ ഭരണത്തിനും ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിനും എതിരായി ഉയർന്നുവന്നു. ശ്രീ നാരായണ ഗുരുവിൻെറയും അയ്യങ്കാളിയുടെയും വി.ടി.യുടെയും നേതൃത്വത്തിൽ ഉയിർക്കൊണ്ട സാമൂഹിക നവീകരണ പ്രസ്ഥാനം, കുടിയാൻമാരും കർഷകതൊഴിലാളികളും നടത്തിയ ഫ്യൂഡൽ വിരുദ്ധ സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾ, ഇവയുടെയെല്ലാം തീച്ചൂളയിൽ നിന്നാണ് ആധുനിക കേരളത്തിൻെറ പൗരബോധവും ജനാധിപത്യ സങ്കല്പങ്ങളും ഉയർന്നു വന്നത്. ഇത് 1956ലെ ഐക്യകേരള പിറവിയിലേക്കും ആദ്യത്തെ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ജനകീയ ഗവൺമെൻറിലേക്കും നമ്മെ എത്തിച്ചു.

1924ലെ വൈക്കം സത്യാഗ്രഹവും അതോടെ ശക്തിപ്പെടാൻ തുടങ്ങിയ ദേശീയ പ്രസ്താനവും നമ്മുടെ പ്രദേശത്തും അനുരണനങ്ങളുണ്ടാക്കി.വെള്ളൂർ സ്വദേശിയായ ശ്രീ. ഇ.മാധവൻ (മാളികയിൽ) ൻെറ 'സ്വതന്ത്ര സമുദായം' എന്ന പുസ്തകം സർ സി.പി.യുടെ കാലത്ത്

നിരോധിക്കപ്പെടുകയുണ്ടായി എന്നത് എടുത്തു പറയേണ്ട സംഗതിയാണ്. കൂത്താട്ടുകുളത്തും സമീപ പ്രദേശങ്ങളിലുമുണ്ടായ കാർഷിക സമരങ്ങളിലും സ്വാതന്ത്ര്യ സമരങ്ങളിലും സജീവ പങ്കാളിത്തം വഹിച്ച ശ്രീ. സി.എസ്. ജോർജ്ജും, മേരി ജോർജ്ജും നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നു. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ അവർ ഇപ്പോഴും സജീവമാണ്.

15-8-1953ലാണ് ഇന്നത്തെ വെള്ളൂർ പഞ്ചായത്തിന്റെ പ്രാഗ് രൂപമായ മേവെള്ളൂർ പഞ്ചായത്ത് രൂപം കൊണ്ടത്. അന്ന് കളമ്പൂർ, തോന്നല്ലൂർ, വരിക്കാംകുന്ന്, വടകര, കരിപ്പാടം, ഇറുമ്പയം, കീവെള്ളൂർ മേവെള്ളൂർ എന്നീ പ്രദേശങ്ങളാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്. 1953-ലെ ആദ്യത്തെ തെരഞ്ഞെടുപ്പിൽ ശ്രീ.പൗലോസ് പൗലോസ് തട്ടാർക്കേരിയുടെ നേതൃത്വത്തിലുള്ള ഭരണസമിതി അധികാരത്തിൽ വന്നു. 1956-ൽ കളമ്പൂർ പ്രദേശം പിറവം പഞ്ചായത്തിലേക്ക് കൂട്ടിചേർത്തു. പഞ്ചായത്തിന്റെ ഇന്നത്തെ രൂപം കൈവന്നതിനുശേഷം നടന്ന അദ്യതെരഞ്ഞെടുപ്പ് 1963-ലാണ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ ശ്രീ .ശിവശങ്കരൻ നായരുടെ നേതൃത്വത്തിൽ ഭരണ സമിതി നിലവിൽ വന്നു. തുടർന്ന് 16 വർഷത്തോളം കേരളത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായില്ല. 1979-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ബാലകൃഷ്ണൻ എമ്പ്രാന്റെ നേതൃത്വത്തിലും 1988-ലെ തെരഞ്ഞെടുപ്പിൽ ശ്രീ. ജി. ചന്ദ്രന്റെ നേതൃത്വത്തിലും ഉള്ള ഭരണ സമിതികൾ നിലവിൽ വന്നു. 1994-ൽ പുതിയ പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എൻ.എം. താഹയുടെ നേതൃത്വത്തിലുള്ള നിലവിലുള്ള ഭരണ സമിതി അധികാരത്തിൽ വന്നു. ആദ്യകാല ഭരണ സമിതികൾക്കൊന്നും തന്നെ ജനങ്ങളുടെ ആശയാഭിലാഷങ്ങൾ ഫലപ്രദമായി നിറവേറ്റുവാൻ കഴിഞ്ഞിരുന്നില്ല. സമ്പത്തിന്റേയും സ്വയം ഭരണാധികാരത്തിന്റെയും പരിമിതി ഇതിന് ഒരു പ്രധാന കാരണമായിരുന്നു. വിദ്യാഭ്യാസത്തിന്റെ കുറവും പൊതുപ്രവർത്തനത്തിൽ സാമാന്യ ജനങ്ങളുടെ പരിമിതമായ പങ്കാളിത്തവും പഞ്ചായത്തിന്റെ പ്രവർത്തനം ക്രിയാത്മകമാവാതിരുന്നതിന് കാരണമാണ്. 1970കൾക്കു ശേഷം ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടന്ന കാർഷിക-തൊഴിൽ സമരങ്ങൾ പ്രാദേശിക വികസനത്തിൽ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനിടയാക്കി.

എഴുപതുകളുടെ മദ്ധ്യത്തിൽ എച്ച്.എൻ.എൽ. വന്നത് ഈ പഞ്ചായത്തിന്റെ കാർഷിക മുഖച്ഛായ മാറ്റുവാൻ കാരണമായി. പുറമെ നിന്നെത്തിയ തൊഴിലന്വേഷകരുടെ ബാഹുല്യവും അവരുടെ സ്ഥിരവാസവും കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചിരുന്ന ഗ്രാമീണ ജീവിത രീതിയുടെ പഴയ താളക്രമങ്ങളെ തടസ്സപ്പെടുത്തി. ഇത് അവരുടെ അഭിരുചികളിലും പ്രാദേശിക ഘോഷങ്ങളിലും കാഴ്ചപ്പാടുകളിലും കാര്യമായ വ്യതിയാനം ഉണ്ടാക്കി. സമ്പദ് വ്യവസ്ഥയിലും ഇന്ന് എച്ച്.എൻ.എൽ. വഹിക്കുന്ന നിർണ്ണായകമായ സ്വാധീനം പഞ്ചായത്ത് വരവിലും മറ്റും പ്രകടമാവുന്നുണ്ട്,

വായന ശാലകളുടേയും സാംസ്കാരിക കലാസമിതികളുടേയും പ്രവർത്തനങ്ങൾ ഗ്രാമീണ ജനതയുടെ സത്വ രൂപീകരണത്തിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. ഇവയുടെ ആഭിമുഖ്യത്തിൽ പല പ്രഗത്ഭരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗൗരവമേറിയ സാഹിത്യരാഷ്ട്രീയ സംവാദങ്ങളും കലാകായിക പ്രകടനങ്ങളും നടക്കാറുണ്ട്. എന്നാൽ സമീപ കാലങ്ങളിൽ ഇത്തരം സംരംഭങ്ങൾ വിരളമായിരിക്കുന്നു. ഒരുപക്ഷെ പൊതുവെ നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന നിഷ്ക്രിയത്വം തന്നെ ആയിരിക്കാം ഇതിനു കാരണം. മാദ്ധ്യമങ്ങളുടെ സമീപ കാലത്തെ വ്യാപനവും അവയിലൂടെ വ്യാപിക്കുന്ന പുത്തൻ സാംസ്കാരിക ബോധവും ജീവിതത്തെ കൂടുതൽ കൂടുതൽ വ്യക്താധിഷ്ടിതമായി നിരൂപിക്കുവാനും തങ്ങളുടെ സത്വത്തെ പഴമയിലും പാരമ്പര്യത്തിന്റെ വിഴുപ്പിലും തെരയുവാനും അവരെ പ്രേരിപ്പിക്കുന്നു. ഇതാകട്ടെ വർണ്ണ ജാതി വ്യവസ്തയുടെ പുതിയ തിരനോട്ടത്തിന് കാരണമാക്കുന്നു.

ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് പുരോഗമനോന്മുഖവും ജനാധിപത്യാധിഷ്ടിതവുമായ സാംസ്കാരിക മുന്നേറ്റത്തിന് സംഘടിതശ്രമം ഇന്നാവശ്യമാണ്.

❀ ❀ ❀



# വിഭവ ഭൂപടം

സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതു പ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് ആസൂത്രണമെന്നു പറയുന്നത്. സ്വതന്ത്ര ഇന്ത്യയിൽ സമ്പദ്‌വ്യവസ്ഥയുടെ ക്രമമായ വളർച്ച ലക്ഷ്യമാക്കി പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. എന്നാൽ ഇന്ത്യയിലെ ആസൂത്രണത്തിൻെറ പ്രധാന പോരായ്മയായി ചൂണ്ടികാണിക്കുന്നത് അത് കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു എന്നതാണ്. ഇതിൻെറ ഫലമായി ആസൂത്രണം വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധ:പതിച്ചു. ജനങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ നേരിട്ട് ബന്ധമില്ലാതെയായി, ജനപങ്കാളിത്തത്തോടെ ആസൂത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ ആസൂത്രണം വികേന്ദ്രീകൃതമാക്കേണ്ടതുണ്ട്. ഇന്ന് മുകൾത്തട്ടിൽ നിന്നും താഴെത്തട്ടിലേയ്ക്ക് നടക്കുന്ന ആസൂത്രണ പ്രവർത്തനം താഴെത്തട്ടിൽ നിന്നും മുകൾത്തട്ടിലേക്ക് ആക്കി മാറ്റണം. അതായത് ആസൂത്രണം പഞ്ചായത്തു തലത്തിൽ നിന്നും ആരംഭിക്കണം.

അതാതു പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്കും പ്രാദേശിക പ്രത്യേകതകൾക്കും അനുസരിച്ച് പദ്ധതികൾ തയ്യാറാക്കുകയും അവ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നതിന്, പ്രദേശിക വിഭവങ്ങളെ കുറിച്ച് വേണ്ടത്ര വിവരം ലഭിക്കേണ്ടതുണ്ട്. ഇവ ജനപങ്കാളിത്തത്തോടെ സമാഹരിച്ച് അവലോകനം ചെയ്തു പഞ്ചായത്തിൻെറ ദീർഘകാല വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുംവേണം. ഇതിൻെറ ആദ്യ ഘട്ടം പ്രവർത്തനമാണ് വിഭവ ഭൂപട നിർമ്മാണം.

ജന പങ്കാളിത്തത്തോടെ ഉള്ള വിഭവ ഭൂപട നിർമ്മാണം ആദ്യമായി പരീക്ഷിക്കപ്പെട്ടത് കണ്ണൂർ ജില്ലയിലെ കല്ല്യാശേരി പഞ്ചായത്തിലാണ്. ഇതേ തുടർന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 25 പഞ്ചായത്തുകളിലും ഈ പ്രവർത്തനം നടത്തി. അതിലൊന്ന് വെള്ളൂർ പഞ്ചായത്താണ്. ഇവിടെ വിഭവ ഭൂപട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത് 1991 ആഗസ്റ്റ് സെപ്തംബർ മാസത്തിലാണ്. പഞ്ചായത്ത്, കേന്ദ്രസർക്കാർ സ്ഥാപനമായ തിരുവനന്തപുരത്തെ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (CESS) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവ സംയുക്തമായാണ് ഇതിനു നേതൃത്വം നൽകിയത്.

പഞ്ചായത്തിലെ ഓരോ റവന്യൂ പ്ലോട്ടും പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ള വില്ലേജ് മാപ്പുകൾ ഉപയോഗിച്ച് ഓരോ പ്ലോട്ടിലേയും വിഭവങ്ങൾ ചിട്ടപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇതിൻെറ മുന്നോടിയായി പഞ്ചായത്തു തലത്തിലും വാർഡു തലത്തിലും വിഭവ ഭൂപട നിർമ്മാണ പ്രവർത്തനമാരംഭിക്കുകയും തിരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്ക് പരിശീ

# VELLOOR PANCHAYAT

LANDFORM

1:12,500



ലനം നൽകുകയും ചെയ്തു. 1991 ആഗസ്റ്റ് മാസത്തലാണ് രണ്ടു ദിവസത്തെ പരിശീലന പരിപാടികൾ നടത്തിയത്. പ്രവർത്തകർക്ക് വില്ലേജ് മാപ്പുകൾ ഉപയോഗിക്കുന്നതിനും അതുപയോഗിച്ച് ഓരോ റവന്യൂ പ്ലോട്ടും കണ്ടുപിടിക്കുന്നതിനും വേണ്ട പരിശീലനം നൽകി. പഞ്ചായത്തിൽ പരിശീലനം ലഭിച്ച 9 സ്ക്വാഡുകൾ മുഴുവൻ ഭൂമിയും സന്ദർശിച്ച് ഓരോ സർവ്വേ നമ്പറിലുമുള്ള കൃഷി, ജല ലഭ്യത, കിണറുകളുടേയും കുളങ്ങളുടേയും സ്ഥാനം, ആഴം, ജലനിരപ്പ്, വീടുകൾ, തോടുകൾ, റോഡുകൾ എന്നിവയെല്ലാം ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്തു. വെള്ളൂർ പഞ്ചായത്തിൽ വിഭവ ഭൂപട നിർമ്മാണ പ്രവർത്തനം നടന്നത് 1991 ആഗസ്റ്റ് മാസം 30-ാം തീയതി മുതൽ സെപ്റ്റംബർ മാസം 10 വരെയുള്ള തീയതികളിലായിരുന്നു. ഇതു കൂടാതെ സെസ്സിലെ ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ പഞ്ചായത്തിലെ മണ്ണിന്റെ ഘടന പാറകളുടെ സ്വഭാവം, ഭൂഗർഭ ജലത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇവയെക്കുറിച്ച് പഠനം നടത്തി.

വിഭവ ഭൂപട നിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ സെസ്സിലെ ശാസ്ത്രജ്ഞന്മാർ ഭൂമിയുടെ ഉപയോഗം, ജലത്തിന്റെ ലഭ്യത, മണ്ണിന്റെ ഘടന, കാർഷിക വിളകൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഏഴു വ്യത്യസ്ത മാപ്പുകളാണ് തയ്യാറാക്കിയത്. കൂടാതെ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു വിലയിരുത്തൽ റിപ്പോർട്ടും ഇതോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിഭവ ഭൂപം മാത്രം മതിയാവുകയില്ല. അതാതു സ്ഥലത്തെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം, പ്രശ്നങ്ങൾ, വിദ്യാഭ്യാസ നിലവാരം,,തൊഴിൽ, സ്വത്ത്, സ്ഥാപനങ്ങൾ, ചരിത്രം ഇവയെല്ലാം ശേഖരിക്കുന്നതിനായി സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയാണ് ആസൂത്രണ പ്രക്രിയയിലെ അടുത്ത ഘട്ടം. 1991-92ൽ വെള്ളൂർ പഞ്ചായത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തിയെങ്കിലും പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

വിഭവ ഭൂപടം നിർമ്മാണം പൂർത്തിയാക്കിയ ആദ്യത്തെ 25 പഞ്ചായത്തുകളിൽ ഒന്നാണെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനോ സാമൂഹ്യ സാമ്പത്തിക സർവ്വേ പൂർത്തിയാക്കുന്നതിനോ കഴിയാതിരുന്നത് നിലവിലുണ്ടായിരുന്ന പഞ്ചായത്തു കമ്മറ്റിയുടെ താൽപര്യ കുറവു മൂലമാണ്. ഭൂപട നിർമ്മാണം സാമൂഹ്യ സാമ്പത്തി സർവ്വേ എന്നിവയുമായി ബന്ധപ്പെട്ട് 130ഓളം സന്നദ്ധ പ്രവർത്തകർ കഠിനാധ്വാനം ചെയ്തു. ഇതിന്റെ ഫലമായി വിഭവ ഭൂപടം തയ്യാറായെങ്കിലും യഥാസമയം സെസ്സിൽ നിന്ന് പഞ്ചായത്തിൽ ലഭിച്ചില്ല. പഞ്ചായത്ത് ആഫീസിൽ ഇപ്പോൾ ലഭിച്ചിട്ടുള്ളത് മാപ്പിന്റെ ഫോട്ടോ കോപ്പികൾ മാത്രമാണ്. ഭൂപടത്തിന്റെ അസൽ കിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തിയെങ്കിൽ മാത്രമേ ശരിയായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനു വേണ്ട നടപടികൾ ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്.

❀ ❀ ❀



# വികസനമേഖലകൾ



# കൃഷിയും ജലസേചനവും

# കൃഷിയും ജലസേചനവും

ലോകത്തിലെ വികസിത രാജ്യങ്ങളുടെ സമ്പദ്ഘടനയിൽ മുഖ്യ പങ്കു വഹിയ്ക്കുന്നത് വ്യവസായ മേഖലയാണ്. പക്ഷേ അവരൊക്കെ തങ്ങളുടെ രാജ്യത്തെ കാർഷിക മേഖലയുടെ പുരോഗതിയും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും വൻ സബ്സിഡി കൊടുത്തുകൊണ്ടുപോലും കാർഷികമേഖലയെ സംരക്ഷിക്കുന്നു. വ്യവസായമേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിൽ കാർഷീക മേഖലയ്ക്ക് അവഗണിക്കാനാവാത്ത സ്ഥാനമാണുള്ളത്.

> **ഒരു കാർഷിക ഗ്രാമമായിരുന്ന വെള്ളൂർ ഏഷ്യയിലെ ഏറ്റവും വലിയ പത്രക്കടലാസ് നിർമ്മാണശാലയായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ വരവോടെ വ്യവസായിക പ്രാധാന്യമുള്ള പ്രദേശമായി മാറി.**

ഇന്ത്യൻ സമ്പദ്ഘടനയുടെ നട്ടെല്ലാണ് കാർഷിക മേഖല. ലോകത്തിലെ കൃഷിഭൂമിയുടെ 25% ഇന്ത്യയിലാണ്. അതായത് 185.5 ദശലക്ഷം ഹെക്ടർ. മൊത്തം ദേശീയ വരുമാനത്തിൻെറ ഗണ്യമായ പങ്കും സംഭാവന ചെയ്യുന്നത് കാർഷിക മേഖലയാണ്. അതുകൊണ്ട് ഈ മേഖലയെ അവഗണിച്ചു കൊണ്ടുള്ള വികസനവും പുരോഗതിയും അസാദ്ധ്യമാണ്. ഈ വസ്തുത അടിസ്ഥാനമാക്കി ഹരിത വിപ്ളവം നടപ്പാക്കുന്നതിനുവേണ്ടി പല പദ്ധതികളും വിഭാവനം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. 1969 – ലെ ബാങ്കുകളുടെ ദേശസാൽകരണവും കാർഷിക മേഖലയുടെ സമഗ്രപുരോഗതിയ്ക്ക് ആക്കം കൂട്ടേണ്ടതായിരുന്നു. എന്നാൽ ഇവയൊക്കെ പൂർണ്ണമായ ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിൽ പരാജയപെട്ടു എന്നു കാണാവുന്നതാണ്. ഇതിന് പ്രധാനകാരണം സമഗ്രമായ ഭൂപരിഷ്കരണം നടപ്പിലാക്കാതിരുന്നതും കേന്ദ്രീകൃത ആസൂത്രണമെന്ന തലതിരിഞ്ഞ സമീപനവുമാണ്. ആഗോളവൽക്കരണവും പുത്തൻ സാമ്പത്തിക നയവും കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ കാർഷിക മേഖലയ്ക്കു നൽകിയിരുന്ന പലതരം സബ്സിഡികളും ഒന്നൊന്നായി പിൻവലിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ.

കേരളത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയതുമൂലം കാർഷികോല്പാദനത്തിൽ ആദ്യകാലത്ത് കാര്യമാത്രമായ വർദ്ധനവുണ്ടായി എന്നാൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കാതിരുന്നതു മൂലം ക്രമേണ കുറഞ്ഞു വന്ന ഉത്പാദന ക്ഷമതയും കൃഷിയോഗ്യമായ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങിയതും കാർഷിക മേഖലയുടെ മുരടിപ്പിനു തുടക്കമിട്ടു. ഇതോടൊപ്പം ദേശീയമായി, മുൻകാലങ്ങളിൽ, നമ്മുടെ മുഖ്യ വിളകൾക്ക് ഇറക്കുമതിയിൽ നിന്നും ലഭിച്ചിരുന്ന സംരക്ഷണം ഇല്ലാതാവുകയും ചെയ്തു. വിദ്യാഭ്യാസം വ്യാപകമായതോടെ ജനങ്ങൾ വെള്ളകോളർ ജോലികൾ ആ കൃഷ്ടരാവുകയും കൃഷിപ്പണിയ്ക്ക് ആളെകിട്ടാതാവുകയും ചെയ്തു. പ്രാദേശികതല ആസൂത്രണങ്ങളിലൂടെ



മാത്രമെ ഈ വെല്ലുവിളികൾ നേരിടാനാവൂ.

വെള്ളൂർ പഞ്ചായത്തിൻെറ ചരിത്രത്തിലൂടെ കടന്നു പോകുന്ന ഏതൊരാൾക്കും അവഗണിക്കാൻ കഴിയാത്ത തരത്തിൽ നിറപ്പകിട്ടാർന്നതായിരുന്നു വെള്ളൂരിൻെറ കാർഷിക ചരിത്രം. വിശാലമായ പാടശേഖരങ്ങളും കേരവൃക്ഷങ്ങളുടെ സമൃദ്ധിയും സുഗന്ധവ്യഞ്ജനങ്ങളും, ഫലവൃക്ഷങ്ങളും കർഷകതൊഴിലാളികളും അവരുടെ കൊയ്ത്തുപാട്ടും എല്ലാമെല്ലാം വെള്ളൂരിൻെറ കാർഷിക ചരിത്രത്തിൽ ഊടും പാവുമായി ഇഴ ചേർന്നിരുന്നു.

കർഷകരും കർഷകത്തൊഴിലാളികളുമായിരുന്ന വെള്ളൂർ പഞ്ചായത്ത് നിവാസികളിൽ ഭൂരിഭാഗവും. കേരളത്തിൻെറ മറ്റുപ്രദേശങ്ങളിൽ എന്നതുപോലെ ജൻമി–കുടിയാൻ വ്യവസ്ഥിതിയിൽ അധിഷ്ടിതമായിരുന്നു. വെള്ളൂരിലെ ഭൂ–ഉടമാബന്ധം. വെള്ളൂർ പഞ്ചായത്തതിർത്തിയിലെ ഭൂരിഭാഗം കൃഷിഭൂമിയും ദേവസ്വത്തിൻെറയും ചുരുക്കം ചില ജൻമിമാരുടേയും ഉടമസ്ഥതയിലായിരുന്നു. കൃഷിക്കാർ പാട്ടം– പങ്ക് വ്യവസ്ഥയിൽ കൃഷിചെയ്തു വന്നിരുന്നു. ഭൂപരിഷ്കരണം വന്നതോടുകൂടി ഈ വ്യവസ്ഥിതിക്ക് മാറ്റം വരികയും ജൻമിയുടെ കയ്യിൽ നിന്നും ഉടമസ്ഥാവകാശം ഇടനിലക്കാരായ കർഷകരിലേക്കു കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു എന്നാൽ മണ്ണിൽ പണിയെടുത്തിരുന്ന കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി ലഭിക്കുകയുണ്ടായില്ല.

ഭൂപരിഷ്കരണം നടക്കുന്നതിന് മുമ്പുള്ള കാലഘട്ടങ്ങളിൽ നെല്ല്, വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ ഹ്രസ്വകാലവിളകളായിരുന്നു അധികമായും കൃഷിചെയ്തിരുന്നത്. പരമ്പരാഗത കൃഷിരീതികളായിരുന്നു അക്കാലത്ത് അവലംബിച്ചിരുന്നത്. കലപ്പ ഉപയോഗിച്ചായിരുന്നു നിലം ഉഴുതിയിരുന്നത്. കലപ്പ വലിക്കുന്നതിന് കാളകളേയും പോത്തുകളേയും ഉപയോഗിച്ചിരുന്നു. കാര്യമായ ജലസേചന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലങ്ങളിൽ പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷിചെയ്തിരുന്നത്. ചക്രം ചവിട്ടിയാണ് വെള്ളം കയറ്റുകയും ഇറക്കുകയും ചെയ്തിരുന്നത്. അതിക്കിരാഴി, ചാര, ചെമ്പാവ്, തോട്ടാര്യൻ, വയൽതൂവ (വെള്ളംതത്തി) ഇട്ടിക്കണ്ടപ്പൻ തുടങ്ങിയ നാടൻ വിത്തിനങ്ങളാണ് കൃഷിചെയ്തു വന്നിരുന്നത് ഇവയിൽ പലതും രോഗപ്രതിരോധശേഷിയുടെ കാര്യത്തിൽ മുമ്പിലായിരുന്നെങ്കിലും ഉല്പാദനക്ഷമതയിൽ പിന്നിലായിരുന്നു. സ്വാദേറിയ അരി നല്കിയിരുന്ന ഈ ഇനങ്ങളിൽ പലതും നമ്മുടെ പാടശേഖരങ്ങളിൽ നിന്നും അപ്രത്യക്ഷമായിരിക്കുകയാണ്.

1970 – കളിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയതിൻെറ ഫലമായി കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം കർഷകരിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും റബ്ബർ, തെങ്ങ് തുടങ്ങിയ നാണ്യവിളകൾ വ്യാപകമാകാൻ തുടങ്ങുകയും ചെയ്തു. ഇതേകാലഘട്ടത്തിലാണ് കൂലി നിജപ്പെടുത്തുന്നതിനും, വർദ്ധിപ്പിക്കുന്നതിനും വേണ്ടി കർഷകത്തൊഴിലാളികൾ കേരളത്തിലെമ്പാടും സമരം നടത്തിയത്. ഇതിൻെറ ഭാഗമായി വെള്ളൂർ പഞ്ചായത്തിലും സംഘടതിമായ കർഷകത്തൊഴിലാളി മുന്നേറ്റങ്ങൾ ഉണ്ടായി. കൂടാതെ കേരളത്തിൽ വ്യാപകമായി നടന്ന കുടി കിടപ്പുസമരത്തിൻെറ പ്രതിഫലനങ്ങൾ വെള്ളൂരിൽ ചലനങ്ങൾ സൃഷ്ടിച്ചു. ഇതുമൂലം കർഷകത്തൊഴിലാളികൾ അടിമപ്പണിയിൽ നിന്ന് മോചിതരാവുകയും അവരുടെ ജീവിതനിലവാരം താരതമ്യേന മെച്ചപ്പെടുകയും ചെയ്തു.

സ്വാതന്ത്ര്യവത്സരാനന്തരം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ആരംഭം കുറിച്ച ഹരിതവിപ്ലവത്തിൻെറ പ്രയോജനം, ഭൂപരിഷ്കരണം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സമഗ്രമായി നടപ്പിലാക്കിയ നമ്മുടെ

കൃഷിഭൂമി ഉടമസ്ഥരുടെ എണ്ണം

| 1–10 സെൻറ് | 10–25 സെൻറ് | 25–50 സെൻറ് | 50–100 സെൻറ് | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കറിന് മേൽ |
|---|---|---|---|---|---|---|
| 2201 | 1713 | 2310 | 1575 | 1243 | 822 | 46 |

സംസ്ഥാനത്തെ സാധാരണക്കാരിലേക്ക് കൂടുതലായി എത്തിച്ചേർന്നു. കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിനും കീടനാശിനി – രാസവളപ്രയോഗങ്ങൾക്കും ജലസേചന സൗകര്യങ്ങളുടെ വർദ്ധനവിനും ഇവ മൂലം ഉൽപാദനവർധനവിനും ഹരിതവിപ്ലവം കാരണമായി. ബാങ്കുകളിൽ നിന്ന് വായ്പാസൗകര്യം കാർഷിക മേഖലയ്ക്ക് ലഭ്യമാകുന്നത് ഈ കാലഘട്ടത്തിലാണ്. സങ്കരയിനം വിളകളുടെ ഉപയോഗം മറ്റു സ്ഥലങ്ങളിലെന്നപോലെ ഇവിടെയും വ്യാപകമാവുകയും ഇത് ഉല്പാദനവർദ്ധനവിന് കാരണമാവുകയും ചെയ്തു.

നെല്ലിൻെറ കാര്യത്തിലെന്നപോലെ പച്ചക്കറികൾ, മരച്ചീനി, മറ്റുകാർഷികവിളകൾ ഇവയുടെ കാര്യത്തിലും ഒട്ടൊക്കെ സ്വയം പര്യാപ്തമായിരുന്നു വെള്ളൂർ പഞ്ചായത്ത്. ആഴ്ചച്ചന്തകളിലൂടെയായിരുന്നു ഈ ഉൽപന്നങ്ങളുടെ വിപണനം പ്രധാനമായും നടന്നിരുന്നത്. അധിക ഉല്പാദനം നടത്തിയിരുന്ന ഇഞ്ചി, കുരുമുളക്, വാഴക്കുല തുടങ്ങിയ വിളകൾ തലയോലപ്പറമ്പ് ചന്തയിൽ എത്തിച്ചായിരുന്നു വിപണനം നടത്തിയിരുന്നത്.

1980 ന് ശേഷം കേരളത്തിലെ കാർഷിക മേഖലയിൽ പൊതുവെ അനുഭവപ്പെട്ട മുരടിപ്പ് ഈ പഞ്ചായത്തിലും പ്രകടമായി അനുഭവപ്പെട്ടു. ഈ കാലഘട്ടത്തിൽ കാർഷിക ഉല്പാദനരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് വേണ്ടി ഈ പഞ്ചായത്തിൽപ്പെട്ട 800 ഏക്കറിൽ ഏറെ ഫലഭൂയിഷ്ടമായ സ്ഥലം എടുത്തത് ഇവിടത്തെ കാർഷിക ഉല്പാദനം കുറയാൻ കാരണമായി.

1991 – ൽ നടന്ന സർവ്വേപ്രകാരം ഈ പഞ്ചായത്തിൻെറ മൊത്തം വിസ്ത്രീർണ്ണം 19.30 ചതുരശ്ര കിലോമീറ്റർ ആണ്.

### നെൽകൃഷി

ഒരു കാർഷിക ഗ്രാമമായിരുന്ന വെള്ളൂർ ഏഷ്യയിലെ ഏറ്റവും വലിയ പത്രകടലാസ്സ് നിർമ്മാണശാലയായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ വരവോടെ വ്യവസായിക പ്രാധാന്യമുള്ള പ്രദേശമായി മാറി. ഇത്രയും ബൃഹത്തായ ഫാക്ടറിയുടെ സ്ഥാപനത്തിനുവേണ്ടി ഈ പഞ്ചായത്തിൽപ്പെട്ട കൃഷിഭൂമിയുടെ വലിയൊരു ഭാഗം ഏറ്റെടുക്കുകയുണ്ടായി. ഇത് ഈ പ്രദേശത്തിൻെറ നെല്പാടങ്ങളുടെ വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടാക്കി. ഫാക്ടറിയുടെ വരവോടെയുണ്ടായ ജനസാന്ദ്രതാവർദ്ധനവും, ഭൂമിയുടെ തുണ്ടുവൽക്കരണവും കൃഷിഭൂമിയുടെ വിസ്തൃതിയിൽ കുറവുണ്ടാക്കിയ മറ്റൊരു ഘടകമാണ്. ഇന്ന് പഞ്ചായത്തിൽ കൃഷിയോഗ്യമായ 974

**വിളകളെ സംബന്ധിച്ച വിവരം**

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉല്പാദനക്ഷമത | ഉല്പാദനം (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 234 Ha | 585 ton | 1755 ton |
| നെല്ല് (രണ്ടാം വിള) | 236 Ha | 590 ton | 1770 ton |
| നെല്ല് (മൂന്നാം വിള) | 132 Ha | 330 ton | 990 ton |
| പയർ | 45 Ha | 22.5 MT | 41.5 MT |
| എള്ള് | .2 Ha | 0.5 MT | 1.5 MT |
| പച്ചക്കറികൾ | 50 Ha | 15 MT | 28 MT |
| തെങ്ങ് | 363 Ha | 30 Nuts/Palm | 80 Nuts/Palm |
| വാഴ | 80 Ha | 160 MT | 180 MT |
| മരച്ചീനി | 41 Ha | 50 MT | 640 MT |
| കുരുമുളക് | 30 Ha | 60 MT | 90 MT |
| പ്ലാവ് | 60 Ha | 90 MT | 120 MT |
| കശുമാവ് | 30 Ha | 3 MT | 6 MT |
| മാവ് | 60 Ha | 90 MT | 120 MT |
| കമുക് | 15 Ha | 30 MT | 60 MT |

ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നത് 270 ഹെക്ടറിൽ മാത്രമാണ്. ഇത് പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 14 ശതമാനമാണ്.

നെൽകൃഷി ഇന്ന് നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം കർഷകത്തൊഴിലാളികളുടെ രംഗത്ത് ഉണ്ടായിട്ടുളള കുറവാണ്. കൂടുതൽ കൂലി ലഭിക്കുന്ന മണൽ, ഇഷ്ടിക വ്യവസായം. സ്വർണ്ണപ്പണി, കെട്ടിടനിർമ്മാണം, ന്യൂസ് പ്രിൻറ് ഫാക്ടറി തുടങ്ങിയ തൊഴിൽ മേഖലകളിലേക്ക് കർഷകത്തൊഴിലാളികൾ ആകർഷിക്കപ്പെട്ടത് ഇതിനൊരു കാരണമാണ്. വെള്ളക്കോളർ തൊഴിലുകളോട് പുതിയ തലമുറ കാണിക്കുന്ന താല്പര്യം കാർഷികമേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്.

ജലസേചനങ്ങളുടെ സൗകര്യത്തിൻെറ അഭാവം മൂലം സാദ്ധ്യതയുളള പല പ്രദേശങ്ങളിലും ഇരിപ്പൂകൃഷി നടക്കുന്നില്ല. കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നതും ചീപ്പുകളുടെ പലകകൾ സ്ഥാപിച്ച് സംരക്ഷിക്കാതിരിക്കുന്നതും ആവശ്യമായ സ്ഥലങ്ങളിൽ പമ്പുകൾ സ്ഥാപിക്കാതിരിക്കുന്നതും നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ശാസ്ത്രീയമായ മണ്ണു പരിശോധനയുടെ അഭാവം വളപ്രയോഗങ്ങൾ ഫലപ്രദമല്ലാതാകുവാൻ കാരണമാകുന്നു.



കൃഷിഭവൻെറ സേവനം എല്ലാ പ്രദേശത്തും ശരിയായ രീതിയിൽ ലഭിക്കാത്തതിനാൽ ശാസ്ത്രീയമായ കൃഷിരീതികൾ കീടനാശിനികളുടെയും. വളത്തിൻേറയും പ്രയോഗം, ജൈവവളങ്ങളെക്കുറിച്ചും ഉല്പാദനക്ഷമതകൂടിയ വിത്തിനങ്ങളെക്കുറിച്ചുളള വിവരം തുടങ്ങിയ കാര്യങ്ങൾ ഭൂരിഭാഗം കർഷകരിലേയ്ക്കും എത്തിച്ചേരുന്നില്ല. നെല്ലുൽപാദകസമിതികൾ കാർഷികസമിതികൾ ഇവ ഫലപ്രദമായി പ്രവർത്തിക്കാതിരിക്കുന്നത് ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്.

തെങ്ങ്കൃഷി

വെള്ളൂർ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ഘടനയിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്ന ഒരു

കാർഷികോപകരണങ്ങൾ

| ഉപകരണങ്ങൾ | | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്പ് സ്റ്റാക്ക് സ്പ്രെയർ | മററുളളവ | മെതിയന്ത്രം | തെങ്ങുകയറ്റുയന്ത്രം | പോർ-ട്ടബിൾ പമ്പുസെറ്റ് |
| 1 | — | 1 | 6 | 2 | 15 | — | — | 1 | 28 |
| 2 | — | — | 4 | 3 | 14 | — | — | — | 24 |
| 3 | 2 | 1 | 3 | 4 | 28 | — | — | — | 27 |
| 4 | — | 1 | 2 | 2 | 16 | — | — | 1 | 26 |
| 5 | — | 1 | 3 | 2 | 19 | — | — | 1 | 22 |
| 6 | — | — | 3 | — | 4 | — | — | — | 26 |
| 7 | 2 | 2 | 3 | 2 | 12 | — | — | — | 29 |
| 8 | — | — | 3 | 3 | 11 | — | — | — | 24 |
| 9 | 1 | 1 | 3 | 4 | 12 | — | — | — | 20 |
| 10 | — | — | 2 | 2 | 7 | — | — | — | 29 |

വിവധ മേഖലകളിലെ തൊഴിലാളികളുടെ കൂലി നിരക്ക്

| ഫാക്ടറി | | മണൽ മേഖല | | ഇഷ്ടിക | | കാർഷികം | |
|---|---|---|---|---|---|---|---|
| സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ |
| 75–100 | 100–150 | 100–125 | 100–150 | 70–100 | 100–150 | 50–60 | 80–90 |

പ്രധാന കൃഷിയായിരുന്ന തെങ്ങ്. ഇന്ന് ഈ മേഖല നിരവധി പ്രശ്നങ്ങളെ നേരിടുകയാണ്. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും ഉല്പാദനക്ഷമതയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവും റബ്ബർ പോലുള്ള മറ്റു കൃഷികളിലേയ്ക്ക് തിരിയാൻ കർഷകരെ പ്രേരിപ്പിക്കുന്നു. നാളികേരത്തിൻെറ വിലയിടവു കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നമാണ്.

റബ്ബറിന് അടുത്ത കാലത്തുണ്ടായ അഭൂതപൂർവ്വമായ വിലവർദ്ധനവ്, തെങ്ങ്കൃഷി നടത്തിയിരുന്ന ധാരാളം പ്രദേശങ്ങളിൽ റബ്ബർകൃഷി ചെയ്യുന്നതിന് പ്രേരകമായി. തെങ്ങിനെ വ്യാപകമായി ബാധിക്കുന്ന കാറ്റ് വീഴ്ച പോലുള്ള രോഗങ്ങൾക്ക് ശരിയായതരത്തിലുള്ള പ്രതിവിധി കണ്ടെത്താൻ കഴിയാത്തത് കർഷകരെ തെങ്ങ് കൃഷിയിൽ നിന്ന് പിന്തിരിയാൻ പ്രേരിപ്പിക്കുന്നു.

മുമ്പ് വാർഡുകൾ തോറും നിലനിന്നിരുന്ന കേര വികസനസമിതികൾ പിരിച്ചുവിടുകയും പഞ്ചായത്തുതലത്തിൽ സമിതി രൂപീകരിക്കുകയും ചെയ്തു. എന്നാൽ ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കൃഷിഭവനുമായി ബന്ധപ്പെടുത്തുകയും ഇവയുടെ പ്രവർത്തനം ശാസ്ത്രീയമായി പുന:സംഘടിപ്പിക്കുകയും വേണം.

പച്ചക്കറികൃഷിയും ഇതരകൃഷികളും

മുമ്പ് തെങ്ങിന് ഇടവിളയായി വാഴ, പച്ചക്കറികൾ, കപ്പ, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവ കൃഷി ചെയ്തിരുന്നു. അക്കാലത്ത് ഈ വിളകളുടെ കാര്യത്തിൽ സ്വയം പര്യാപ്തമായിരുന്ന ഈ ഗ്രാമം. ഇന്ന് ഇവയുടെ ആവശ്യത്തിന് തമിഴ്നാട് പോലുള്ള മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. സാധാരണക്കാരായ ഗ്രാമീണരുടെ മുഖ്യ ആഹാരമായിരുന്നു മരച്ചീനി ഇന്ന് ഈ പ്രദേശത്ത് നിന്നും അപ്രത്യക്ഷമായിരിക്കുകയാണ്. മുമ്പ് കിലോയ്ക്ക് 50 പൈസാമുതൽ 1 രൂപ വരെ മാത്രം വിലയുണ്ടായിരുന്ന കപ്പയ്ക്ക് ഇന്ന് 4 രൂപ വരെ വിലകൊടുക്കേണ്ടിവരുന്നു. റബ്ബറിൻെറ വ്യാപനമാണ് മരച്ചീനി കൃഷിയിൽ ഉണ്ടായ കുറവിനു കാരണം ധാരാളം പച്ചക്കറി ഉല്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്തിരുന്ന വെള്ളൂർ, ഇപ്പോൾ കേരളത്തിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ പുറം സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറിയെയാണ് ആശ്രയിക്കുന്നത്. ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറി ഉപയോഗിക്കുന്ന ഈ പഞ്ചായത്ത് ഇക്കാര്യത്തിൽ സ്വയം പര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. സാധ്യതയുള്ള എല്ലാ വീടുകളിലും പച്ചക്കറികൃഷി വ്യാപകമാക്കി, സമഗ്ര പച്ചക്കറികൃഷി പരിപാടി നടപ്പിലാക്കി കൊണ്ട് മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയൂ. ഇതിനാവശ്യമായ

പഞ്ചായത്തിലെ കൂലി സേവന വ്യവസ്ഥകൾ

| കൂലിപ്പണികൾ | പണിസമയം | കൂലി നിരക്ക് | |
|---|---|---|---|
| | | ആണ് | പെൺ |
| 1. ഉഴവ് | 4 മണിക്കൂർ | 200 രൂപ | |
| കന്നു പൂട്ടൽ | 1 " | 165 | |
| ട്രാക്ടർ | 1 " | 85 " | |
| ടില്ലർ | 1 " | 100 " | |
| 2. കിളയ്ക്കൽ | 8 " | 100 | |
| 3. ഞാറു നടീൽ | 8 " | | 60 രൂപ |
| 4.കളപറിക്കൽ | 8 " | | 60 രൂപ |
| 5. കൊയ്ത്ത് മെതി | | 1/5 അളവ് | |
| 6. കീടനാശിനി | 4 മണിക്കൂർ | 100 രൂപ | |
| 7. തേങ്ങായിടൽ | തെങ്ങൊന്നിന് | 2.5 രൂപ | |

വളം – കീടനാശിനി ഉപയോഗം

| | 1993-94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|
| സ്ഥാപന | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | മെ:ടൺ | ദ്രവം | ഖര | മെ:ടൺ | ദ്രവം | ഖര | മെ:ടൺ | ദ്രവം | ഖര |
| സഹകരണ സ്ഥാപനങ്ങൾ | 25 മെ:ടൺ ഹെക്ടർ | 45 മീറ്റർ | 4.5 ക്വിൻറൽ/ ഹെക്ടർ | 22 മെ:ടൺ ഹെക്ടർ | 27 ലിറ്റർ | 3.75 ക്വിൻറൽ/ | 22 മെ:ടൺ | 23 ലിറ്റർ | 3.5 ക്വിൻറൽ/ |
| സ്വകാര്യ സ്ഥാപനങ്ങൾ | 21 മെ:ടൺ | 34 ലിറ്റർ | 5.15 ക്വിൻറൽ/ ഹെക്ടർ | 17.5 മെ: ടൺ | 35 ലിറ്റർ | 2.8 ക്വിൻറൽ/ ഹെക്ടർ | 20 മെ:ടൺ | 30 ലിറ്റർ | 3.5 ക്വിൻറൽ/ ഹെക്ടർ |
| ആകെ | 46 മെ:ടൺ | 79 ലിറ്റർ | 9.65 ക്വിൻറൽ/ ഹെക്ടർ | 39.5 മെ:ടൺ | 62 ലിറ്റർ | 655 ക്വിൻറൽ/ ഹെക്ടർ | 42 മെ:ടൺ | 53 ലിറ്റർ | 7 ക്വിൻറൽ/ ഹെക്ടർ |

പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിക്കേണ്ടതുണ്ട്. പഞ്ചായത്തു തലത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് കൃഷിഭവൻ, കർഷകർ, സന്നദ്ധപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കണം. തെരഞ്ഞെടുക്കപ്പെട്ട വീടുകളെ ഉൾപ്പെടുത്തി ഇതിൻെറ ഒരു മാതൃകാ പ്രവർത്തനം ഉടനടി ആരംഭിക്കാവുന്നതാണ്.

കുരുമുളക് കൃഷി വ്യാപകമാക്കുനതി വേണ്ട പരിപാടി പഞ്ചായത്തുതലത്തിൽ ആവിഷ്ക്കരിക്കണം. കൃഷിഭവനും മറ്റ് സർക്കാർ ഏജൻസികളുമായി സഹകരിച്ച്കൊണ്ട് നല്ലയിനം കുരുമുളക് വള്ളികൾ കർഷകർക്ക് എത്തിച്ച് കൊടുക്കുവാൻ വേണ്ട പ്രായോഗിക പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്

കൃഷിഭവൻ

ഈ പഞ്ചായത്തിൽ വെള്ളൂർ ആസ്ഥാനമായി ഒരു കൃഷിഭവൻ പ്രവർത്തിച്ചുവരുന്നു. ഒരു കൃഷി ആപ്പീസറുടെ നേതൃത്വത്തിൽ 3 ഉദ്യോഗസ്ഥർ ഇവിടെ ജോലിചെയ്യുന്നു. പഞ്ചായത്തിലെ കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും സമഗ്രമാക്കുന്നതിനും വേണ്ട പരിപാടികളാണ് കൃഷിഭവൻ പ്രധാനമായും ലക്ഷ്യമിട്ട് നടപ്പിലാക്കുന്നത്. വളങ്ങളുടേയും കീടനാശിനികളുടേയും വിതരണം, കാർഷിക ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും വിതരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ശാസ്ത്രീയമായ കൃഷിരീതിയെ സംബന്ധിച്ച നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുക തുടങ്ങിയവയാണ് കൃഷിഭവൻെറ പ്രധാന പ്രവർത്തനങ്ങൾ. എന്നാൽ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും കൃഷിഭവൻെറ സേവനം ഫലപ്രദമായി ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ പൊതുവെ ഉയർന്നു വന്നിട്ടുണ്ട്. മുഴുവൻ കർഷകർക്കും കൃഷിഭവൻെറ പ്രയോജനം ലഭിക്കത്തക്കരീതിയിൽ ഇതിൻെറ പ്രവർത്തനത്തെ സുസജ്ജമാക്കുകയും വിപുലീകരിക്കുകയും വേണം.

മണ്ണ് സംരക്ഷണം

വെള്ളൂർ പഞ്ചായത്തിൻെറ മദ്ധ്യത്തിലൂടെ ഒഴുകുന്ന മൂവാറ്റുപുഴയാറും ഇരുവശങ്ങളിലുമായി കിടക്കുന്ന വിസ്തൃതി കുറഞ്ഞ തീരപ്രദേശവും അവയെ തുടർന്നുള്ള കുന്നിൻ ചരിവുകളും കുന്നും പാടശേഖരങ്ങളും എല്ലാം ഒത്തു ചേർന്ന ഭൂപ്രക്രിതിയാണ് ഈ പ്രദേശത്തിൻേറത്. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മൂലം മണ്ണു സംരക്ഷണത്തിന് ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രദേശമാണ് ഇത്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ ഇറുമ്പയം, വരിയ്ക്കാംകുന്ന്, വടകര, മടത്തേടം, ചന്ദ്രാമല തുടങ്ങിയ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് കൂടിയ തോതിൽ അനുഭവപ്പെടുന്നു. റബ്ബർകൃഷി വ്യാപകമായതും ഭൂമി തട്ടുകളായി തിരിച്ച് കയ്യാല നിർമ്മിച്ചതും മൂലം ചെറിയൊരളവു വരെ ഇത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വർഷക്കാലത്ത് വളരെ ശക്തിയോടെ കവിഞ്ഞൊഴുകുന്ന മൂവാറ്റുപുഴയാറിൻെറ ഇരു കരകളിലും രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നുണ്ട്. പലപ്രദേശങ്ങളിലും കൂടുതൽ വിസ്തൃതിയിൽ കര ഇടിഞ്ഞുപോകുന്നു.

ജില്ലാ മണ്ണുസംരക്ഷണ വകുപ്പിൻെറ കീഴിൽ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണുസംരക്ഷണ പദ്ധതിയെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

മണ്ണുസംരക്ഷണത്തിൻെറ പ്രാധാന്യത്തെക്കുറിച്ചും സർക്കാർ നടപ്പിലാക്കുന്ന മണ്ണു സംരക്ഷണപദ്ധതികളെക്കുറിച്ചുമുള്ള ബോധവല്ക്കരണ പ്രവർത്തനം ജനങ്ങളുടെ ഇടയിൽ നടത്തേണ്ടതാണ്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായത്തിൻെറ അളവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക വിഭവസമാഹരണവും ജനപങ്കാളിത്തവും ഉറപ്പാക്കി മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

നടപ്പിലാക്കാവുന്നതാണ്.

മണൽ വാരൽ മൂലം മൂവാറ്റുപുഴയാറിൻെറ ആഴം വർദ്ധിച്ചത് ഇരുകരളും ഇടിയാൻ കാരണമായിട്ടുണ്ട്. മണൽ വാരുന്നതിന് കരയിൽ നിന്നുള്ള ദൂരത്തെക്കുറിച്ച് വ്യക്തമായ നിയമവും നിർദ്ദേശങ്ങളും ഉണ്ടെങ്കിലും അത് പാലിക്കപ്പെടുന്നില്ല. ഇതു സംബന്ധിച്ചുള്ള ധാരാളം പരാതികൾ ജനങ്ങളുടെ ഭാഗത്തുനിന്നും ഉയർന്നു വന്നിട്ടുണ്ട്. മണൽവാരൽ നിയന്ത്രിക്കുകയും വർഷകാല വെള്ളപൊക്കത്തിൽ കര ഇടിയുന്നത് തടയുകയും ചെയ്യേണ്ടതാണ്. വലിയ തോതിൽ ഇടിച്ചിൽ അനുഭവപ്പെടുന്ന ഭാഗത്ത് കരിങ്കൽ ഭിത്തികെട്ടുകയും മറ്റ് സ്ഥലങ്ങളിൽ മുള, ഈറ്റ തുടങ്ങിയവ വെച്ച് മണ്ണൊലിപ്പ് തടയുകയും വേണം. ചില സ്ഥലങ്ങളിൽ തെങ്ങിൻ കുറ്റികൾ താഴ്ത്തി തടകൾ സ്ഥാപിച്ച് മണ്ണൊലിപ്പ് തടയാവുന്നതാണ്. ബഹുജനപങ്കാളിത്തത്തോടെ ഈ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

നീർതടപദ്ധതി

വൈക്കം ബ്ളോക്കിൽപ്പെട്ട ബ്രഹ്മമംഗലം വാട്ടർഷെഡിൽ കരിപ്പാടം, I–ാം വാർഡും കരിപ്പാടം II–ാം വാർഡും വടകര III –ാം വാർഡിൻെറ 13 വീടുകളും വരിക്കാം കുന്ന് IV–ാം വാർഡിൻെറ ഏതാണ്ട് 60 വീടുകളും ഉൾപ്പെടുത്തി വാട്ടർഷെഡ് പ്രവർത്തനം നടത്തി വരുന്നുണ്ടെങ്കിലും തൃപ്തികരമല്ല.

കടുത്തുരുത്തി ബ്ളോക്കിൽപ്പെട്ട പഞ്ചായത്തിൻെറ ബാക്കി പ്രദേശങ്ങളിൽ വാട്ടർഷെഡ് രൂപീകരിച്ച് ഇതിൻെറ പ്രവർത്തനം മെച്ചപ്പടുത്തേണ്ടതാണ്.

ജലസേചനം

പഞ്ചായത്തിൻെറ മധ്യത്തിലൂടെ ജലസമ്പന്നമായ മൂവാറ്റുപുഴയാർ ഒഴുകുന്നുണ്ടെങ്കിലും ഫലപ്രദമായി ജലസേചനാവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കപ്പെടുന്നില്ല എന്നത് വിരോധാഭാസമാണ്. തോടുകൾ , കുളങ്ങൾ തുടങ്ങിയ പരമ്പരാഗത ജലസ്രോതസ്സുകൾ നികത്തിക്കളയുന്നതും ഉപയോഗപ്രദമാകത്തക്കരീതിയിൽ സംരക്ഷിക്കാതിരിക്കുന്നതും ജലസേചനസൗകര്യത്തിന് തടസ്സമുണ്ടാക്കുന്ന ഒന്നാണ്. നിലവിലുള്ള കനാലുകളുടെ അറ്റകുറ്റപ്പണി നടത്തുകയും ചീപ്പുകളുടെ പലകകൾ സ്ഥാപിക്കുകയും ചെയ്ത് മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങളും സാധ്യതകളും

1. കർഷക ത്തൊഴിലാളികളുടെ സേവനം ശാസ്ത്രീയമായി ലഭ്യമാക്കുന്നതിന് വേണ്ടി മുഴുവൻ തൊഴിലാളികളെയും പഞ്ചായത്തുതലത്തിൽ രജിസ്റ്റർ ചെയ്യുകയും അവരുടെ സേവനം ആവശ്യമായ സ്ഥലങ്ങളിൽ എത്തിക്കുകയും വേണം. ഇവർക്ക് പഞ്ചായത്ത് തലത്തിൽ ക്ഷേമനിധി രൂപീകരിക്കുകയും വേണം.
2. വെള്ളൂരിലെ എല്ലാ പാടശേഖരങ്ങളിലും രണ്ടു പൂകൃഷി എടുക്കത്തക്ക രീതിയിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.
3. തോട്ടറ – വെള്ളൂർ പുഞ്ചപ്പാടങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളം അടിച്ചു വറ്റിച്ച് കൃഷിയോഗ്യമാക്കണം.
4. എല്ലാ കൃഷിക്കും സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണം.
5: കാർഷിക ഉല്പ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സഹകരണാടിസ്ഥാനത്തിൽ ഏജൻസി തുടങ്ങണം.
6. ട്രാക്ടർ, ടില്ലർ, മെതിയെന്ത്രം ഇവ കുറഞ്ഞ വിലക്ക് കർഷക സമിതികൾക്ക് നൽകുകയും അവ പാടത്തേക്ക് ഇറക്കുന്നതിനു വേണ്ട സൗകര്യം ഏർപ്പെടുത്തുകയും വേണം.
7. കൃഷിഭൂമി മറ്റു ആവശ്യങ്ങൾക്കുപയോഗിക്കുന്നത്

കാർഷികോപകരണങ്ങൾ

| വാർഡ് | ഉപകരണങ്ങൾ ട്രാക്ടർ കലപ്പ | ടില്ലർ സ്പ്രേയർ | മരുന്ന്തളി ഉപകരണങ്ങൾ നാടൻ സ്പ്രേയർ | റോക്ക് | നാഷ്റോക്ക് | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| 1 | — | 1 | 6 | 2 | 15 | — | — | 1 | 28 |
| 2 | — | — | 4 | 3 | 14 | — | — | — | 24 |
| 3 | 2 | 1 | 3 | 4 | 28 | — | — | — | 27 |
| 4 | — | 1 | 2 | 2 | 16 | — | — | 1 | 26 |
| 5 | — | 1 | 3 | 2 | 19 | — | — | 1 | 22 |
| 6 | — | — | 3 | — | 4 | — | — | — | 26 |
| 7 | 2 | 2 | 3 | 2 | 12 | — | — | — | 29 |
| 8 | — | — | 3 | 3 | 11 | — | — | 1 | 24 |
| 9 | 1 | 1 | 3 | 4 | 12 | — | — | — | 20 |
| 10 | — | — | 2 | 2 | 9 | — | — | — | 29 |

കർശനമായി തടയണം.

8. പച്ചമരുകൾ, കുറ്റിമുല്ല. കൂൺകൃഷി, പൂവുകൾ തുങ്ങിയവയുടെ കൃഷി നടത്താൻ താല്പര്യമുള്ള വർക്ക് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും നൽകണം.

9. കർഷകരെയും കാർഷികരംഗത്ത് ബന്ധപ്പെട്ട മറ്റുള്ളവരേയും ഉൾപ്പെടുത്തി പഞ്ചായത്തുതല ത്തിൽ കാർഷിക ഉത്സവം സംഘടിപ്പിക്കണം

10. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ചില ബാങ്കുകൾ കർഷകരോട് വേണ്ടത്ര സഹകരണം കാണിക്കുന്നില്ല എന്ന് പരാതി ഉണ്ട്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ന്യൂസ്പ്രിൻറ് നഗർ ഇതിൽ പ്രധാനപ്പെട്ടത്.. ബാങ്കുകളിൽ നിന്ന് കാർഷിക വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിസ്വീകരിക്കണം.

11. തെങ്ങ് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർകൃഷിക്കുള്ളതുപോലെ വായ്പയും സബ്സി ഡിയും ലഭ്യമാക്കുക.

12. ഉപയോഗശൂന്യമായി കിടക്കുന്ന പരമ്പരാഗത ജലസ്രോതസ്സുകൾ സന്നദ്ധപ്രവർത്തനങ്ങളിലൂടെ ഉപയോഗ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

13. ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

14. കാർഷിക ഉപകരണങ്ങൾ കുറഞ്ഞവിലക്ക് ലഭ്യമാ ക്കണം.

15. വടകരയിൽ ഉയർന്ന പ്രദേശങ്ങളിൽ പച്ചകൃഷി മെച്ചപ്പെടുത്താൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം പമ്പും ടാങ്കും നിർമ്മിക്കണം.

16. കോളോത്ത് ഭാഗത്തുള്ള ചിപ്പ് പുതുക്കിപ്പണിത് പ്രവർത്തനയോഗ്യമാക്കണം.

17. ന്യൂസ്പ്രിൻറ് ഫാക്ടറിയിൽ നിന്നുള്ള മലിനജലം വെള്ളൂർ പുഞ്ചയിലേക്ക് ഒഴുക്കുന്നത് തടയണം.

18. 9–10 വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ബണ്ട് തീർത്ത് ഇറുമ്പയം (Post office) ഭാഗത്തെ കൃഷി ഇരുപ്പൂ ആക്കുന്നതിനുള്ള നടപടികൾ എടു ക്കുക.

19. ഇറുമ്പയം കേന്ദ്രീകൃതമാക്കി സസ്യമാർക്കറ്റ് തുടങ്ങുക.

20. 9–10 വാർഡുകളിൽ കൂടി മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കനാൽ നിർമ്മിക്കുക.

21. കരിപ്പാടത്ത് വിളക്കുപാടം – വാളോക്കോട് ബണ്ട് നിർമ്മിക്കുക.

22. ചാപ്രവൈപ്പേൽ തോട് തെളിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

23. തട്ടാവേലി – തുമ്പുകൾ പമ്പ് പ്രവർത്തനക്ഷമമാക്കുക.

24. എല്ലാ വിളകൾക്കും ഇൻഷുറൻസ്. സൗകര്യം ഏർപ്പെടുത്തുക.

25. 2–ാം വാർഡിൽ കണിയാർകുന്ന് ഭാഗത്ത് കനാൽ നിർമ്മിക്കുക.

26. 1–ാം വാർഡിൽ വിളക്കുപാടത്ത് ഉപയോഗശൂന്യമായി കിടക്കുന്ന പാടശേഖരത്തിന് ജലസേചനസൗകര്യം ഏർപ്പെടുത്തണം.

27. പുലി മുഖത്ത് ചിപ്പ് നിർമ്മിക്കണം – മോട്ടോറും, പമ്പും സ്ഥാപിക്കണം.

28. ചെമ്മനാട്ടു ചാലിൽ ഒരു മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പു ചെയ്ത് മടത്തടം ഭാഗത്തെ ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.

### മണ്ണ് സംരക്ഷണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി വിസ്ത്രീർണ്ണം ഹെക്ടറിൽ | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ചത്രി വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്ത്രീർണ്ണം ഹെക്ടറിൽ | പ്രയോജനം ലഭിച്ച ഉപഭോക്താക്കളുടെ എണ്ണം | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | പ്രത്യേക പദ്ധതി | | | | | | | | | |
| | 1. ഇറുമ്പയം | 27 | — | 1.03 | 310 | 1976 | 1984 | 17.81 | 215 | 98930/- |
| | 2. മടത്തേടം | 5.3 | — | 46,500/- | 61 | 1985 | 1989 | 4.25 | 45 | 29321/- |
| | 3. വരിക്കാം കുന്ന് | 16.371 | — | 1.874ലക്ഷം | 11.7 | 1986 | 1990 | 11.10 | 95 | 76671/- |
| | 4. വടകര | 6 | — | 62000/- | 52 | 1987 | 1989 | 5.2 | 42 | 35423/- |
| | 5. തോന്നല്ലൂർ | 5.543 | — | 34000/- | 47 | 1989 | 1989 | 2.7 | 26 | 25396/- |
| 2 | ലോൺസ്കീം | | | | | | | | | |
| | 1. വെള്ളൂർ | 302 | — | 7.1 | | 1976 | 1982 | 33 | 46 | 5244/- |
| 3 | NWDPRA | | | | | | | | | |
| | ബ്രഹ്മ മംഗലം | 420 | | 672000/- | | 1993 | നടക്കുന്നു | | | 340655/- |

അവലംബം മണ്ണ് സംരക്ഷണ ഓഫീസ് രേഖ



# മൃഗസംരക്ഷണവും മത്സ്യബന്ധനവും



# മൃഗസംരക്ഷണം

കഴിഞ്ഞ നാല് പതിറ്റാണ്ടുകൾക്കിടയിൽ കേരളത്തിൽ മൃഗസംരക്ഷണരംഗത്ത് ഒരുപാട് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പ്രകടമായി കാണുന്നത് പാലിൻെറ ഉല്പാദനരംഗത്തും ഉപഭോഗത്തിലുണ്ടായിട്ടുള്ള ഗണ്യമായ വർദ്ധനവിലുമാണ്. എന്നാൽ ഈ നേട്ടങ്ങൾ സമൂഹത്തിൻെറ താഴെത്തട്ടിലേക്ക് എത്രത്തോളം എത്തിച്ചേർന്നു എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്.

മറ്റു പലസംസ്ഥാനങ്ങളിലും ഉള്ളതുപോലെ വൻതോതിലുള്ള കന്നുകാലിവളർത്തൽ കേരളത്തിൽ നിലനിന്നിരുന്നില്ല. മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും വർധിച്ച ജനസാന്ദ്രതയുമാണ് ഇതിന് കാരണം. വളത്തിനും ഗാർഹിക ആവശ്യത്തിനുള്ള പാലിനും വേണ്ടി മാത്രമായിരുന്നു കേരളത്തിലെ കന്നുകാലിവളർത്തൽ. വെള്ളൂർ പഞ്ചായത്തിലെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. മിക്കവാറും എല്ലാവീടുകളിലും ഒന്നോരണ്ടോ പശുക്കളും ആടുകളും നിലമുഴുന്നതിന് കാളകളോ പോത്തുകളോ ഉണ്ടായിരുന്നു. എരുമ താരതമ്യേന കുറവായിരുന്നു വീട്ടാവശ്യത്തിനുവേണ്ടി മുട്ടക്കോഴികളെയും, അപൂർവമായി പന്നികളെയും വളർത്തിയിരുന്നു. താറാവ് കൃഷിക്കാർ ഉണ്ടായിരുന്നെങ്കിലും കുറവായിരുന്നു.

പശുവളർത്തൽ

ധവള വിപ്ലവത്തെത്തുടർന്ന് കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്നയിനത്തിൽപ്പെട്ട പശുക്കൾ വ്യാപകമായി. ഇതോടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്ന, വെച്ചൂർ പശുക്കൾ ഉൾപ്പെടെയുള്ള നാടൻ പശുവിനങ്ങൾ ഏതാണ്ട് അപ്രത്യക്ഷമാകാൻ തുടങ്ങി.

കാലിവളർത്തലിന് തികച്ചും പരമ്പരാഗതമായ രീതികളാണ് അവലംബിച്ചിരുന്നത്. പുല്ല്, വൈക്കോൽ, പിണ്ണാക്ക്

വളർത്തുമൃഗസംഖ്യ – വെള്ളൂർ ഗ്രാമപഞ്ചായത്ത് 1996 – 1997

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് |
|---|---|---|---|---|---|---|---|---|---|---|---|
| വംശ വർധനവ് | മറ്റുള്ളവ | വംശ വർധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവ ഇല്ലാത്തത് | കറവയുള്ളത് | കറവ ഇല്ലാത്തത് | കറവയുള്ളത് | കറവ ഇല്ലാത്തത് | | |
| – | – | 20 | 80 | 1150 | 850 | 2520 | 1480 | 30 | 10 | 30 | 12000 |

അവലംബം : ICDP സബ്സെൻറർ രേഖ

ക്ഷീരസംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ശേഖരിച്ച ആകെ പാൽ ലിറ്റർ/മാസം | പ്രദേശത്ത് വില്ക്കുന്ന പാൽ ലിറ്റർ/മാസം | പുറത്തേക്ക് അയയ്ക്കുന്ന പാൽ ലിറ്റർ/മാസം | ആകെയുള്ള അംഗങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|---|
| 1 | കരിപ്പാടം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം.: നം കെ. 67(D) APCOS | 3293.4 | 1662.2 | 1631.2 | 270 | Rs. 3200/- |
| 2. | ഇറുമ്പയം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം.: നം കെ. 148 (D) APCOS | 3674.8 | 2098.3 | 1576.5 | 272 | Rs. 2720/- |

അവലംബം ഡയറി എക്സ്റ്റൻഷൻ ഓഫീസ് രേഖ

എന്നിവയായിരുന്നു പ്രധാന കാലിത്തീറ്റകൾ മറ്റുകാലിത്തീറകളോ, പ്രതിരോധ കുത്തിവയ്പുകളോ അന്നുണ്ടായിരുന്നില്ല. ഉല്പാദനക്ഷമതയും കുറവായിരുന്നു.

ധവളവിപ്ലവത്തോടെ കൃത്രിമ ബീജസങ്കലനം, കാലിത്തീറ്റ പ്രതിരോധകുത്തിവയ്പുകൾ എന്നിവ വ്യാപകമായതിൻെറ ഫലമായി പാലുൽപാദനം വർധിച്ചു. എന്നാൽ സംരക്ഷണച്ചെലവും ഇതോടൊപ്പം വർദ്ധിച്ചു. എച്ച്.എൻ.എൽ. ൻെറ വരവും റബ്ബർകൃഷിയുടെ വ്യാപനവും മേച്ചിൽ സ്ഥലത്തിൻെറ വിസ്തൃതി കുറയ്ക്കുകയും ഇത് കന്നുകാലിവളർത്തലിനെ സാരമായി ബാധിക്കുകയും ചെയ്തു. കാലികളെ പാടത്തേയ്ക്ക് അഴിച്ചുവിട്ട് മേയ്ക്കുന്നരീതി മുമ്പ് നില നിന്നിരുന്നു. പുഞ്ചനിലങ്ങൾ പലതും ഇരുപ്പൂകൃഷിയായതോടെ ഇതിനുള്ള സൗകര്യം നഷ്ടപ്പെട്ടു. പുല്ല് കൃഷിചെയ്യുന്നതിന് നിരവധി സ്കീമുകൾ നിലവിലുണ്ടെങ്കിലും വെള്ളൂർ പഞ്ചായത്തിൽ അവയൊന്നും ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. കാലിത്തീറ്റയുടെ വിലവർദ്ധനവും മേച്ചിൽസ്ഥലത്തിൻെറ കുറവും കന്നുകാലികളുടെ എണ്ണം കുറയ്ക്കുന്നതിന് ഇടയാക്കി. മൃഗസംരക്ഷണ വകുപ്പിൻെറ സേവനം വേണ്ടത്ര ലഭിക്കുന്നില്ല എന്നതും ഒരു കാരണമാണ്.

### കോഴിവളർത്തൽ

മുട്ടകോഴികളെ വളർത്തുന്നരീതി പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ നിലവിലുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ ഇറച്ചികോഴിവളർത്തൽ സമീപകാലത്ത് വെള്ളൂർ പഞ്ചായത്തിൽ പരിമിതമായ തോതിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കോഴിത്തീറ്റയുടെ വിലവർദ്ധനവും തമിഴ്നാട്ടിൽ നിന്നുള്ള കോഴികളുടെ ഇറക്കുമതിയും മൂലം കർഷകർക്ക്

വളർത്തു പക്ഷിസംഖ്യ – വെള്ളൂർ ഗ്രാമപഞ്ചായത്ത് – 1996 97

| പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 2750 | 6420 | 7260 | 40 | 70 | 80 |

അവലംബം : ICDP സബ്സെൻറർ രേഖ

രോഗ വിവരങ്ങൾ – വെള്ളൂർ ഗ്രാമ പഞ്ചായത്ത്

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച |
|---|---|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ | 195 | – | 75 | 10 | – | – | – | – |
| 2 | ശ്വാസകോശ സംബന്ധം | 150 | – | 60 | – | – | 500 | – | – |
| 3 | ഉപാപചയ സംബന്ധം | 10 | – | 5 | – | – | – | – | – |
| 4 | ത്വക് രോഗങ്ങൾ | 125 | – | – | – | – | – | – | – |
| 5 | ധാതുലവണങ്ങളുടെ അഭാവം | 93 | – | 50 | – | – | – | – | – |
| 6 | പരാദ രോഗങ്ങൾ | 160 | – | 80 | 15 | – | – | – | – |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 80 | – | – | – | – | – | – | – |
| 8 | വന്ധ്യത | 20 | – | – | – | – | – | – | – |
| 9 | അകിടുവീക്കം | 15 | – | 10 | – | – | – | – | – |
| 10 | മുടന്തൻ പനി | 25 | – | – | – | – | – | – | – |
| 11 | പകർച്ചവ്യാധികൾ | – | – | – | – | – | – | – | – |

മതിയായ വില ലഭിക്കുന്നില്ല. ഇത് മൂലം പലപ്പോഴും ഈ കൃഷി നഷ്ടത്തിൽ കലാശിക്കുന്നു.

നിലമുഴുന്നതിനും ഭാരം വലിക്കുന്നതിനും ധാരാളം കാളകളേയും പോത്തുകളേയും ഈ പ്രദേശത്ത് വളർത്തിയിരുന്നു. മോട്ടോർ വാഹനങ്ങളുടേയും ടില്ലർ ട്രാക്ടർ തുടങ്ങിയവയുടെയും വരവ് ഇവയുടെ എണ്ണം കുറയ്ക്കുന്നതിന് കാരണമായി

ക്ഷീരോൽപാദന സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ ക്ഷീരോൽപാദനരംഗത്ത് 2 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയെപ്പറ്റിയുള്ള വവരങ്ങൾ പട്ടിക –1 ൽ കൊടുത്തിരിക്കുന്നു.

മൃഗാശുപത്രി.

പഞ്ചായത്തിൽ പ്രധാനമായു ഒരു മൃഗാശുപത്രിയാണുള്ളത്. 4–ാം വാർഡിലെ വരിക്കാംകുന്നിലാണ് ഇത് പ്രവർത്തിക്കുന്നത്. വെള്ളൂരിൽ ഉള്ള CDP സബ് സെൻറർ ആണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനം കന്നുകാലികളിൽ പൊതുവെകണ്ടുവരുന്ന രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2ൽ ചേർത്തിരിക്കുന്നു.

നടപ്പുപദ്ധതികൾ

നടപ്പു പദ്ധതിക്കാലത്ത് വെളൂർ പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ വികസനപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്ഷീരകർഷക സമ്പർക്ക പരിപാടി

ക്ഷീര കർഷകരുടെ ബോധവല്ക്കരണമാണ് ഈ പരിപാടിയുടെ ലക്ഷ്യം ഓരോ സ്ഥലത്തും 30–ൽ കുറയാത്ത ക്ഷീരകർഷകരടങ്ങുന്ന സദസ്സിനാണ് ക്ലാസ്സുകൾ നൽകുന്നത്. വെള്ളൂർ പഞ്ചായത്തിൽ 1992 മുതൽ 1996വരെ 9 ക്ലസ്സുകൾ നടത്തുകയു

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 166 | 166 | 10 |
| കിടാരി | 135 | 135 | 20 |
| എരുമ | 4 | 4 | – |

ണ്ടായി. കാലി വളർത്തൽ രംഗത്തെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് കർഷകർക്ക് അറിവ് പകരുക, കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുക, അവരുടെ അനുഭവം പങ്കുവയ്ക്കുക തുടങ്ങിയ കാര്യങ്ങൾ ഈ പരിപാടിയിലൂടെ സാധിക്കുന്നു.

2. നാടൻ ക്ഷീരോല്പന്ന നിർമ്മാണ പ്രദർശന ക്ലാസ്സ്

ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് ഉല്പന്നങ്ങളുടേയും പാലിൻെറയും ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രദർശന പരിശീലനപരിപാടിയാണിത്. ഒരു പരിപാടിക്ക് 100 രൂപ ധനസഹായം നൽകുന്നു. 1992 മുതൽ ഇതുവരെ ഈ പഞ്ചായത്തിൽ 5 പ്രദർശന ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.

3. തീറ്റപ്പുൽ കൃഷി വികസനം

ക്ഷീര കർഷകരുടെ ഉല്പാദനച്ചെലവിൻെറ 70% കാലിത്തീറ്റയ്ക്ക് ഉപയോഗിക്കുന്നു. ഈ ചെലവ് 40% ആയിക്കുറയ്ക്കാൻ തീറ്റപ്പുൽ കൃഷി സഹായിക്കുന്നു ഇതിനുവേണ്ടി വിവിധ പരിപാടികൾ നടപ്പാക്കി വരുന്നു.

ദീർഘകാല പുൽകൃഷി ലക്ഷ്യമാക്കി മേൽത്തരം പുല്ലിനങ്ങൾ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്ത് പുൽകൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. വിത്ത് വിലയിൽ 50%, ധനസഹായവും, രാസവളസബ്സിഡിയായി ഹെക്ടറിന് 500 രൂപയും നൽകുന്നു. ഈ പഞ്ചായത്തിൽ 92 മുതൽ 4.10

മാതൃകാകാലിത്തൊഴുത്ത് നിർമ്മാണം – വെള്ളൂർ പഞ്ചായത്ത്

| വർഷം | ഗുണഭോക്താക്കൾ |
|---|---|
| 92–93 | ഇല്ല |
| 93–94 | ഇല്ല |
| 94–95 | 1 |
| 95–96 | ഇല്ല |
| 96–97 | ലക്ഷ്യം – 3 |

അവലംബം : ഡയറി എക്സ്റ്റൻഷൻ ഓഫീസ് രേഖ

ക്ഷീരോൽപ്പന്നയൂണിറ്റുകളുടെ വിവരം – വെള്ളൂർ പഞ്ചായത്തിൽ

| വർഷം | യൂണിറ്റുകളുടെ പേര് | എണ്ണം |
|---|---|---|
| 92–93 | ------- | ഇല്ല |
| 93–94 | ഇറുമ്പയം KUCS | 1 |
| 94–95 | -------- | ഇല്ല |
| 95–96 | കാർമൽ മഹിളാ സമാജം വരിക്കാം കുന്ന് കരിപ്പാടം KUCS | 2 |
| 96–97 | ---- | ഇല്ല |

അവലംബം : ഡയറി എക്റ്റൻഷൻ ഓഫീസ് രേഖ

ഹെക്ടർ സ്ഥലത്ത് ദീർഘകാല പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

തീറ്റ പുൽക്കട ഉപയോഗിച്ചുള്ള പുൽകൃഷിയും നടത്തിവരുന്നു. പുൽക്കടയുടെ വിലയിൽ 50% രാസവളത്തിന് ഹെക്ടറിന് 500 രൂപ എന്നീ നിലയിൽ സബ്സിഡി നൽകുന്നു. 92 മുതൽ ഈ പഞ്ചായത്തിൽ 3.51 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നടപ്പാക്കി കൃഷിസ്ഥലങ്ങളിൽ ഇടവിളയായി ഹ്രസ്വകാല പുൽകൃഷി നടത്തുന്നതിന് വിത്ത്, വളം എന്നിവ സബ്സിഡിയായി നൽകി പ്രോത്സാഹിപ്പിക്കുന്നു. ഒന്നാം വിള, രണ്ടാം വിള, മൂന്നാം വിള എന്നിങ്ങനെ ആണ്ടിൽ മൂന്നു തവണ വരെ വൻപയർ, മക്കച്ചോളം എന്നിവയുടെ വിത്ത് വിതരണം ചെയ്യുതു. ഈ ഇനത്തിൽ 3.88 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിനടത്തുന്നതിനും ചില പരിപാടികൾ നിലവിലുണ്ട്. ഹെക്ടർ ഒന്നിന് 15000. രൂപ ഈ ഇനത്തിൽ സബ്സിഡി നൽകുന്നു. ഉണക്കപ്പുല്ല് നിർമ്മാണം, വൈക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ഠമാക്കൽ, സൈലേജ് നിർമ്മാണം തുടങ്ങിയവയും നടപ്പിലാക്കുന്നതിന് പരിപാടികളുണ്ട്.

4. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

കൃഷിവകുപ്പിൻെറ മാർഗ്ഗനിർദ്ദേശ പ്രകാരം തൊഴുത്തു നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നു. നിർമ്മാണ ച്ചെലവിൻെറ 33% അഥാവാ 1250 രൂപ ഏതാണോ കുറവ് ആയത് കർഷകർക്ക് അനുവദിക്കുന്നു. വെളൂർ പഞ്ചായത്തിൽ ഇതിൻെറ ഗുണഭോക്താവ് ഒരാൾ മാത്രമാണ് വശദാംശങ്ങൾ താഴെ കൊടുക്കുന്നു.

5. ധാതുലവണ മിശ്രിത വിതരണം

കറവപ്പശുക്കളുടേയം, കിടാരികളുടേയും ആരോഗ്യപരിപാലനത്തിന് ധാതുലവണ മിശ്രിതം വിതരണം ചെയ്യുന്നുണ്ട്. വിറ്റാമിൻ സപ്ലിമെൻറ് സൗജന്യനിരക്കിൽ വിതരണം നടത്തിവരുന്നു.

6. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ്

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനും, പാലിൻേറയും, പാലുല്പന്നങ്ങളുടേയും ഉപഭോഗവും, വിപണനവും വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ഒരു യൂണിറ്റിൽ S.S.L.C. വരെയെങ്കിലും വിദ്യാഭ്യാമുള്ള 4 വനിതകൾ ഉണ്ടായിരിക്കണം ക്ഷീര സംഘങ്ങൾ, മഹിളാസമാജങ്ങൾ, വായനശാലകൾ, സന്നദ്ധസംഘടനകൾ ഇവയാണ് ഈ യൂണിറ്റുകളുടെ സ്പോൺസർന്മാർ. വിവിധ ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം, യൂണിറ്റിൻെറ കണക്കുകൾ തയ്യാറാക്കൽ, മാർക്കറ്റിംഗ് എന്നീ വിഷയങ്ങളിൽ തെരഞ്ഞെടുക്കുന്ന യൂണിറ്റംഗങ്ങൾക്ക് ക്ഷീര വികസന വകുപ്പിൻെറ നേതൃത്വത്തിൽ പരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കുന്ന യൂണിറ്റിന് പരിശീലന ബത്ത ഈ ഇനത്തിൽ 1500 രൂപയും, ഉപകരണങ്ങൾ വാങ്ങുന്നതിന് ആകെ മുടക്കു മുതലിൻെറ 66% (പരമാവധി 20250 രൂപ) എന്നിങ്ങനെ ആകെ 21750 രൂപ ധനസഹായം നൽകുന്നു. വെള്ളൂർ പഞ്ചായത്തിൽ അനവദിച്ചിട്ടുള്ള യൂണിറ്റുകളുടെ വിവരംതാഴെ കൊടുക്കുന്നു.

പ്രത്യേക പദ്ധതി പ്രകാരം സ്ഥാപിച്ച ഡയറിയൂണിറ്റുകളുടെ വിവരം

| വർഷം | ഡയറിയൂണിറ്റുകളുടെ എണ്ണം | കുറിപ്പ് |
|---|---|---|
| 92–93 | ഇല്ല | —— |
| 93–94 | SCA - 6 | സബ്സിഡി – Rs. 5564/യൂണിറ്റ് |
| 94–95 | SCA - 20 | സബ്സിഡി – Rs. 6520/യൂണിറ്റ് |
| 95–96 | SCP - 4 | സബ്സിഡി – Rs. 6650/യൂണിറ്റ് |
| 96–97 | —— | —— |

സാമ്പത്തികവും, സാമൂഹികവുമായി പിന്നോക്കം നില്ക്കുന്ന ദുർബലവിഭാഗത്തിൽപ്പെട്ട പട്ടിക ജാതി വിഭാഗം കർഷകർക്ക് തൊഴിൽ നൽകുകന്നതിനും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഡയറിയൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. വെള്ളൂർ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷീര സംഘങ്ങളുടെ നവീകരണം ലഘുവാക്കി പ്രവർത്തന മൂലധനം നൽകുന്നതിനും ക്ഷീരസംഘങ്ങൾക്ക് ഫർണീച്ചർ സബ്സിഡി നൽകുന്നതിനും, സംഘങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാൻറ് നൽകുന്നതിനും ഉള്ള പദ്ധതികളുണ്ട്. ഇതിൻെറ ആനുകൂല്യം നാമമാത്രമായെങ്കിലും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ ഉത്പാദനക്ഷമത വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ പോലും സാധാരണകർഷകർക്ക് ഇതിൻെറ ഗുണം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. സാധാരണക്കാർക്ക് അപ്രാപ്യമായ തരത്തിലുള്ള വില വർദ്ധനവ് പോഷകസമൃദ്ധമായ കാലിത്തീറ്റയിൽ ഉണ്ടായിരിക്കുന്നു തൻമൂലം മൃഗപരിപാലനരംഗത്തെ ചെലവ് വർദ്ധിക്കുകയും ദുർബ്ബലവിഭാഗങ്ങൾക് ഉല്പാദനക്ഷമത കുറഞ്ഞ നാടൻ കാലികളെ ആശ്രയിക്കേണ്ടിവരികയും ചെയ്തിരിക്കുന്നു. സംഘടിതമായ വിപണന ശൃംഖലയുടെ അഭാവം ചെറുകിടരീതിയിലുള്ള കാലി വളർത്തൽ ലാഭകരമല്ലാതായി തീർന്നിരിക്കുന്നു.

തീറ്റപ്പുൽ കൃഷിക്ക് ജനങ്ങളുടെയിടയിൽ ഇനിയും പ്രചാരം ലഭിച്ചിട്ടില്ല. പ്രാദേശികമായ വിഭവങ്ങൾ ഉപയോഗിച്ച് കൊണ്ട് കാലിത്തീറ്റ ഉണ്ടാക്കുവാനുള്ള ശ്രമകരമായ മുന്നേറ്റങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. വൃത്തിഹീനമായ തൊഴുത്തുകൾ കന്നുകാലികൾക്ക് പലതരത്തിലുള്ള രോഗങ്ങളുണ്ടാക്കുന്നു മൃഗഡോക്ടറുടെ സേവനം പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും ലഭ്യമല്ല. ശാസ്ത്രീയമായ കന്നുകാലി വളർത്തലിനെക്കുറിച്ചുള്ള അറിവ് കർഷകർക്കില്ല.

സാധ്യതകൾ

വെള്ളൂർ പഞ്ചായത്തിൻെറ പലഭാഗങ്ങളിലും രൂക്ഷമായപാൽക്ഷാമം അനുഭവപ്പെടുന്നുണ്ട്. ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ ടൗൺഷിപ്പിൽ രണ്ട് മിൽമാ–ബൂത്തുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഫാക്ടറി കോളനിയെകൂടി കണക്കിലെടുത്താൽ, വലിയൊരു പാൽ വിപണന സാധ്യത ഇവിടെയുണ്ടെന്ന് മനസ്സിലാക്കാം. ഈ സാധ്യത പരിഗണിച്ച് സമഗ്രമായ ഒരു ക്ഷീര വ്യവസായ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. ഇതിന് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സാധ്യതയുള്ള വീടുകളിൽ സാമ്പത്തിക സാങ്കേതിക സഹായം നല്കിക്കൊണ്ട് ഉൽപാദനശേഷികൂടിയ പശുക്കളെവളർത്തൽ.
2. പാൽസഹകരണസംഘം പ്രാദേശികമായി (വാർഡ് തലത്തിൽ) രൂപികരിച്ച് കൊണ്ട് പാൽശേഖരിക്കുകയും വിതരണം ചെയ്യുകയും ആവാം.
3. മിച്ചം വരുന്ന പാൽഉപയോഗിച്ച് ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് വനിതകളുടെ നേതൃത്വത്തിൽ യൂണിറ്റ് ആരംഭിക്കാം ഇതിനുള്ള പരിശീലനവും സാമ്പത്തികസഹായവും നല്കണം.
4. സഹകരണടിസ്ഥാനത്തിൽ ഡയറിഫാമുകൾ ആരംഭിക്കാം ഇതോടനുബന്ധിച്ച് ക്ഷീരോൽപന്നങ്ങളുടെ യൂണിറ്റും തുടങ്ങാവുന്നതാണ്.

### ആടുവളർത്തൽ

വളരെ സാധ്യതയുള്ളതും ലാഭകരവുമായ ആടുവളർത്തൽ ശാസ്ത്രീയമാക്കുന്നതിനെക്കുറിച്ചുള്ള പരിജ്ഞാനം നല്കികൊണ്ട് സഹകരണടിസ്ഥാനത്തിൽ വനിതകളുടെ നേതൃത്വത്തിൽ ആടുവളർത്തൽ ഫാം ആരംഭിക്കാവുന്നതാണ്.

### പാചകവാതകം

സമഗ്ര ഊർജ്ജാ സൂത്രണവുമായി ബന്ധപ്പെടുത്തി, പശുവളർത്തൽ ഉള്ള കഴിയുന്നത്ര വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കണം. ഇതിൻെറ ശരിയായ പ്രവർത്തനത്തിന് പഞ്ചായത്തുതലത്തിൽ കുറെ പേർക്ക് സാങ്കേതിക പരിശീലനം നല്കി, കേടുപാടുകൾ തീർക്കാൻ കഴിയുന്നതരത്തിൽ, സജ്ജരാക്കണം. താല്പര്യമുള്ളവർക്ക് പ്ലാൻറുകൾ സ്ഥാപിക്കുവാൻ സാമ്പത്തികസഹായം നല്കണം.

### കാലിത്തീറ്റ

പ്രാദേശീകമായി ഉല്പാദിപ്പിക്കുന്ന തേങ്ങ ഉപയോഗിച്ച് വെളിച്ചെണ്ണ ഉൽപാദനം അതാതിടങ്ങളിൽ നടത്തുകാര്യം അതിൻെറ ഉപോൽപ്പന്നമായ പിണ്ണാക്ക് ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമ്മാണം വ്യാപകമാക്കുകയും ചെയ്യാവുന്നതാണ്. ഇത് കാർഷിക മേഖലയെ മൃഗസംരക്ഷണവുമായി ഉന്ധപ്പെടുത്തുവാനും, കൂടുതൽ തൊഴിലവസരങ്ങൾ ഉള്ള കർഷകാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ സഹായിക്കുകയും ചെയ്യും.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഇറച്ചി ക്കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, കന്നുകാലിവളർത്തൽ, മത്സ്യകൃഷി എന്നിവയ്ക്ക് സബ്സിഡിയോട് കൂടി ധനസഹായം വേണം.
2. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം
3. കാലിത്തീറ്റ വിലകുറച്ച് വിതരണം ചെയ്യണം.
4. വളർത്തു മൃഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണം.
5. ക്ഷീരകർഷകർക്ക് മതിയായ വില ലഭ്യമാക്കണം
6. കോഴിവളർത്തലിന് വൈദ്യുതി സൗജന്യമാക്കണം
7. 2–ാം വാർഡിലെ മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം ദിവസവും ലഭ്യമാക്കണം.
8. പാൽസൊസൈറ്റികൾ ഇല്ലത്ത വാർഡുകളിൽ അത് രൂപികരിക്കണം.
9. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.
10. വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് നിർബന്ധമാക്കുകും അലഞ്ഞ് തിരിഞ്ഞ് നടക്കന്നവയെ ഇല്ലായ്മ ചെയ്യുകയും വേണം.
11. തോട്ടറാപ്പുഞ്ച തോടുഭാഗത്ത് കന്നുകാലികളെ കുളിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
12. 5–ാം വാർഡിൽ ഒരു ICDP സെൻറർ സ്ഥാപിക്കണം.
13. തീറ്റപ്പുല്ല് വിത്ത് ലഭ്യമാക്കണം.
14. 6–7 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മൃഗാശുപത്രി സ്ഥാപിക്കണം.
15. കോഴിത്തീറ്റയുടെ കേരളത്തിലെ വില്പനനികുതി എടുത്ത് കളഞ്ഞ് വിലകുറച്ച് കർഷകർക്ക് ലഭ്യമാക്കുക.

# മത്സ്യബന്ധനം



വെള്ളൂർ പഞ്ചായത്തിൻെറ സാമൂഹിക–സാമ്പത്തിക മേഖലയിൽ എക്കാലത്തും സ്വാധീനം ചെലുത്തിയിരുന്ന ഒരു ഘടകമാണ് മൂവാറ്റുപുഴയാർ. ജലസമൃദ്ധിയിലെന്നതു പോലെതന്നെ മത്സ്യസമ്പത്ത്, മണൽ, കക്ക എന്നിവയുടെ കാര്യത്തിലും വളരെ സമൃദ്ധമായിരുന്നു ഈ പുഴ. ഈ പഞ്ചായത്തിലൂടെ ഏകദേശം 8 കി.മി. ദൂരം ഒഴുകുന്ന ഈ പുഴയായിരുന്നു ഇവിടുത്തെ പ്രധാന മത്സ്യബന്ധന സ്രോതസ്. കുളങ്ങൾ, തോടുകൾ, എന്നിവയിൽ നിന്നും വർഷകാലത്ത് പാടശേഖരങ്ങളിൽ നിന്നും മത്സ്യം പിടിച്ചിരുന്നു. പൂമീൻ, കരിമീൻ, തിരുത, കണമ്പ്, ആറ്റുകൊഞ്ച്, വാള വരൽ തുടങ്ങിയ ധാരാളം ശുദ്ധജല മത്സ്യങ്ങൾ ഈ പ്രദേശത്ത് സുലഭമായിരുന്നു. വളരെ സൂക്ഷ്മതയോടെ നങ്ക് കുത്തുന്ന ചെറുവള്ളക്കാരും കക്ക വാരുന്നു ചെറുസംഘങ്ങളും ഒരുകാലത്ത് ഈ പുഴയിലെ സാധാരണ കാഴ്ചയായിരുന്നു. വർഷകാലരംഭത്തിൽ രാത്രികാലങ്ങളിൽ പാടശേഖരങ്ങളിൽ നടക്കുന്ന ഊത്ത മീൻ പിടുത്തത്തിന് ഉത്സവഛായയുണ്ടായിരുന്നു.

മത്സ്യം സാധാരണക്കാരായ ഗ്രാമീണരുടെ ഭക്ഷണം പോഷക സമൃദ്ധമാക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. വെള്ളൂർ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും മത്സ്യം ഉപയോഗിച്ചുവരുന്നു. ഈ പ്രദേശത്തുനിന്നും പിടിക്കുന്ന മത്സ്യങ്ങൾക്കു പുറമേ മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന കടൽ മത്സ്യങ്ങളും ഈ പ്രദേശങ്ങളിൽ വിറ്റഴിച്ചിരുന്നു.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയ്ക്ക് ഈ മേഖലയിൽ വന്നുചേർന്നിരിക്കുന്ന മാറ്റം വളരെ ഗൗരവത്തോടെയല്ലാതെ നോക്കിക്കാണാൻ സാധിക്കുകയില്ല. നിരവധി കാരണങ്ങളാൽ ഇന്ന് മത്സ്യബന്ധനം കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. പരമ്പരാഗതമായി മത്സ്യബന്ധനം ഉപജീവനമാക്കിയ 80 ഓളം കുടുംബങ്ങൾ ഇതിൻെറ തിക്തഫലം അനുഭവിക്കുന്നു. മൂവാറ്റുപുഴയാറ്റിനിന്നും വ്യവസായികടിസ്ഥാനത്തിൽ നടക്കുന്ന മണൽ ഖനനം പുഴയുടെ ആഴം വർദ്ധിക്കുന്നതിനും അതുമൂലം വൈവിദ്ധ്യമാർന്ന മത്സ്യസമ്പത്തിൽ കുറവുണ്ടാകുന്നതിനും കാരണമായി. നീരൊഴുക്ക് വർദ്ധിച്ചതുമൂലം ഒരു കയറുന്ന പ്രതിഭാസം നിലയ്ക്കുകയും നിരവധി മത്സ്യ ഇനങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു. കൂടാതെ മത്സ്യങ്ങളുടെ പ്രജനനം കാര്യമായികുറയുകയും ചെയ്തു. മത്സ്യ സമ്പത്തു കുറയുന്നതിനു മറ്റൊരു പ്രധാനകാരണമായി ചൂണ്ടിക്കാണ്ടിക്കപ്പെടുന്നത് ഹിന്ദുസ്ഥാൻ ന്യൂസ് സിപ്രിൻറ് ഫാക്ടറിയിൽ നിന്ന് പുഴയിലേക്ക് തുറന്നു വിടുന്ന മലിന ജലമാണ്.

വെള്ളൂർ പഞ്ചായത്തിലെ 5–ാം വാർഡിലെ ചെറുകരയിലും 6–ാം വാർഡിലെ കുറ്റാക്കുഴി ഭാഗത്തുമാണ് മത്സ്യബന്ധനം ഉപജിവനമാക്കിയിരിക്കുന്ന കുടുംബങ്ങൾ അധികമായി താമസിക്കുന്നത്. കൂടാതെ വടകര, ഇറുമ്പയം തുടങ്ങിയ പ്രദേശങ്ങളിലെ ഏകദേശം 20 ഓളം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ മത്സബന്ധനം ഉപജീവമാക്കിയിട്ടുണ്ട്. പരമ്പരാഗതരീതിയിൽ വള്ളം വല, ചൂണ്ട ഇവഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നത് ഈ പ്രദേശങ്ങളുടെ സാമഗ്രവികസനത്തിനു വേണ്ടിയുള്ള കാര്യമായ പ്രവർത്തനങ്ങൾ ഇതുവരെ നടന്നിട്ടില്ല. അടിസ്ഥാനവശങ്ങൾക്കു പുറമെ തൊഴിൽ പരമായ പല ആവശ്യങ്ങൾക്കും ബുദ്ധിമുട്ടനുഭവിക്കുന്ന നിരവധി ആളുകൾ ഇവിടെയുണ്ട്. ഗതാഗത സൗകര്യത്തിൻെറ കുറവ് ഈ പ്രദേശത്തെ പഞ്ചായത്തിൻെറ മറ്റു പ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തുന്നു. ഇവരുടെ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്.

പഞ്ചായത്തിൻെറ പലസ്ഥലങ്ങളിലും മത്സ്യവളർത്തലിനുയോജിച്ച ശുദ്ധജലാശങ്ങളുണ്ട്. സെസ്സിൻെറ റിപ്പോർട്ട് പ്രകാരം ഇവിടെ 27 ജലാശയങ്ങളുണ്ട്. ഇഷ്ടികകളങ്ങൾക്കു വേണ്ടി മണ്ണെടുത്ത് സ്ഥിരമായി ജലാശങ്ങളായവയുടെ കണക്കുകൂടി ചേർത്താൽ ഇവയുടെ എണ്ണം ഇനിയും വർദ്ധിക്കും. ഇവിടെ മത്സ്യകൃഷി നടത്തുന്നതിന്

വളരെ സാദ്ധ്യതയുണ്ട് എന്നാൽ സാങ്കേതികസഹായത്തിൻെറ അഭാവം മൂലവും ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുമൂലവും ആരും ഈ രംഗത്തേയ്ക്ക് കടന്നു വരുന്നില്ല.

സാദ്ധ്യതകൾ

നിർദ്ദേശങ്ങൾ

മത്സ്യസമ്പത്ത് സംരക്ഷിക്കുക

മൂവാറ്റുപുഴയാറ്റിൽ നിന്നും നശിച്ചു പോയിട്ടുള്ള മത്സ്യങ്ങൾക്കു പകരം അനുയോജ്യമായ ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ പുഴയിൽ നിക്ഷേപിക്കുക. മത്സ്യവകുപ്പ്, മത്സ്യഫെഡ് തുടങ്ങിവകുപ്പുകളുടെ സാങ്കേതിക സഹായത്തോടെ ജനകീയ പങ്കാളിത്തത്തോടെ ഈ പ്രവർത്തനം നടത്താവുന്നതാണ്. ആവശ്യമെങ്കിൽ ഇത് എല്ലാവർഷവും ആവർത്തിക്കേണ്ടതാണ്.

അനിയന്ത്രിതമായി നടക്കന്ന മണൽ വാരലിന് അടിയന്തിരമായി നിയന്ത്രണം ഏർപ്പെടുത്തണം. പുഴയുടെ ആഴം അമിതമായി വർദ്ധിക്കുന്നത് ഇതു മൂലം തടയണം.

ന്യൂസ് പ്രിൻറ് ഫാക്ടറിയിൽ നിന്ന് പുഴയിലേക്ക് തുറന്നുവിടുന്ന മലിനജലം കർശനമായപരിശോധനകൾക്ക് വിധേയമാക്കണം, ഇത് മത്സ്യം ഉൾപ്പെടെയുള്ള ജൈവ സമ്പത്തിന് ഹാനികരമല്ല എന്ന് ഉറപ്പു വരുത്തണം.

മത്സ്യക്കൃഷിവ്യാപകമാക്കുക.

പഞ്ചായത്തിലെ താഴ്ന്ന പ്രദേശമായ തോട്ടറപുഞ്ചയിൽ 3–4 മാസക്കാലം ജലം കെട്ടിനിൽക്കുന്നുണ്ട്. ഇവിടെ മത്സ്യക്കൃഷിക്കുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്. ഇത് പുഞ്ചയുടെ ഫലപുയിഷ്ടത വർദ്ധിക്കുന്നതിനും സഹായകരമായിരിക്കും. പഞ്ചായത്തിലെ സാദ്ധ്യതയുള്ള മറ്റു പാടശേഖരങ്ങളിലും ഈ പ്രവർത്തനം നടപ്പക്കാവുന്നതാണ്. കർഷകർ, കർഷകസംഘങ്ങൾ, കൃഷിഭവൻ, മത്സ്യവകുപ്പ് തുടങ്ങിയവരുമായി ചേർന്ന് ഇതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

പഞ്ചായത്തിൽ പൊതുവായിക്കിടക്കുന്ന മണിയഞ്ചിറ, ചെമ്മഞ്ചിച്ചാൽ അറാക്കുളം തുടങ്ങിയ വലിയ ജലാശയങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്. കൂടാതെ സ്വകാര്യ വ്യക്തികളുടെ കൈവശമിരിക്കുന്ന ജലാശയങ്ങളിൽ സാങ്കേതിക സാമ്പത്തിക സഹായം നൽകിക്കൊണ്ട് മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കണം. ബന്ധപ്പെട്ട വകുപ്പുകളുടേയും ബാങ്കുകളുടേയും സഹകരണം ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം.

തൊഴിലാളികൾക്കുവേണ്ടി ക്ഷേമപ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ചെറുകരകോളനിയായി പ്രഖ്യാപിക്കുകയും ആ പ്രദേശത്തിൻെറ സാമഗ്രവികസനത്തിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ആധുനിക മത്സ്യബന്ധനരീതികളെക്കുറച്ചുള്ള ബോധവല്ക്കരണവും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും ചെയ്യേണ്ടത് അനിവാര്യമാണ്.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മത്സ്യത്തൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.

വിഷ വസ്തുക്കൾ – തോട്ട മുതലായവഉപയോഗിച്ച് മത്സം പിടിക്കുന്നത് കർശനമായി തടയണം.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. തട്ടാവേലിയിൽ ഒരു മത്സ്യമാർക്കറ്റ് തുടങ്ങണം.
2. 5–ാം വാർഡിലെ ചെറുകരഭാഗത്തെ മത്സ്യത്തൊഴിലാളികോളനിയായി പ്രഖ്യാപിക്കുക.
3. വല, വള്ളം എന്നിവ ഉണക്കുന്നതിന് സ്ഥലം ലഭ്യമാക്കുക.
4. മലിനജലം ഫലപ്രദമായി ശുദ്ധീകരിച്ച് കടലിൽതള്ളുക.
5. പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ചാലുകൾ കുളങ്ങൾ എന്നിവ മത്സ്യം വളർത്തുന്നതിനായി തൊഴിലാളികൾക്ക് നല്കുക.
6. ജലാശയങ്ങലിൽ വിഷവസ്തുക്കളുപയോഗിച്ച് മീൻ പിടിക്കുന്നത് തടയുക.
7. പ്രജനനകാലത്ത് മത്സ്യം പിടിക്കുന്നതിൻെറ വിപത്തിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
8. മത്സ്യക്കുഞ്ഞുങ്ങളെ വിവിധ ഏജൻസികളിൽ നിന്നും ശേഖരിച്ച് ആറ്റിൽ വളർത്തുന്നതിന് നടപടി സ്വീകരിക്കുക.
9. തൊട്ടൂർ മുതൽ ചെറുകരവരെ ഉള്ള പ്രദേശത്ത് രണ്ട് പുലിമുട്ടുകൾ പുനരുദ്ധരിച്ച് വള്ളം അടുപ്പിക്കുന്നതിനും കുളിക്കുന്നതിനും സൗകര്യപ്പെടുത്തുക.
10. മത്സ്യത്തൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക.



# വ്യവസായം

# വ്യവസായം

സ്വാതന്ത്ര്യാനന്തരം ആരംഭിച്ച പഞ്ചവത്സര പദ്ധതികൾ ഇന്ത്യയുടെ കാർഷിക വ്യാവസായിക മേഖലകളെ താതത മ്യേന ശക്തിപ്പെടുത്തി. വ്യവസായ രംഗത്ത് ഇന്ത്യൻ പൊതുമേഖലയുടെ ആവിർഭാവം വ്യവസായ വികസന ത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും അടിസ്ഥാന – ഘനവ്യവസായരംഗത്ത് എടുത്തുപറയത്തക്ക നേട്ടമുണ്ടാവുകയും ചെയ്തു. കൂടാതെ

> കേരളത്തിൻെറ വ്യവസായ വികസനത്തിന് അർഹമായ വിഹിതം ലഭിക്കാത്തത് നമ്മുടെ സംസ്ഥാനത്തെ വ്യവസായിക പിന്നോക്ക സംസ്ഥാനമാക്കി.

സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് ഏർപ്പെടുത്തിയ ഇറക്കുമതി നിയന്ത്രണങ്ങളും ചുങ്കസംരക്ഷണവും ആഭ്യന്തര കമ്പോളത്തെ വിപുലമാക്കി. ഇത് തദ്ദേശിയ വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തി. എന്നാൽ ഇത് കുത്തക വൽക്കരണത്തിനും വഴിയൊരുക്കി. ഇതിൻെറ ഫലമായി വ്യാവസായിക വികസനം സംതുലിതമായ രീതിയിൽ നടന്നില്ല.

അറുപതുകൾക്കുശേഷം പൊതുമേഴലയിൽ ഗണ്യമായ തിരിച്ചടിയുണ്ടായി. പൊതുമേഖലാനിക്ഷേപത്തിൽ വന്ന വെട്ടിക്കുറവാണ് ഇതിന് പ്രധാനകാരണം. പൊതുമേഖലക്കാവശ്യമായ വിഭവസമാഹരണത്തിന് ഉപയോഗിച്ച മാർഗ്ഗങ്ങൾ വിലക്കയറ്റത്തിനു കാരണമാവുകയും ആഭ്യന്തരകമ്പോളം ക്രമേണ കുറഞ്ഞു വരികയും ചെയ്തു. കൂടാതെ വ്യാവസായിക കാർഷിക മേഖലയിലെ കുമിഞ്ഞുകടിയ മിച്ചം പുതിയ കുത്തക വരേണ്യ വർഗ്ഗത്തിൻെറ ആവിർഭാവത്തിനും ഇടയാക്കി. അവരുടെ പുത്തൻ ആവശ്യങ്ങളുടെ സമ്മർദ്ദ ഫലമായുണ്ടായ നയപരമായ മാറ്റങ്ങൾ മുൻപുണ്ടായിരുന്ന ഇറക്കുമതി – കയറ്റുമതി നിയന്ത്രണങ്ങൾ ക്രമേണ ഇല്ലാതാവുന്നതിലേക്കും 1991 ലെ ഉദാര വൽക്കരണത്തിലേക്കുമാണ് അവസാനം എത്തിച്ചേർന്നത്. ചുരുക്കം ചില ചരക്കുകളൊഴിച്ച് ബാക്കിയെല്ലാം 'ഓപ്പൺ ജനറൽ ലൈസൻസ് '(O G L)-ൽ പ്പെടുത്തിയത് ആഭ്യന്തര വ്യവസായതെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. B H E L, F A CTകൊച്ചിൻ ഷിപ്പിയാർഡ്, H P C തുടങ്ങിയവ ഉദാഹരണങ്ങളാണ്. കേരളത്തിൻെറ വ്യാവസായിക വികസനത്തിന് അർഹമായ വിഹിതം ലഭിക്കാത്തത് നമ്മുടെ സംസ്ഥാനത്തെ ഒരു വ്യവസായിക പിന്നോക്ക സംസ്ഥാനമാക്കി. പഞ്ചവൽസരപദ്ധതികളുടെ അടങ്കൽ തുക ജനസംഖ്യാവിഹിതത്തിൽ നോക്കുമ്പോൾ അപര്യാപ്തമായിരുന്നു. കൂടാതെ സ്വകാര്യസംരംഭങ്ങളും സംസ്ഥാനത്തിൻെറ മറ്റു പല സവിശേഷതകളാൽ വേണ്ടത്ര വളർന്നു വന്നില്ല. ഇതിൻെറയെല്ലാം ഫലമായി ആധുനിക വ്യാവസായിക മേഖല വേണ്ടത്ര വികസിച്ചില്ല. കൂടാതെ പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിച്ച പലവിധ പ്രതിസന്ധികളും പിന്നോക്കവസ്ഥയ്ക്ക് കാരണമായി.

വ്യവസായിക പാരമ്പര്യം യാതൊന്നും അവകാശപ്പെടാനില്ലാത്ത ഒരു കാർഷിക ഗ്രാമമായിരുന്നു വെള്ളൂർ. 1970

കളിൽ HNL വന്നതോടെയാണ് ഈ സ്ഥിയ്ക്ക് മാറ്റം വന്നത്. ഇതോടെ വെള്ളൂർ ഇന്ത്യയുടെ തന്നെ വ്യാവസായിക ഭൂപടത്തിൽ ഇന്ന് സ്ഥാനം പിടിച്ചിരിക്കുകയാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കൈത്തറി, പായ്നെയ്ത്ത്കുട്ട, വട്ടി നെയ്ത്ത് തുടങ്ങിയവയിൽ വ്യാപൃതരായിരുന്ന ഒരു ചെറിയ ജനവിഭാഗം ഒഴിച്ച് പൂർണ്ണമായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഗ്രാമത്തിൻെറ കാർഷിക അടിത്തറ പൂർണ്ണമായും തകിടം മറിയുകയും ജനങ്ങൾ പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് ചേക്കേറുകയും ചെയ്തു. ലഭ്യമായിട്ടുളള കണക്കുകൾ പരിശോധിക്കുമ്പോൾ മുമ്പു സൂചിപ്പിച്ച പരമ്പരാഗത വ്യവസായങ്ങൾ പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു എന്ന് കാണാം. പഞ്ചായത്തിൽ വളരെ കുറച്ച് കുടുംബങ്ങൾ മാത്രമാണ് ഇന്ന് പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ച് കഴിയുന്നത്. കൈത്തറി, പായ്നെയ്ത്ത് തുടങ്ങിയവയെ പൂർണ്ണമായും ആശ്രയിക്കുന്ന കുടുംബങ്ങൾ ഇല്ല എന്നു തന്നെ പറയാം. എങ്കിലും ഏതാണ്ട് 200 ഓളം തൊഴിലാളികൾ ഭാഗികമായി ഈ തൊഴിലിൽ ഏർപ്പെടുന്നുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും തങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനസൗകര്യമില്ലായ്മയും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാമെങ്കിലും പുതിയ തലമുറ ഇത്തരം സംരഭങ്ങൾക്ക് താല്പര്യം കാണിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

പുതിയ വ്യവസായ സംരഭങ്ങളുടെ രംഗപ്രവേശം വെള്ളൂരിൻെറ വ്യവസായ മേഖലയെ പുഷ്ട്ടിപ്പെടുത്തി. ഇഷ്ടിക വ്യവസായവും മണൽ വ്യവസായവുമാണ് ഇതിൽ എടുത്ത പറയേണ്ടത്. 1995 – ൽ സ്ഥാപിതമായ കൊച്ചിൻ സിമൻറ്സ് ലിമിറ്റഡ് ആണ് ഈ രംഗത്തുണ്ടായ ഏറ്റവും പുതിയ സംരഭം. ഇന്ന് വെള്ളൂരിലെ വ്യവസായശാലകളുടെ പൊതുസ്ഥിതി പരിശോധിക്കുമ്പോൾ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായ സംരംഭം മാത്രമേ നിലവിലുള്ളൂ. അത് ഏഷ്യയിലെ ഏറ്റവും വലിയ പത്രകടലാസ് നിർമ്മാണ ശാലയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി ആണ്.

ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കാലാനുഗതമായി വർദ്ധിച്ചു നിർമ്മാണ മേഖലയിലും മണൽ വ്യവസായ രംഗത്തും ഇഷ്ടിക നിർമ്മാണ മേഖലയിലും ഈ വർദ്ധനവ് പ്രകടമായി കാണാം. വ്യവസായ തൊഴിൽ രംഗത്ത് സ്ത്രീകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ശ്രദ്ധേയമായ മറ്റൊരു കാര്യമാണ്. കാർഷിക രംഗത്ത് നിലവിലുള്ള കുറഞ്ഞ കൂലി നിരക്കും വ്യവസായ തൊഴിൽ മേഖലയിലെ താരതമ്യേന മെച്ചപ്പെട്ട വേതന ഘടനയുമാണ് ഈ പരിവർത്തനത്തിന് നിദാനമായി ചൂണ്ടിക്കാണിക്കാവുന്നത്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡ്

കാർഷിക അടിത്തറയിൽ വേരൂന്നിയിരുന്ന വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രൻറ് ഫാക്ടറിയുടെ വരവോടെ വ്യാവസായിക പ്രാധാന്യമുള്ള ഗ്രാമമായി. സമൃദ്ധമായ ജലസമ്പത്ത് റെയിൽവേ സൗകര്യം തുറമുഖവുമായുള്ള അടുപ്പം, എന്നീ ഘടകങ്ങളാണ് ഈ ഫാക്ടറി വെള്ളൂരിൽ സ്ഥാപിക്കുവാൻ കാരണമായത്. ഈ ഫാക്ടറിയിൽ ഇപ്പോൾ 1610 പേർക്ക് നേരിട്ടും 1500 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നു. പ്രതിവർഷം ശരാശരി 80,000 മെട്രിക് ടൺ പത്രകടല് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നു. ഇതിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം 91.88 കോടി രൂപ ലാഭവും ഈ കമ്പനിക്ക് ഉണ്ടായിട്ടുണ്ട്.

ഫാക്ടറിയുടെ പ്രവർത്തനത്തിനു വേണ്ട ഈറ്റ, മുള തുടങ്ങിയ അസംസ്കൃത വസ്തുക്കൾ കേരളത്തിലെ വനങ്ങളിൽ നിന്ന് സബ്സിഡി നരക്കിൽ കമ്പനിയ്ക്ക്

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി – ഉല്പാദനം സംബന്ധിച്ച വിവരം

| നമ്പർ | വർഷം | ഉല്പാദനം | ലാഭം |
|---|---|---|---|
| 1 | 87–88 | 81513 ടൺ | |
| 2 | 88–89 | 78660 " | |
| 3 | 89–90 | 86844 " | 22.6 കോടി |
| 4 | 90–91 | 90388 " | 34.03 കോടി |
| 5 | 91–92 | 90181 " | 38.06 കോടി |
| 6 | 92–93 | 97015 " | 38.84 കോടി |
| 7 | 93–94 | 98600 " | 34.75 കോടി |
| 8 | 94–95 | 1,05,369 " | 46.72 കോടി |
| 9 | 95–96 | 1,01,111 " | 91.88 കോടി |
| 10 | 96–97 | 52248 " | |

ലഭിക്കുന്നു. ഇറക്കുമതി ചെയ്യുന്ന പൾപ്പും പത്രകടലാസ് നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്.

ആരംഭകാലം മുതൽ തന്നെ മലിനീകരണപ്രശ്നത്തിനെതിരെ ജനങ്ങൾ നിരന്തരമായ പ്രചരണ സമര പരിപാടികൾ നടത്തിയതിൻെറ ഫലമായി മറ്റു ഫാക്ടറികളെ അപേക്ഷിച്ച് കൂടുതൽ മെച്ചമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ HNL ഏർപ്പെടുത്തി. എങ്കിലും ഇപ്പോഴും മൂവാറ്റുപുഴയാറും സമീപപ്രദേശത്തുള്ള പാടശേഖരവും മലിനമാക്കപ്പെടുന്നു. അന്തരീക്ഷ മലിനീകരണം ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള മലിനീകരണ നിയന്ത്രണസംവിധാനങ്ങൾ ഫലപ്രദമായി പ്രയോഗിക്കാത്തതിനാൽ പലപ്പോഴും മലിനീകരണം രൂക്ഷമായി നടക്കുന്നു.

ജനസാന്ദ്രത കൂടിയ കേരളത്തെപ്പോലുള്ള പ്രദേശത്ത് സ്ഥാപിക്കപ്പെടുന്ന ഇത്തരം വലിയ കമ്പനികൾ സമീപ പ്രദേശങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ കാര്യമായ സംഭാവന ചെയ്യേണ്ടതാണ്. എന്നാൽ HNL ൻെറ ഭാഗത്തു നിന്നും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. വളരെ ലാഭകരമായി പ്രവർത്തിച്ചും കൊണ്ടിരുന്ന ഈ ഫാക്ടറി, മാനേജ്മെൻറിൻെറ പിടിപ്പുകേടുമൂലവും പുത്തൻ സാമ്പത്തിക നയങ്ങൾ മൂലവും ഇന്ന് രൂക്ഷമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഫാക്ടറിക്ക് ഉണ്ടാകുന്ന ഏതു പ്രതിസന്ധിയും വെള്ളൂരിൻെറ സാമൂഹിക – സാമ്പത്തിക സ്ഥിതിയെ ദോഷമായി ബാധിക്കും.

സി. സി. എൽ (C.C.L) കൊച്ചിൻ സിമിൻറ്സ് ലിമിറ്റഡ്

HNL– ൻെറ അനുബന്ധ വ്യവസായമായി സ്വകാര്യ മേഖലയിൽ കല്ക്കരി ചാരവും ക്ളിംകറും അസംസ്കൃത വസ്തുക്കളുമായി സിമൻറ് നിർമ്മാണത്തിനായി ആരംഭിച്ച ഫാക്ടറിയാണ് കൊച്ചിൻ സിമൻറ്സ് ലിമിറ്റഡ്. ഇതിന് ആവശ്യമായ സ്ഥലസൗകര്യവും കല്ക്കരിചാരവും HNL – ആണ് നല്കുന്നത്. ക്ളിംകർ ലോറി മാർഗ്ഗം ആന്ധ്രാ പ്രദേശിലെ വാഡിയിൽ നിന്നും ജിപ്സം തൂത്തുക്കുടിയിൽ നിന്നു കൊണ്ടു വരുന്നു. ഇപ്പോൾ ഇതിൻെറ ഉല്പാദനം പ്രതിദിനം 300 മെട്രിക് ടൺ ആണ്. ഇത് 1200 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 1995 ഒക്ടോബർ 14–ാം തീയതി പ്രവർത്തനം ആരംഭിച്ച ഈ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ സ്വയം പ്രവർത്തനാത്മകമായ (Automation) യന്ത്രസംവിധാനങ്ങളാൽ സജ്ജമായതിനാൽ തൊഴിലാളികളുടെ ആവശ്യം വളരെക്കുറച്ചേ വരുന്നുള്ളൂ. ഇപ്പോൾ ഈ ഫാക്ടറിയിൽ 78 സ്ഥിരം തൊഴിലാളികളുണ്ട്. ഫാക്ടറിയുടെ വിപുലീകരണത്തോട് അനുബന്ധിച്ച് വെള്ളൂർ പ്രദേശത്തുള്ള കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുകയും അവർക്ക് മെച്ചപ്പെട്ട സേവന – വേതന നിരക്കുകളും സുരക്ഷാസംവിധാനങ്ങളും ഉറപ്പ് വരുത്തുകയും വേണം. ഇതോടൊപ്പം ജനസാന്ദ്രത കൂടിയ ഈ പ്രദേശത്ത് സിമൻറ് നിർമ്മാണം മൂലമുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.



കരി – ഇഷ്ടിക നിർമ്മാണം

ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ മറ്റൊരു അനുബന്ധ വ്യവസായമായി ആരംഭിച്ച ആഷ് ബ്രിക്ക് യൂണിറ്റും സ്വകാര്യ മേഖലയിലാണ്. 1991 – ൽ പ്രവർത്തനം ആരംഭിച്ച ഈ വ്യവസായ യൂണിറ്റിൽ 18 തൊഴിലാളികൾ പണിയെടുക്കുന്നു. HNL– ൽ നിന്നുള്ള കൽക്കരിച്ചാരം ആണ് പ്രധാന അസംസ്കൃത വസ്തു.

മണൽ വ്യവസായം

വെള്ളൂർ പഞ്ചായത്തിനെ ഏകദേശം രണ്ടു തുല്യ ഭാഗങ്ങളായി വിഭജിച്ചുകൊണ്ട് മൂവാറ്റുപുഴയാറ്ഒഴുകുന്നു. ഏകദേശം 8 കിലോമീറ്റർ ദൂരം പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഈ പുഴ, ജലസമൃദ്ധി, മത്സ്യ സമ്പത്ത്, മണൽ നിക്ഷേപം എന്നിവയാൽ സമ്പന്നമായിരുന്നു. ഒരു നൂറ്റാണ്ടിലേറെയായി ഈ പ്രദേശത്തെ ഒരു പ്രധാന ചെറുകിട വ്യവസായമായിരുന്നു മണൽ ഖനനം. ആദ്യകാലങ്ങളിൽ പ്രാദേശികാവശ്യങ്ങൾക്ക് മാത്രമായിട്ടാണ് മണൽ ശേഖരിച്ചിരുന്നത്. എന്നാൽ ഇന്നിത് ആയിരക്കണക്കിന് ആളുകൾ പണിയെടുക്കുന്ന ഒരു വിപുലമായ വ്യവസായമായി തീർന്നിരിക്കുന്നു. പഞ്ചായത്തിൻെറ വരുമാനത്തിൽ ഗണ്യമായ പങ്കു വഹിക്കുന്ന ഈ രംഗത്ത് ഇരുന്നൂറോളം മണൽ സൈറ്റുകളും 1500 ഓളം തൊഴിലാളികളും ഇപ്പോഴുണ്ട്. ഈ പുഴയിൽ നിന്ന് പ്രതിദിനം ശരാശരി 6000 ടൺ മണൽ ഖനനം ചെയ്യപ്പെടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഈ വ്യവസായത്തിൽ നിന്നും പഞ്ചായത്തിന് 1080340 രൂപ വരുമാനം ലഭിച്ചു. അനിയന്ത്രിതമായി തുടരുന്ന മണൽ ഖനനം പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾക്ക് ഭാവിയിൽ വഴി വെയ്ക്കും. അതുകൊണ്ട് ഈ രംഗത്ത് നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്.

ഇഷ്ടിക നിർമ്മാണ വ്യവസായം

കെട്ടിട നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്ന പരമ്പരാഗത ഇഷ്ടികയുടെ നിർമ്മാണം വെള്ളൂർ

പഞ്ചായത്തിലെ ഒരു പ്രധാന ചെറുകിട വ്യവസായമാണ്. ഇപ്പോൾ നിലവിലുള്ള 20 ഇഷ്ടികക്കളങ്ങളിലായി 300–ഓളം പേർ പ്രത്യക്ഷമായും 100 – ഓളം പേർ പരോക്ഷമായും തൊഴിൽ ചെയ്യുന്നു. ഇവരിൽ തമിഴ്നാട്ടുകാരായ തൊഴിലാളികളും ഉൾപ്പെടുന്നു. കൂലിയുടെ കാര്യത്തിൽ സ്ത്രീകൾ കടുത്ത വിവേചനം നേരിടുന്ന ഒരു രംഗമാണ് ഇത്. നെല്പാടങ്ങളിലെ മേൽമണ്ണാണ് ഇതിന് പ്രധാനമായും ഉപയോഗിക്കുന്നത്. ഇഷ്ടിക ചുട്ടെടുക്കുന്നതിനുള്ള ചൂളകളിലെ ഇന്ധനം. പ്രധാനമായും റബ്ബർ തടിയും, തെങ്ങിൻ തടിയും ആണ്. ഫലഭൂയിഷ്ടമായ മേൽമണ്ണ് നഷ്ടമാകുന്നതിനും ചൂളകളിൽ നിന്ന് വമിക്കുന്ന പുക ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു.

ഇഷ്ടികക്കളത്തിനായി ഉപയോഗിക്കുന്ന ഫലഭൂയിഷ്ടമായ കൃഷിഭൂമി പുനരുപയോഗിക്കാനാവാത്ത വിധം നഷ്ടപ്പെടുന്നു. കൂടാതെ സമീപ പ്രദേശങ്ങൾ കൂടി കൃഷിക്ക് അനുയോജ്യമല്ലാതായിത്തീരുന്നു. കൃഷിഭൂമി കാര്യമായി നഷ്ടപ്പെടാത്ത രീതിയിൽ ഈ രംഗത്ത് നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്ണ്.

വയർ കട്ട് ഇഷ്ടിക നിർമ്മിക്കുന്ന ഒരു ചെറുകിട വ്യവസായ ശാല 8–ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

വെട്ടിക്കാട്ടു മുക്ക് തടി ഡിപ്പോ

ഏകദേശം ഒരു നൂറ്റാണ്ട് പഴക്കമുള്ള സ്ഥാപനമാണ് വെട്ടിക്കാട്ടുമുക്ക് തടി ഡിപ്പോ. 10 ഏക്കർ സ്ഥലത്ത് പ്രവർത്തനമാരംഭിച്ച ഡിപ്പോയ്ക്ക് ഇപ്പോൾ 8 ¾ ഏക്കർ സ്ഥലം മാത്രമേയുള്ളൂ. കൂപ്പിൽ നിന്നും സുലഭമായി ലഭിച്ചിരുന്ന തടി മൂവാറ്റുപുഴയാറ്റിൽ കൂടി ഡിപ്പോയിൽ എത്തിക്കുവാൻ എളുപ്പമായിരിന്നു. ആവശ്യക്കാർക്ക് തടി ഇവിടെനിന്നും ലേലം ചെയ്ത് കൊടുത്തിരിക്കുന്നു. ഒരു കാലത്ത് ഏറ്റവും നന്നായി പ്രവർത്തിച്ചിരുന്ന ഡിപ്പോയായിരുന്നു ഇത്. എന്നാൽ ഇന്ന് തടി ലഭിക്കാത്തതിനാൽ ഈ സ്ഥാപനം പ്രവർത്തന രഹിതമാണ്. ഒരു ഡിപ്പോ ഓഫീസർ, 2, വാച്ചർമാർ ഒരു പ്യൂൺ എന്നീ ഉദ്യോഗസ്ഥൻമാർ വെറുതെ കിടക്കുന്ന ഈ സ്ഥലം നോക്കി നടത്തുന്നതിനു മാത്രമായി നിയമിതരായിട്ടുണ്ട്.

മുമ്പ് ലഭിച്ചിരുന്നതുപോലെ ഇനിയും തടി ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാൽ ഡിപ്പോയുടെ പ്രവർത്തനം മുൻകാലങ്ങളിലേതു പോലെ മുമ്പോട്ടു കൊണ്ടുപോകാൻ സാധ്യത ഇല്ല. ഈ സൗകര്യങ്ങൾ ഉപയോഗിച്ച് മറ്റേതെങ്കിലും സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്, പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഇത്. എന്നാൽ ഇവിടുത്തെ മനോഹരമായ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ നോക്കേണ്ടതാണ്.

1. ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.
2. പല സ്ഥലങ്ങളിലും 3 phase line ഇല്ല
3. അഭ്യസ്ത വിദ്യരും സാങ്കേതിക പരിജ്ഞാനമുള്ളവരും ധാരാളമുണ്ടെങ്കിലും പ്രായോഗിക പരിജ്ഞാനത്തിന്റെ അഭാവം മൂലം പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ആത്മവിശ്വാസം ഇല്ല.
4. HNL– നോട് അനുബന്ധിച്ച് നിരവധി ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതകൾ ഉണ്ടെങ്കിലും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
5. പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ വർഷങ്ങളായി നിലനിന്നിരുന്ന കുമ്മായ ചൂളകൾ, കൊപ്രാക്കളങ്ങൾ, ചെറുകിട കയർ വ്യവസായം, തുണി നെയ്ത്ത് മുതലായവ കാർഷിക മേഖലയുടെ മുരടിപ്പ്, വൻ വ്യവസായങ്ങളുടെ വരവ്, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ നാമ മാത്രമായി.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും 3 phase ലൈനുകൾ സ്ഥാപിക്കുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യണം.
2. പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം – പായ് നിർമ്മാണത്തിനാവശ്യമായ കൈത പറമ്പുകളുടെ അതിർത്തിവേലികളായും പുഴയുടെ തീരങ്ങളിലും നട്ടുപിടിപ്പിക്കണം.
3. പരമ്പരാഗത വ്യവസായങ്ങൾ സഹകരണ മേഖലയിൽ പുന:സംഘടിപ്പിക്കണം.
4. സഹകരണ മേഖലയിൽ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക – കൊപ്രാ, വെളിച്ചെണ്ണ, പിണ്ണാക്ക്, കയർ, ചിരട്ടകൊണ്ടുള്ള ഉല്പ്പന്നങ്ങൾ, നാളികേര ക്രീം മുതലായവ.
5. വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുന്നതിന് ഒരു കേന്ദ്രം ആരംഭിക്കുക.

പരിശീലനം ലഭിച്ചവർക്ക് തുടങ്ങാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ.

1. മെഴുകുതിരി നിർമ്മാണം.
2. Hollow Bricks - Cement Bricks
3. സോഡാ
4. സിമൻറ്, കട്ടിള, ജനൽ നിർമ്മാണം
5. ചന്ദനത്തിരി
6. ബുക്ക് നിർമ്മാണം
7. സ്ക്വാഷ്, ജാം, അച്ചാർ, വൈൻ, കറിപ്പൊടി നിർമ്മാണം.
8. പപ്പടം
9. ക്ഷീര വ്യവസായം
10. എംജിനീയറിംഗ് യൂണിറ്റുകൾ
11. റബ്ബർ ഉൽപ്പന്നങ്ങൾ– റബ്ബർ ബാൻഡ്. ബലൂൺ, ഗ്ളൗസ്, ചെരുപ്പ് മുതലായവ.
12. സോപ്പ് നിർമ്മാണം.

13. വനിതകളുടെ നേതൃത്വത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

14. HNL- ലെ കൽക്കരിച്ചാരം ഉപയോഗിച്ച് ഇനിയും ഇഷ്ടിക യൂണിറ്റിന് സാധ്യതയുണ്ട്.

15. HNL- ലെ ഈറ്റ, യൂക്കാലി തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി plywood ഫാക്ടറി ആരംഭിക്കണം.

16. HNL- ലെ വേസ്റ്റ് പൾപ്പ് ഉപയോഗിച്ച് ഹാർഡ് ബോർഡ് നിർമ്മാണം.

6. പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണം.

7. വനിതകളുടെ നേതൃത്വത്തിൽ നടത്തുന്ന വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകണം.

8. പ്രവർത്തന രഹിതമായി കിടക്കുന്ന വെട്ടിക്കാട്ട് മുക്ക് തടി ഡിപ്പോ അനുയോജ്യമായ രീതിയിൽ ഉപയോഗപ്രദമാക്കണം.

9. സാങ്കേതിക വിദഗ്ധർ ധാരാളമുള്ളതുകൊണ്ട് പി. വി. സി പൈപ്പ്, ഇലക്ട്രോണിക്ക് സോഫ്റ്റ്‌വയർ വ്യവസായങ്ങൾ തുടങ്ങണം.

10. പായനെയ്ത്ത്, കുട്ട നെയ്ത്ത് കയർപിരി ഇവ സഹകരണ മേഖലയിൽ ആരംഭിക്കണം.

11. വെട്ടിക്കാട്ടു മുക്ക് തടി ഡിപ്പോ പുനരുജ്ജീവിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തണം.

13. 3–ാം വാർഡിലെ കയർസൊസൈറ്റിയുടേയും കൈത്തറി വ്യവസായ യൂണിറ്റിൻെറയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

14. 5–ാം വാർഡിൽ വനിതാവ്യവസായ സഹകരണ സംഘം രൂപീകരിച്ച് തയ്യൽ, കരകൗശല നിർമ്മാണ് മറ്റ് ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവ പരിശീലനം നൽകണം.

15. 6–ാം വാർഡിൽ പട്ടുനൂൽ വ്യവസായം ആരംഭിക്കണം.

16. ചെറുകിട വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുക.

17. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുഖ്യ തടസ്സമായി നിൽക്കുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുക.

18. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച നിരവധി യുവതീ യുവാക്കളുണ്ടെങ്കിലും അവർക്ക് തൊഴിൽ ലഭിക്കുന്നതിനോ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനൊ കഴിയാത്ത സാഹചര്യമാണുള്ളത്. തൊഴിൽ പരിശീലനത്തന്േറയും, സാമ്പത്തിക സാങ്കേതിക സഹായത്തിൻേറയും അഭാവമാണ് ഇതിൽ പ്രധാനം. പഞ്ചായത്തു തലത്തിൽ സാങ്കേതിക വൈദഗ്ധ്യം ലഭിച്ചിട്ടുളളവരുടെ ഒരു പൂൾ സംഘം ഉണ്ടാക്കുകയും ഇവർക്ക് തൊഴിൽ കണ്ടെത്തുകയും വേണം.

| | ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിവരം | |
|---|---|---|
| ക്രമനമ്പർ | സ്ഥാപനം | എണ്ണം |
| 1. | റൈസ് മിൽ | 8 |
| 2. | ഫ്ളോർ മിൽ | 5 |
| 3. | അറക്ക മിൽ | 3 |
| 4. | ഇഷ്ടിക യൂണിറ്റ് | 20 |
| 5. | ട്യൂബ് വൾക്കനൈസിംഗ് | 1 |
| 6. | സോപ്പ് നിർമ്മാണം | 1 |
| 7. | കറി പൗഡർ നിർമ്മാണ യൂണിറ്റ് | 1 |
| 8. | റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റ് | 2 |
| 9. | എഞ്ചിനീയറിംഗ് യൂണിറ്റ് | 2 |
| 10. | സോഡാ നിർമ്മാണ യൂണിറ്റ് | 3 |
| 11. | കരകൗശല നിർമ്മാണ യൂണിറ്റ് | 2 |
| 12. | ഇഷ്ടിക (വയർകട്ട്) | 2 |
| 13. | ഇഷ്ടിക (ഫ്ലൈ ആഷ്) | 1 |
| 14. | കൈത്തറി വ്യവസായം | 1 |
| 15. | ഓട്ടോ മോബൈൽ വർക്ക്ഷോപ്പ് | 3 |
| 16. | ഫൈബർഗ്ലാസ് & പ്ളാസ്റ്റിക്ക് നിർമ്മാണ യൂണിറ്റ് | 1 |

അവലംബം – ഗ്രാമസഭ റിപ്പോർട്ട്





# ഗതാഗതം

# ഊർജ്ജം

# മാർക്കറ്റ്

# ഗതാഗതം



മൂവാറ്റുപുഴയാറിനാൽ രണ്ടായി വിഭജിച്ചു കിടക്കുന്ന വെള്ളൂർ പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗം പഴയ കൊച്ചി തിരുവിതാംകൂർ നാട്ടുരാജ്യങ്ങളുടെ അതിർത്തിയായിരുന്നു. അതിർത്തി പ്രദേശത്തെ കോട്ടയും അതിനോടനുബന്ധപ്പെട്ടു കിടന്നിരുന്ന വനപ്രദേശവും പൂർണ്ണമായും തിരുവിതാംകൂർ പ്രദേശത്തു കിടക്കുന്ന വെള്ളൂരിൽ നിന്നും കൊച്ചി പ്രദേശത്തേയ്ക്കുള്ള യാത്രാ സൗകര്യം പരിമിതപ്പെടുത്തിയിരുന്നു. അതിർത്തിയിൽ പുലിമുഖം, ചെറുകര, തിരുമറയൂർ എന്നീ സ്ഥലങ്ങളിലെ ചെക്ക്പോസ്റ്റുകളിലൂടെയായിരുന്നു കൊച്ചി രാജ്യത്തേയ്ക്ക് ജനങ്ങൾ പോയിരുന്നത്. പല ഉല്പന്നങ്ങളും അതിർത്തി കടത്തുന്നതിന് നിയന്ത്രണമുണ്ടായിരുന്നു. അതിനാൽ പുകയില, അരി മുതലായ പല സാധനങ്ങളും ഈ പ്രദേശത്തുകൂടി ഒളിച്ചു കടത്തിയിരുന്നു.

സ്വാതന്ത്ര്യാനന്തരം നിർമ്മിക്കപ്പെട്ട വെട്ടിക്കാട്ടുമുക്കിൽ നിന്നും എറണാകുളം ഭാഗത്തേക്കുള്ള റോഡാണ് പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തെ പ്രധാന റോഡ്.

മൂവാറ്റുപുഴയാറിൻെറ കിഴക്കുഭാഗത്തെ തലയോലപ്പറമ്പ് –മുളക്കുളം റോഡാണ് പഞ്ചായത്തിലെ മറ്റൊരു പ്രധാന റോഡ്. ആദ്യകാലത്ത് ഇന്നു കാണുന്നതിൽ നിന്നും വ്യത്യസ്തമായി ഈ റോഡ് പുഴയുടെ തീരത്തുകൂടിയുള്ള ഒരു നടപ്പാതയായിരിന്നു. വെള്ളപ്പൊക്കക്കാലത്ത് ഇത് പല സ്ഥലങ്ങളിലും വെള്ളത്തിന് അടിയിലാകുന്നത് യാത്രാ തടസ്സം സൃഷ്ടിച്ചുവന്നു. റോഡുകൾ വികസിക്കുന്നതിനു മുൻപ് ചരക്കുകൾ കടത്തിയിരുന്നത് ജലമാർഗ്ഗമായിരുന്നു. പുഴയിലൂടെ കോട്ടയം, വൈക്കം പ്രദേശങ്ങളിലേക്ക് ചരക്കുകൾ മാത്രമല്ല ആളുകളും സഞ്ചരിച്ചിരുന്നു. അടുത്തകാലം വരെ തലയോലപ്പറമ്പ് ചന്തയിൽ നിന്ന് ജലമാർഗ്ഗമായിരുന്നു പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ ചരക്കുകൾ എത്തിയിരുന്നത്. ഇന്നും ഇവിടെ നിന്നും തേങ്ങ, വൈക്കോൽ, മണൽ മുതലായവ വൈക്കം,ചേർത്തല ഭാഗങ്ങളിലേക്ക് വഞ്ചി മാർഗ്ഗം കൊണ്ടു പോകുന്നുണ്ട്.

ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന എറണാകുളം–തിരുവനന്തപുരം റെയിൽവേ ലൈനിൻെറ വരവും ഇതിനുവേണ്ടി മൂവാറ്റുപുഴയാറിന് കുറുകെ നിർമ്മിച്ച റയിൽപ്പാലവും ഈ പ്രദേശത്തിൻെറ വികസനത്തിൻെറ ഒരു നാഴികക്കല്ലാണ്. റോഡുകൾ വികസിക്കുന്നതിനു മുമ്പ് അക്കാലത്ത് വെള്ളൂർ അധികം അറിയപ്പെടാതിരുന്നതിനാൽ ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്ന റെയിൽവേ സ്റ്റേഷനെ സമീപ പ്രദേശത്തെ പ്രധാന വ്യാപാരകേന്ദ്രമായിരുന്ന പിറവവുമായി ബന്ധപ്പെടുത്തി 'പിറവം റോഡ്' എന്നാണ് പേരിട്ടിട്ടുള്ളത്. എന്നാൽ എച്ച്. എൻ.എൽ ൻെറ വരവോടെ വെള്ളൂർ അറിയപ്പെടുന്ന സ്ഥലമായി മാറിയതിനാൽ ഈ റെയിൽവേ സ്റ്റേഷൻെറ പേര് വെള്ളൂർ റെയിൽവേ സ്റ്റേഷൻ എന്നാക്കി മാറ്റേണ്ടതാണ്.

1971ൽ വെട്ടിക്കാട്ടുമുക്കു പാലം നിലവിൽ വന്നതോടുകൂടി ഗതാഗത സൗകര്യത്തിൻെറ കാര്യത്തിൽ വലിയൊരു വഴിത്തിരിവുണ്ടായി. ഈ റോഡിൽ കൂടി ബസ്സ് സർവീസ് ധാരാളമായതോടെ എറണാകുളം, വൈയ്ക്കം, കടുത്തുരുത്തി, കോട്ടയം മുതലായ സ്ഥലങ്ങളിലേക്കുള്ള യാത്ര സുഗമമായി. കോളോത്തു പാലത്തിൻെറ വരവോടെയാണ് വെട്ടിക്കാട്ടുമുക്ക് മുളക്കുളം റോഡ് ഒരു പ്രധാന യാത്രാ മാർഗ്ഗമായത്.

ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ വരവ് സമഗ്രമായ വികസനത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഫാക്ടറിയുടെ ആവശ്യത്തിലേയ്ക്കായി വെള്ളൂർ–മൂർക്കാട്ടുപടി റോഡ്, തലയോലപ്പറമ്പ് പെരുവ റോഡ്, തലപ്പാറ–എറണാകുളം റോഡ് എന്നിവ വീതി കൂട്ടി വികസിപ്പിക്കുകയുണ്ടായി. ഇത് വെള്ളൂരിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. HNL ൻെറ പരിധിയിൽ വരുന്ന 6 കിലോമീറ്റർ റോഡിൻെറ നിയന്ത്രണവും അറ്റകുറ്റപ്പണികളും നടത്തുന്നത് കമ്പനിയാണ്. ഇത് പഞ്ചായത്തിലെ മൊത്തം ടാർ റോഡിൻെറ 23 ശതമാനം വരും.

പഞ്ചായത്തിൽ മൊത്തം 26 കി.മീ. ടാർ ചെയ്ത റോഡുണ്ട്. മെറ്റൽ റോഡിൻെറ നീളം 1 1/2 കി.മീ. ആണ്. 57 കി.മീ. റോഡ് പൂഴി റോഡാണ്. ഇതിൽ 11.5 കി.മീ. പി.ഡബ്ള്യൂ.ഡി റോഡാണ്.

പട്ടിക – 1

റോഡുകളെ സംബന്ധിച്ച വിവരം

| റോഡിൻെറ സ്വഭാവം | പഞ്ചായത്ത് | PWD | NH | മറ്റുള്ളവ |
|---|---|---|---|---|
| ടാർ ചെയ്തത് | 14.5 കി.മീ. | 11.5 കി.മീ. | ഇല്ല | - |
| മെറ്റൽഡ് | 105 കി.മീ. | - | - | - |
| മൺറോഡ് | 57 കി.മീ. | - | - | 14 കി.മീ. |

അവലംബം: ഗ്രാമപഞ്ചായത്ത് രേഖ

ധാരാളം റോഡുകൾ ഉണ്ടാകുന്നതാണ് വികസനം എന്ന മിഥ്യാധാരണ നിമിത്തം പഞ്ചായത്ത് ഫണ്ടിൻെറ നല്ലൊരു ശതമാനവും റോഡുകളുടെ വികസനത്തിനാണ് വിനിയോഗിച്ചിട്ടുള്ളത്.

എന്നാൽ ഇന്നും നിലവിലുള്ള റോഡുകൾ നല്ല നിലയിലല്ല എന്നു മാത്രമല്ല ഗതാഗതസൗകര്യം പല സ്ഥലത്തേക്കും വേണ്ടത്രയുണ്ടായിട്ടുമില്ല. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ വേണ്ടത്രയില്ല എന്നും കാണാം.

1,2,3 വാർഡുകളുടെ വികസനത്തിന് ഏറെ സഹായിക്കുന്ന വടകര–തട്ടാവേലി റോഡ് ഇന്ന് മെറ്റൽ പൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതായി കിടക്കുകയാണ്. ഇത് അടിയന്തരമായി നന്നാക്കേണ്ടതുണ്ട്. വർഷങ്ങളായി പണിതീരാതെ കിടക്കുന്ന ശവക്കോട്ടപ്പാലം തട്ടാവേലിയെ തലയോലപ്പറമ്പ്–എറണാകുളം റോഡുമായി ബന്ധിപ്പിക്കുന്ന മാർഗ്ഗത്തിന് തടസ്സമാണ്. ഇതുപോലെ തന്നെ 4, 5 വാർഡുകളുടെ വികസനത്തിന് ഏറെ സഹായിക്കുന്ന പുലിമുഖം പാലത്തിൻെറ നിർമ്മാണം ഉടൻ തുടങ്ങണം. 5–ാം വാർഡിലെ റോഡു ഗതാഗതത്തിൽ ഏറെ ബുദ്ധിമുട്ടുണ്ടാകുന്നത് വാർഡിൻെറ മദ്ധ്യത്തിൽ കൂടി കടന്നു പോകുന്ന റെയിൽവേ ലൈനാണ്. ഇതിന്നു മുകളിലൂടെ ഒരു ഓവർബ്രിഡ്ജ് സ്രാങ്കുഴി ഭാഗത്ത് നിർമ്മിക്കുന്നതും അതുമായി ബന്ധപ്പെട്ട റോഡുകൾ വികസിപ്പിക്കുന്നതും ഈ ഭാഗത്തെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കും. തോന്നല്ലൂർ ഭാഗത്ത് റയിൽവേ ലൈനിനടിയിൽ കൂടിയുള്ള വഴി വാഹന ഗതാഗതത്തിന് ഉതകുന്ന രീതിയിലാക്കേണ്ടതുണ്ട്. അഞ്ചാം വാർഡിലെ ചെറുകര, തോന്നല്ലൂർ പ്രദേശങ്ങൾക്ക് പഞ്ചായത്തിൻെറ ഇതരഭാഗങ്ങളുമായി നേരിട്ട് ഗതാഗത ബന്ധമില്ല. പുലിമുഖം പാലവും റയിൽവേ ഓവർബ്രിഡ്ജും വരുന്നതോടെ ഇതിനു പരിഹാരമാകും.

വല്ലേപ്പടി എച്ച്.എൻ.എൽ. റോഡ് വീതികൂടി ടാർ ചെയ്യുന്നത് വെള്ളൂരിൻെറ വികസനത്തിൻെറ പ്രധാന പങ്കുവഹിക്കും. പഞ്ചായത്തിലെ പിന്നോക്ക പ്രദേശമായ ഇറുമ്പയത്തെ പ്രധാന യാത്രാ മാർഗ്ഗമാണ് വെള്ളൂരിൽ നിന്ന് ഇറുമ്പയം വഴി പൊതിയിലേയ്ക്കുള്ള റോഡ്. ഈ റോഡിൻെറ ശോച്യാവസ്ഥ മൂലം ഇതിലൂടെ സർവ്വീസ് നടത്തിയിരുന്ന ഒരു ബസ്സ് സർവ്വീസ് അവസാനിപ്പിക്കുകയുണ്ടായി. ഇത് വീതികൂട്ടി ടാർ ചെയ്യേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട റോഡാണ് തണ്ണിപ്പള്ളി–വെട്ടിക്കാട്ടുമുക്ക് റോഡ്.

വെള്ളൂർ ജംഗ്ഷനിൽ ലവൽക്രോസ് അടച്ചിടുമ്പോൾ അത്യാവശ്യമായി ചെറുവാഹനങ്ങൾക്ക് കടന്നു പോകുന്നതിനായി റയിൽവേപ്പാലത്തിനടിയിലൂടെ ഒരു വഴിയുണ്ടാകുന്നതും പ്രയോജനകരമാണ്.

## കടത്തുകൾ

പഞ്ചായത്തിൻെറ ഇരുഭാഗങ്ങളേയും ബന്ധിപ്പിക്കുന്ന 7 കടത്തുകൾ ഉണ്ട് – വടകര, വരിയ്ക്കാംകുന്ന്, ചെറുകര, തൊട്ടൂർ, മൂഴിക്കടത്ത്, ചുങ്കം, വൈപ്പേക്കടത്ത്. ഇതിൽ

പട്ടിക –2

കടത്തുകളെ സംബന്ധിച്ച വിവരം

| നമ്പർ | കടത്തിൻെറ പേര് | വരുമാനം | മറ്റു വിവരങ്ങൾ |
|---|---|---|---|
| 1 | ചെറുകര | PWD | PWD വക |
| 2 | തൊട്ടൂർ | ഇല്ല | പാർട്ടൈം |
| 3 | പുളിമാടത്ത് | ഇല്ല | |
| 4 | മൗക്കകടവ് | ഇല്ല | |
| 5 | പാറയ്ക്കൽ | ഇല്ല | |
| 6 | തൈക്കാവ്–ചുങ്കം | ഇല്ല | ക്വട്ടേഷൻ |
| 7 | പൈപ്പേൽ കടവ് | ഇല്ല | ക്വട്ടേഷൻ |

*അവലംബം: ഗ്രാമപഞ്ചായത്ത് രേഖ*



DCL

ചെറുകരയിലുള്ളത് PWD കടത്തും ബാക്കിയുള്ളത് പഞ്ചായത്ത് കടത്തുകളും ആണ്. പല കടത്തുകളിലും കടത്തുകാരൻ എല്ലായ്പ്പോഴും ഉണ്ടാകാറില്ല. മാത്രമല്ല സമയകൃത്യത പാലിക്കാറുമില്ല. എല്ലാ കടത്തുകളുടേയും സമയം രാവിലെ 6 മുതൽ വൈകിട്ട് 8 മണിവരെയാക്കണം. പഞ്ചായത്തു കടത്തുകാരുടെ സേവന വേതന വ്യവസ്ഥകൾ പി. ഡബ്ളൂ. ഡി കടത്തുകാരുടേതിന് തുല്യമാക്കുകയും വേണം.

റയിൽവേ

എറണാകുളം – തിരുവനന്തപുരം റെയിൽവേ ലൈൻ ഏകദേശം 5 കിലോ മീറ്ററോളം ദൂരം ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. 1957–ൽ ആണ് തീവണ്ടി ഓടി തുടങ്ങിയത്. എച്ച്.എൻ.എൽ ൻെറ വരവോടെ വെള്ളൂരിലുള്ള റയിൽവേ സ്റ്റേഷൻെറ (പിറവം റോഡ് റയിൽവെ സ്റ്റേഷൻ) പ്രാധാന്യം വളരെ വർദ്ധിച്ചു. ഫാക്ടറിക്കു വേണ്ട കല്ക്കരിയും മറ്റും കൊണ്ടുവരുന്നതിനായി പ്രത്യേക ലൈൻ നിർമ്മിച്ചിട്ടുണ്ട്. ഇന്ന് കോട്ടയത്തിനും എറണാകുളത്തിനും ഇടയ്ക്കുള്ള ഏറ്റവും പ്രധാന സ്റ്റേഷനാണ് ഇത്. ഇതിലൂടെ കടന്നു പോകുന്ന എല്ലാ ഓർഡിനറി ട്രെയിനുകളും വേണാട്, കണ്ണൂർ, പരശുറാം, ഐലൻറ്, മലബാർ എന്നീ എക്സ്പ്രസ് ട്രെയിനുകളും ഇവിടെ നിറുത്തുന്നുണ്ട്. വഞ്ചിനാട് എക്സ്പ്രസ്, തിരുവനന്തപുരം –ചെന്നൈ മെയിൽ എന്നീ വണ്ടികൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടെന്ന് വെള്ളൂർ ഫുട്പാത്ത് ഉത്ഘാടന വേളയിൽ സതേൺ റയിൽവേ ജനറൽ മാനേജർ വെള്ളൂരിൽ പ്രസ്താവിച്ചെങ്കിലും ഇതുവരെയും വണ്ടികൾ നിറുത്തി തുടങ്ങിയിട്ടില്ല. ഇതിനുവേണ്ടി നിരവധി സമരങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. 30 കോടി രൂപ പ്രതിവർഷം യാത്രാക്കൂലി ഇനത്തിലും ചരക്കുകൂലി ഇനത്തിലും വരുമാനമുള്ള സ്റ്റേഷനാണ് ഇത്.

തോന്നല്ലൂർ, കൈപ്പട്ടൂർ, വരിയ്ക്കാംകുന്ന്, ചെറുകര മുതലായ ഭാഗങ്ങളിൽ നിന്നും വെള്ളൂരിലേക്ക് വരുന്നതിന് ആളുകൾ ആശ്രയിച്ചിരുന്നത് റയിൽവേ പാലത്തെയാണ്. കാൽനട യാത്രക്കാർക്ക് നിർഭയമായി സഞ്ചരിക്കുന്നതിനു വേണ്ട സൗകര്യം ഈ പാലത്തിൽ ഉണ്ടായിരുന്നില്ല. തീവണ്ടി തട്ടിയും അല്ലാതെയും ഈ പാലത്തിൽ ധാരാളം അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 1980–ൽ വെള്ളൂരിൽ ഓണത്തോടനുബന്ധിച്ചു നടന്ന വള്ളംകളി കണ്ടു മടങ്ങിയ 15–ഓളം ആളുകൾ വേണാട് എക്സ്പ്രസ് തട്ടി മരണമടഞ്ഞു. ഇതോടെ റയിൽവേപ്പാലത്തോടനുബന്ധിച്ച് ഒരു നടപ്പാത വേണമെന്ന ആവശ്യം ശക്തിപ്പെട്ടു. ഇതിനുവേണ്ടി എച്ച്.എൻ.എൽ 16 ലക്ഷം രൂപയും പഞ്ചായത്ത് 5 ലക്ഷം

റയിൽവേ യാത്രക്കാരെയും വരുമാനത്തെയും സംബന്ധിച്ച വിവരം

| വർഷം | വരുമാനം സംബന്ധിച്ച വിവരം വാർഷികം | | | യാത്രക്കാരെ സംബന്ധിച്ച വിവരം ദിവസഗതി | |
|---|---|---|---|---|---|
| | യാത്രക്കാരിൽ നിന്ന് | ചരക്കിൽ നിന്ന് | ആകെ | ആകെ യാത്രക്കാർ | ഇതിൽ സ്ഥിരം യാത്രക്കാർ |
| 90–91 | 42 ലക്ഷം | 260 ലക്ഷം | 362 ലക്ഷം | 300 | 50 |
| 91–92 | 57 ലക്ഷം | 310 ലക്ഷം | 367 ലക്ഷം | 315 | 60 |
| 92–93 | 57.6 ലക്ഷം | 230 ലക്ഷം | 287.6 ലക്ഷം | 315 | 60 |
| 93–94 | 57.6 ലക്ഷം | 180 ലക്ഷം | 237.6 ലക്ഷം | 320 | 65 |
| 94–95 | 49.2 ലക്ഷം | 294 ലക്ഷം | 343.2 ലക്ഷം | 330 | 70 |
| 95–96 | 62.4 ലക്ഷം | 162.2 ലക്ഷം | 224.6 ലക്ഷം | 350 | 80 |
| *അവലംബം: റയിൽവേ സ്റ്റേഷൻ രേഖ* | | | | | |

പട്ടിക –4

പിറവം റോഡ് റെയിൽവേ സ്റ്റഷനിൽ നിന്നുമുള്ള റിസർവേഷൻ സൗകര്യങ്ങൾ

| ട്രെയിൻ നമ്പർ | സ്ഥലം | ബർത്തുകളുടെ എണ്ണം |
|---|---|---|
| 2625 | ന്യൂഡെൽഹി | 4 |
| 1082 | മുംബൈ | 2 |
| 6525 | ബാംഗ്ലൂർ | 2 |
| 6329 | മംഗലാപുരം | 2 |
| 6320 | മദ്രാസ് | 2 |
| *അവലംബം: റെയിൽവേ സ്റ്റേഷൻ രേഖ.* | | |

രൂപയും റയിൽവേയിലേക്ക് കെട്ടി വെച്ചുവെങ്കിലും നിരവധി വർഷങ്ങൾ അധികാരികളുടെ അനാസ്ഥ മൂലം ജനങ്ങളുടെ ഈ ന്യായമായ ആവശ്യം അവഗണിക്കപ്പെട്ടു കിടന്നു. പിന്നീടുണ്ടായ ശക്തമായ സമരപരിപാടികളുടെ ഫലമായാണ് ഇന്നു കാണുന്ന നടപ്പാത പണികഴിപ്പിക്കപ്പെട്ടത്. 35 ലക്ഷം രൂപ ഇതിനുവേണ്ടി റെയിൽവേ കൈപ്പറ്റിയതിനു ശേഷം നിർമ്മിച്ച ഇന്നത്തെ നടപ്പാത റയിൽവേയുടെ ദീർഘവീക്ഷണമില്ലായ്മയുടേയും, നിരുത്തരവാദത്തിൻേറയും തെളിവാണ്. അപര്യാപ്തമായ മേൽക്കൂര മൂലം ട്രയിനിൽ നിന്ന് വെള്ളവും വിസർജ്യങ്ങളും കാൽനടക്കാരുടെ മേൽ വീഴുന്ന അവസ്ഥയാണ് ഇന്നുള്ളത്. നടപ്പാതയിൽ ഇട്ടിരിക്കുന്ന കോൺക്രീറ്റ് സ്ലാബുകൾ ഉറപ്പിച്ചിട്ടില്ല. അവ പൊട്ടിത്തുടങ്ങിയിരിക്കുന്നു. ലക്ഷക്കണക്കിനു രൂപ ബാക്കിയുണ്ടായിട്ടും അതിൻെറ പണി പൂർത്തീകരിക്കാൻ റെയിൽവേ തയ്യാറായിട്ടില്ല. നടപ്പാതക്കുള്ളിൽ വിളക്കുകൾ സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്.

പിറവം, പെരുവ, തലയോലപ്പറമ്പ്, കോട്ടയം, എറണാകുളം, മൂവാറ്റുപുഴ, വൈക്കം, തൊടുപുഴ, പാല, കോതമംഗലം തുടങ്ങിയ ഭാഗങ്ങളിലേയ്ക്കു പോകുന്ന 25-ഓളം ബസ്സുകൾ വെള്ളൂരിൽ വന്നു പോകുന്നുണ്ട്. ഈ ബസ്സുകൾക്ക് വെള്ളൂർ കവലയിൽ പാർക്കു ചെയ്യുന്നതിനോ, തിരിക്കുന്നതിനോ മതിയായ സ്ഥലമില്ല. മാത്രമല്ല, യാത്രക്കാർക്ക് ബസ്സ് കാത്തു നിൽക്കുന്നതിനു വേണ്ട ഇടമോ, മൂത്രപ്പുര, കക്കൂസ് മുതലായവയോ ഇല്ല. വെള്ളൂർ ജംഗ്ഷനിലെ ഭൂരിഭാഗം പ്രദേശവും റയിൽവേയുടെതായതാണ് ഈ ബുദ്ധിമുട്ടുകൾക്ക് കാരണം. സമീപ പഞ്ചായത്തായ ഇടക്കാട്ടുവയൽ പഞ്ചായത്തിൽ മൂലേമ്യാൽ ചന്ത നടത്തുന്നതിലേക്കായി റയിൽവേയിൽ നിന്നും സ്ഥലം ലഭ്യമാക്കിയിട്ടുള്ളതുപോലെ റയിൽവേ അധികാരികളുടെ അനുവാദം വാങ്ങി യാത്രക്കാർക്കു വേണ്ട സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ബസ് സ്റ്റാൻഡിനു വേണ്ടി വാങ്ങിയ സ്ഥലത്ത് ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനും യാത്രക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ധാരാളം തീവണ്ടി യാത്രക്കാരും മറ്റും വന്നു പോകുന്ന ഈ പ്രദേശത്തേയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി ബസ് പോലും ഇല്ല. കോട്ടയം, എറണാകുളം, വൈയ്ക്കം മുതലായ പ്രദേശങ്ങളിൽ നിന്ന് വെള്ളൂരിലേയ്ക്കു കെ.എസ്.ആർ.ടി.സി ബസുകൾ ആരംഭിക്കുന്നതിനു വേണ്ട നടപടിയെടുക്കണം.

ചെറുകരയിൽ എം.എൽ.എ റോഡ് വന്നു നിൽക്കുന്ന ഭാഗത്ത് വെള്ളൂരുമായി ബന്ധിപ്പിക്കുന്ന ഒരു ജങ്കാർ സർവ്വീസ് തുടങ്ങേണ്ടതാണ്.

അതുപോലെ ആട്ടോറിക്ഷാ, കാർ, ജീപ്പ് തുടങ്ങി 58 ഓളം ടാക്സി വാഹനങ്ങൾ വെള്ളൂർ കവലയിലാണ് പാർക്കു ചെയ്യുന്നത്. ഇത് വളരെ വലിയ ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. റെയിൽവേ പുറമ്പോക്ക് നികത്തിയോ അനുയോജ്യമായ സ്ഥലം കണ്ടെത്തിയോ ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം കണ്ടെത്തേണ്ടതാണ്.

## പുതിയ റോഡുകളുടെ നിർദ്ദേശങ്ങൾ

വാർഡ് 1

1. കാഞ്ഞിരപ്പറമ്പിൽ നിന്ന് ആരംഭിച്ച് കളരിക്കൽ റോഡുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം.
2. കൊല്ലേലി മുക്കിൽ നിന്നും കുഴിക്കാട് വഴി തട്ടാറക്കോലിലേക്ക് റോഡുവേണം.
3. കളരിക്കൽ - കണിയാറ്റുകുന്നേൽ റോഡിൽ കലുങ്കു വേണം.
4. മാർക്കറ്റിൻെറ പരിസരത്ത് കൂടി മധുരക്കോലി റോഡുമായി ബന്ധിപ്പിച്ച് പുതിയ റോഡു വേണം.
5. അരീപ്പുരയിൽ നിന്ന് വെളിനേടത്തേയ്ക്ക് റോഡ് നിർമ്മിക്കണം.
6. അരീപ്പുര മുതൽ തൈക്കാവ് വരെ റോഡ് നിർമ്മിക്കുക
7. വെളിയം- അരീപ്പുര ഭാഗത്തേയ്ക്കു റോഡ് നിർമ്മിക്കുക.
8. പാലയ്ക്കൽ വഴി കൊല്ലേലിമുക്ക് വാഴയിൽ തോട്ടിലേക്ക് റോഡ് നിർമ്മിക്കണം.
9. പുതുക്കട്ടിൽ നിന്നും ആറാക്കുളത്തിൻെറ പരിസരത്ത് കൂടി റോഡ് നിർമ്മിക്കുക.
10. നാലുകണ്ടം-ഗണപതി റോഡ് നിർമ്മിക്കുക.

വാർഡ് 2

1. കോളനി - കരികപ്പള്ളി മലറോഡ് കൂട്ടിയോജിപ്പിക്കണം.

വാർഡ്: 3

1. ശ്രീനാരായണ ജംഗ്ഷനിൽ നിന്നും വടക്കോട്ടുള്ള പഞ്ചായത്ത് റോഡിൽ, കനാൽ റോഡിൽ നിന്നും ഉദയാപറമ്പത്ത് ക്ഷേത്രത്തിലേയ്ക്കു റോഡ് നിർമ്മിക്കുക.
2. തടിഡിപ്പോയിൽ നിന്നും വടക്കോട്ട് പഞ്ചായത്തു റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

വാർഡ് 4

1. നിരപ്പത്ത്–പുലിമുഖം റോഡ് തൊട്ടൂർ വരെ നീട്ടണം.

വാർഡ് 7

1. മേനാക്കൽ പടിറോഡിൽ നിന്നും HPC പടിറോഡിലേക്ക് പുതിയതായി റോഡ് നിർമ്മിക്കുക
2. വെള്ളൂർ ഹൈസ്കൂളിൻെറ കോമ്പൗണ്ടിലൂടെയുള്ള റോഡ് സ്ക്കൂളിൻെറ പടിഞ്ഞാറ് ഭാഗത്തു കൂടി ബസ് സ്റ്റാൻറിലേക്ക് യോജിപ്പിക്കണം.

വാർഡ് 9

1. പുന്നോത്ത് – പോസ്റ്റാഫീസ് റോഡ്
2. പാഴൂക്കാലാ–പൂവത്തും ചുവട് റോഡ്
3. ചിറപ്പുറം റോഡും– പാഴൂക്കാലാ റോഡും തമ്മിൽ ബന്ധിപ്പിക്കണം.
4. ശിവക്ഷേത്രം റോഡും– പാഴൂക്കാലാ റോഡും തമ്മിൽ ബന്ധിപ്പിക്കുക.
5. പോസ്റ്റാഫീസ് – തവളക്കുളം റോഡ്
6. പുത്തൻ മാന–കല്ലുങ്കൽ റോഡ്
7. പാഴൂക്കാല റോഡ്–വെട്ടിക്കൽ ഭാഗത്തുള്ള മെയിൻ റോഡുമായി ബന്ധിപ്പിക്കണം.

വാർഡ് 10

1. തണ്ണിപ്പിള്ളി–പെരുന്തട്ട് റോഡ് (സ്ക്കൂളിന് സമീപത്തു കൂടി) റെയിൽവേ അപ്രോച്ച് റോഡ് നിർമ്മിച്ച് റെയിൽവേക്ക് കുറുകെ ഓവർ ബ്രിഡ്ജ് പണിത് വെള്ളൂർ വെട്ടിക്കാട്ട്മുക്ക് റോഡുമായി ബന്ധിപ്പിക്കുക.
2. കുഴിപ്പള്ളി–കളത്തുശ്ശേരി റോഡിനോട് ബന്ധപ്പെട്ടു കിടക്കുന്ന ഇടച്ചേരിമിറ്റം വരെയുള്ള റോഡ് മുലമ്പുറം പെറുന്തട്ട് റോഡുമായി ബന്ധിപ്പിക്കുക.
3. കല്ലുവേലി മിനി കോളനിയിലൂടെ റെയിൽവേയ്ക്കു സമാന്തരമായി റോഡ് നിർമ്മിക്കുക
4. മൂലമ്പുറം– പെരുന്തട്ട് റോഡ് ഇടയ്ക്കു വച്ച് മുറിഞ്ഞത് പൂർണ്ണമാക്കുകയും മഞ്ഞക്കാലാ ജംഗ്ഷനിലേയ്ക്കു പട്ടികജാതി കോളനിക്കു സമീപത്തു വച്ച് ബന്ധിപ്പിക്കുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കൊല്ലേലിമുക്കിൽ ഗണപതിപാറ റോഡ് ഗതാഗത യോഗ്യമാക്കണം.
2. തട്ടാവേലിയിൽ നിന്ന് മൂവാറ്റുപുഴ തീരത്തുകൂടെ ഗണപതി പാറ ക്ഷേത്രത്തിൻെറ വടക്കോട്ട് ഹെൽത്ത് സെൻറർ വഴി ബസ് സർവ്വീസ് തിരിച്ചു വിടണം.
3. മധുരക്കേലിൽ ജലസേചനത്തിന് ആയി നിർമ്മിച്ചിട്ടുള്ള ചീപ്പ് പൊളിച്ച് ഗതാഗത യോഗ്യമാക്കണം.
4. ചാലിങ്കൽ മധുരക്കേലി റോഡ് തൈക്കാടു വരെ ടാർ ചെയ്യണം.
5. ഹെൽത്ത് സെൻറർ ലക്ഷം വീട് റോഡ് എന്നിവ മെയിൻറനൻസ് ചെയ്യണം.
6. കോട്ടപ്പള്ളി മുട്ടശ്ശേരി റോഡ് ഗതാഗത യോഗ്യമാക്കണം.
7. ബസ് സർവ്വീസ് തട്ടാവേലി വരെ നീട്ടണം–വെള്ളൂരുമായി ബന്ധപ്പെടുന്ന പുതിയ ബസ് സർവ്വീസ് വേണം.
8. കളരിൽറോഡ് കണിയാർക്കുന്ന് റോഡുമായി ബന്ധപ്പെടുത്തണം.
9. ശവക്കോട്ടപ്പാലത്തിൻെറ ശോച്യാവസ്ഥ പരിഹരിച്ച് ബസ് സർവ്വീസ് ആരംഭിക്കണം.
10. കളരിക്കൽ റോഡു മാവുങ്കൽ റോഡുമായി ബന്ധപ്പെടുത്തുക.
11. ഗണപതിപ്പാറ, പടുക്കല ഹെൽത്തുസെൻറർ റോഡുമായി ബന്ധപ്പെടുത്തുക.
12. കൊല്ലേലി മുക്കിൽ കോൺക്രീറ്റ് പാലം നിർമ്മിച്ച് വാഹന ഗതാഗത യോഗ്യമാക്കുക
13. ഗിരിസിന–വട്ടക്കുന്നു പള്ളി നടുനപ്പടവു തോടിന് സ്ലാബ് ഇട്ട് യാത്ര സുഗമമാക്കുക.
14. നാലുകണ്ടം–ഗണപതിപാറ റോഡ് ഗതാഗത യോഗ്യമാക്കുക
15. വടകര–ഹെൽത്ത് സെൻറർ റോഡിലെ യാത്രാദുരിതം പരിഹരിക്കുക.
16. തോട്ടം–കോട്ടപ്പാടം റോഡ് ഗതാഗത യോഗ്യമാക്കുക.
17. കോളനി–കരിപ്പള്ളിമല റോഡ് കൂട്ടി യോജിപ്പിക്കണം.
18. വാളോക്കോട് റോഡ് സംയോജിപ്പിച്ച് സഞ്ചാര യോഗ്യമാക്കണം.
19. തോട്ടം–സണ്ണാമ്പിള്ളി റോഡിൽ കലുങ്ക് സ്ഥാപിക്കണം.
20. വാളാക്കോടു മുതൽ മുസ്ലീം പള്ളി വരെയുള്ള തൊ

ണ്ട് നികത്തി പ്രധാന റോഡിലേയ്ക്കു ബന്ധിപ്പിക്കണം.

21. ശ്രീനാരായണ ജംഗ്ഷനിൽ നിന്നും ഭജനമഠം വരെയുള്ള റോഡ് ടാർ ചെയ്തു സഞ്ചാര യോഗ്യമാക്കണം.

22. വടകര ഗിരിസിനായ്– പാറയ്ക്കൽ റോഡ് ടാർ ചെയ്തു സഞ്ചാര യോഗ്യമാക്കണം.

23. KDMS കെട്ടിടത്തിനടുത്ത്കൂടിയുള്ള റോഡും നിരപ്പത്ത് ചേലയ്ക്കൽ റോഡും തമ്മിൽ ബന്ധിപ്പിക്കണം.

24. തലയോലപ്പറമ്പ്–എറണാകുളം റോഡിൽ വടകര ജംഗ്ഷനിൽ നിന്നുള്ള ഇറക്കത്തിൽ കൽഭിത്തി കെട്ടി ഓട പണിയുകയും അപകടമേഖല എന്ന മുന്നറിയിപ്പ് നൽകുന്ന ബോർഡും സ്ഥാപിക്കണം.

25. പുലിമുഖം– മനയ്ക്കൽകടവ് റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

26. പുലിമുഖം– നിരപ്പത്ത് റോഡിന്റെ സൈഡ് കെട്ടണം.

27. അസ്സീസി മൗണ്ട്–ബ്രഹ്മമംഗലം തോട് വരെയുള്ള റോഡ് വീതി കൂട്ടണം.

28. തെക്കനടി–പുത്തേത്തറ റോഡ് മണ്ണിട്ട് ഉയർത്തണം.

29. തറവട്ടത്തിലേയ്ക്കുള്ള തൊണ്ട് മണ്ണിട്ടുയർത്തി സഞ്ചാര യോഗ്യമാക്കണം.

30. പുലിമുഖം–കടത്തുകടവ് റോഡ് ഗതാഗത യോഗ്യമാക്കണം.

31. ചെറുകര– കടത്തുകടവ് റോഡ് ഗതാഗത യോഗ്യമാക്കണം.

32. ചെറുകരയിൽ എം.എൻ.എ റോഡ് വന്നു നില്ക്കുന്ന ഭാഗത്ത് വെള്ളൂരുമായി ബന്ധിപ്പിക്കുന്ന ഒരു ജംഗാർ സർവ്വീസ് തുടങ്ങേണ്ടതാണ്.

33. ഐക്കരകുന്ന്–എരട്ടാനിക്കാവ് റോഡ് സഞ്ചാര യോഗ്യമാക്കണം.

34. തൊട്ടൂർ കടത്ത് രാവിലെ 5 മുതൽ രാത്രി 8 വരെയാക്കുക

35. മുട്ടക്കുളം–കീച്ചങ്കേരി റോഡ് ഗതാഗത യോഗ്യമാക്കുക

36. ചേനക്കാലായി–റെയിൽവേ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുക.

37. മുട്ടാറ്റുപുഞ്ചയിൽ റെയിൽവേയ്ക്കു തെക്കുവശത്ത് ട്രില്ലർ ഇറക്കുന്നതിന് സൗകര്യം ഉണ്ടാക്കുക.

38. തൊട്ടൂർ കടത്തുകടവിലെ വിളക്ക് പുനഃസ്ഥാപിക്കുക.

39. പാറപ്പുറത്ത് കാവിൽ നിന്നും താഴേയ്ക്കുള്ള റോഡിൽ വർഷകാലത്തുള്ള കടത്ത് പഴയ സ്ഥാനത്തു തന്നെ തുടരണം.

40. വൈപ്പേൽ– പള്ളിക്കുന്ന് റോഡിന്റെ ഇരുവശവും കല്ലുകെട്ടി സഞ്ചാര യോഗ്യമാക്കണം.

41. C-type ക്വാർട്ടേഴ്സ് –ചെമ്മഞ്ചി റോഡ് സഞ്ചാര യോഗ്യമാക്കണം.

42. എച്ച്.എൻ.എൽ ചുറ്റുമതിലിന് ചുറ്റുമുള്ള മൂന്നു മീറ്റർ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് വഴിവിളക്കുകൾ സ്ഥാപിക്കണം.

43. മണൽമുറി– ചെമ്മനാട്ടുകണ്ടം റോഡും പള്ളിക്കുന്നു റോഡും സഞ്ചാര യോഗ്യമാക്കണം.

44. പള്ളിക്കുന്ന് വലയിൽ വഴി മടത്തേടം റോഡ് സഞ്ചാര യോഗ്യമാക്കണം.

45. പമ്പ് ഹൗസ് –മണൽപ്പുറം റോഡ് പമ്പ് ഹൗസ് – കയ്യൂരിക്കൽ റോഡ് എന്നിവ സഞ്ചാര യോഗ്യമാക്കണം.

46. നെട്ടൂർ കടത്തുകടവ്– പട്ടണമഠം കടവിലേക്കുള്ള റോഡ് സഞ്ചാര യോഗ്യമാക്കണം.

47. വല്ലേപ്പടി– എച്ച്.പി.സി. റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

48. മൂഴിക്കോട് –ചന്ദ്രാമല, കണിയാനട നടുപ്പുരയ്ക്കൽ റോഡ് ടാർ ചെയ്തു സഞ്ചാര യോഗ്യമാക്കണം.

49. ലക്ഷം വീട് കോളനിയിലെ റോഡിന്റെ സൈഡ് കെട്ടി സഞ്ചാര യോഗ്യമാക്കണം.

50. ചന്ദ്രാമല കോളനിയിൽ നിന്നും – എച്ച്.എൻ.എൽ. ലിലേയ്ക്കുള്ള ഗേറ്റ് തുറന്നു കൊടുക്കണം.

51. ചന്തപ്പാലം –മുളക്കുളം റോഡ് സഞ്ചാര യോഗ്യമാക്കണം.

52. കമ്പനി മതിലിന്റെ അരികിൽ കൂടി പോകുന്ന വെള്ളൂർ റോഡ് സഞ്ചാര യോഗ്യമാക്കണം.

53. മുഴുവൻ റോഡുകളിലും വഴിവിളക്ക് സ്ഥാപിക്കണം.

54. ചകിരിപ്പാടം– നമ്പ്യാത്തുപടി പൈപ്പ് ലൈൻ വരെ നീട്ടുക.

55. ചന്ദ്രാമല-തച്ചകുഴി റോഡ് നന്നാക്കണം.

56. നിലവിലുള്ള കടത്തുകളുടെ സമയം 6 AM മുതൽ 8 PM വരെയാക്കുക.

57. റയിൽവേ ലൈൻ ഇരട്ടിപ്പിക്കണം.

58. എല്ലാ എക്സ്പ്രസ് ട്രയിനുകൾക്കും പിറവം റോഡിൽ സ്റ്റോപ് അനുവദിക്കണം.

59. വെള്ളൂർ കവലയിലും, വെള്ളൂർ -വെട്ടിക്കാട്ടുമുക്ക് റോഡിലെ പ്രധാന സ്റ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡ് പണിയണം.

60. കോട്ടയം, എറണാകുളം, വൈക്കം, മൂവാറ്റുപുഴ ഭാഗത്തേയ്ക്കു ട്രാൻസ്പോർട്ട് ബസ്സുകൾ വേണം.

61. ചെറുകരയിൽ പാലം നിർമ്മിച്ച് ആലപ്പുഴ-മധുര ഹൈവേയുമായി ലിങ്ക് ചെയ്യണം.

62. വൈക്കം- പിറവം (വെട്ടിക്കാട്ടുമുക്ക് മേവെള്ളൂർ വഴി) ബസ്സ് സർവ്വീസ് വേണം.

63. പിറവം-സുൽത്താൻബത്തേരി ബസ്സ് പിറവം റോഡ് വെയിൽവേ സ്റ്റേഷൻ വരെ നീട്ടണം.

64. താഴെ പറയുന്ന റോഡുകൾ നന്നാക്കണം.

മുണ്ടോപ്പാടം-പാറായിപ്പടി

തണ്ണിപ്പള്ളി റോഡ്

അമ്പലനട-പുഞ്ചറോഡ്

കൊല്ലംപറമ്പ്-പൈപ്പ് ലൈൻ റോഡ്

ആറാട്ടുമണപ്പുറം മുണ്ടോപ്പാടം

റെയിൽവേ സ്റ്റേഷൻ- കമ്പനി മതിലിനോടു ചേർന്ന റോഡ്

റെയിൽവേ മണിയഞ്ചിറ റോഡ്

വെങ്ങോലവൈപ്പേൽ- മുണ്ടോപ്പാടം റോഡ്

റെയിൽവേ സ്റ്റേഷൻ- ചന്ദ്രാമല റോഡ്

കാഞ്ഞിരേത്ത്- സി.സി.എൽ റോഡ്

തുരുത്ത് - പൈപ്പ് ലൈൻ റോഡ്

റെയിൽവേ സ്റ്റേഷൻ - വെള്ളൂർ കവല റോഡ്

65. താഴെ പറയുന്ന റോഡ് സഞ്ചാര യോഗ്യമാക്കുക

(1) പൂവത്തുംചുവട്- കലയത്തുംകുന്ന്

(2) കപ്പോള - HPC റോഡ്

(3) ഈന്തുങ്കൽ-പോലീസ് സ്റ്റേഷൻ റോഡ്

(4) കൂവപ്പിളി- പെരുന്തട്ട് റോഡ്

(5) താന്നിയ്ക്കാട്ട്- കപ്പോള റോഡ്

(6) തേക്കനാഓരം- പാഴൂക്കാല റോഡ്

(7) പുത്തൻ മാനാ- പുന്നോത്ത് റോഡ്

(8) തവളക്കുളം- ഹെൽത്ത് സെൻറർ റോഡ്

(9) പോസ്റ്റാഫീസ് - ചിറപ്പുരം റോഡ്

(10) പൊതി- കല്ലുങ്കൽ റോഡ്

66. ടാർ ചെയ്ത റോഡുകൾ വാഹന ഗതാഗതം സുഗമമാക്കുന്ന രീതിയിൽ പുനർനിർമ്മിക്കുക.

67. ടാർ ചെയ്യാത്ത റോഡുകൾ ടാർ ചെയ്തു സഞ്ചാര യോഗ്യമാക്കുക

68. റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം.

69. കലുങ്ക് തീർക്കാൻ പറ്റാത്ത നീരൊഴുക്കുള്ള സ്ഥലങ്ങളിൽ അപകടരഹിതമായ ചപ്പാത്തുകൾ തീർക്കേണ്ടതാണ്

70. ടാറിംഗ് നിർദ്ദേശമുള്ള റോഡ്

(1) തണ്ണിപ്പള്ളി - പെരുന്തട്ട് റോഡ്

(2) വെട്ടിയ്ക്കൽ - കണ്ടം തുരുത്ത്റോഡ്

(3) മണ്ണത്തും കുഴി- കുളത്തുങ്കൽ- കോട്ടക്കുന്നേൽ

(4) SNDP -തണ്ണിപ്പള്ളി റോഡ്

71. വെട്ടോലിൽ- കണ്ടം തുരുത്ത് റോഡിൽ കലുങ്കുകൾ നിർമ്മിക്കുക

72. കുളത്തുങ്കൽ- മുണ്ടക്കൽ റോഡിൽ കലുങ്കുകൾ നിർമ്മിക്കുക.

73. SNDP-കുറ്റ്യാംകോണം വഴി- ചെക്ക്പോസ്റ്റു റോഡ് ടാർ ചെയ്യണം.

74. പെരുന്തട്ടിൽ നിന്നും ഇറുമ്പയം പട്ടികജാതി കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.

75. റോഡുകളുടെ വീതി കൂട്ടുവാനും കയ്യേറിയവരിൽ നിന്ന് ഒഴിപ്പിക്കുവാനും പൊതുജന സഹകരണം തേടുക.

# ഊർജ്ജം മാർക്കറ്റ്



| ലഭ്യമായ ഊർജ്ജം ശാസ്ത്രീയമായി |
|---|
| വിതരണം ചെയ്യുകയും |
| ഉപയോഗിക്കുകയും ചെയ്യേണ്ടത് |
| ഏതൊരു പ്രദേശത്തിൻേറയും |
| സമഗ്ര വികസനത്തിന് |
| അനിവാര്യമാണ്. |

## ഊർജ്ജം

1956ൽ റെയിൽവേയുടെ വരവോടെയാണ് വെള്ളൂരിൽ ആദ്യമായി വൈദ്യുതി എത്തിയത്. തുടക്കത്തിൽ വളരെ ചുരുക്കം വീടുകളിൽ മാത്രമേ വൈദ്യുതി കണക്ഷൻ ഉണ്ടായിരുന്നുള്ളൂ. വെള്ളൂർ പഞ്ചായത്തിൽ വൈദ്യുതി സർവ്വ സാധാരണമായി ഉപയോഗിക്കാൻ തുടങ്ങിയിട്ട് ഏകദേശം 15 വർഷങ്ങളേ ആയിട്ടുള്ളൂ. ഇന്ന് പഞ്ചായത്തിൻെറ മിക്കവാറും എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ട്. വൈക്കം, പിറവം സബ്സ്റ്റേഷനുകളിൽ നിന്നാണ് വെള്ളൂർ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത്. ഇന്ന് പഞ്ചായത്തിൽ മൊത്തം 1940 ഉപഭോക്താക്കളുണ്ട്. ഇതിൽ ഗാർഹിക ഉപഭോഗ്താക്കൾ 84.5 ശതമാനം വരും. 5.5 ശതമാനം കാർഷിക ഉപഭോക്താക്കളും 1.5 ശതമാനം വ്യവസായിക ഉപഭോക്താക്കളും 11.5 ശതമാനം വ്യാപാര ഉപഭോക്താക്കളുമാണ്.

പട്ടിക:1

നിലവിലുള്ള വൈദ്യുത ഉപഭോക്താക്കളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഉപഭോക്താവിൻെറ സ്വഭാവം | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഗാർഹികം | 1583 |
| 2 | വ്യാപാരം | 223 |
| 3 | വ്യാവസായികം | 29 |
| 4 | കാർഷികം | 105 |
| 5 | ആകെ | 1940 |

*(അവലംബം: വൈദ്യുതി ബോർഡ്രേഖ)*

പഞ്ചായത്തിൽ, വൈദ്യുതി ഏറ്റവും അധികം ഉപയോഗിക്കുന്ന രണ്ടു വ്യവസായ സ്ഥാപനങ്ങളാണ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറിയും, കൊച്ചിൻ സിമൻറ്സ് ലിമിറ്റഡും. ഈ കമ്പനിക്ക് ആവശ്യമായ വൈദ്യുതി പ്രത്യേക ലൈൻ വഴിയാണ ലഭിക്കുന്നത്. കൂടാതെ 15 മെ.വാ. വൈദ്യുതി ടർബൈൻ ജനറേറ്റർ ഉപയോഗിച്ച് ഉല്പാദനം നടത്തി ഫാക്ടറിയുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.

300 മെട്രിക് ടൺ ഉല്പാദന ക്ഷമതയുള്ള കൊച്ചിൻ സിമൻറ്സ് 8000 യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉപയോഗിക്കുന്നു. സമീപ ഭാവിയിൽ ഈ ഫാക്ടറിയുടെ ഉല്പാദനം പ്രതിദിനം 1200 മെട്രിക് ടൺ ആയി ഉയർത്തുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഇതോ

ടെ ഈ ഫാക്ടറിയുടെ വൈദ്യുതി ഉപയോഗം പല മടങ്ങാ യി വർദ്ധിക്കും.

പഞ്ചായത്തിൽ പല ഭാഗങ്ങളിലായി 16 ട്രാൻസ്ഫോമറു കൾ സ്ഥാപിച്ചിട്ടുണ്ട്.

പട്ടിക : 2 (ട്രാൻസ്ഫോമറുകൾ)

എൽ.റ്റി. ട്രാൻസ്ഫോമറുകളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 1 | കല്ലുവേലി | 100KVA |
| 2 | ഇറുമ്പയം | 63 KVA |
| 3 | | 63 KVA |
| 4 | കോളോത്ത് | 160 KVA |
| 5 | കോളോത്ത് | 100 KVA |
| 6 | ഇറിഗേഷൻ-വടകര | 50 KVA |
| 7 | വടകര | 100 KVA |
| 8 | വെള്ളൂർ-റയിൽവേ | 100 KVA |
| 9 | വെള്ളൂർ - ടൗൺ | 160 KVA |
| 10 | മേവെള്ളൂർ | 100 KVA |
| 11 | പമ്പ്ഹൗസ് | 100 KVA |
| 12 | മടത്തേടം | 63 KVA |
| 13 | പുലിമുഖം | 100 KVA |
| 14. | കരിപ്പാടം | 100 KVA |
| 15 | നീർപ്പാറ | 63 KVA |
| 16 | ഒലിപ്പിൽ | 100 KVA |

*(അവലംബം: വൈദ്യുതി ബോർഡ്രേഖ)*

ഇതിൽ നിന്നുള്ള വൈദ്യുതി വിതരണം ശാസ്ത്രീയമല്ലാ തിരിക്കുന്നതും ലൈനുകൾ മുട്ടിനിൽക്കുന്ന മരക്കമ്പു കളിൽ കൂടിയുള്ള പ്രസരണ നഷ്ടം തടയാത്തതും വോൾ ട്ടേജ് ക്ഷാമത്തിനു കാരണമാകുന്നു. വൈദ്യുതിയുടെ ഉപ യോഗം അളക്കുന്നതിനുവേണ്ടി ഘടിപ്പിച്ചിരിക്കുന്ന മീറ്ററു കളിൽ പലതും പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് പ്രതിമാ സം 11785 രൂപ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനു വേ ണ്ടി ചെലവഴിക്കുന്നുണ്ടെങ്കിലും അവയിൽ പലതും കത്തു ന്നില്ല.

പഞ്ചായത്തിൽ ഗാർഹികാവശ്യത്തിനായി ഉപയോഗിക്കു ന്ന പ്രധാന ഊർജ്ജ സ്രോതസ് വിറകാണ്. ഭൂരിഭാഗം വീ ടുകളിലും പാചക ആവശ്യത്തിനായി ഉപയോഗിച്ചിരുന്നത് റബ്ബർ, തെങ്ങ് എന്നിവയിൽ നിന്നും ലഭിക്കുന്ന വിറകാണ്. അടുത്തകാലത്ത് മണ്ണെണ്ണയും പാചകവാതകവും വ്യാ പകമായി ഉപയോഗിച്ചു വരുന്നുണ്ട്. പഞ്ചായത്തിൽ പ്രതി മാസം 17979 ലിറ്റർ മണ്ണെണ്ണ റേഷൻ കടകളിലൂടെ വി തരണം ചെയ്യുന്നുണ്ട്. വളരെ ചുരുക്കം വീടുകളിൽ വെളിച്ചത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം വീടുകളിലും വൈദ്യുതിയാണ് വെളിച്ചത്തിനുള്ള ഊർജ്ജ സ്രോതസ്. പല വീടുകളിലും പാചക വാതകവും മണ്ണെണ്ണയും വിറകും പാചകത്തിന് ഉപയോഗിക്കുന്നു.

പാചകവാതകം പ്രധാനമായും ഉപയോഗിക്കുന്നത് 975 കു ടുംബങ്ങൾ താമസിക്കുന്ന എച്ച്.എൻ. എൽ കോളനിയിലാ ണ്. ഇവർക്ക് കമ്പനി മുഖേന പാചക വാതകം വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് പാചകവാതകം ബുക്കു ചെയ്യുന്നതി നോ ലഭിക്കുന്നതിനോ ഉള്ള സൗകര്യം ഇല്ല. ഗോബർഗ്യാ സ്/ ബയോ ഗ്യാസ് പ്ലാന്റുകൾ ഉപയോഗപ്പെടുത്തുന്നതി ന് വളരെ സാധ്യതകളുണ്ടെങ്കിലും വളരെ ചുരുക്കം വീടു കളിൽ മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. വ്യവസാ യ ശാലകളുടെ വരവോടെ പഞ്ചായത്തിൽ സ്വകാര്യ വാ ഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഇത് പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ ഉപഭോഗം ഈ പഞ്ചായത്തിൽ വർദ്ധിക്കുന്നതിന് കാരണമായി.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ

1. സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് ഉപയോഗിക്കു ന്ന വൈദ്യുതി മാത്രം ചാർജജ് ഈടാക്കുക.
2. പഞ്ചായത്തിലെ വൈദ്യുത മേഖലയുടെ നിയ ന്ത്രണം പഞ്ചായത്ത് കമ്മറ്റിയുടെ കീഴിൽ കൊണ്ടു വരണം.
3. എല്ലാ പഞ്ചായത്ത് റോഡുകളിലും വഴിവിളക്ക് സ്ഥാപിക്കണം.
4. വെള്ളൂർ കവലയിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.
5. പ്രധാന കവലകളിൽ സോളാർ ലാമ്പുകൾ സ്ഥാപി ക്കണം.
6. വൈദ്യുതി എത്താത്ത വീടുകളിൽ അത് എത്തിക്കു ന്നതിനു വേണ്ട നടപടിയെടുക്കണം.
7. പഞ്ചായത്തിലെ എല്ലാ ഭാഗത്തുള്ളവർക്കും പാചക വാതകം ബുക്കു ചെയ്യുന്നതിനും ലഭിക്കുന്നതിനും വേണ്ട സൗകര്യം ഉണ്ടാവണം.
8. പഞ്ചായത്തിൽ 3 ഫേസ് ലൈൻ എല്ലാ ഭാഗത്തും എത്തിക്കണം.
9. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
10. കോളനി ഭാഗത്തും മറ്റും വളരെയധികം വീടുകളി

ലോ[illegible]ിൽ ഫേസിൽ നിന്നും കണക്ഷൻ നൽകിയിരിക്കുന്നതിനാൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിനു പരിഹാം കാണണം.

11. ദാക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരണത്തിന് വേണ്ട നടപടികൾ എടുക്കണം.

12. കോംപാക് ഫ്ലൂറസൻറ് ലാമ്പ് CFL' ഇലക്ട്രോണിക് ചോക്ക് എന്നിവ പ്രചരിപ്പിക്കണം.

13. വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കണം.

## സമ്പൂർണ്ണ ഊർജ്ജ ഗ്രാമം

ലഭ്യമായ ഊർജ്ജം ശാസ്ത്രീയമായി വിതരണം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യേണ്ടത് ഏതൊരു പ്രദേശത്തിൻേറയും സമഗ്ര വികസനത്തിന് അനിവാര്യമാണ്. ശരിയായ ആസൂത്രണത്തിലൂടെയും, പദ്ധതി നടത്തിപ്പിലൂടെയും ഈ പഞ്ചായത്തിലെ ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. ഇതിനായി ജനപങ്കാളിത്തത്തോടെ സമഗ്ര ഊർജ്ജാസൂത്രണ പരിപാടി നടപ്പിലാക്കണം.

## വൈദ്യുതി

പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. 16 ട്രാൻസ്ഫോർമറുകളിൽ നിന്നാണ് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുതി വിതരണം നടത്തുന്നത്. ഈ ട്രാൻസ്ഫോമറുകളിൽ നിന്നുള്ള വൈദ്യുതി വിതരണം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പവർ ലൈൻ മാപ്പിംഗ് നടത്തണം.കൂടാതെ വൈദ്യുതക്കമ്പികളിൽ മുട്ടി നിൽക്കുന്ന മരക്കമ്പുകൾ വെട്ടിമാറ്റി പ്രസരണനഷ്ടം ഒഴിവാക്കുകയും വേണം. കുറഞ്ഞ അളവിൽ ഊർജ്ജം ഉപയോഗിച്ചു കൊണ്ട് കൂടുതൽ പ്രകാശം നൽകുന്ന കോംപാറ്റ് ഫ്ളൂറസൻറ് ലാമ്പുകൾ (CFL) കൂടുതലായി ഉപയോഗിക്കുന്നതിലൂടെ വളരെയധികം ഊർജ്ജം ലാഭിക്കാൻകഴിയും. സബ്സിഡി നൽകിക്കൊണ്ട് ഈ വിളക്കുകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതാണ്. വൈദ്യുതിയുടെ ശാസ്ത്രീയ ഉപഭോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

## ദക്ഷത കൂടിയ അടുപ്പുകൾ

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പരമ്പരാഗത രീതിയിലുള്ള വിറകടുപ്പാണ് ഉപയോഗിക്കുന്നത്. കത്തിക്കുന്ന വിറകിൽ നിന്നുണ്ടാകുന്ന ഊർജ്ജത്തിൻെറ പത്തു ശതമാനം മാത്രമാണ് യഥാർത്ഥത്തിൽ പ്രയോജനപ്പെടുന്നുള്ളൂ. കൂടാതെ അമിതമായുണ്ടാകുന്ന പുക ഈ അടുപ്പ് ഉപയോയോഗിക്കുന്നവരിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. 30 ശതമാനത്തോളം ദക്ഷതയുള്ളതും, പുകശല്യമില്ലാത്തതുമായ പരിഷത്ത് അടുപ്പുകളുടെ വ്യാപനത്തോടെ ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. അടുപ്പുകൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനും, പഞ്ചായത്തിലെ എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിനും, സ്ക്കൂളുകൾ, അംഗനവാടികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. അടുപ്പു വയ്ക്കുന്നതിനു ഒരു സംഘം പ്രവർത്തകരെ പഞ്ചായത്തു തലത്തിൽ പരിശീലിപ്പിക്കേണ്ടതുണ്ട്.

സാദ്ധ്യതയുള്ള വീടുകളിലെല്ലാം ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയും ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ, പ്രഷർ കുക്കർ, സോളാർ ലാമ്പുകൾ, സോളാർ അടുപ്പുകൾ എന്നിവ ലഭ്യമാക്കുകയും വേണം. മേൽപറഞ്ഞവയ്ക്കു പ്രാധാന്യം കൊടുത്തു കൊണ്ടു വേണം 9-ാം പദ്ധതിയുടെ ഭാഗമായുള്ള ഊർജ്ജാസൂത്രണം വെള്ളൂർ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ.

# മാർക്കറ്റ്

വ്യാവസായിക പ്രാധാന്യമുള്ള ഒരു പ്രദേശമാകുന്നതിനു മുമ്പ് ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്ന കാർഷിക വിളകളാണ് ഇവിടെ മുഖ്യമായും വിറ്റഴിക്കപ്പെട്ടിരുന്നത്. കാർഷികേതര ഉല്പന്നങ്ങൾ തൊട്ടടുത്ത പ്രധാന വ്യാപാരകേന്ദ്രങ്ങളായ തലയോലപ്പറമ്പ്, കൊച്ചി എന്നിവിടങ്ങളിൽ നിന്നാണ് വെള്ളൂരിലെത്തിയിരുന്നത്. നാളികേരം, പച്ചക്കറികൾ, അടക്ക, നെല്ല് മുതലായവയായിരുന്നു ഇവിടുത്തെ പ്രധാന ഉല്പന്നങ്ങൾ. എന്നാൽ ഇന്ന് ഇവയുടെ ഉല്പാദനം വളരെയധികം കുറഞ്ഞിട്ടുണ്ട്. കാർഷിക വിളകളിൽ റബ്ബറിൻെറ ഉല്പാദനം മാത്രമാണ് കൂടിയിട്ടുള്ളത്. വെള്ളൂരിലെ ആഴ്ച ചന്തകളിൽ ഇവിടെ ഉല്പാദിപ്പിച്ചിരുന്ന ചേന, മത്തങ്ങ, കുമ്പളങ്ങ, പയർ,,പാവയ്ക്ക, ഇഞ്ചി തുടങ്ങിയവയായിരുന്നു വില്പന നടത്തിയിരുന്നത്. എന്നാൽ ഇന്ന് തമിഴ് നാട്ടിൽ നിന്നും വരുന്ന കാർഷിക വിഭവങ്ങളാണ് വില്പന നടത്തുന്നത്.

ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ വരവ് ഇവിടുത്തെ ഉപഭോഗം വളരെയധികം വർദ്ധിക്കുവാൻ കാരണമായി. അതിനാൽ വളരെയധികം ഉല്പന്നങ്ങൾ പുറത്തു നിന്നും കൊണ്ടുവന്ന് വില്പന നടത്തുന്നുണ്ട്. എന്നാൽ വളരെ വലിയ ഒരു ഫാക്ടറിയുടെ വരവോടെ ഉണ്ടാകേണ്ട പുരോഗതി

കച്ചവട രംഗത്ത് വെള്ളൂരിൽ ഉണ്ടായിട്ടില്ല. തൊട്ടടുത്ത സ്ഥലങ്ങളായ പെരുവ, തലയോലപ്പറമ്പ്, പിറവം എന്നിവിടങ്ങളിലെ കച്ചവടരംഗം വളരെയധികം അഭിവൃദ്ധി പ്രാപിച്ചപ്പോൾ വെള്ളൂരിന് അതിനു കഴിയാതിരുന്നതിന്റെ പ്രധാന കാരണം ഇതിലൂടെ കടന്നു പോകുന്ന ഒരു പ്രധാന റോഡിന്റെ അഭാവമാണ്. കൂടാതെ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഇവയുടെ അഭാവവും കാരണമാണ്.

വെള്ളൂർ ജംഗ്ഷന്റെ പ്രധാന ഭാഗം റയിൽവേ വക സ്ഥലമാണ്. ഇവിടെ സ്ഥിരമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് റയിൽവേ അനുവദിക്കുന്നില്ല. മാത്രമല്ല താത്ക്കാലിക ഷെഡുകളിൽ കച്ചവടം നടത്തുന്നവരെ പ്രത്യേക ആവശ്യം ഒന്നും ഇല്ലാതെ ഒഴിപ്പിക്കുന്നതിനു വേണ്ടി ശ്രമിക്കുകയുമാണ്.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനേയും പൊതുമാർക്കറ്റിന്റേയും പണി ഉടൻ ആരംഭിക്കേണ്ടതാണ്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. തട്ടാവേലി, ഇറുമ്പയം വെള്ളൂർ എന്നിവിടങ്ങളിൽ പൊതുമാർക്കറ്റ് സ്ഥാപിക്കണം.
2. ഈ പൊതു മാർക്കറ്റുകളിൽ മത്സ്യമാർക്കറ്റ് പ്രത്യേകമായി നിർമ്മിക്കണം.
3. അമിത വില ഈടാക്കുന്നത് നിയന്ത്രിക്കണം.
4. കർഷകർക്ക് അവരുടെ ഉല്പന്നങ്ങക്ക് ന്യായവില ലഭിക്കുന്നതിനു വേണ്ട നടപടിയെടുക്കണം.
5. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ എങ്ങുമില്ല. കൂടുതൽ മാവേലി സ്റ്റോറുകൾ തുടങ്ങണം.
6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന നാളികേര സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കണം.
7. കൊയ്ത്തു സമയത്ത് കർഷകർക്ക് നെല്ലിന് ന്യായമായ വില പലപ്പോഴും ലഭിക്കാറില്ല. ഇതിനു പരിഹാമായി സഹകരണ മേഖലയിൽ നെല്ലു സംഭരിക്കുന്നതിനു വേണ്ട നടപടിയെടുക്കണം.
8. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
9. റയിൽവേയുടെ സ്ഥലത്തു കച്ചവടം നടത്തി ഉപജീവനം നടത്തുന്നവരെ നീക്കം ചെയ്യുന്നതിന് റയിൽവേ ശ്രമിക്കുന്നതിനാൽ അവക്ക് കച്ചവടം ചെയ്യുന്നതിനു വേണ്ട സൗകര്യം ചെയ്തു കൊടുക്കണം.


VELLOOR PANCHAYAT
WATER AVAILABILITY
1 : 12500
N
EDAKATTUVAYAL
THONALLUR
CHERUKARA
MEVELLOOR
MULAKULAM
TO ERNAKULA
MUVATTUPUZHA RIVER
VELLOOR
TO ARAYANKA
PULLIMUKAM
VARIKKAMKUNNU
VADAKARA
KARIPADAM
IRUBAYAM
TO VETTIKKATTUMUKKU
TO KOTTAYAM
TALAYOLAPARAMBU
MARAVANTHURUTHU
CHEMPU
INDEX
PANCHAYAT BOUNDAR
ROAD
STREAM
POND
DRY
LOW
MODERATE
HIGH
POOR WATER QUALITY



# കുടിവെള്ളവും
# പൊതുജനാരോഗ്യവും

# കുടിവെള്ളം

## കുടിവെള്ളം

**ധാരാളം ശുദ്ധജല സ്രോതസ്സുകൾ പഞ്ചായത്തിലുണ്ടെങ്കിലും പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ശരിയായ ആസൂത്രണത്തിൻെറ അഭാവം മൂലമാണ് ഇങ്ങനെ സംഭവക്കുന്നത്.**

സ്വാതന്ത്ര്യം നേടിയിട്ട് 50 വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഇന്ത്യയിലെ ഭൂരിഭാഗം ഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമം ഇന്നും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സാധാരണൻെറ അടിസ്ഥാനാവശ്യങ്ങളിലൊന്നായ ഇതിന് ആസൂത്രണത്തിൽ അർഹമായ പ്രാധാന്യം ലഭിക്കാത്തതും ശരിയായ രീതിയിൽ നടപ്പിലാക്കാത്തതുമാണ് കാരണം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് 44 ഓളം നദികൾ ഒഴുകുന്ന കേരളത്തിലെ സ്ഥിതി ഇതിൽ നിന്നും വ്യത്യസ്ഥമാണ്. കേരളത്തിലെ നദികളിൽ ഭൂരിഭാഗവും ജലസമൃദ്ധമാണ്. എങ്കിലും ശരിയായ ആസൂത്രണത്തിൻെറ അഭാവം മൂലം പല പ്രദേശങ്ങളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രശ്നത്തിന് മുൻഗണനാക്രമത്തിൽ ഉയർന്ന സ്ഥാനം നൽകി പരിഹരിക്കേണ്ടതാണ്.

വെള്ളൂർ പഞ്ചായത്തിൻെറ മദ്ധ്യത്തിലൂടെ ജലസമൃദ്ധമായ മൂവാറ്റുപുഴയാറ് ഒഴുകുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

1976-ൽ ഇടുക്കി ഡാം കമ്മീഷൻ ചെയ്തതോടുകൂടി മൂവാറ്റുപുഴയാറ്റിലെ ജലനിരപ്പ് വർദ്ധിച്ചുവെങ്കിലും 1980 ഓടുകൂടി ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം വർദ്ധിക്കുകയാണ് ചെയ്തത്.

മദ്ധ്യത്തിലൂടെ ഒഴുകുന്ന മൂവാറ്റുപുഴയാറും ഇരുവശങ്ങളിലുള്ള നദീതടങ്ങളും അതേ തുടർന്നുള്ള ഉയർന്ന കുന്നുകളും ചേർന്നാണ് ഈ പഞ്ചായത്തിൻെറ ഭൂപ്രകൃതി. പഞ്ചായത്തിൻെറ വടക്കു കിഴക്കേ അതിർത്തിയിലുള്ള പ്രദേശത്തിന് സമുദ്ര നിരപ്പിൽ നിന്ന് 60 മീറ്ററിലേറെ ഉയരമുണ്ട്. നദിയുടെ ഇരുവശത്തും ഉയർന്ന കുന്നുകളായതിനാൽ വർഷകാലത്ത് ഭൂമിയിൽ ലഭിക്കുന്ന മഴവെള്ളം താഴാതെ താഴ്‌വരയിലേക്ക് ഒലിച്ചുപോകുന്നു. ഉയർന്ന പ്രദേശങ്ങളിൽ വർഷകാലത്ത് ലഭിക്കുന്ന വെള്ളം അവിടെത്തന്നെ താഴുന്നതിന് അനുയോജ്യമായ വാട്ടർ ഷെഡ് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. ഇത് ഭൂഗർഭ ജലസംരക്ഷണത്തിന് സഹായകമാകും.

സെസ്സിൻെറ പഠന റിപ്പോർട്ട് അനുസരിച്ച് താഴ്ന്ന പ്രദേശങ്ങളിൽ 1 മീറ്റർ മുതൽ 5 മീറ്റർ വരെയും മലഞ്ചരിവുകളിൽ 6 മീറ്റർ മുതൽ 9 മീറ്റർ വരെയും ഉയർന്ന പ്രദേശങ്ങളിൽ 9 മീറ്ററിലേറെയും ആഴത്തിൽ ഭൂഗർഭജലം ലഭ്യമാണ്.-

ഇറുമ്പയം, മടത്തേടം, പള്ളിക്കുന്ന്, ചന്ദ്രാമല, വരിക്കാംകുന്ന്, വടകര, മുതലായ സ്ഥലങ്ങളാണ് വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. ഇവിടങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളം ലോറികളിൽ എത്തിക്കുകയാണ് ചെയ്യുന്നത്.

പട്ടിക -1

കുടിവെള്ളം ലോറികളിൽ വിതരണം ചെയ്തതിൻെറ കണക്ക്.

| വർഷം | വിതരണം ചെയ്ത കുടിവെള്ളം | ചെലവായ തുക |
|---|---|---|
| 91-92 | 22.5 ലക്ഷം ലിറ്റർ | 1,84,956.30 രൂപ |
| 92,93 | ഇല്ല | |
| 93,94 | ഇല്ല | |
| 94-95 | 10.4 ലക്ഷം ലിറ്റർ | 1,04149.65 രൂപ |
| 95-96 | 15000 ലിറ്റർ | 4536.00 രൂപ |

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തി

നായി കിണറുകളെയാണ് ആശ്രയിച്ചു വരുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് കമ്പനിയുടെ സമീപ പ്രദേശങ്ങളിലുള്ള വാർഡുകളിലേക്ക് പൈപ്പു കണക്ഷൻ നൽകിയിട്ടുണ്ട്. ഇ പ്രകാരം 50 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ ഇവയിൽ നിന്നു പലപ്പോഴും കുടിവെള്ളം ലഭിക്കുന്നില്ലെന്ന് ഗ്രാമ സഭയിൽ പരാതി ഉയർന്നു വന്നിട്ടുണ്ട്.

പട്ടിക :2

ജനസ്രോതസ്സുകൾ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | സ്രോതസ്സുകളുടെ സ്വഭാവം | എണ്ണം |
|---|---|---|
| 1 | നീരുറവകൾ | 5 |
| 2 | വലിയ കുളങ്ങൾ | 27 |
| 3 | കിണറുകൾ (വറ്റാത്തവ) | 1113 |
| 4 | കിണറുകൾ (വറ്റുന്നവ) | 379 |
| 5 | പൊതു കുഴൽക്കിണറുകൾ | 4 |

*അവലംബം:സെൻസസ് റിപ്പോർട്ട്-91*

ധാരാളം ശുദ്ധജല സ്രോതസ്സുകൾ പഞ്ചായത്തിലുണ്ടെങ്കിലും ശരിയായ ആസൂത്രണത്തിൻെറ അഭാവം തന്നെയാണ് ഇവിടുത്തെ കുടിവെള്ളക്ഷാമത്തിനു പ്രധാന കാരണം. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറിയിൽ നിന്നുള്ള മലിന ജലവും പാഴ്‌വസ്തുക്കളും പാടശേഖരങ്ങളിലേക്ക് ശുദ്ധീകരിക്കാതെ ഒഴുക്കി വിടുന്നതു മൂലം പരിസരത്തുള്ള പല വീടുകളിലെ കിണറുകളും കുളങ്ങളും മലിനീകരിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ ശുദ്ധജല സ്രോതസ്സായ മൂവാറ്റുപുഴയാറ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ മലിനീകരണം മൂലം കുടിവെള്ളത്തിനായി ആശ്രയിക്കാൻ പറ്റാത്ത അവസ്ഥയിലാണ്.

വൈക്കം ഭാഗത്ത് ജലക്ഷാമം പരിഹരിക്കുന്നതിനായി കക്കാട് ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് ജലം കൊണ്ടുപോകുന്ന പൈപ്പു ലൈൻ വെള്ളൂർ പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. എന്നാൽ ഈ പദ്ധതി മുഖേന പഞ്ചായത്തിൻെറ ഒരു ഭാഗത്തും കുടിവെള്ളം ലഭിക്കുന്നില്ല. ശുദ്ധജല വിതരണത്തിനായി 5-ാം വാർഡിൽ പെട്ട തോന്നല്ലൂരിൽ പുഴയിൽ നിന്നും വെള്ളം പമ്പു ചെയ്ത് എരട്ടാനിക്കാവിലുള്ള ടാങ്കിൽ ശേഖരിച്ച് അവിടെ നിന്ന് ശുദ്ധീകരിച്ച് ബ്രഹ്മമംഗലം ഭാഗത്തേയ്ക്കു കൊണ്ടുപോകുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വെള്ളൂർ പഞ്ചായത്തിലെ 4, 5 വാർഡുകളിലെ ശുദ്ധജല വിതരണത്തിനായി 40 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ആസൂത്രണത്തിൻെറ അഭാവം മൂലം ഈ പദ്ധതി പരാജയപ്പെട്ടിരിക്കുകയാണ്.

1997-ൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറിയുമായി ചേർന്ന്, അതിബൃഹത്തായ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിൻെറ പ്രാരംഭ ജോലികൾ ആരംഭിച്ചു കഴിഞ്ഞു. 4.5 കോടി രൂപ മതിപ്പു ചിലവ് പ്രതീക്ഷിക്കുന്ന ''ആക്സിലേററഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം'' എന്ന പദ്ധതി വെള്ളൂറ മുളക്കുളം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഉദ്ദേശിച്ചാണ് നടപ്പിലാക്കുന്നത്.

## ഗ്രാമസഭാ നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. മൂവാറ്റുപുഴയാറ്റിൽ നിന്നോ അതതു പ്രദേശത്തെ ശുദ്ധജല സ്രോതസ്സുകളിൽ നിന്നോ ജലം ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്രാദേശിക ചെറുകിട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

2. ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് ആവശ്യമുള്ള ശുദ്ധജലം മൂവാറ്റുപുഴയാറ്റിൽ നിന്നും ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള വളരെ വലിയൊരു പദ്ധതി നിലവിലുണ്ട്. ഇതുവഴി ന്യൂസ് പ്രിൻറ് നഗറിലെ കോർട്ടേഴ്സുകളുള്ള കോളനിയിൽ യാതൊരു തടസ്സവുമില്ലാതെ ജലം വിതരണം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ കോളനിക്ക് വെളിയിലേക്ക് ഫാക്ടറി കുടിവെള്ള വിതരണത്തിന് ഇട്ടിരിക്കുന്ന പൈപ്പിൽ പലപ്പോഴും വെള്ളം ലഭിക്കുന്നില്ല എന്നത് വിരോധാഭാസമാണ്. ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ ശുദ്ധജല വിതരണ പദ്ധതി വികസിപ്പിച്ചോ സമാനമായ പദ്ധതികൾ നടപ്പിലാക്കിയോ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തെയും കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതാണ്.

3. പ്രകൃതി ദത്തമായ ജലസ്രോതസ്സുകൾ നികത്തുന്നത് തടയുകയും അവയെ സംരക്ഷിക്കുകയും ചെയ്യണം. ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ ജനപങ്കാളിത്തത്തോടെ ശുദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതു ടാപ്പുകളിൽ നിന്നും വെള്ളം കൃഷി ആവശ്യത്തിനും വണ്ടികൾ കഴുകുന്നതിനും മറ്റും ഉപയോഗിക്കുന്നത് കർശനമായി തടയണം.

4. പൊതു കിണറുകളുടേയും ടാപ്പുകളുടേയും സമീപത്ത് കുളിക്കുന്നതും വസ്ത്രം കഴുകുന്നതും തടയണം.

5. മൂവാറ്റുപുഴയാറ്റിലെ മണൽ വാരൽ നിയന്ത്രിക്കണം.

6. ന്യൂസ് പ്രിൻറ് ഫാക്ടറിയിൽ നിന്നുള്ള മലിനീകരണം അവസാനിപ്പിക്കണം. പാടത്ത് ശുദ്ധീകരിക്കാത്ത മലിന ജലം ഒഴുക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.

7. ശുദ്ധജല സംരക്ഷണത്തെക്കുറിച്ചും ജലജന്യ രോഗങ്ങളെകുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കണം.

8. വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളമൊഴുകി നഷ്ടപ്പെടാതെ അതതു പ്രദേശത്ത് മണ്ണിൽ താഴുന്നതിനും അതു വഴി ഭൂഗർഭ ജലനിലവാരം സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണം.

9. പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസ്സുകളിലെ ജലത്തിൻെറ ഗുണനിലവാരം ഓരോ വർഷവും പരിശോധിക്കുകയും വേനൽക്കാലത്ത് ആവശ്യമെങ്കിൽ ശുദ്ധീകരിക്കുകയും വേണം.

10. ഒന്നാം വാർഡിൽ പൊതു കിണർ, പൈപ്പ് കണക്ഷൻ എന്നിവ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണം.

11. ഒന്നാം വാർഡിൽ അറാക്കുളത്തിലെ പായൽ നീക്കം ചെയ്തു ശുദ്ധജലം കയറിയിറങ്ങുന്നതിന് പുഴയുമായി ബന്ധിപ്പിക്കുന്ന ചാപ്രവൈപ്പേൽ തോട് നന്നാക്കണം

12. വടകര പാടത്തുള്ള രണ്ടു കുളങ്ങളും വടകര കുത്തിൽ പുറത്തുള്ള ചക്കിക്കുളവും നന്നാക്കുകയും കല്ലുകെട്ടുകയും അത് കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുകയും വേണം.

13. ഉപയോഗ യോഗ്യമല്ലാതെ കിടക്കുന്ന ചന്ദ്രമലയിൽ നിലവിലുള്ള കുടിവെള്ള സംവിധാനം പുനർജീവിപ്പിക്കണം.

14. അഞ്ചാം വാർഡിലെ കോട്ടപ്പുറം, ചെറുകുന്നംപുറം ഇവിടങ്ങളിൽ ടാങ്കുകൾ നിർമ്മിക്കുകയും മൂട്ടാറ്റുപുഴയുടെ കരയിൽ കിണർ സ്ഥാപിച്ച് മോട്ടോർ വച്ച് വെള്ളം ടാങ്കുകളിൽ എത്തിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതുമാണ്.

***

# പൊതുജനാരോഗ്യം

**ആധുനിക ചികിത്സാ സംവിധാനങ്ങളുടെ കാര്യത്തിൽ കേരളം വികസിത രാജ്യങ്ങളോടൊപ്പം എത്തി നിൽക്കുന്നുവെങ്കിലും കേരളത്തിലെ രോഗാതുരത വർദ്ധിച്ചു വരുന്നു.**

ആരോഗ്യരംഗത്തെ സൂചികകൾ പരിശോധിക്കുമ്പോൾ കേരളം പല വികസിത രാജ്യങ്ങൾക്കുമൊപ്പം നില്ക്കുന്നതായി കാണാം. 2000–ാം ആണ്ടിൽ രാഷ്ട്രം കൈവരിയ്ക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ലക്ഷ്യങ്ങൾ കേരളം പല വർഷങ്ങൾക്കു മുമ്പേ കൈവരിച്ചു കഴിഞ്ഞു. ആരോഗ്യരംഗത്ത് സർക്കാരിൻെറ ബോധപൂർവ്വമുള്ള ഇടപെടലുകളും ഉയർന്ന സ്ത്രീ സാക്ഷരത നിരക്കും മറ്റുമാണ് ഇതിനു കാരണം. എന്നാൽ നാനാവിധ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. മലേറിയ പോലുള്ള രോഗങ്ങൾ തിരിച്ചു വരുകയും മറ്റു ചില പുതിയ മാരകരോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്യുന്നു. വെള്ളൂർ പഞ്ചായത്തിൻെറ സ്ഥിതി ഇതിൽ നിന്നും മെച്ചമല്ല.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ ആദ്യ ആരോഗ്യ കേന്ദ്രം 1974 വെള്ളൂരിൽ സ്ഥാപിക്കപ്പെട്ടു. കിടത്തി ചികിത്സിക്കുന്നതിനു സൗകര്യമുള്ള സർക്കാർ ആശുപത്രി പഞ്ചായത്തിൽ ഇല്ല. എന്നാൽ ചുരുങ്ങിയ തോതിൽ ഈ സൗകര്യമുള്ള രണ്ടു സ്വകാര്യ ആശുപത്രികൾ ഈ പഞ്ചായത്തിലുണ്ട്.

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം**

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം വെള്ളൂർ | ഓട് | സർക്കാർ വക | 12 | 1974 | |
| 2 | കുടുംബക്ഷേമ കേന്ദ്രം വടകര | ഓട് | സർക്കാർ വക | 1 | | കെട്ടിടം പൂർണ്ണമായും നനഞ്ഞൊലിക്കുന്നത് |
| 3 | കുടുംബക്ഷേമ കേന്ദ്രം ഇറുമ്പയം | കോൺക്രീറ്റ് | സർക്കാർ വക | 1 | | വെള്ളമില്ല. സെൻററിലേക്ക് പ്രവേശിക്കുന്നതിന് വഴിയില്ല |
| 4 | കുടുംബക്ഷേമ കേന്ദ്രം വരിക്കാം കുന്ന് | ഓട് | വാടക | 1 | 1990 | സ്വന്തമായി കെട്ടിടം ഇല്ല |
| 5 | ഗവൺമെൻറു ആയുർവ്വേദ ഡിസ്പെൻസറി വെള്ളൂർ | | വാടക | 4 | 1991 | സ്വന്തമായി കെട്ടിടം ഇല്ല. |

ഈ പഞ്ചായത്തിലുള്ളവർ വിദഗ്ദ്ധ ചികിത്സക്കായി വൈക്കം ഗവൺമെൻറ് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, എറണാകുളത്തും പരിസരത്തുമുള്ള സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ന്യൂസ് പ്രിൻറ നഗറിൽ ഫാക്ടറി ജീവനക്കാരുടെ ആവശ്യത്തിനായി കൂടുതൽ സൗകര്യമുള്ള ഒരു ആശുപത്രിയുണ്ട്. ഇതു കൂടാതെ എച്ച്.എൻ.എൽ. കോളനിയിൽ ജീവനക്കാർക്കു വേണ്ടി ഇ.എസ്.ഐ ആശുപത്രിയും നിലവിലുണ്ട്. പഞ്ചായത്തിൽ ശിശുരോഗ വിദഗ്ദ്ധർ, ഗൈനക്കോളജിസ്റ്റ്എന്നിവരുടെ സേവനം ലഭിക്കുന്നില്ല. ഇതിനായി മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

1996 വർഷത്തിൽ ഇതുവരെ വെള്ളൂർ പ്രൈമറി സെൻററിലും ആയുർവ്വേദ ഡിസ്പെൻസറിയിലും ചികിത്സക്കായി എത്തിയവരെ സംബന്ധിച്ച വിവരം പട്ടികയിൽ ചേർക്കുന്നു.

ജനങ്ങളുടെ ആരോഗ്യ നിലവാരം പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ നല്കുന്നതിനും ആരോഗ്യ പ്രവർത്തകരെ നിയമിച്ചിട്ടുണ്ടെങ്കിലും അവരുടെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല.

## പരിസര ശുചിത്വം

ആരോഗ്യ രംഗത്തെ പ്രധാനപ്പെട്ട പ്രശ്നം പരിസര ശുചിത്വം ഇല്ലായ്മയാണ്. കക്കൂസില്ലാത്ത 1204 വീടുകൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ അധികവും കോളനി പ്രദേശങ്ങളിലാണ്. കക്കൂസ് നിർമ്മാണത്തിനായി വിവിധ ഏജൻസികളിൽ നിന്ന് കഴിഞ്ഞ കുറേ വർഷങ്ങളായി ധനസഹായം നൽകിയിട്ടുണ്ട്.എന്നാൽ ഇപ്പോഴും നല്ലൊരു ശതമാനം വീട്ടുകാരും തുറസ്സായ സ്ഥലവും മൂവാറ്റുപുഴയാറുമാണ് മലവിസർജനത്തിനുപയോഗിക്കുന്നത്. ഇതൊരു പൊതുജനാരോഗ്യ പ്രശ്നമായി കണ്ട് ഏറ്റവും മുന്തിയ പരിഗണന നൽകി മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിനായി വാർഡു തലത്തിലും പഞ്ചായത്തു തലത്തിലും സന്നദ്ധ പ്രവർത്തകരുടേയും ആരോഗ്യ പ്രവർത്തകരുടേയും സഹകരണത്തോടെ വാർഡു വികസന സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

## മരുന്നുകളുടെ ദുരുപയോഗം

രോഗം മാറ്റുന്നതിനു വേണ്ടി ഉപയോഗിക്കേണ്ട മരുന്നുകളാണ് ഇന്നു കേരളത്തിൽ പല രോഗങ്ങൾക്കും പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. നിസ്സാര രോഗങ്ങൾക്കു പോലും ആവശ്യത്തലധികം മരുന്ന് കഴിക്കുന്ന ഒരു പ്രവണത കേരളീയരുടെ ഇടയിൽ വളർന്നു വന്നിട്ടുണ്ട്. തലവേദന, പനി മുതലായവയ്ക്കു മാർക്കറ്റിൽ സുലഭമായി ലഭിക്കുന്ന പല മരുന്നുകളും വാങ്ങി കഴിക്കുന്ന സ്വയം ചികിത്സാ രീതികളും കണ്ടുവരുന്നു. ഇതു മുതലെടുത്ത് പല മരുന്നു നിർമ്മാണ കമ്പനികളും കേരളത്തെ ഒരു പ്രധാന കമ്പോളമായി ഉപയോഗിച്ച് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നു. ആരോഗ്യ സംരക്ഷണത്തിൽ മലയാളികൾക്കുള്ള അമിത ശ്രദ്ധയും ഈ രംഗത്തെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മയുമാണ് ഇതിനു പ്രധാന കാരണം. പല ഡോക്ടർമാരും കച്ചവട കണ്ണോടെ ചികിത്സയെ കാണുകയും ആവശ്യത്തിൽ അധികം മരുന്നു കഴിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിൻെറ ദോഷഫലത്തെക്കുറിച്ചും ആരോഗ്യ സംരക്ഷണ പ്രശ്നങ്ങളെകുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്.

നൂറ്റാണ്ടുകളായി കേരളത്തിൽ ഉപയോഗിച്ചു വരുന്ന ചികിത്സാ സമ്പ്രദായമാണ് ആയുർവ്വേദം. പല രോഗങ്ങളും പൂർണ്ണമായി ഭേദപ്പെടുത്താനുള്ള ചികിത്സാ വിധികൾ ഈ പരമ്പരാഗത ചികിത്സാ സമ്പ്രദായത്തിലുണ്ട്. പച്ചമരുന്നുകളുടെ ദൗർലഭ്യം ഈ രംഗത്ത് ഒരു പ്രശ്നമാണ്. ഇന്ന് കമ്പോള സംസ്ക്കാരം ആയുർവ്വേദ മരുന്നുകളുടെ രംഗത്തും കടന്നു കയറ്റം നടത്തിയിരിക്കുന്നു. ആഡംബര വസ്തുക്കൾ വിറ്റഴിക്കുന്നതുപോലെ തന്നെ മോഹിപ്പിക്കുന്ന പരസ്യങ്ങളുടെ പിൻബലത്തോടെ പല കച്ചവട പേരുകളിലുള്ള ആയുർവ്വേദ മരുന്നുകളും വിറ്റഴിക്കപെടുന്നു. മരുന്നു കമ്പനികൾ അവകാശപ്പെടുന്ന ഗുണനിലവാരവും, ചേരുവകളായി ഉപയോഗിക്കുന്ന പച്ചമരുന്നുകൾ യഥാർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്ന വിവരവും ഉറപ്പാക്കാൻ സംവിധാനമില്ല. ആയുർവ്വേദ മരുന്നുകളുടെയും പച്ചമരുന്നുകളുടെയും ഫലപ്രദമായ ഉപയോഗത്തെ കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. തിരുമ്മു ചികിത്സ, വിഷ ചികിത്സാ , മഞ്ഞപ്പിത്തത്തിന് ഒറ്റ മൂലി ചികിത്സാ മുതലായ പരമ്പരാഗത ചികിത്സാ വിധികൾ നടത്തുന്ന വൈദ്യന്മാർ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട്.

ഇന്ന് വളരെയധികം പ്രചാരം സിദ്ധിച്ച ഒരു ചികിത്സാ സമ്പ്രദായമാണ് ഹോമിയോ. പാർശ്വ ഫലങ്ങൾ വളരെ കുറവാണ് എന്നതാണ് ഈ സമ്പ്രദായത്തിൻെറ പ്രത്യേകത. പഞ്ചായത്തിലെ പല വാർഡുതല ഗ്രാമസഭകളിലും സർക്കാർ തലത്തിൽ ഹോമിയോ ക്ലിനിക്കുകൾ ആരംഭിക്കേണ്ടതിൻെറ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ ഏകദേശം നാലു ഹോമിയോ ക്ലിനിക്കുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

മരുന്നുകൾ ഉപയോഗിക്കാതെയുള്ള ചികിത്സാ രീതിയും പ്രതിരോധ മാർഗ്ഗങ്ങളും പ്രയോഗത്തിൽ കൊണ്ടു വന്നിട്ടു

ള്ള പ്രകൃതി ചികിത്സാ രീതിക്ക് ഇന്നു പ്രചാരം കൂടി വരുകയാണ്. ചെലവു കുറഞ്ഞതും ഫലപ്രദമായതുമായ ഈ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനായി ക്ലാസുകളും ക്യാംപുകളും സംഘടിപ്പിക്കാവുന്നതാണ്.

## ആരോഗ്യ സംരക്ഷണം.

രോഗം വന്നതിനു ശേഷം ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുന്നതാണ് ഉത്തമമെന്ന ചൊല്ല് പ്രസിദ്ധമാണല്ലോ. എന്നാൽ ഇന്നു ചികിത്സാ സൗകര്യങ്ങളുടെ വർദ്ധനവ് രോഗപ്രതിരോധത്തെക്കാൾ ചികിത്സയ്ക്കാണ് പ്രാധാന്യം നൽകുന്നത്. ആരോഗ്യ രംഗത്ത് സർക്കാർ മുടക്കുന്ന തുകയുടെ സിംഹഭാഗവും രോഗചികിത്സക്കു വേണ്ടിയാണ് ഉപയോഗിക്കുന്നത്. രോഗം ഇല്ലാത്ത അവസ്ഥക്കാണ് ആരോഗ്യം എന്നു പറയുന്നത്. ശരിയായ ആരോഗ്യം നിലനിർത്തുന്നതിന് ആരോഗ്യ സംരക്ഷണ നടപടികളെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരാകേണ്ടതുണ്ട്. ആധുനിക ചികിത്സാ സംവിധാനങ്ങളുടെ കാര്യത്തിൽ കേരളം വികസിത രാജ്യങ്ങളോടൊപ്പം എത്തിനിൽക്കുന്നുവെങ്കിലും കേരളത്തിലെ രോഗാതുരത വർദ്ധിച്ചുവരുന്നു. കേരളീയരുടെ ഇന്നത്തെ ജീവിതക്രമമാണ് ഇതിനു പ്രധാന കാരണം. ഫാസ്റ്റ് ഫുഡ് പാക്ക്ട്ഫുഡ് ഇവയുടെ ഉപയോഗം, സൗന്ദര്യ ആരോഗ്യ സംരക്ഷണത്തിൻെറ പേരിൽ വൻ പരസ്യങ്ങളുടെ അകമ്പടിയോടെ ഇറങ്ങുന്ന മരുന്നുകളുടേയും ആഡംബരവസ്തുക്കളുടേയും ഉപയോഗം എന്നിവ കേരളത്തിലെ മറ്റുപല പ്രദേശങ്ങളിലേയും പോലെ വെള്ളൂർ പഞ്ചായത്തിലും വർദ്ധിച്ചിട്ടുണ്ട് .

കീടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം ആരോഗ്യരംഗത്തെ മറ്റൊരു പ്രധാന പ്രശ്നമാണ്. ശരിയായ ആരോഗ്യ സംരക്ഷണത്തിന് വേണ്ടത്ര പോഷക ഗുണമുള്ള മിതമായ ആഹാരവും വ്യായാമവും അത്യന്താപേക്ഷിതമാണ്. എന്നാൽ കുട്ടികളുടെ ഇടയിൽ പോലും ഇവയെ കുറിച്ചുള്ള ബോധവല്ക്കരണ പ്രവർത്തനം നടക്കുന്നില്ല. സ്പോർട്സിനെ പൊതുജനാരോഗ്യവുമായി ബന്ധപ്പെടുത്തി കാണേണ്ടതുണ്ട്. ഈ അർത്ഥത്തിൽ സ്പോർട്സ് വികസനത്തിനു വേണ്ടി ഗ്രമപഞ്ചായത്ത് പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി ക്ലബുകളെ ഉൾപ്പെടുത്തി കൊണ്ട് ഇത്തരമൊരു പ്രവർത്തനം സംഘടിപ്പിക്കാവുന്നതാണ്.

## പരിസര മലിനീകരണം.

വ്യവസായ വൽക്കരണത്തിൻെറ ഭാഗമായുണ്ടായിരിക്കുന്ന മലിനീകരണം ഈ പ്രദേശത്തെ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡ്, കൊച്ചിൻ സിൻറ്സ് ലിമിറ്റഡ് എന്നീ രണ്ടു വലിയ വ്യവസായ ശാലകൾ ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ന്യൂസ് പ്രിൻറ് ഫാക്ടറിയിൽ നിന്നു പുറത്തു വിടുന്ന പുകയും കൽക്കരി പൊടിയും വളരെ വലിയൊരു വിസ്തൃതിയിൽ അന്തരീക്ഷത്തിൽ വ്യാപിക്കുന്നുണ്ട്. പൾപ്പു നിർമ്മാണത്തിൻെറ ഭാഗമായുണ്ടാകുന്ന ദുർഗന്ധം ഈ പഞ്ചായത്തിൽ മാത്രമല്ല കിലോ മീറ്ററുകൾ അപ്പുറം വരെയെത്തുന്നുണ്ട്. അന്തരീക്ഷ മലിനീകരണം ഈ പ്രദേശത്ത് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. അടുത്ത കാലത്തു വെള്ളൂരിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള സിമൻറ് കമ്പനി കൂടുതൽ രൂക്ഷമായ അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുമെന്ന് പരിസര വാസികൾ ഭയപ്പെടുന്നു.

ന്യൂസ് പ്രിൻറ് ഫാക്ടറി മുഖേന വളരെ രൂക്ഷമായ ജലമലിനീകരണം ഈ പ്രദേശത്ത് അനുഭവപ്പെടുന്നുണ്ട്. ശുദ്ധജല ലഭ്യതയ്ക്കും ജൈവ സമ്പത്ത് നഷ്ടപ്പെടുന്നതിനും ഇതു കാരണമാകുന്നു. മേൽപ്പറഞ്ഞ ഫാക്ടറികളുടെ മലിനീകരണ നിയന്ത്രണ സംവിധാനം പര്യാപ്തമാണെന്നും ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. പരിസര മലിനീകരണം മൂലം ഈ പ്രദേശത്ത് ഉണ്ടായിട്ടുള്ള രോഗങ്ങളെ കുറിച്ച് പഠനം നടത്തുകയും അവയ്ക്കു പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. ഒന്നാം വാർഡിൽ പി.എച്ച്.സിയും ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക
2. പഞ്ചായത്തിലെ എല്ലാ വീടുകളിലും കക്കൂസു നിർമ്മിക്കാനുള്ള സമഗ്ര പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുക
3. തട്ടാവേലി കടവിൽ പൊതു കക്കൂസ് നിർമ്മിക്കുക.
4. രണ്ടാം വാർഡിൽ പൊതുജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുക
5. കൊതുകുനിവാരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക
6. ലൈസൻസ് ഇല്ലാതെനായ് വളർത്തൽ കർശനമായി തടയുക.
7. 3-ാം വാർഡിൽ പി.എച്ച്സിയും ഹോമിയോ ക്ലിനിക്കും സ്ഥാപിക്കുക
8. പഞ്ചായത്തിൽ നിലവിലുള്ള ആയുർവ്വേദ ആശുപ

ത്രി വികസിപ്പിച്ച് 50 കിടക്കകളെങ്കിലും ഉള്ള ആധുനിക സജ്ജീകരണങ്ങളുള്ള ആശുപത്രിയായി ഉയർത്തണം.

9. മലമ്പനി എലിപ്പനി ഇവയുടെ നിർമ്മാർജനത്തിന് നടപടി സ്വീകരിക്കണം.

10. നാലാം വാർഡിൽ ഹെൽത്തു സെൻറർ സ്ഥാപിക്കണം

11. കോട്ടപ്പുറം കേന്ദ്രീകരിച്ച് പി.എച്ച്സിയും ഹോമിയോ ക്ലിനിക്കും തുടങ്ങണം.

12. വെള്ളൂർ പി.എച്ച്.സി വികസിപ്പിച്ച് ആധുനിക സൗകര്യങ്ങളുള്ള ആശുപത്രിയായി ഉയർത്തണം.

13. ആരോഗ്യ പ്രവർത്തകർ കൃത്യമായി വീടുകൾ സന്ദർശിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

14. മദ്യപാനം, പുകവലി ഇവയ്ക്കെതിരേയുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

15. വെള്ളൂർ ഗവൺമെൻറ് ആശുപത്രിയിലുള്ള ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കണം. -ആശുപത്രിയിൽ ഫോൺ സൗകര്യം ഉണ്ടാക്കണം.

16. ശുചിത്വ പാലനം സംബന്ധിച്ചു ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കണം.

17. ഗൈനക്കോളജിസ്റ്റിൻേറയുംശിശുരോഗ വിദഗ്ദ്ധരുടേയും സേവനം ഈ പഞ്ചായത്തിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ലഭ്യമാക്കണം.

18. കൊച്ചിൻ സിമൻറു കമ്പനിയുമായി ബന്ധപ്പെട്ടു വരുന്നവർക്ക് പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള സൗകര്യങ്ങൾ കമ്പനി തന്നെ നിർമ്മിച്ച് നൽകണം.

19. വെള്ളൂർ കവലയിൽ ബസ്, ടാക്സി ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി പണം നൽകി ഉപയോഗിക്കാവുന്ന കക്കൂസ്, മൂത്രപ്പുര നിർമ്മിക്കണം.

20. ചന്ദ്രാമല രശ്മി മഹിളാ സമാജത്തിൽ പ്രതിരോധ കുത്തിവെയ്പുകൾക്കു വേണ്ട സൗകര്യം ചെയ്യേണ്ടതാണ്.

21. 9–ാം വാർഡിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൻെറ സേവനം മെച്ചപ്പെടുത്തണം.

22. 9–ാം വാർഡിൽ ആയുർവ്വേദ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

23. 10–ാം വാർഡിൽ ഹെൽത്തു സെൻറർ–ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കണം.

24. ന്യൂസ് പ്രിൻറ് ഫാക്റിയിൽ നിന്നും സിമൻറ് ഫാക്ടറിയിൽ നിന്നുമുള്ള മലിനീകരണം തടയണം. മലിനീകരണം മൂലം ഈ പഞ്ചായത്തിൽ വർദ്ധിച്ചിരിക്കുന്ന രോഗങ്ങളെക്കുറിച്ചു പഠനം നടത്തുകയും പരിഹാരം കാണുകയും വേണം.

25. കൊച്ചിൻ സിമൻറ്സിൻെറ ക്ലിംഗർ കമ്പനിക്ക് പുറത്തുള്ള സ്ഥലത്ത് സ്റ്റോക്കു ചെയ്യുന്നത് തടയണം.

26. പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും രക്ത ഗ്രൂപ്പ് നിർണ്ണയിച്ച് അതിൻെറ രേഖ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കണം.

27. രക്ത ദാനത്തിൻേറയും നേത്ര ദാനത്തിൻേറയും പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപെപടുത്തുന്നതിനായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.

താഴെ പറയുന്ന സ്ഥലങ്ങളിൽ കുളിക്കടവ് സ്ഥാപിക്കണം.

ഒന്നാം വാർഡിൽ വലിയതോട്, തൈക്കാവ്, തട്ടാവേലിക്കടവ്

മൂന്നാം വാർഡിൽ കോച്ചേരി, മറ്റോഴി, അകമ്പാടം.

ഏഴാം വാർഡിൽ മുഴിക്കോട് പുത്തംപറമ്പിൽ താഴെ കൃഷി സ്ഥലത്തിനോടു ചേർന്ന പൊതു കുളം

എട്ടാം വാർഡിൽ കൂടുതൽ ജനങ്ങൾ ഉപയോഗിക്കുന്ന കുളിക്കടവുകൾ കെട്ടി സംരക്ഷിക്കണം.

❀ ❀ ❀

രോഗികളെ സംബന്ധിച്ച വിവരങ്ങൾ - ഗവ:ഡിസ്പെൻസറി വെള്ളൂർ

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | രോഗങ്ങൾ സംബന്ധിച്ച വിവരം | | | വിഷ ചികിൽസ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| | | | ത്വക് രോഗം | വാത രോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | | | |
| 92-93 | | 65335 | 252 | 118 | 3186 | ഇല്ല | 61779 | 65335 |
| 93-94 | ഇല്ല | 67160 | 431 | 131 | 3271 | ഇല്ല | 61765 | 67160 |
| 94,95 | ഇല്ല / | 66065 | 618 | 135 | 4110 | ഇല്ല | 61202 | 66065 |
| 95-96 | ഇല്ല | 70810 | 714 | 128 | 5596 | ഇല്ല | 64372 | 70810 |
| ആകെ | -- | 269370 | 2015 | 512 | 16163 | -- | 250118 | 269370 |

രോഗികളെ സംബന്ധിച്ച വിവരം-
ഗവഃആയുർവ്വേദ ഡിസ്പെൻസറി

| വർഷം | പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|---|
| 91-92 | 8147 | 19034 | 4787 | 31968 |
| 92-93 | 7888 | 15107 | 3856 | 26851 |
| 93-94 | 7790 | 13394 | 3215 | 24389 |
| 94-95 | 8289 | 13793 | 2836 | 24908 |
| 95-96 | 5419 | 15099 | 2097 | 22615 |
| 96-97 | 4013 | 10704 | 1246 | 15963 |
| (നവംബർ വരെ) | | | | |

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ -
പഞ്ചായത്തിൽ

| കുട്ടികളുടെ എണ്ണം | ദമ്പതികളുടെ എണ്ണം | സ്ഥിര മാർഗ്ഗം | താല്ക്കാലിക മാർഗ്ഗം | ആകെ |
|---|---|---|---|---|
| 1 | 935 | 6 | 358 | 364 |
| 2 | 1618 | 1127 | 170 | 1297 |
| 2 ൽ കൂടുതൽ | 826 | 678 | 52 | 730 |
| ആകെ | 3379 | 1811 | 570 | 2391 |

അവലംബം: ഗവ: ഡിസ്പെൻസറി രേഖ

പകർച്ച വ്യാധി-വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993—94 | 21 | 56 | 8 |
| 1994—95 | 7 | 53 | 11 |
| 1995—96 | 10 | 67 | 8 |

പഞ്ചായത്തിൽ കക്കൂസുകളില്ലാത്തവരെ
സംബന്ധിച്ച വിവരം

| വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| I | 160 |
| II | 120 |
| III | 120 |
| IV | 142 |
| V | 120 |
| VI | 104 |
| VII | 34 |
| VIII | 92 |
| IX | 71 |
| X | 241 |
| ആകെ | 1204 |



# വിദ്യാഭ്യാസം

# വിദ്യാഭ്യാസം



നവോത്ഥാന പ്രസ്ഥാനവും, അതേതുടർന്ന് വ്യാപകമായ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനവുമാണ് കേരളത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കുവാനിടയാക്കിയത്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ നിലനിന്നിരുന്ന ഭൂവുടമാബന്ധം കൂടുതൽ ഇടത്തട്ടുകാരെ സൃഷ്ടിക്കുന്നതരത്തിലുള്ളതായിരുന്നു. ഇത് മിഷനറി പ്രവർത്തനങ്ങൾക്ക് സഹായകമാവുകയും, അതുവഴി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു നാട്ടുരാജാക്കന്മാരുടെ താരതമ്യേന ജനക്ഷേമകരമായ പ്രവർത്തനങ്ങളും ഇതിന് സഹായകമായി വർത്തി ച്ചിട്ടുണ്ട്.

> സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ജനകീയ സർക്കാരുകളുടെ പ്രധാന അജണ്ടയായിരുന്നു. എന്നാൽ 80-കൾക്കു ശേഷം ജാതി-മത-വിഭാഗഗീയ താൽപ്പര്യങ്ങൾ ക്കനുസൃതമായി വിദ്യാഭ്യാസ രംഗത്തെ മാറ്റിമറിക്കുകയും വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കുകയും ചെയ്തതിൻെറ ഫലമായി പൊതുവിദ്യാസം ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു.

ഐക്യകേരളപ്പിറവിക്കുശേഷം കേരളം ഭരിച്ചജനകീയ സർക്കാർ വിദ്യാഭ്യാസമേഖലയെ കൂടുതൽ ജനകീയവത്കരിക്കുകയും, സകർക്കാർ, മാനേജ്മെൻറ് മേഖലയിൽ സ്കൂളുകൾ സ്ഥാപിതമാവുകയും ചെയ്തു. ഫീസ് ഇളവ് അനുവദിക്കുകയും, അവശ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻറ് ഏർപ്പെടുത്തുകയം, ഉച്ചഭക്ഷണം നൽകുകയും ചെയ്തത് സാധാരണക്കാർക്ക് ഏറെ സഹായകമായി. സാർവ്വത്രികവും, സൗജന്യവുമായ വിദ്യാഭ്യാസമെന്നത് ജനകീയ സർക്കാരുകളുടെ പ്രധാന അജണ്ടയായി മാറിയിരിക്കുന്നു. എന്നാൽ 80 – കൾക്കു ശേഷം ജാതി-മത-വിഭാഗീയ താല്പര്യങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ രംഗത്തെ മാറ്റിമറിക്കുകയും, വിദ്യാഭ്യാസം കച്ചവടച്ചരക്കാക്കി മാറ്റുകയും ചെയ്തതിൻെറ ഫലമായി പൊതുവിദ്യാഭ്യാസ രംഗം ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. ഇംഗ്ലീഷ് മാധ്യമത്തിലൂന്നിയുള്ള വിദ്യാഭ്യാസം ഒരു പുതിയ തരംസംസ്കാരം രൂപപ്പെടുത്തുകയും തത്ഫലമായി മാതൃഭാഷയും സാംസ്കാരവും അവഗണിക്കപ്പെടുയും ചെയ്യുന്ന നിർണ്ണായകമായ ഒരു ഘട്ടത്തിലാണ് ഇന്ന് നമ്മുടെ വിദ്യാഭ്യാസ മേഖല എത്തി നിൽക്കുന്നത്.

19-ാം നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ തന്നെ മധ്യതിരുവിതാംക്കൂർ കേന്ദ്രീകരിച്ച് കേരളത്തിൽ ക്രൈസ്തവ മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വെള്ളൂർ പഞ്ചായത്തിൻെറ വിദ്യാഭ്യസ ചരിത്രവും ആരംഭിക്കുന്നത് ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെടു തന്നെയാണ്. വിശാലമായ വനപ്രദേശവും, കൊച്ചിതിരുവിതാംകൂർ നാട്ടു രാജ്യങ്ങളുടെ അതിർത്തിയായ കോട്ടയും ഉൾപ്പെട്ടിരുന്ന ഈ പ്രദേശത്ത് ഈ നൂറ്റാണ്ടിൻെറ ആദ്യകാലത്ത് ജനവാസം കുറവായിരുന്നു. വളരെ പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങൾ മാത്രമേ അന്നുണ്ടായിരുന്നുള്ളു. ഏതാനും ആശാൻ കളരികളും, കുടിപ്പള്ളിക്കൂടങ്ങളുമായിരുന്നു അവ. സവർണ്ണവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മാത്രമേ ഈ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിച്ചിരുന്നുള്ളു.

ഈ സ്ഥതിക്ക് മാറ്റം വരുന്നത് ഏതാണ്ട് 125 വർഷങ്ങൾക്ക് മുമ്പ് ഇറുമ്പയത്ത് CMS ക്രിസ്ത്യൻ മിഷണറിമാരാൽ സ്ഥാപിക്കപ്പെട്ട ഒരു സ്കൂളിൻെറ വരവോടെയായിരുന്നു.

മത പ്രചാരണാർത്ഥമാണ് മിഷണറിമാർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും ജാതിവ്യവസ്ഥയാൽ അടിച്ചമർത്തപ്പെട്ടിരുന്ന അധ:സ്ഥിതരെ ഉയർത്തിക്കൊണ്ടു വരുന്നതിൽ ചരിത്രപരമായി ഇവർ ക്രിയാത്മകമായ പങ്ക് വഹിക്കുകയുണ്ടായി.

നൂറ്റാണ്ടുകളായി ആടുമാടുകളെപ്പോലെ അജ്ഞതയിൽ കഴിഞ്ഞിരുന്ന ഒരു വലിയ വിഭാഗത്തിന് വെളിച്ചം പകരുവാൻ ഇത് കാരണമായി

സി.എം.എസ്, എൽ.പി. സ്കൂൾ ഇറുമ്പയം

മരത്തൂണുകളിൽ ഉറപ്പിച്ച പുല്ലുകൊണ്ട് മേഞ്ഞ ഈ പ്രഥമ വിദ്യാലയം ആരാധനാലയമായും അന്നുപയോഗിച്ചുവന്നു. 1918-ൽ പള്ളിമാറ്റി സ്ഥാപിക്കുന്നതുവരെ ഈ നിലതുടർന്നു വന്നു. സ്കൂളിന് ഇന്നത്തെ നിലയിൽ ഉറപ്പുള്ള കെട്ടിടമുണ്ടാകുന്നത് 1909-ൽ ആണ്.

സി.എം.എസ്. എൽ.പി. സ്കൂൾ വടകര

1906-ൽ വടകരയിൽ പ്രവർത്തനം ആരംഭിച്ച കുടിപ്പള്ളിക്കൂടമായിരുന്നു പഞ്ചായത്തിലെ രണ്ടാമത്തെ വിദ്യാഭ്യാസസ്ഥാനം. തോമസ് ആശാൻ എന്ന് വ്യക്തിയായിരുന്നു ഇതിന് നേതൃത്വം നല്കിയത്. മിഷണറിമാരായിരുന്നു ഈ സ്കൂളിൻെറയും സ്ഥാപകർ. ദേവാലയത്തിലെ ശുശ്രൂഷകനും കൂടിയായിരുന്നു വല്യാശാൻ എന്നറിയപ്പെട്ടിരുന്ന തോമസ്സ് ആശാൻതന്നെയായിരുന്നു ഈ സ്കൂളിലെ ആദ്യത്തെ അധ്യാപകൻ. ഏകദേശം 130 കുട്ടികളും, 4 അധ്യാപകരുമായി പ്രവർത്തനമാരംഭിച്ച ഇവിടെ ക്രമേണ കുട്ടികളുടെ എണ്ണം വർധിക്കുകയും, 300 ഉം 400ഉം മായി ഉയരുകയും ചെയ്തു. സമീപ പ്രദേശങ്ങളിൽ മുന്തിയ സ്കൂളുകളുടെ വരവോടെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. ഇന്ന് 106 കുട്ടികൾ മാത്രമാണ് ഇവിടെയുള്ളത് 1986-ൽ ദേവാലയം മാറ്റിസ്ഥാപിക്കപ്പെട്ടു കുട്ടികളിൽ 20-25 വയസുവരെ പ്രായമുള്ളവർ പോലും ഉണ്ടായിരുന്നു.

ഗവ: എൽ.പി.സ്കൂൾ വെള്ളൂർ

വെള്ളൂരിൽ 1914ൽ സ്ഥാപിക്കപ്പെട്ട സർക്കാർ പ്രൈമറി സ്കൂളാണ് പഞ്ചായത്തിലെ മറ്റൊരു വിദ്യാലയം. താരതമേന്യ നല്ല നിലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഒരു വിദ്യാലയമാണിത്. ഇപ്പോൾ ഈ സ്കൂളലെ കുട്ടികളുടെ എണ്ണം 248 ആണ്.

കാരുണ്യമാതാ എൽ.പി.സ്കൂൾ കരിപ്പാടം

പഞ്ചായത്തിൽ ഏറ്റവും അവസാനമായി സ്ഥാപിതമായ സ്കൂളാണ് ഇത്. സ്വകാര്യമാനേജ് മെൻറിൻെറ കീഴിലുള്ള ഈ സ്കൂളിൽ താരതമ്യേന മെച്ചമായ ഭൗതിക



സാഹചര്യങ്ങളാണ് ഉള്ളത്. പഞ്ചായത്ത് മേഖല തലങ്ങളിൽ നടക്കുന്ന വിജ്ഞാനോത്സവങ്ങളിലും മറ്റ് പാഠ്യേതര പരിപാടികളിലും ഈ സ്കൂൾ മെച്ചമായ നിലവാരം പുലർത്തുന്നു. ഈ സ്കൂളിൽ ഇപ്പോൾ 248 കുട്ടികളും 11 അദ്ധ്യാപകരും ഉണ്ട്.

KHM LPS വരിക്കാംകുന്ന്

1935-ൽ സ്ഥാപിതമായി. പ്രാദേശിക മാനേജ്മെൻറിൻെറ കീഴിൽ പ്രവർത്തനമാരംഭിച്ച സ്ക്കൂൾ 1942-ൽ കേരളാ ഹിന്ദുമിഷന് കൈമാറി. ഇപ്പോൾ 110 കുട്ടികളാണ് സ്കൂളിലുള്ളത്.

വേണ്ടത്രസ്ഥല സൗകര്യങ്ങൾ ഉണ്ട് എന്നതിനാലും അടുത്തെങ്ങും യു.പി. സ്ക്കൂൾ ഇല്ല എന്നതിനാലും ഇത് ഒരു യു.പി. സ്ക്കൂൾ ആയി ഉയർത്തുന്നത് വളരെ പ്രയോജനം ചെയ്യും.

ആദ്യകാലത്ത് പ്രൈമറി വിദ്യാഭ്യാസസൗകര്യം മാത്രമുണ്ടായിരുന്ന പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വൈക്കത്തും തലയോലപ്പറമ്പിലുമുണ്ടായിരുന്ന സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. റോഡുകളോ ഗതാഗതസൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് 16മുതൽ 20 കിലോമീറ്റർവരെ നടന്ന് പോയി വിദ്യഅഭ്യസിക്കുവാൻ ജനങ്ങൾ നിർബന്ധിതരായി. ഈ അസൗകര്യം പലരെയും തുടർവിദ്യാഭ്യാസത്തിൽ നിന്നും പിന്തിരിപ്പിക്കുകയും ചെയ്തു.

കെ.എം. ഹൈസ്കൂൾ വെള്ളൂർ

1962-ൽ ആണ് വെള്ളൂരിൽ ഒരു ഹൈസ്ക്കൂൾ സ്വകാര്യ മേഖലയിൽ ആരംഭിക്കുന്നത്. ശ്രാ. കുഞ്ഞിരാമൻ പുത്തൻ പുരയിൽ അരംഭിച്ച ഈ സ്ക്കൂൾ ഇന്ന് ആ പേരിൽ തന്നെ

അറിയപ്പെടുന്നു. തുടക്കത്തിൽ 10–ാം ക്ലാസ്സ് പൊതു പരീക്ഷാ കേന്ദ്രത്തിൻെറ അഭാവം ഉൾപ്പെടെ പലപരിമിതികളും ഈ സ്കൂളിൻെറ പ്രവർത്തനത്തെ ബാധിച്ചിരുന്നു. ഈ സ്കൂളിൽ ആദ്യക്കാലത്ത് കുട്ടികൾ ധാരാളമുണ്ടായിരുന്നുവെങ്കിലും ഇന്ന് കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. സമീപപ്രദേശങ്ങളിൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഇവിടത്തെ വിദ്യാഭ്യാസ നിലവാരം മോശമായതും കുട്ടികളുടെ എണ്ണം കുറയാൻ കാര ണമായിട്ടുണ്ട്.

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. 1965–ൽ ആണ്. തലയോലപ്പറമ്പിൽ ദേവസ്വം ബോർഡ് കോളേജ് സ്ഥാപിതമാകുന്നത്. ഇതിൻെറ സ്ഥാപനത്തിന് മുമ്പ് ഉന്നത വിദ്യാഭ്യാസസത്തിനായി കോട്ടയത്തും എറണാകുളത്തുമുള്ള കോളേജുകളെയാണ് ഇന്നാട്ടുകാർ ആശ്രയിച്ചിരുന്നത്. ഇന്ന് ഉന്നത വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ആശ്രയിക്കുന്നത് തലയോലപ്പറമ്പ് ദേവസ്വം ബർഡ് കോളെജിനെയാണ്. എങ്കിലും ബിരുദാനന്തര പഠനത്തിനുള്ള സൗകര്യം ഇവിടെ പരിമിതമാണ്. കുറവിലങ്ങാട്, വൈക്കം, പാലാ, മാന്നാനം, തൊടുപുഴ, മൂവാറ്റുപുഴ, എറണാകുളം, കോട്ടയം തുടചങ്ങിയ സ്ഥല ങ്ങളിലെ കോളേജുകളിലും ഇവിടെ നിന്ന് വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിനായി പോകുന്നുണ്ട്.

### അന്ധബധിര വിദ്യാലയം, നീർപ്പാറ

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്തുകൊണ്ടും സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ് നീർപ്പാറയിലെ അന്ധബധിര വിദ്യാലയം, 1968–ൽ ആണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. കേരള കത്തോലിക്ക സഭാസ്ഥാപകനും ചെമ്പ് സ്വദേശിയുമായ മോൺ: ജോസഫ് കെ. ഡബ്ളിയു തോമസ് കണ്ടത്തിൽ ആണ് ഇതിൻെറ സ്ഥാപകൻ. 14 ബധിരവിദ്യാർത്ഥികളും 3 അദ്ധ്യപകരുമായി ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇന്ന് 276 കുട്ടികളും 23 അദ്ധ്യാപകരും ഉണ്ട്. 1970–ൽ ആംഗീകാരം ലഭിച്ച ഈ സ്കൂൾ 1989–ൽ ബധിര വിദ്യാർത്ഥികൾക്കുള്ള ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. എന്നാൽ അന്ധ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനുള്ള സൗകര്യമില്ല.

കായിക കലാ രംഗങ്ങളിലും പ്രവർത്തി പരിചയരംഗങ്ങളിലും സംസ്ഥാന തലങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. തയ്യൽ, പ്രിൻറിംങ്ങ് കമ്പോസിംഗ്, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ, പച്ചക്കറിത്തോട്ട നിർമ്മാണം എന്നിവയിൽ ഇവിടെ പരിശീലനം നൽകിവരുന്നു. ഏറ്റവും കൂടുതൽ വികലാംഗർക്ക് ജോലി നൽകിയതിന് 1993–ൽ ദേശീയ അവാർഡും, മികച്ച സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്. പ്രവേശനം തേടിവരുന്ന വിദ്യാർത്ഥികളിൽ ചെറിയ ശതമാനത്തിനു മാത്രമേ ഇവിടെ പ്രവേശനം നൽകാൻ കഴിയുന്നുള്ളു.

### കേന്ദ്രീയ വിദ്യാലയം, ന്യൂസ് പ്രിൻറ് നഗർ

ഹുന്ദുസ്ഥാൻ ന്യൂസ് പ്രൻറ് ഫാക്ടറിയുടെ വരവോടെ

വിദ്യാലയസൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | K.H.M.L.P.S. വാരിക്കാം കുന്ന് | 70സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | താല് | ഇല്ല | ഉണ്ട് | ഇല്ല |
| 2. | കാരുണ്യമാതാ L.P.S | 1ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 3. | C.M.S. L.P.S വടകര | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4 | CMS LPS ഇറുമ്പയം | 50 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | – | ഉണ്ട് | ഇല്ലാ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 5. | KMHS വെള്ളൂർ | 3 ഏക്കർ 8 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 ഏക്കർ | ഉണ്ട് |
| 6 | ഗവ: LPS വെള്ളൂർ | – | ഉണ്ട് | ഉണ്ട് | ഇല്ല | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | ഇല്ല |
| 7. | അന്ധബധിര വിദ്യാലായം | 41/2 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8. | കേന്ദ്രീയ വിദ്യാലയം ന്യൂസ്പ്രിൻറ് നഗർ | – | – | – | – | – | – | – | – | – | – | – |

സ്ഥാപിതമായ കേന്ദ്രീയ വിദ്യാലയമാണ് ഈ രംഗത്ത് ഒടുവിലായി ഉണ്ടായ സ്ഥാപനം ന്യൂസ് പ്രിൻറ് ഫാക്ടറിയിലെ ജീവനക്കാരുടെ കുട്ടികളുടെ പഠനസൗകര്യം മുൻനിർത്തിയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. പഞ്ചായത്തിലെ മറ്റു സ്കൂളുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളാണ് ഇവിടെയുളളത്. ഇവിടത്തെ അദ്ധ്യായന മാധ്യമം ഇംഗ്ലീഷ് ആണ്. ഭൂരിപക്ഷം കുട്ടികളും മലയാളികളാണെങ്കിലും മലയാളം ഒരു വിഷയമായി ഇവിടെ പഠിപ്പിക്കുന്നില്ല. ഈ വിദ്യാലയത്തിൽ പഠിച്ചവരും, പഠിക്കുന്നവരുമായ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ശരിയായി മാതൃഭാഷവായിക്കുവാനോ എഴുതാവാനോ അറിയില്ല. ഇപ്പോൾ നിലവിലുളള പി.റ്റി.എ യുടെ ശ്രമഫലമായി അദ്ധ്യയന സമയത്തിനുശേഷം മലയാളം പഠിപ്പിക്കുന്നതിനുളള ഒരു ശ്രമം നടക്കുന്നുണ്ട്. കുട്ടികളിൽ നിന്ന് ഫീസ് പിരിച്ചാണ് ഈ ക്ലാസ്സുകൾ നടത്തി വരുന്നത്.

ഇവയെകൂടാതെ മത പഠനത്തിനായി സൺഡേ സ്കൂളുകളും മദ്രസകളും, ക്രിസ്ത്യൻ – മുസ്ലീം ദേവാലയങ്ങളോടനുബന്ധിച്ച് വെള്ളൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഇതിനു പുറമേ 1000 വിദ്യാർത്ഥികളോളം സമീപ പ്രദേശങ്ങളിലെ സ്കൂളുകളായ കാരിക്കോട് ഗീവർഗീസ് മെമ്മോറിയൽ യു.പി. സ്ക്കൂൾ, മിഠായിക്കുന്നം എൽ.പി. സ്ക്കൂൾ, പെരുവയിലെ സർക്കാർ ആൺ, പെൺ ഹൈസ്കൂളുകൾ,



തലയോലപ്പറമ്പിലെ ഗവ: ഹൈസ്ക്കൂളുകൾ, ഗവ: യു.പി. സ്ക്കൂൾ ബ്രഹ്മമംഗലം,– ഹൈസ്കൂൾ, വെളിയാനാട് ഹൈസ്കൂൾ, മൂലേമ്യാൽ എൽ.പി. സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്.

പഞ്ചായത്തിലെ വിദ്യാലങ്ങളുടെ അദ്ധ്യായന നിലവാരം പരിശോധിച്ചാൽ അത്രമെച്ചമല്ല എന്ന് കാണാൻ കഴിയും. ഇതിന് പല കാരണങ്ങളുമുണ്ട്. പഞ്ചായത്തിലെ ഏക സെക്കൻഡറി സ്ക്കൂളായ കുഞ്ഞിരാമൻ മെമ്മോറിയൽ ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ കഴിഞ്ഞ ഏതാനും വർഷത്തെ വിജയശതമാനം താഴെ കൊടുക്കുന്നു.

ഈ സ്കൂളിലെ വിജയ ശതമാനം കുറവാണ് എന്നു പറയുമ്പോൾ തന്നെ എടുത്തു പറയേണ്ട മറ്റൊരു കാര്യം ഇവിട

### സ്ക്കൂളുകളിലെ പഠനസൗകര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ | | | | | | | ബ്ലാക്ക് ബോർഡ് | | മാതൃസംഗമം | പീടിഎ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റി ക്കോർഡർ | ടി.വി. | VCR VCP | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | നിലവിലുളളത് | ആവശ്യമുളളത് | | |
| 1 | K.H.M.L.P.S. | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | – | ഉണ്ട് | ഉണ്ട് |
| | വാരിക്കാം കുന്ന് | | | | | | | | | | | | | |
| 2. | കാരുണ്ടമാതാ L.P.S | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | ഉണ്ട് | ഉണ്ട് |
| 3. | C.M.S. L.P.S | | | | | | | | | | | | | |
| | വടകര | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 5 | ഇല്ല | ഇല്ല |
| 4 | CMS.L.PS ഇറുമ്പയം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | ഉണ്ട് | ഉണ്ട് |
| 5. | K.M.H.S. | | | | | | | | | | | | | |
| | മേവെള്ളൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 21 | 21 | ഉണ്ട് | ഇല്ല |
| 6 | ഗവ: LPS | | | | | | | | | | | | | |
| | വെളളൂർ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - | - |
| 7. | അന്ധബധിര | | | | | | | | | | | | | |
| | വിദ്യാലായം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 22 | – | ഇല്ല | ഉണ്ട് |
| 8. | കേന്ദ്രീയ വിദ്യാലയം | | | | | | | | | | | | | |
| | ന്യൂ സ്ട്രീറ്റ് നഗർ | | | | | | | | | | | | | |

അവലംബം സ്ക്കൂൾ രേഖകൾ.

ത്തെ വിദ്യാർത്ഥികളെ സംബന്ധിച്ചതാണ്. സാമൂഹിക മായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗ ത്തിൽപ്പെടുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ ഭൂരിഭാഗവും. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നു കുട്ടികളിൽ ഭൂരിഭാഗവും, സമീപകാലത്ത് സ്വകാര്യ മാനേജുമെൻറുകളുടെ കീഴിൽ ഉയർന്നു വന്നിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിക്കുന്നത്.

സ്ക്കൂളുകൾ കുട്ടികൾക്കാവശ്യമായ ഭൗതിക സാഹര്യ ങ്ങളുടെ അപര്യാപ്ത വളരെ പ്രകടമാണ്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രൈമറിസ്കൂളുകളിലും, പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ, ബഞ്ച്, ഡസ്ക്, ബ്ലാക്ക് ബോർഡ് എന്നിവ വേണ്ടത്രിയില്ല. കുടിവെള്ള സൗകര്യം, കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം എന്നിവയുടെ അഭാവവും സ്കൂളു കളുടെ അദ്ധ്യായന നിലവാരത്തെ പ്രതികൂലമായി ബാധി ച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളിൽ നിലവിലുള്ള ലൈ ബ്രറി, ലബോറട്ടറി ഇവ പ്രയോജനപ്പെടുത്താൻ കുട്ടിക ൾക്ക് കഴിയുന്നില്ല. പുത്തൻ ബോധന മാതൃകകളെക്കു റിച്ചുള അറിവുകുറവും, പരിശീലന പരിപാടികളുടെ അഭാവവും അദ്ധ്യാപന രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

വെള്ളൂർ സർക്കാർ പ്രൈമറി സ്കൂളും, കേന്ദ്രീയ വിദ്യാ ലയവും ഒഴികെയുള്ള സ്കൂളുകൾ സ്വകാര്യ മാനേജ് മെൻറിൻെറ കീഴിലാണ്. അദ്ധ്യാപക നിയമനത്തിൽ മാനദണ്ഡങ്ങൾ മറകടന്നുകൊണ്ട് ലക്ഷങ്ങൾ കൈപ്പ റ്റുന്ന രീതിയാണ് നിയമനകാര്യത്തിൽ ചില മാനേജു മെൻറുകൾ കൈക്കൊളളുന്നത്. മിനിമം യോഗ്യതയും, ലക്ഷങ്ങളും അദ്ധ്യാപക നിയമനത്തൻെറ മാനദണ്ഡ ങ്ങളാകുമ്പോൾ നഷ്ടപ്പെടുന്നത് ഈ രംഗത്ത് ഒഴിച്ചു കൂടാനാവാത്ത ഗുണ നിലവാരമാണ്. അദ്ധ്യാപനം ചടങ്ങായി അധ:പതിക്കുമ്പോൾ കുട്ടികളിൽ വിദ്യാഭ്യാസ ത്തോടും വിദ്യാലയാന്തരീക്ഷത്തോടും താല്പര്യക്കുറവ് സംജാതമാകുന്നു. സാമൂഹികവും, സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്നവരുടെ കുട്ടികളുടെ പഠനമാണ് ഇതുമൂലം അവതാളത്തിലകുന്നത്. വിദ്യാർത്ഥികൾ ഓരോ വർഷവും കുറഞ്ഞുവരികയും, തതന്മൂലം നിലനില്പു തന്നെ അപകടത്തിലാകുകയും ചെയ്യുന്ന അവസ്ഥയാണ്. അദ്ധ്യാപകരിൽ നിന്ന് ലക്ഷക്ഷങ്ങൾ കൈക്കലാക്കുന്ന ഈ മാനേജുമെൻറുകൾ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ യാതൊന്നും ചെയ്യുന്നില്ല എന്ന് പൊതുവെ പരാതി ഉയർന്ന് വന്നിട്ടുണ്ട്. വരിക്കാം കുന്നിലെ ഹിന്ദുമിഷൻപ്രൈമറി സ്കൂളിൻെറ മാനേജർ കഴിഞ്ഞ ഏതാനും വർഷങ്ങളായി സ്കൂൾ സന്ദർശനം പോലും നടത്തിയിട്ടില്ലെന്നുള്ള പരാതി ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

സ്കൂളുകളിൽ പഠിക്കുന്ന പല കുട്ടികൾക്കും മലയാളഭാഷ എഴുതുവാനോ വായിക്കുവാനോ കഴിയുന്നില്ല എന്നത് അധ്യായനരംഗത്തെ ദുരവസ്ഥയെയാണ് സൂചിപ്പിക്കു

പഞ്ചായത്തിലെ സ്കൂളുകളുടെ അക്കാഡമിക നിലവാരം

| ക്ലാസ്സ് | ആകെ കുട്ടികളുടെ എണ്ണം | കുട്ടികളുടെ പഠനനിലവാരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30%ത്തിൽ താഴെ മാർക്ക് വാങ്ങുന്നവർ | | 30–40% മാർക്ക് വാങ്ങുന്നവർ | | 40–50% മാർക്ക് വാങ്ങുന്നവർ | | 50–60 % മാർക്ക് വാങ്ങുന്നവർ | | 60%ന് മാർക്ക് വാങ്ങുന്നവർ | |
| | | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % |
| 1 | | | | | | | | | | | |
| 2 | | | | | | | | | | | |
| 3 | 265 | 44 | 17 | 48 | 18 | 46 | 17 | 60 | 23 | 67 | 25 |
| 4 | 280 | 38 | 14 | 28 | 10 | 25 | 20 | 86 | 31 | 72 | 25 |
| 5 | 115 | 50 | 32 | 20 | 13 | 50 | 32 | 20 | 13 | 15 | 10 |
| 6 | 145 | 52 | 36 | 30 | 21 | 10 | 6 | 33 | 23 | 20 | 14 |
| 7 | 143 | 50 | 35 | 31 | 22 | 42 | 29 | 15 | 10 | 5 | 3 |
| 8 | 154 | 52 | 34 | 64 | 42 | 20 | 13 | 8 | 5 | 10 | 6 |
| 9 | 158 | 75 | 47 | 23 | 15 | 35 | 22 | 10 | 6 | 15 | 9 |
| 10 | 120 | 70 | 58 | 10 | 8 | 25 | 21 | 5 | 4 | 10 | 8 |
| ആകെ | 1420 | 431 | 30 | 254 | 18 | 284 | 20 | 237 | 17 | 214 | 15 |

ന്നത്. സ്കൂളുകളിൽ പ്രകടമായി കാണുന്ന നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ശ്രമകരമായ പരിപാടികൾ പഞ്ചായത്തുതലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

രക്ഷാകർത്താക്കളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും ഇടപെടലുകൾ സ്കൂളുകളിൽ വേണ്ടത്ര ഉണ്ടാകുന്നില്ല. അദ്ധ്യാപകരക്ഷാകർതൃസമിതി, മാതൃസംഗമം എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല. കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിൽ ചില സ്കൂളുകൾ, പ്രത്യേകിച്ചും കുഞ്ഞിരാമൻ മെമ്മോറിയൽ ഹൈസ്കൂൾ, യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല എന്നത് വിമർശിക്കപ്പെടേണ്ടതാണണ്. നല്ല കായികശേഷിയും കലാഭിരുചിയുമുള്ള ധാരാളം കുട്ടികൾ ഉള്ള മേഖലയാണെങ്കിലും ഇവരുടെ കലാകായിക ശേഷികൾ ശരിയായ രീതിയിൽ പരിപോഷിപ്പിക്കുവാനോ പ്രകടിപ്പിക്കുവാനോ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കുട്ടികൾ തങ്ങളുട സ്വന്തം പ്രയത്നത്തിൻെറ ഫലമായിട്ടാണ് ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നത്.

പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളിലും കഴിഞ്ഞ കുറെ വർഷങ്ങളായി കുട്ടികളുടെ എണ്ണത്തിൽ കുറവനുഭവപ്പെടുന്നു. ഇക്കാര്യത്തിൽ ഏറ്റവും രൂക്ഷത അനുഭവിക്കുന്നത് പഞ്ചായത്തിലെ ഹൈസ്കൂളാണ്. ഇതിന് പ്രധാനകാരണം പഞ്ചായത്തിൻെറ സമീപ പ്രദേശങ്ങളിലുള്ള സ്കൂളുകളിലേയ്ക്കും ഇംഗ്ലീഷ്, മീഡിയം സ്കൂളുകളിലേയ്ക്കുമുള്ള കുട്ടികളുടെ ഒഴുക്കാണ്. ഇവിടങ്ങളിലെ സാധാരണക്കാരുടെയിടയിൽ പോലും ചെലവേറിയ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ അയ്ക്കുന്ന പ്രവണത വളർന്നു വന്നിരിക്കുന്നു. ഇംഗ്ലീഷ് മീഡിയത്തോടുള്ള അതിരുകടന്ന ഈ അഭിനിവേശം പ്രീ–പ്രൈമറിതലം തൊട്ടേ ദൃശ്യമാണ് അത് കൊണ്ട് തന്നെ ആശാൻ കളരികൾ, ബാലവാടികൾ തുടങ്ങിയ പ്രീ–പ്രൈമറി വിദ്യാകേന്ദ്രങ്ങൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഇഷ്ടികക്കളം പോലുള്ള പലതൊഴിൽ രംഗങ്ങളിലും കുട്ടികളെ കൊണ്ട് പണിചെയ്യിക്കുന്ന പ്രവരണതകണ്ട് വരുന്നുണ്ട്. ഇത് പഠനകാര്യത്തിൽ പിന്നോക്കം നില്ക്കുന്ന സാധാരണക്കാരായ കുട്ടികളുടെ കൊഴിഞ്ഞ് പോക്കിന് സഹായകരമായി പ്രവർത്തിക്കുന്ന ഒരു ഘടകമാണ്.

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ കണക്ക് പരിശോധിക്കുമ്പോൾ പട്ടിക–ജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന കുട്ടികളുടെ എണ്ണം 459 ആണ്. ഇത് മൊത്തം കുട്ടികളുടെ എണ്ണത്തിൻെറ 23.4 ശതമാന മാണ്. സമീപകാലത്ത് ഉയർന്നുവന്നിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ബാഹുല്യം മൂലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അനുപാതം പൊതുസ്കൂളുകളിൽ വർദ്ധി ച്ചിട്ടുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ ആൺകുട്ടികളുടെ എണ്ണം കൂട്ടിയിരിക്കുന്നതായി കാണുന്നു. ആകെയുള്ള വിദ്യാർത്ഥികളിൽ

അധ്യാപക ജീവനക്കാരെ സംബന്ധിച്ചവിവരം

| ക്രമ | സ്കൂളിൻെറ പേര് | അധ്യാപകരുടെ എണ്ണം | | | യോഗ്യത | | സ്പെഷ്യൽ അധ്യാപകർ | ക്ലാർക്ക് | പ്യൂൺ | സ്വീപ്പർ മീനിയൽ |
|---|---|---|---|---|---|---|---|---|---|---|
| | | പെൺ | ആൺ | ആകെ | B.Ed. ബിരുദം | TTC | | | | |
| 1 | K.H.M.L.P.S. വാരിക്കാം കുന്ന് | 2 | 2 | 4 | – | 4 | – | – | – | – |
| 2. | കാരുണ്ടമാതാ L.P.S കരിപ്പാടം | 8 | 3 | 11 | – | – | – | – | – | – |
| 3. | C.M.S. L.P.S വടകര | 2 | 3 | 5 | – | 5 | – | – | – | – |
| 4 | CMS.L.PS ഇറുമ്പയം | 5 | – | 5 | – | 5 | – | – | – | – |
| 5. | K.M.H.S. മേവെള്ളൂർ | 20 | 10 | 30 | 17 | 9 | 4 | 1 | 1 | 2 |
| 6 | ഗവ: LPS വെള്ളൂർ | 5 | 3 | 8 | – | 8 | – | – | – | 1 |
| 7. | അന്ധബധിര വിദ്യാലായം | 22 | 1 | 23 | – | – | 2 | 1 | 1 | 4 |
| 8. | കേന്ദ്രീയ വിദ്യാലയം | – | – | – | – | – | – | – | – | – |

52 ശതമാനം ആൺകുട്ടികളാണ് അദ്ധ്യാപകരിൽ 74 ശതമാനവും സ്ത്രീകളാണ്.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റേയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റേയും ആഭിമുഖ്യത്തിൽ കഴിഞ്ഞ 5 വർഷങ്ങളായി വിജ്ഞാനോത്സവം കുട്ടികളുടെ സജീവ പങ്കാളിത്തത്തോടുകൂടി നടക്കുന്നുണ്ട്. കുട്ടികളിൽ പരീക്ഷയെക്കുറിച്ചുള്ള ഭീതി അകറ്റുന്നതിനും പഠനം രസകരമാക്കുന്നതിനും വിജ്ഞാനനോത്സവം സഹായകമാണ്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ പഠനോത്സവം, പ്രശ്നോത്തര പരിപാടികൾ, നക്ഷത്ര നിരീക്ഷണം തുടങ്ങിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ എൽ.പി. സ്കൂളുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിനായതിനാൽ ഇവിടങ്ങളിലെ പരീക്ഷാസമ്പ്രദായം വിജ്ഞാനോത്സവ മാതൃകയിലാക്കു നല്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വെള്ളൂർ പഞ്ചായത്തിൽ നിലവിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള അംഗന വാടികളോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ ബാലവാടികളിലും നേഴ്സറിസ്കൂളുകളിലും വേണ്ടത്ര കളിക്കോപ്പുകളോ, മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ അഭാവവും, നെഴ്സറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള രക്ഷിതാക്കളുടെ തെറ്റായ ധാരണയും മൂലം പല നേഴ്സറിസ്കൂളുകളിലും അക്ഷരം പഠിപ്പിക്കൽ മാത്രമാണ് മുഖ്യമായും നടക്കുന്നത്.

ഇറുമ്പയം 10–ാം വാർഡിൽ പഞ്ചായത്തുവക നേഴ്സറി കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ട് നാളുകളേറെയായിട്ടും അതിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ സമാന്തര വിദ്യാഭ്യസ സ്ഥാപനങ്ങളായ 3 ട്യൂട്ടോറിയൽ കോളേജുകളും 5 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

### സ്കൂൾ കോംപ്ലക്സ്

പ്രാദേശികമായി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുവൻ പഞ്ചായത്തുതലത്തിൽ മെച്ചപ്പെടുത്തുവാൻ പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്ത നടപ്പാക്കാവുന്ന ഒരു പരിപാടിയാണ് സ്കൂൾ കോംപ്ലക്സ്. 1966–ലെ കോത്താരി കമ്മീഷൻ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ നിർദ്ദേശിച്ച സുപ്രധാനമായ ഒരു പരിപാടിയാണിത്. പഞ്ചായത്തിലെ ഒരു ഹൈസ്കൂളിന്റെ മേൽ നോട്ടത്തിൽ മുഴുവൻ എൽ.പി., യു.പി. സ്കൂളുകളുടെയും പ്രവർത്തനം കൊണ്ടുവരികയും സ്കൂളുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ ഈ പരിപാടിയുടെ കീഴിൽ നടപ്പാക്കാൻ കഴിയും. അദ്ധ്യാപകരുടെയും, രക്ഷിതാക്കളുടെയും സജ്ജീവമായ പങ്കാളിത്തം ഇതിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കണം. കേരളത്തിലെ പല പഞ്ചായത്തുകളിലും ഇതിനോടകം ഫലപ്രദമായി സംഘടിപ്പിക്കുകയും, സജ്ജീവമായി പ്രവർത്തിച്ചു വരികയും ചെയ്യുന്ന സ്കൂൾ കോംപ്ലസ്സ് നമ്മുടെ പഞ്ചായത്തിലും നടപ്പാക്കാൻ കഴിഞ്ഞാൽ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുവാനും നമുക്ക് കഴിയും. അതിനുള്ള ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

പഠനം നിർത്തിയവരെ സംബന്ധിച്ച വിവരം

| വിഭാഗം | LP | | | UP | | | HS | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പെൺ | ആൺ | ആകെ | പെൺ | ആൺ | ആകെ | പെൺ | ആൺ | ആകെ | പെൺ | ആൺ | ആകെ |
| പട്ടികജാതി പട്ടികവർഗ്ഗം | – | 1 | 1 | – | – | – | – | – | – | – | –1 | 1 |
| മറ്റുള്ളവർ | 6 | 3 | 9 | 2 | 2 | 4 | – | – | – | 8 | 5 | 13 |
| ആകെ | 6 | 4 | 10 | 2 | 2 | 4 | – | – | – | 8 | 6 | 14 |

## ഗ്രാമ സഭാ നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. 3–ാം വാർഡിൽ നിലവിലുള്ള എൽ.പി.സ്കൂൾ യു.പി. സ്കൂളായി ഉയർത്തണം, നേഴ്സറി സ്കൂൾ ആരംഭിക്കണം
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് പഞ്ചായത്തിൽ നിന്ന് ധന സഹായം നൽകണം.
3. 3–ാം വാർഡിൽ നിലവിലുള്ള ഫീഡിംഗ് സെൻറർ അംഗനവാടിയായി ഉയർത്തണം.
4. നീർപ്പാറ സി.എസ്.ഐ. പള്ളിവകസ്ഥലത്ത് നേഴ്സറി സ്കൂൾ ആരംഭിക്കണം.
5. 4–ാം വാർഡിലെ നിലവിലുള്ള സ്കൂൾ യു.പി. ആയി ഉയർത്തണം.
6. സ്കൂൾ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസം ആരംഭിക്കണം.
7. ചെറുകരയിൽ നേഴ്സറിസ്കൂൾ അരംഭിക്കണം.
8. 5–ാം വാർഡിൽ ടൈപ്പ്റൈറ്റിംഗ്, തയ്യൽ, കംപ്യൂട്ടർ പരിശീലന കേന്ദ്രം ഇവ സ്ഥാപിക്കണം.
9. 8–ാം വാർഡിലെ ഗവ: എൽ.പി. സ്കൂളിലെ നേഴ് സറി സ്കൂളിന് ആവശ്യമായ കളിപ്പാട്ടങ്ങൾ വാങ്ങു ന്നതിന് പഞ്ചായത്ത് ധനസാഹായം നൽകണം.
10. വിദ്യാഭ്യാസ സംരക്ഷണ സമിതി രൂപീകരിക്കണം.
11. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കണം.
12. സ്കൂൾ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുക.
13. പഞ്ചായത്തിൽ സ്കൂൾ കോംപ്ലക്സ് പരിപാടി നടപ്പാക്കുക.
14. സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിൽ തുടർന്നു നടത്തണം.

### ആൺപെൺ അനുപാതം (അധ്യാപകർ / വിദ്യാർത്ഥികൾ)

| ക്രമനമ്പർ | സ്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം | | | | | അദ്ധ്യാപകരുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ | പെൺ | ശതമാനം | ആൺ | ശതമാനം | ആകെ | പെൺ | ശതമാനം | ആൺ | ശതമാനം |
| 1 | K.H.M.L.P.S. വാരിക്കാംകുന്ന് | 110 | 50 | 45 | 60 | 55 | 4 | 2 | 50 | 2 | 50 |
| 2. | കാരുണ്യമാതാ L.P.S കരിപ്പാടം | 248 | 114 | 46 | 134 | 54 | 11 | 8 | 72 | 3 | 28 |
| 3. | C.M.S. L.P.S വടകര | 106 | 56 | 53 | 50 | 47 | 5 | 2 | 40 | 3 | 60 |
| 4 | CMS.L.PS ഇറുമ്പയം | 223 | 108 | 48 | 115 | 52 | 5 | 5 | 100 | – | – |
| 5. | K.M.H.S. മേവെള്ളൂർ | 752 | 337 | 45 | 415 | 55 | 30 | 20 | 67 | 10 | 33 |
| 6 | ഗവ: LPS വെള്ളൂർ | 248 | 115 | 46 | 133 | 54 | 8 | 5 | 63 | 3 | 37 |
| 7. | അന്ധബധിര വിദ്യാലായം | 276 | 168 | 61 | 108 | 39 | 23 | 22 | 96 | 1 | 4 |
| 8. | കേന്ദ്രീയ വിദ്യാലയം | – | – | – | – | – | – | – | – | – | – |
| | ആകെ | 1963 | 948 | 48 | 1015 | 52 | 86 | 64 | 74 | 22 | 26 |

(കേന്ദ്രീയ വിദ്യാലയത്തെ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല)

## വിദ്യാർത്ഥികളെ സംബന്ധിച്ചവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ് മെൻറ് | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | | തോറ്റു പഠിക്കുന്നവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | ആകെ |
| | | | പെൺ | ആൺ | ആകെ | പെൺ | ആൺ | ആകെ | ശതമാനം | പെൺ | ആൺ | ആകെ | പെൺ | ആൺ | ആകെ | |
| 1 | K.H.M.L.P.S. വാരിക്കാം കുന്ന് | സ്വകാര്യം | 50 | 60 | 110 | 22 | 21 | 43 | 39 | 3 | 1 | 4 | 2 | 2 | 4 | 8 |
| 2. | കാരുണ്യമാതാ L.P.S കരിപ്പാടം | സ്വകാര്യം | 114 | 134 | 248 | 8 | 3 | 11 | 4 | – | – | – | 4 | 8 | 12 | 12 |
| 3. | C.M.S. L.P.S വടകര | സ്വകാര്യം | 56 | 50 | 106 | 7 | 7 | 14 | 13 | 1 | 2 | 3 | – | – | – | 3 |
| 4 | CMS.L.PS ഇറുമ്പയം | സ്വകാര്യം | 108 | 115 | 223 | 17 | 22 | 39 | 18 | 1 | – | 1 | 3 | 8 | 11 | 12 |
| 5. | K.M.H.S. മേവെള്ളൂർ | സ്വകാര്യം | 337 | 415 | 752 | 139 | 128 | 267 | 36 | 12 | 15 | 27 | 19 | 41 | 60 | 87 |
| 6 | ഗവ: LPS വെള്ളൂർ | സ്വകാര്യം | 115 | 133 | 248 | 28 | 34 | 62 | 25 | 2 | 1 | 3 | – | 3 | 3 | 6 |
| 7. | അന്ധബധിര വിദ്യാലായം തിർപ്പാറ | സ്വകാര്യം | 168 | 108 | 276 | 15 | 8 | 23 | 8 | – | 3 | 3 | 31 | 8 | 39 | 42 |
| 8. | കേന്ദ്രീയ വിദ്യാലയം | | | | | | | | | | | | | | | |

# LITERACY
## VELLOOR PANCHAYAT






# പാർപ്പിടവും

# സാമൂഹ്യക്ഷേമവും

# പാർപ്പിടം



പഞ്ചായത്തിൻെറ രൂപീകരണസമയത്ത് വെള്ളൂരിൽ ഭൂരിഭാഗവും കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു. അതുകൊണ്ട് തന്നെ വൈക്കോൽ മേഞ്ഞതും ഓടുമേഞ്ഞതുമായ ചെറുതും ഇടത്തരവുമായ വീടുകളായിരുന്നു ഈ പ്രദേശത്തുണ്ടായിരുന്നത്. ഏതാനും ചില ജൻമികൾക്കു മാത്രമേ കൂടുതൽ സൗകര്യങ്ങൾ ഉള്ള വീടുകൾ ഉണ്ടായിരുന്നുള്ളു. ബ്രാഹ്മണകുടുംബങ്ങൾക്ക് അധികവും നാലുകെട്ടുകളാണ് ഉണ്ടായിരുന്നത്. ഇവയിൽ പലതും വളരെ വലുപ്പമുള്ളവയായിരുന്നെങ്കിലും തറ ചാണകം മെഴുകിയതായിരുന്നു. 1970 – ൽ ഭൂപരിഷ്കരണം നടക്കുന്നതു വരെ കർഷകത്തൊഴിലാളികൾ ജൻമിമാരുടെ അടിയാൻമാരും ആശ്രിതൻമാരുമായി അവരുടെ സ്ഥലത്ത്

> കൂട്ടുകുടുംബങ്ങളുടെ തകർച്ചയും ഭൂപരിഷ്കരണവും ജനസംഖ്യാ വർദ്ധനവും പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ എണ്ണം പലമടങ്ങായി വർദ്ധിപ്പിച്ചു.

കുടിൽ കെട്ടി താമസിച്ചിരുന്നു. ഓരോ ജൻമികുടുംബങ്ങളും പരമ്പരാഗതമയി അടിയാൻമാരായ കർഷകത്തൊഴിലാളികളെ അവരുടെ പണികൾക്കായി സംരക്ഷിച്ചു പോന്നിരുന്നു. ഭൂപരിഷ്ക്കരണത്തെ തുടർന്ന് നിലവിൽ വന്ന കുടികിടപ്പവകാശം ഈ കർഷകത്തൊഴിലാളികൾക്ക് അവർ താമസിച്ചിരുന്ന വീടും സ്ഥലവും സ്വന്തമാക്കാൻ സഹായകമായി. കൂട്ടുകുടുംബങ്ങളുടെ തകർച്ചയും ഭൂപരിഷ്കരണവും ജനസംഖ്യാവർദ്ധനവും പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ എണ്ണവും പലമടങ്ങായി വർദ്ധിപ്പിച്ചിട്ടുണ്ട്.

1995–96 വർഷത്തിൽ വെള്ളൂർ പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 4604 ആണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ വീടുകളുടെ ആകെ എണ്ണത്തിൽ 58 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. വീടുകളുടെ എണ്ണത്തി ലുണ്ടായ ഈ വലിയ വർദ്ധനവിനു കാരണം എച്ച്. എൻ. എൽ ൻെറ വരവാണ്.

പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളേയും വീടുകളേയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

തടി, കല്ല്, ഓല ഇവ സുലഭമായി ലഭിച്ചിരുന്ന കാലത്ത് ഇവ ഉപയോഗിച്ച് പരമ്പരാഗത തച്ചുശാസ്ത്രരീതിയിൽ പണിതിരുന്ന വീടുകൾ ആണ് ധാരാളമായി ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് നിർമ്മിക്കുന്ന വീടുകളിൽ അധികവും കോൺക്രീറ്റ് വീടുകളാണ്. ഓടുമേഞ്ഞതും മച്ചിട്ടതുമായ വീടുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഓരോ വർഷവും മേച്ചിലിന് വേണ്ടി വരുന്ന ഭാരിച്ച ചെലവും തെങ്ങോല കിട്ടുന്നതിനുണ്ടാകുന്ന ക്ഷാമവും ഓലമേഞ്ഞ വീടുകൾ അപ്രത്യക്ഷമാകാൻ കാരണമായി. വീട് പണിയുന്നതിനുള്ള ചെലവിനുപരിയായി സൗകര്യത്തിലും ആകാരഭംഗിയിലും പ്രത്യേക ശ്രദ്ധ വന്നതോടെ ചെലവേറിയതും ആവശ്യത്തിലധികം വലുപ്പമുള്ളതുമായ വീടുകൾ പണിയുന്ന പ്രവണത വളർന്നുവന്നു. ഉദ്യോഗസ്ഥർക്ക് വീട് വയ്ക്കു ന്നതിനുള്ള വായ്പാ സൗകര്യം വർദ്ധിച്ചതും ഗൾഫ് പണത്തിൻെറ സ്വാധീനവും പാർപ്പിടം എന്ന സങ്കല്പ ത്തിന് പ്രായോഗിക തലത്തിനുപരിയായി ഒരു മാനം സമൂ ഹത്തിൽ ഉണ്ടാക്കികൊടുത്തു. ഇത് ചെലവേറിയ വീടുകൾ വ്യാപകമാകുന്നതിന് കാരണമായി.

സാമൂഹിക സുരക്ഷിതത്വ സംവിധാനമെന്ന സങ്കല്പത്തിൽ നിന്ന് മാറി പാർപ്പിടം ഇന്ന് മനുഷ്യൻെറ അന്തസ്സിൻെറയും പദവിയുടേയും പ്രതീകമായി മാറിയിരിക്കുന്നു.

കേരളത്തിലെ 1000 കുടുംബങ്ങളിൽ ഏതാണ്ട് 35 കുടുംബങ്ങൾക്ക് പാർപിടമില്ലെന്ന് കണക്കാക്കപ്പെടുമ്പോൾ, ഉള്ളതിൽ തന്നെ നല്ലൊരു ശതമാനം വാസയോഗ്യമല്ലെന്നും കാണുവാൻ കഴിയുന്നു. ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ റോഡ് റെയിൽ പുറമ്പോക്കുകളിൽ ഉയർന്നുവരുന്ന ചേരികൾ

### കെട്ടിടങ്ങളെ സംബന്ധിച്ച വിവരം – വെള്ളൂർ ഗ്രാമപഞ്ചായത്ത് – 1995–96

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം – ഒരു നിലയുള്ള കെട്ടിടം | | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | |
| 1 | 406 | ഇല്ല | 45 | 296 | 65 | – |
| 2 | 298 | 1 | 39 | 195 | 64 | – |
| 3 | 505 | 5 | 83 | 340 | 82 | – |
| 4 | 529 | 1 | 101 | 341 | 87 | – |
| 5 | 401 | 4 | 67 | 276 | 58 | – |
| 6 | 576 | 57 | 268 | 251 | 57 | – |
| 7 | 537 | 49 | 285 | 209 | 43 | – |
| 8 | 700 | 54 | 230 | 406 | 56 | – |
| 9 | 428 | 19 | 175 | 218 | 35 | – |
| 10 | 736 | – | 102 | 419 | 215 | – |
| ആകെ | 5116 | 190 | 1403 | 2951 | 762 | |

അവലംബം ഗ്രാമപഞ്ചായത്ത് രേഖ

രൂക്ഷമായിക്കൊണ്ടിരിക്കുന്നു പാർപ്പിട പ്രതിസന്ധിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ പ്രതിസന്ധിയിൽ പ്രധാനമായും ദുരിതമനുഭവിക്കുന്നത്, ഒരു തുണ്ട് ഭൂമി പോലും സ്വന്തമായി ഇല്ലാത്തവരും ഭൂമി ഉണ്ടെങ്കിലും ഭവനം നിർമ്മിക്കുവാൻ കഴിയാത്തവരുമായ ഒരു വലിയ വിഭാഗമാണ് സാധാരണക്കാരുടെ ഈ പാർപ്പിട പ്രശ്നത്തിന് ഊന്നൽ നല്കികൊണ്ടുവേണം ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ.

കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് ഉണ്ടായ വില വർദ്ധനവ് പാർപ്പിട നിർമ്മാണം ഭാരിച്ചതാകുവാൻ കാരണമായി. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സിമൻറ്, കമ്പി, തടി, ഇഷ്ടിക, മണൽ തുടങ്ങിയവയുടെ വില പല മടങ്ങ് വർദ്ധിച്ചു, കൂലിച്ചിലവിലും ഈ വർദ്ധനവ് പ്രതിഫലിച്ചിട്ടുണ്ട്.

മുൻപ് തച്ചടിസ്ഥാനത്തിൽ നടന്നിരുന്ന കെട്ടിടനിർമ്മാണം ഇന്ന് കരാർ വ്യവസ്ഥയിലാണ് കൂടുതലായി നടക്കുന്നത്. പാർപ്പിട നിർമ്മാണത്തിനുപയോഗിക്കുന്ന സാമഗ്രികളും രീതിയും സമ്പത്തിക നിലവാരത്തിൻെറ അടിസ്ഥാന ത്തിൽ വ്യത്യസ്തമായിരിക്കുന്നു. സാധാരണ വീടുകൾക്ക് തറയിൽ സിമൻറ് ഉപയോഗിക്കുമ്പോൾ പണചിലവേറിയ വീടുകൾക്ക് മൊസൈക്ക്, മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവ ഉപയോഗിക്കുന്നു. ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ

### വീടുകളുടെ എണ്ണം സംബന്ധിച്ച വിവരം

| പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം | 1991 – 92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| | 4130 | 4278 | 4341 | 4604 | |

അവലംബം ഗ്രാമപഞ്ചായത്ത് രേഖ

## കോളനികളെ സംബന്ധിച്ച വിവരം

| വാർഡ് | ലക്ഷം വീട് കോളനി | പട്ടിക ജാതി കോളനി | സെറ്റിൽമെൻറ് കോളനി | ആകെ |
|---|---|---|---|---|
| 1 | 1 | – | – | 1 |
| 2 | – | – | – | – |
| 3 | 1 | 1 | – | 2 |
| 4 | 1 | 1 | – | 2 |
| 5 | – | 1 | – | 1 |
| 6 | 1 | 1 | – | 2 |
| 7 | 1 | 2 | – | – |
| 8 | – | – | – | –– |
| 9 | – | – | – | – |
| 10 | – | 3 | 1 | 4 |
| ആകെ | 5 | 9 | 1 | 15 |

അവലംബം ഗ്രാമപഞ്ചായത്ത് രേഖ

ചെലവുകുറഞ്ഞതും ലളിതവുമായ ഒരു പാർപ്പിട നിർമ്മാണ സംസ്കാരം അനിവാര്യമായിരിക്കുന്നു.

ചിലവ് കുറഞ്ഞ വീട്

'ലാറി ബേക്കർ' ശൈലിയിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികൾ സർക്കാർ തലത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും, പരമ്പരാഗതശൈലിയും ആധുനിക സാങ്കേതിക വിദ്യയും സംയോജിപ്പിച്ചുകൊണ്ടുള്ളതുമായ പാർപ്പിടങ്ങൾ കേരളത്തിൽ പലസ്ഥലങ്ങളിലും വിജയകരമായി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇത് ഫലപ്രദ മായി ഉപയോഗിക്കുന്നതിനുപകരം 'ചെലവേറിയ ചെലവു ചുരുക്കൽ' വീടുകളുടെ നിർമ്മാണത്തിലേയ്ക്ക് ഉപഭോക്തൃ സംസ്കാരം നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നത് ഖേദകരമാണ്.

നമ്മുടെ പഞ്ചായത്തിൽ ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന്, പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളുടെ ഒരു സംഘത്തെ വളർത്തിയെടുക്കേണ്ടതുണ്ട്. ഭാവിയിൽ നടക്കുന്ന കെട്ടിട നിർമാണത്തിന് ഈ രീതി അവലംബിക്കുന്നതിന് പ്രോത്സാഹനവും അവയ്ക്ക് നികുതിയിളവ് അടക്കമുള്ള ആനുകൂല്യങ്ങളും നല്കേണ്ടതുമാണ്. ജനങ്ങളുടെ ഇടയിൽ ഇതിനുവേണ്ടി ബോധവല്ക്കരണ പരിപാടികൾ നടത്തേണ്ടതുണ്ട്.

ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനും മേൽനോട്ടത്തിനും പഞ്ചായത്തു തലത്തിൽ വിദഗ്ദ്ധ തൊഴിലാളികളുടേയം സന്നദ്ധ പ്രവർത്തകരടേയും ഒരു സംഘം രൂപികരിക്കാവുന്നതാണ്.

സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഭവനനിർമ്മാണ വായ്പകളുടെ തുക ഇന്നത്തെ നിർമ്മാണചെലവുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ പരിമിതമാണ് അതിനാൽ ഇത് വർദ്ധിപ്പിക്കുകയും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും അത് പഞ്ചായത്തുകൾ വഴി ലഭ്യമാക്കുകയം ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തത ഏറ്റവും പ്രകടമായികാണുന്നത് പ്രധാനമായും കോളനികളിലാണ്. പഞ്ചായത്തിൽ പ്രധാനമായും 15 കോളനികളാണുള്ളത്. ഇതിൽ 5 ലക്ഷം വീട് കോളനിയും 9 പട്ടികജാതി

കോളനികളും ഒരു സെറ്റിൽമെൻറ് കോളനിയുമാണ്. കോളനികളിലെ വീടുകളുടെ ഭൗതികസാഹചര്യങ്ങളും സൗകര്യങ്ങളും കൂടുതൽ മെച്ച പ്പെടേണ്ടതുണ്ട്.

പഞ്ചായത്തിലെ കോളനികളുടെ പട്ടിക താഴെ ചേർക്കുന്നു.

വീടുവയ്ക്കാൻ ഭൂമിയില്ലാത്തവർക്ക് അത് ലഭ്യമാകുവാനുള്ള നടപടികൾ ഉണ്ടാവണം.

ഐ.റ്റി.ഐ., ഐ.റ്റി.സി., പോളിടെക്നിക്ക് എഞ്ചിനിയറിംഗ് തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ വേണ്ട ത്ര പ്രായോഗിക പരിശീലനം ലഭിക്കുന്നില്ല. ഇവർക്ക് വിദ്യാഭ്യാസത്തോടൊപ്പം ആറുമാസത്തെയെങ്കിലും നിർബന്ധപ്രായോഗിക പരിശീലന പരിപാടി ആവിഷ്ക്കരിക്കണം. ഇവരുടെ സേവനം ഉപയോഗപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഭാവിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

രണ്ടായിരമാണ്ടോടെ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള കൂട്ടായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ഭവന നിർമ്മാണത്തിനായി പഞ്ചായത്ത് സാമ്പത്തിക സഹായം നല്കുക.
2. നിലവിലുള്ള ലക്ഷം വീട് കോളനികളിലെ വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുക.
3. ആഡംബരം കൂടിയ വീടുകൾക്ക് കനത്ത നികുതി ഏർപ്പെടുത്തുക.
4. ബ്ലാക്ക് വഴി പണിത ലക്ഷം വീടിന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ ധനസഹായം നല്കുക.
5. വിധവകളായവർക്ക് പാർപ്പിട നിർമ്മാണത്തിന് വേണ്ട സഹായങ്ങൾ ചെയ്യുക.
6. പത്താം വാർഡിലെ സെറ്റിൽമെൻറ് കോളനിയിൽ നിലവിലുള്ള പലവീടുകളും തകർന്ന് വീഴാറായിരിക്കുന്നു. സാമ്പത്തികപരാധീനത അനുഭവപ്പെടുന്നവർക്ക് മെയിൻറൻസിനുള്ള പണം നല്കുക.

പട്ടിക 4.

കോളനികളിലെ കുടുംബങ്ങളുടെ വിവരം

| കോളനി | SC | ST | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| ലക്ഷം വീട് | 46 | – | 39 | 85 |
| പട്ടിക ജാതി | 318 | – | – | 318 |
| സെറ്റിൽമെൻറ് | 25 | – | – | 25 |
| ആകെ 389 | – | 39 | 428 | |

# സാമൂഹ്യ ക്ഷേമം

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വിവിധ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളി സമൂഹത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളും ആണല്ലോ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ പരിധിയിൽ വരുന്നത്. ഇന്ത്യയിൽ ഇന്ന് ഏറ്റവും വിപുലമായ സാമൂഹ്യക്ഷേമ പ്രവർത്തന ശൃംഖലയുള്ള സംസ്ഥാനമാണ് കേരളം. ഇതിനുകാരണം താരതമ്യേന സമഗ്രമായി നടപ്പിലാക്കിയ ഭൂപരിഷ്ക്കരണവും അത് വഴി നടപ്പിലാക്കിയ സമ്പത്തിന്റെ ന്യായമായ വിതരണവുമാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കൂടി സാമൂഹിക സുരക്ഷിതത്വ സംവിധാനത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞു എന്നുള്ളതാണ് മറ്റു സംസ്ഥാനങ്ങളുടേതിൽ നിന്ന് കേരളത്തിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളെ വേർതിരിച്ചു നിർത്തുന്നത്.

> ഇന്ത്യയിൽ ഇന്ന് ഏറ്റവും വിപുലമായ സാമൂഹ്യക്ഷേമ പ്രവർത്തന ശൃംഖലയുള്ള സംസ്ഥാനമാണ് കേരളം.

കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെ ദാരിദ്ര്യനിർമ്മാജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പരിമിതമായ തോതിലെങ്കിലം വെള്ളൂർ പഞ്ചായത്തിൽ ലഭിക്കുന്നത്. IRDP പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളാണ് ഇതിൽ എടുത്തു പറയുവാനുള്ളത്. അർഹതയുണ്ടായിരുന്നിട്ടും വളരെ ചെറിയ ശതമാനം ആളുകൾക്കുമാത്രമേ ഇതുമൂലമുള്ള സഹായങ്ങൾ ലഭിക്കുന്നുള്ളു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

1996 – ലെ IRDPസർവ്വേ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1837 ആണ്. ഇതിൽ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 231 ആണ്.

കണക്കുകൾ പ്രകാരം കഴിഞ്ഞ പദ്ധതിക്കാലത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 800 കുടുംബങ്ങൾക്ക് സഹായധനം നൽകുകയുണ്ടായി. എന്നാൽ ഇതിന്റെ പ്രയോജനം ഉണ്ടായതാകട്ടെ 132 കുടുംബങ്ങൾക്ക് മാത്രമാണ്.

**DWCRA പദ്ധതി (ഗ്രാമീണ വനിതാശിശു വികസന പരിപാടി)**

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം ലക്ഷ്യമാക്കി, ഒറ്റയ്ക്കു ചെയ്യാൻ കഴിയാത്ത പലതൊഴിൽ സംരംഭങ്ങളും കൂട്ടായി ചെയ്യുന്നതിനും, 10 മുതൽ 15 വരെ സ്ത്രീകൾക്ക് വരുമാനം ലഭിക്കുന്നതിനും ഉപകരിക്കുന്ന ഒരു പദ്ധതിയാണ് ഡി. ഡബ്ള്യൂ സി. ആർ. എ. ഗ്രാമവികസന വകുപ്പിന്റെ കീഴിൽ വരുന്ന ഈ പദ്ധതിയുടെ സഹായം 94–95 വർഷത്തിൽ ഒരു സംരംഭത്തിനു മാത്രമാണ് ഈ പഞ്ചായത്തിൽ ലഭിച്ചത്. പഞ്ചായത്തിലെ 3–ാം വാർഡിൽ ആരംഭം കുറിച്ച കൈത്തറി നെയ്ത്തു യൂണിറ്റാണ് പ്രസ്തുത സംരംഭം. 8 അംഗങ്ങൾ ചേർന്ന് രൂപികരിച്ച് പ്രവർത്തനം നടത്തിയിരുന്ന ഈ യൂണിറ്റന്റെ പ്രവർത്തനം ഇന്ന് മന്ദഗതിയിലാണ്.

I CDS - ന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗന വാടികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

1996–ലെ IRDP സർവ്വേ പ്രകാരം പഞ്ചായത്തിൽ വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 521 ആണ്. ഈ പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ പരിപാടികളിലായി അനുവദിക്കപ്പെട്ടിട്ടുള്ള വീടുകളുടെ എണ്ണം 14 മാത്രമാണ്. എന്നാൽ ഇവയിൽ ഒന്നു പോലും പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഈ പരിപാടിയുടെ

### IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരങ്ങൾ

| വാർഡ് നമ്പർ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ | SC/ST കുടുംബങ്ങൾ | ഇതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 & 2 | 331 | 8 | 91 | 8 | 15 | 316 |
| 3 | 202 | 32 | 77 | 32 | 6 | 196 |
| 4 | 167 | 43 | 62 | 43 | 11 | 156 |
| 5 | 166 | 44 | 62 | 44 | 12 | 154 |
| 6 | 163 | 29 | 50 | 29 | 19 | 144 |
| 7 | 131 | 19 | 46 | 19 | 11 | 120 |
| 8 | 190 | 8 | 60 | 6 | 27 | 163 |
| 9 | 164 | 9 | 28 | 9 | 15 | 149 |
| 10 | 323 | 39 | 95 | 39 | 16 | 307 |
| ആകെ | 1837 | 231 | 571 | 229 | 132 | 1705 |

നടത്തിപ്പിലുള്ള അപാകതയാണ് സൂചിപ്പിക്കുന്നത്.

പഞ്ചായത്തിൽ സാനിട്ടറകക്കൂസില്ലാത്ത വീടുകളുടെ എണ്ണം 1253 ആണെന്നാണ് IRDP സർവ്വേയുടെ മറ്റൊരു കണ്ടെത്തൽ എന്നാൽ 12 കുടുംബങ്ങൾക്കു മാത്രമേ ഈ പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ പരിപാടികളിൽ ഉൾപ്പെടുത്തി സാനിട്ടറികക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടുള്ളത്. ധനസഹായം ലഭിച്ചിട്ടുള്ള വരിൽ ആരും തന്നെ കക്കൂസിൻെറ പണി പൂർത്തീകരിച്ചിട്ടില്ല.

സാമൂഹിക ക്ഷേമം ലാക്കാക്കി ഇന്ന് നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ടെങ്കിലും ഇവയിലൊന്നും തന്നെ പൂർണ്ണമായും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല എന്നുള്ള താണ് അനുഭവം. ഇതിൻെറ പ്രധാനകാരണം, വിതരണം ചെയ്യുന്ന സഹായ ധനം നിർമ്മാണചെലവുകൾക്ക് മതിയാകാത്തതാണ്.

### ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | IRDP സർവ്വെ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയുംഅനുവദിക്കേണ്ടവ |
|---|---|---|---|---|---|
| 1 | 50 | 5 | – | 5 | 45 |
| 2 | 62 | Nil | – | – | 62 |
| 3 | 57 | 1 | – | 1 | 56 |
| 4 | 79 | 3 | – | 3 | 76 |
| 5 | 37 | 2 | – | 2 | 35 |
| 6 | 40 | 3 | – | 3 | 37 |
| 7 | 15 | Nil | – | – | 15 |
| 8 | 35 | 1 | – | 1 | 34 |
| 9 | 26 | Nil | – | – | 26 |
| 10 | 120 | 2 | – | 2 | 118 |
| ആകെ | 512 | 17 | Nil | 17 | 504 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDPസർവ്വെ പ്രകാരം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനിയും കക്കൂസ് വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 168 | 1 | Nil | 167 |
| 2 | 125 | Nil | Nil | 125 |
| 3 | 139 | 2 | Nil | 137 |
| 4 | 146 | 2 | Nil | 144 |
| 5 | 121 | 1 | Nil | 120 |
| 6 | 101 | 2 | Nil | 99 |
| 7 | 34 | 1 | Nil | 33 |
| 8 | 92 | 1 | Nil | 91 |
| 9 | 87 | 1 | Nil | 96 |
| 10 | 240 | 1 | Nil | 239 |
| ആകെ | 1253 | 12 | Nil | 1241 |

ട്രൈസം. (ഗ്രാമീണ യുവജനങ്ങലക്കുള്ള തൊഴിൽ പരിശീലന പരിപാടി)

ഐ. ആർ. ഡി. പി. ലിസ്റ്റിൽപ്പെടുന്ന കുടുംബങ്ങളിലെ 18–നും 35–നും മദ്ധ്യേയുള്ള ഗ്രാമീണ യുവാക്കൾക്ക്, ചെറുകിട – കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. 50% പട്ടികജാതിക്കാർക്കും, 3 ശതമാനം വികലാംഗർക്കുമായി വേർതിരിച്ചിട്ടുള്ള ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ 64 പേർ പരിശീലനം നേടിയിട്ടുണ്ട്. ട്രൈസം പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ പരിശീലനം നേടിയവരെ സംബന്ധിച്ച വിവരം താഴെചേർക്കുന്നു.

### ട്രൈസം പദ്ധതിയിലൂടെ തൊഴിൽ പരിശീലനം നേടിയവൻ

| നമ്പർ | പരിശീലനം ലഭിച്ചതൊഴിൽ | എണ്ണം |
|---|---|---|
| 1 | Handicraft | 10 |
| 2 | Khadi weaving | 9 |
| 3 | Welding | 4 |
| 4 | Fitter | 1 |
| 5 | Composing | 2 |
| 6 | Motor mechanism | 1 |
| 7 | Eleefrician | 4 |
| 8 | Upholstry | 4 |
| 9 | Two wheeler mechanism | 5 |
| 10 | Seving and Emroidary | 19 |
| 11 | Tailoring | 3 |
| 12 | wireman | 1 |
| 13 | [illegible]mbing | 1 |
| 14 | [illegible]otal | 64 |

ട്രൈസം തൊഴിൽ പരിശീലനം – വാർഡ് തിരിച്ച്

| വാർഡ് നമ്പർ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടി രിക്കുന്നവൻ | അവശേഷി ക്കുന്നവൻ |
|---|---|---|---|---|
| 1 & 2 | 3 | 1 | 2 | – |
| 3 | 2 | – | 2 | – |
| 4 | 4 | – | 4 | – |
| 5 | 7 | – | 7 | – |
| 6 | 12 | 5 | 7 | – |
| 7 | 14 | 9 | 5 | – |
| 8 | 3 | – | 3 | – |
| 9 | 4 | – | 4 | – |
| 10 | 15 | 1 | 14 | – |
| ആകെ 64 | 16 | 48 | – | |

പെൻഷനുകളും, ധന സഹായങ്ങളും.

1995–96 ലെ കണക്കനുസരിച്ച് വെള്ളൂർ വില്ലേജിൽ സാമൂഹിക ക്ഷേമപരിപാടികളുടെ കീഴിൽ വരുന്ന ധനസഹായങ്ങളും, പെൻഷനുകളും ലഭിക്കുന്നവരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്തിൽ പേർക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട്.

ക്ഷേമനിധികൾ

വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള ധാരാളം സഹായ നിധികൾ നിലവിലുണ്ട്. ഓരോ വിഭാഗം തൊഴിലാളികൾക്കും പ്രത്യേകം സഹായ പദ്ധതികൾരൂപികരിച്ചിട്ടുണ്ട്. കർഷക ത്തൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളി ക്ഷേമനിധി, കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമനിധി, ചെത്തു തൊഴിലാളി ക്ഷേമനിധി, ചുമട്ടുതൊഴിലാളി ക്ഷേമനിധി എന്നിവയാണ് പ്രാധാനമായും ഈ പഞ്ചായത്തിൽ നിലവിലുള്ള ക്ഷേമനിധികൾ. ഓരോ ക്ഷേമനിധിയിലും അംഗങ്ങളായിട്ടുള്ള തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ. പട്ടികയിൽ ചേർത്തിരിക്കുന്നു.

പൊതിവിതരണം

പഞ്ചായത്തിൽ ആകെ 11 പൊതുവിതരണ കേന്ദ്രങ്ങളാണു

പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വിധവാപെൻഷൻ | 56 |
| 2 | വികലാംഗ പെൻഷൻ | 82 |
| 3 | വാർധക്യകാല പെൻഷൻ | 24 |
| 4 | കുഷ്ഠരോഗി പെൻഷൻ | – |
| 5 | ക്യാൻസർ രോഗി പെൻഷൻ | 6 |
| 6 | കർഷകത്തൊഴിലാളി പെൻഷൻ | |
| 7 | അവശസാഹിത്യകാരപെൻഷൻ | – |
| 8 | അവശകായികതാര പെൻഷൻ | – |
| 9 | തൊഴിലില്ലായ്മ വേതനം | |

ള്ളത്. മാവേലി സ്റ്റോറുകൾ ഒന്നും തന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ ആകെ കാർഡ് ഉടമകളുടെ എണ്ണം 4164 ആണ്.

പട്ടികജാതി വികസന വകുപ്പ്.

പട്ടികജാതിക്കാരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനരംഗങ്ങളിലും മറ്റ് സമുദായങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിലും ഇടപെട്ട് പ്രവർത്തിക്കുന്ന ഒരു പദ്ധതിയാണിത്. ചുരുങ്ങിയ തോതിലെങ്കിലും ഇതിന്റെ സേവനം നമ്മുടെ പഞ്ചായത്തിലും ലഭ്യമാണ്.

പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള തുക വെട്ടികുറച്ചത് സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള പെൻഷനുകളും, സാമ്പത്തിക സഹായങ്ങളും ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നില്ല.
2. അർഹതയുള്ളവരിൽ പലർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
3. സ്വയം തൊഴിൽ പദ്ധതികളുടെ ആനുകൂല്യം അർഹതയുള്ള പലർക്കും ലഭിക്കുന്നില്ല.
4. പലക്ഷേമപദ്ധതികളെ കുറിച്ചും ജനങ്ങൾക്ക് അറിയില്ലായ്മ നിലനില്ക്കുന്നു.
5. പെൻഷനുകൾക്ക് അപേക്ഷിച്ചിട്ട് അതിന് വേണ്ടി കാത്തിരിക്കുന്ന ധാരാളം ആളുകൾ ഉണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വീട് പണിയുന്നതിന് പഞ്ചായത്ത് ധനസഹായം നല്കണം.
2. പെൻഷനുകൾ നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
3. അർഹതയുള്ളവർക്കെല്ലാം പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തണം.
4. സർക്കാരിന്റെ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
5. കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ജീവനക്കാരെ നിയമിച് പ്രവർത്തനങ്ങൾ സജീവമാക്കുക.
6. പഞ്ചായത്തിൽ നിലവിൽ അംഗനവാടികൾ ഇല്ലാത്തതിനാൽ സാധ്യതയുള്ള പ്രദേശങ്ങളിൽ അവ സ്ഥാപിക്കേണ്ടതാണ്.
7. പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതാണ്.
8. വിധവകൾക്ക് പെൻഷൻ ലഭക്കുന്നതിനുള്ള നടപടികൾ എടുക്കുക.
9. കുക്കിംഗ് ഗ്യാസ് ബുക്കിംഗിന് ഉള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാക്കുക.
10. ഇറുമ്പയം പെരുന്തട്ടിൽ പണിതീർന്നിട്ടുള്ള നേഴ്സറി കെട്ടിടത്തിന്റെ ശോചനീയഅവസ്ഥ പരിഹരിച്ച് പ്രവർത്തനം എത്രയം പെട്ടെന്ന് ആരംഭിക്കുക.
11. ഇറുമ്പയം സ്റ്റേഡിയത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഓപ്പൺ സ്റ്റേജിന്റെ ഉദ്ഘാടനം നിർവഹിക്കുക.

-ക്ഷേമനിധികളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ക്ഷേമനിധിയുടെ പേര് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കർഷകത്തൊഴിലാളി ക്ഷേമനിധി | 1669 |
| 2 | മത്സ്യത്തൊഴിലാളിക്ഷേമനിധി | 150 |
| 3 | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി | 195 |
| 4 | ചെത്തു തൊഴിലാളി ക്ഷേമനിധി | 21 |
| 5 | ചുമട്ട് തൊഴിലാളി ക്ഷേമനിധി | – |

# പട്ടികജാതി – പട്ടികവർഗ്ഗ വികസനം

ലോകത്ത് മറ്റൊരിടത്തുമില്ലാതിരുന്നവിധം ഇന്ത്യയിൽ ഫ്യൂഡൽ–നാടുവാഴിത്തം നിലനിന്നു പോന്നത് വർണ്ണ ജാതി വ്യവസ്ഥയിൽ അധിഷ്ഠിതമായാണ്. ആരംഭത്തിൽ തൊഴിൽ വിഭജനത്തിൻെറ ഭാഗമായണിത് ഉണ്ടായതെങ്കിലും കാലക്രമേണ, സവർണ്ണന്യൂന പക്ഷത്തിന് അവരക്ഷണ്ണ ഭൂരിപക്ഷത്തിൻെറ മേലുള്ള ആധിപത്യത്തിനും അടിച്ചമർത്തലിനുമുള്ള ശക്തമായ ഭൗതിക–ആശയ അടിത്തറയായി നൂറ്റാണ്ടുകളോളം ഇത് നിലനിന്നു.

> വർണ്ണ വ്യവസ്ഥയിൽ ഏറ്റവും അധസ്ഥിത വിഭാഗമായ പട്ടികജാതി–പട്ടികവർഗ്ഗ – ദളിത് വിഭാഗങ്ങളുടെ മുന്നേ റ്റത്തിനായി ദേശീയ തലത്തിൽ ഡോ. അംബേദ്കറും കേരളത്തിൽ ശ്രീനാരായണ പ്രസ്ഥാനവും നൽകിയ സംഭാവനകൾ എടുത്തു പറയേണ്ടതാണ്

വേദേതിഹാസ പുരാണങ്ങളിലൂടെയും സ്മൃതികളിലൂടെയും ഈ അടിച്ചമർത്തലിനും ആധിപത്യത്തിനും അനുരോധമായ ആശയ സംഹിത രൂപപ്പെടുത്തുന്നതിനും വ്യാഖ്യാനിയ്ക്കുന്നതിനും, അധികാരവും സമ്പത്തും കയ്യാളിയിരുന്ന ന്യൂനപക്ഷത്തിനുകഴിഞ്ഞു. കർമ്മ സിദ്ധാന്തത്തിലൂടെയും വിധിവാദത്തിലൂടെയും അടിച്ചമർത്തപ്പെട്ട – അവഗണിക്കപ്പെട്ട – ജനങ്ങൾ തങ്ങളുടെ നീചാവസ്ഥയ്ക്കും ദുരിത–ദാരിദ്രാവസ്ഥയ്ക്കും കാരണം പൂർവ്വനിശ്ചിതമാണന്ന് കരുതുവാൻ നിർബ്ബന്ധിക്കപ്പെട്ടു. ഇത് സവർണ്ണമേധാവിത്വ വ്യവസ്ഥയ്ക്കെതിരായി ഉയർന്നു വരേണ്ടിയിരുന്ന ഉയർത്തെഴുന്നേല്പിനെ ഇല്ലാതാക്കി.

ആദ്യകാലത്ത് ബുദ്ധ ജൈന മതങ്ങളും പിൻക്കാലത്ത് ഭക്തി പ്രസ്ഥനവും കീഴാളരുടെ ചെറുത്തുനില്പിൻേറയും പ്രതിരോധത്തിൻേറയും പ്രതിഫലനമായിരുന്നു എന്ന് ആധുനിക ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു.

സമ്പദ് വ്യവസ്ഥയുടെ മുരടിപ്പിനും ഈ ജാതിവ്യവസ്ഥകാരണമായി. വൈദേശികാധിപത്യത്തോടെയാണ് ഇതിനുമാറ്റം വന്നത്. ഉൽപ്പാദന വ്യവസ്ഥ വൈദേശികാധിപത്യം മൂലം ക്രമേണയാണെങ്കിലും മാറുവാൻ തുടങ്ങി. ബ്രിട്ടീഷുകാരടെ കീഴിലാരംഭിച്ച ആധുനിക വ്യവസായങ്ങൾ പഴയ ഫ്യൂഡൽ ബന്ധങ്ങളിൽ സാരമായ മാറ്റങ്ങൾ ഉണ്ടാക്കി. തടുർന്ന് ഉയർന്നുവന്ന സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങളും സ്വാതന്ത്ര്യസമര പ്രസ്ഥാനവും ഇതിനെ ത്വരിതപ്പെടുത്തി. സമഗ്രമായ മാറ്റം ഇന്നും ഉണ്ടായിട്ടില്ല. സമീപകാലത്ത് ജാതീയ വർഗ്ഗീയവിപത്തുകൾ പുതിയ രൂപത്തിലും ഭാവത്തിലും രംഗപ്രവേശം ചെയ്യുകയും ഒട്ടൊക്കെ സജീവമാവുകയുമാണ്.

വർണ്ണവ്യവസ്ഥയിൽ ഏറ്റവും അധസ്ഥിത വിഭാഗമായ പട്ടികജാതി പട്ടികവർഗ്ഗ – ദളിത് വിഭാഗങ്ങളുടെ മുന്നേറ്റത്തിനായി ദേശീയതലത്തിൽ ഡോ. അംബേദ്കറും കേരളത്തിൽ ശ്രീനാരായണ പ്രസ്ഥാനവും നൽകിയ സംഭാവന എടുത്തു പറയേണ്ടതാണ്. ശ്രീഅയങ്കാളിയുടെ പ്രവർത്തനവും അവർണ്ണവിഭാഗക്കാരുടെ ഉയർത്തെഴുന്നേല്പിന് ആക്കം കൂട്ടി. ഇതിൻെറയെല്ലാം അനുരണനങ്ങൾ വെള്ളൂർ പഞ്ചായത്തിലും ഏറിയും കുറഞ്ഞും സ്വാധീനം ചെലുത്തുകയുണ്ടായി.

സമൂഹത്തിലെ ഉല്പാദന മേഖലയിൽ പണിയെടുക്കുന്ന ഈ വിഭാഗം ഇന്നും പലരംഗങ്ങളിലും അവഗണന അനുഭവിക്കുന്നു. ജന്മിത്ത വ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടത്തിൽ ജന്മിമാർ കാർഷികരംഗത്തും അവരുടെ മറ്റ്

ഉല്പാദനമേഖലകളിലും പണിയെടുക്കുന്നതിനായി പരമ്പരാഗതമായി അടിയാന്മാരെ പോറ്റി പോന്നിരുന്നു. അവർക്ക് സ്വന്തമായി കൃഷിഭൂമി കൈവശം വയ്ക്കുന്നതിനോ വിദ്യാഭ്യാസം ചെയ്യുന്നതിനോ അവകാശം ഉണ്ടായിരുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തിയത് ഭൂപരിഷ്കരണമായിരുന്നു. ഭൂപരിഷ്കരണനിയമത്തെ ത്തുടർന്ന് പലർക്കും കുടികിടപ്പവകാശം ലഭിക്കുകയുണ്ടായി. എങ്കിലും ഭൂമിയിൽ പണിയെടുത്തിരുന്ന അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഭൂപരിഷ്കരണത്തിൻെറ യഥാർത്ഥഗുണഫലം ലഭിച്ചില്ല എന്നുള്ളത് കേരളത്തിലെ ഭൂപരിഷ്കരണത്തിൻെറ പോരായ്മയാണ്.

കേരളത്തിലെ മറ്റുപ്രദേശങ്ങളിലേതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല, വെള്ളൂർ പഞ്ചായത്തിൻെറസ്ഥിതിയും 1991ലെ കനേഷുമാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 21, 584, ആണ് ഇതിൽ 2871 പേർ പട്ടികജാതിക്കാരും 24പേർ പട്ടികവർഗ്ഗക്കാരുമാണ്. വയലുകളിലും മറ്റു കൃഷിഭൂമിയിലും പണിയെടുക്കുന്നതിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ പ്പെട്ടവരായിരുന്നു. മുൻകാലങ്ങളിൽ ഇവർക്കുള്ള കൂലി നെല്ലളവായും ആഹാർമായുമാണ് നൽകിയിരുന്നത്. വെള്ളൂർ പഞ്ചായത്തിൽ, കാർഷികരംഗത്ത് ഇവരുടെ സാന്നിദ്ധ്യം നിറഞ്ഞുനിന്നിരുന്നു.

കാർഷിക ഗ്രാമമായിരുന്ന വെള്ളൂരിൻെറ വ്യവസായിക മേഖലയിലേയ്ക്കുള്ള ചുവടുമാറ്റം ന്യൂസ് പ്രിൻെറ് ഫാക്ടറിയുടെ സ്ഥാപനത്തോടെ ആരംഭിച്ചു. വെള്ളൂരിലെ നെൽപ്പാടങ്ങളുടെ വീസ്തൃതിയിൽ കാര്യമായ കുറവുണ്ടായി, റബ്ബറൊഴിച്ച് മറ്റെല്ലാ കാർഷിക വിഭവങ്ങളുടേയും ഉല്പാദം കുറഞ്ഞു. കർഷക ത്തൊഴിലാളികളിൽ ഭൂരിഭാഗവും പുലയവിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ നല്ലൊരു പങ്ക് തൊഴിലാളികളും, മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളുള്ള വ്യാവസായിക മേഖലയിലേയ്ക്ക് ചേക്കേറി. ഇത് വെള്ളൂരിൽ കർഷകതൊഴിലാളികളുടെ രൂക്ഷമായ ക്ഷാമത്തിന് ഇടയാക്കി, കാർഷികരംഗത്ത് ഉണ്ടായ ഇവരുടെ കുറവ് മറ്റു വിഭാഗത്തിൽപ്പെട്ട ആളുകളാൽ നികത്തപ്പെട്ടിട്ടില്ലയെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയിട്ടില്ല എന്നുള്ളതാണ് വാസ്തവം. ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം കുടംബങ്ങളും ഇന്നും അവർക്കായി തിരിച്ചു വച്ചിട്ടുള്ള കോളനികളിലാണ് താമസിക്കുന്നത്. വെള്ളൂർ പഞ്ചായത്തിലെ കോളനികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ഈ കോളനികളിൽ ഒന്നും തന്നെ വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങൾ ഇല്ല. ഇടിഞ്ഞുപൊളിഞ്ഞ ലക്ഷം വീടുകളും, കുടിലുകളുമാണ് പലകോളനികളിലും ഉള്ളത്. ഇന്നും പഞ്ചായത്തിലെ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന വിഭാഗം പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്.

വിദ്യാഭ്യാസം

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൻെറ വിദ്യാഭ്യാസ പുരോഗതിക്കായി ആവി,കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഇന്നും തന്നെ ഫലപ്രദമായിട്ടില്ല.

| ക്രമ നമ്പർ | കോളനിയുടെ സ്വഭാവം | കോളനിയുടെ എണ്ണം | ആകെ കുടുംബങ്ങളുടെ എണ്ണം | SC/ST കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|---|
| 1 | ലക്ഷം വീട് കോളനി | 5 | 85 | 46 | |
| 2 | പട്ടികജാതികോളനി | 9 | 318 | 318 | |
| 3 | സെറ്റിൽമെൻറ് കോളനി | 1 | 25 | 25 | |
| 4 | ആകെ | 15 | 428 | 389 | |

അവലംബം – ഗ്രാമപഞ്ചായത്ത് രേഖ

സ്ക്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥി കളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണം ഗാർഹിക അന്തരീക്ഷമാണ്. രക്ഷിതാക്കളിൽ പലർക്കും വിദ്യാഭ്യാസമോ അക്ഷരാഭ്യാസം പോലുമോ യില്ല. സാക്ഷരതാപ്രവർത്തനം ഒരു പരിധിവരെ ഇതിനു പരിഹാരം കാണുമായിരുന്നു. എന്നാൽ അതു തുടർന്നു കൊണ്ടുപോകുന്നതിനു കഴിഞ്ഞില്ല. വീടുകളുടെ ശോചാവസ്ഥ, സാമ്പത്തിക പരാധീനത എന്നിവയും കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്ന ഘടകങ്ങളാണ്.

ഇന്നു വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ ചെലവേറിയ ഒന്നായി മാറിയിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടേയും അൺ എയ്ഡഡ് സ്ക്കൂളുകളുടേയും വരവോടെ സമൂഹത്തിലെ സമ്പന്ന വിഭാഗത്തിലേയും ഇടത്തരക്കാരുടേയും കുട്ടികൾ ഈ സ്ക്കൂളുകളിലേയ്ക്കു മാറി. സർക്കാർ സ്ക്കൂളുകൾ പ്രധാനമായും താഴ്ന്നവരുമാനക്കാർ മാത്രം പഠിക്കുന്ന സ്ഥാപനങ്ങളായി, വിദ്യാഭ്യാസരംഗത്തെ ഈ മാറ്റം പൊതു വിദ്യാഭ്യാസത്തിന്റെ തകർച്ചയ്ക്കും, പൊതു വിദ്യാഭ്യാസത്തെ പ്രധാനമായും ആശ്രയിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടയാക്കി. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴിയുകയുള്ളു. ഈ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്താൻ കഴിയുന്നില്ല.

രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിൽ തങ്ങളുടെ പങ്കിനെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്. കോളനികളിൽ എല്ലാസൗകര്യങ്ങളുമുള്ള പഠനകേന്ദ്രങ്ങൾ നിർമ്മിക്കുന്നത് കുട്ടികൾക്ക് പഠിക്കുന്നതിന് സഹായകരമായിരിക്കും. പഞ്ചായത്തു തലത്തിൽ നടപ്പിലക്കുന്ന സ്ക്കൂൾ കോംപ്ലക്സ് പരിപാടിയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ട പദ്ധതികൾ മുൻഗണനയോടെ ആവിഷ്കരിക്കണം.

### തൊഴിൽ

ഈ വിഭാഗക്കാർ കാർഷിക മേഖലയിൽ എന്നപോലെ തന്നെ പരമ്പരാഗത കൈത്തൊഴിലുകളിലും ഏർപ്പെട്ടിരുന്നു. കുട്ട–വട്ടി നിർമ്മാണ് പാനെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ ഇന്ന് അസംസ്കൃത സാധനങ്ങളുടെ

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരം

| ക്ലാസ്സ് | ആകെ കുട്ടികളുടെ എണ്ണം | പട്ടികജാതി പട്ടികവർഗ്ഗകുട്ടികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പെൺ | ആൺ | ആകെ | |
| 1 | 265 | 19 | 19 | 38 | 14.3 |
| 2 | 260 | 28 | 31 | 59 | 11.9 |
| 3 | 265 | 25 | 17 | 42 | 15.8 |
| 4 | 280 | 19 | 24 | 43 | 15.3 |
| 5 | 155 | 18 | 24 | 42 | 27 |
| 6 | 145 | 21 | 11 | 32 | 22 |
| 7 | 143 | 25 | 21 | 46 | 32.1 |
| 8 | 154 | 31 | 31 | 62 | 40.2 |
| 9 | 158 | 33 | 31 | 64 | 40.5 |
| 10 | 120 | 17 | 12 | 29 | 24.1 |

ലഭ്യതക്കുറവും വിപണന സൗകര്യങ്ങളുടെ അഭാവവും മൂലം പ്രതിസന്ധിയെ നേരിടുന്നു. ഏതാണ്ട് മുപ്പതോളം കുടുംബങ്ങൾ ഈ രംഗത്തു തൊഴിലെടുക്കുന്നു. തഴ, ഈറ്റ, മുള തുടങ്ങിയ അസംസ്കൃത സാധനങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് ഈ മേഖലയെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. വെള്ളൂർ പഞ്ചായത്തിൽ കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും ഇന്നും പുലയവിഭാഗത്തിൽ പ്പെട്ടവരാണ്. ഈ രംഗത്ത് ഇവരുടെ അനുഭവ സമ്പത്തും, അദ്ധ്വാനവും ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ്.

ഈ പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട നിരവധി യുവതീയുവാക്കളുണ്ടെങ്കിലും ഇവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുവേണ്ട സാഹചര്യങ്ങൾ നിലവിലില്ല. സ്വന്തമായി ഭൂമിയോ, മറ്റ് ആസ്തികളോ ഇല്ലാത്ത ഇവർക്ക് ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള തൊഴിൽ സംരംഭകർക്ക് തങ്ങളുടെ തൊഴിൽ വികസനത്തിന് ആവശ്യമായ ബാങ്ക് വായ്പ ലഭിക്കുന്ന തിനും നിരവധി പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവ രുന്നു.

പട്ടികജാതി – പട്ടികവർഗക്കാർക്ക് വെള്ളൂർ പഞ്ചായത്തി ലുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നു നൽകിയിട്ടുള്ള വായ്പ സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക നോക്കുക.

ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തു ന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹാ യവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

സാമൂഹ്യ പദവി

പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിൽ മറ്റു വിഭാഗങ്ങളോട് തുല്യമായ പദവി ഇന്നും ലഭിച്ചിട്ടില്ല. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന അയിത്തോച്ചടന സമരങ്ങളും, ഡോ. അബേദ്കർ അയ്യ ങ്കാളി എന്നിവരുടെ നേതൃത്വത്തിൽ നടന്ന സാമൂഹിക പരിവർത്തന മുന്നേറ്റങ്ങളും ഈ വിഭാഗങ്ങളുടെ നിലയിൽ അല്പം മാറ്റം വരുത്തിയിട്ടുണ്ട്. അയിത്തോച്ചാടനത്തോടനു ബന്ധിച്ച് നടന്ന വൈക്കം സത്യാഗ്രഹത്തിന്റെ അലയൊലി കൾ വെളൂർ പഞ്ചായത്തിലും എത്തിയിരുന്നു. എന്നാൽ ഇന്നും, പ്രത്യക്ഷമായിട്ടല്ലെങ്കിലും പലമേഖലകളിലും വിവേ ചനം നിലനില്ക്കുനുണ്ട്. വിദ്യാഭ്യാസപരമായും തൊഴിൽ പരമായും സാമ്പത്തികമായും മുന്നിട്ടു നില്ക്കുന്നവർക്ക് സമൂഹത്തിൽ പൊതുവെ അംഗീകാരം ലഭിക്കുന്നുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതിയാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരുന്നതി നുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുമ്പോൾത്തന്നെ കലാകായിക രംഗങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ടവർ മികച്ച നിലവാരം പുലർത്തുന്നുണ്ട്. എന്നാൽ വേണ്ട പ്രോത്സാഹനമോ, അംഗീകാരമോ ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. കോളനികളിലെ അടി സ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, വീടില്ലാത്ത വർക്ക് വീട് നിർമ്മിച്ച് നൽകുകയും ചെയ്യേണ്ടതുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ സഹകരണ സംഘം രൂപികരി ക്കുകയും വേണം.

പട്ടികജാതി – വികസന വകുപ്പിൻ കീഴിലുള്ള വിദ്യാഭ്യാസപദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | പ്രീപ്രൈമറി വിദ്യാഭ്യാസം |
| 2 | സ്ക്കൂൾ തലത്തിലുള്ള ലംപ്സം ഗ്രാന്റ് |
| 3 | പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം |
| 4 | എസ്.എസ്.എൽ.സി / പി.ഡി.സി. – തോറ്റവർക്കുള്ള ധനസഹായം |
| 5 | സ്വകാര്യ ITC കളിലും തയ്യൽസ്കൂളുകളിലും പഠിക്കുന്നതിനുള്ള ധനസഹായം |
| 6 | പ്രീ–മെട്രിക് ഹോസ്റ്റൽ. |

അവലംബം – പട്ടികജാതിവികസന വകുപ്പ് രേഖ

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സ്വന്തമായി കക്കൂസില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ കക്കൂസ് നിർമ്മിക്കുക.
2. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ങ്ങളിൽപ്പെട്ടവരുടെ വീടുകളിൽകുടിവെളം എത്തി ക്കുക.
3. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനുള്ള സർക്കാർ സഹായം വർദ്ധിപ്പിക്കുക.
4. കോളനികളിൽ വായനശാലയും ടി.വി. സെൻററും സ്ഥാപിക്കുക.
5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കുടിൽ വ്യവസായത്തിനും ചെറുകിട വ്യവസായ ത്തിനും സാമ്പത്തിക സഹായവും, അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുക.
6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ എടുക്കുക.
7. ഈ വിഭാഗത്തിൽപ്പെട്ടവരുടെ എല്ലാവീടുകളിലും വൈദ്യുതിഎത്തിക്കുക.
8. ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് പഞ്ചായത്തിന് അധികാരം നല്കുക.
9. ഇറുമ്പയം പട്ടികജാതി കോളനിയിലേക്ക് പെരുന്തട്ടിൽ നിന്നുമുള്ള സ്വകാര്യവിഴി ടാർചെയ്ത് മൂലമ്പുറം പെരുന്തട്ട് റോഡുമായി ബന്ധിപ്പിക്കുക.
10. പഞ്ചായത്തിൻെറ 9–ാം പദ്ധതി വിഹിതത്തിൽ 10% പട്ടികജാതി വികസനത്തിന് വേണ്ടിമാറ്റിവയ്ക്കുക.
11. Sc/ST സഹകരണസംഘം സ്ഥാപിക്കുക.
12. എയിഡഡ് സ്ക്കൂളുകൾ, സഹകരണസംഘങ്ങൾ തുടങ്ങിയവയിലെ നിയമനങ്ങളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുക.
13. HNL–ൽ നിന്നും കുടിവെള്ളത്തിനായി സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈൻ നന്നാക്കുക.
14. പല കോളനികളിലും സിംഗിൾ ഫേസ് ലൈനിൽ നിന്നും കണക്ഷൻ എടുക്കുന്നതിനാൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പരിഹാരം കാണുക.
15. 7–ാം വാർഡിൽ കമ്പനിയുമായി ബന്ധപ്പെടുന്ന ഗേറ്റ് തുറക്കുകയും കമ്പനിമതിലിനോട് ചേർന്ന് റോഡ് നിർമ്മിക്കുകയും ചെയ്യുക.
16. തുടർസാക്ഷരതാപരിപാടി നടപ്പിൽവരുത്തുക.
17. 7–ാം വാർഡിലെ വലിയ വീട് പടിഞ്ഞാറേക്കുറ്റ് തൊണ്ട് റോഡാക്കി മാറ്റുക.
18. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ നല്കുക.

പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | പട്ടിക ജാതി | ക്രമ നമ്പർ | പട്ടിക വർഗ്ഗം |
|---|---|---|---|
| 1 | കുറവൻ | 1 | ഉള്ളാടൻ |
| 2 | പാണൻ | | |
| 3 | പറയൻ, സാംബവൻ | | |
| 4 | പരവൻ | | |
| 5 | പുലയൻ | | |

പഞ്ചായത്തിലെ ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗങ്ങൾക്ക് നല്കിയ വായ്പ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ബാങ്കിൻെറ പേര് | മൊത്തം വായ്പ തുക | Sc/ST ക്കുള്ള വായ്പ | ശതമാനം |
|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് വെളൂർ ശാഖ | 11538000 രൂ. | 1681000 രൂ | 14.5 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വെള്ളൂർ ശാഖ | 15433000രൂ | 396000 രൂ | 2.5 |
| 3 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ന്യൂസ് പ്രിൻറ് നഗർ | 28453776 രൂ | 66000രൂ | 0.23 |
| 4 | വെള്ളൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15312877 രൂ | 35621 രൂ | 0.23 |
| 5 | ഭാരതീയ സ്റ്റേറ്റ് ബാങ്ക് വെള്ളൂർ ശാഖ | 18896000 രൂ | 255000 രൂ | 1.35 |



# വനിത



# വനിത

സ്ത്രീകളുടെ പ്രശ്നങ്ങൾ ഇന്ന് ലോകത്താകെ ശ്രദ്ധിക്കപ്പെടുകയും ഔപചാരികതലങ്ങളിൽ സ്ത്രീകൾക്കുവേണ്ടിയുള്ള നിരവധി പദ്ധതികൾ പ്രഖ്യാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടനമുതൽ ഓരോ രാജ്യത്തും പ്രദേശത്തും സ്ത്രീകളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ആധുനിക ലോകത്തിൻെറ ചിന്താമണ്ഡലത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്കു കിട്ടിയ ശ്രദ്ധ എന്നതിൽ കവിഞ്ഞ് സ്ത്രീലോകത്തിൻെറ വിമോചനവുമായി ബന്ധപ്പെട്ട് കാര്യമായ പുരോഗതിക്ക് ഇതൊന്നും പ്രയോജനപ്പെട്ടില്ല എന്ന് സാമാന്യമായി വിലയിരുത്താം. ഈ പരിമിതികൾ മറികടക്കാൻ കഴിയുന്നത് ഔപചാരിതലത്തിലല്ലെന്നും സ്ത്രീകളുടെ ഇടയിൽ നിന്നുതന്നെയുള്ള ഉയിർത്തെഴുന്നേൽപ്പിലൂടെയാണെന്നും ഇന്ന് തിരിച്ചറിയപ്പെടുന്നുണ്ട് എന്നതാണ് സമകാലികമായി പ്രത്യാശ നൽകുന്ന ഘടകം. ഘടനയിലും ലക്ഷ്യത്തിലുമെല്ലാം വൈവിധ്യം പുലർത്തുന്നവയാണെങ്കിലും സാർവ്വദേശീയ-ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന വനിതാസംഘടനകൾ, സ്ത്രീകളുടെ തനതായ മുന്നേറ്റം ആവശ്യമാണെന്ന് അംഗീകരിക്കുന്നു.

മറ്റുരാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യയിൽ, സ്ത്രീകൾക്കെതിരെയുള്ള ചൂഷണത്തിന് ജാതിഭേദത്തിൻെറയും അന്ധവിശ്വാസത്തിൻെറയും പിന്തുണകൂടി ലഭിക്കുന്നുണ്ട്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് നടത്തുന്ന ഏതൊരു പ്രവർത്തനവും അതുകൊണ്ടു തന്നെ ജാതിക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ പോരാട്ടം കൂടി ഉൾക്കൊള്ളുന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ നിരോധിക്കപ്പെട്ട 'സതി' എന്ന പ്രാകൃതാചാരം ഇന്നും ഇന്ത്യയിൽ നിലനില്ക്കുന്നു എന്നതു തന്നെ ഇതിൻെറ പ്രാധാന്യം എടുത്തുകാണിക്കുന്നു. സ്ത്രീകളെ തട്ടിക്കൊണ്ടുപോകലും കൂട്ടബലാത്സംഗവും, കൊലപാതകങ്ങളുമെല്ലാം ഇന്ത്യയിൽ വർദ്ധിച്ചുവരികയാണ്. സ്വാതന്ത്ര്യപൂർവ്വകാലഘട്ടത്തിൽ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനവും നവോത്ഥാനപ്രസ്ഥാനവും സ്ത്രീകളുടെ പങ്കാളിത്തത്തിന് എത്ര ചെറിയ തോതിലാണെങ്കിലും തുറന്നിട്ട വാതിലുകൾ പിന്നീട് കൊട്ടിയടക്കപ്പെടുന്നതാണ് നാം കണ്ടത്. അതുകൊണ്ടുതന്നെ ഇന്ത്യൻ സ്ത്രീത്വം ഇന്നും അടിമചങ്ങലയിൽ തളയ്ക്കപ്പെട്ടു കിടക്കുന്നു.

കേരളത്തെക്കുറിച്ചുള്ള എല്ലാ ചർച്ചകളിലും ചൂണ്ടിക്കാണിക്കപ്പെടുന്ന ഒന്നാണ്, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളീയ സ്ത്രീകൾക്ക് വിദ്യാഭ്യാസം, ആയൂർദൈർഘ്യം തുടങ്ങിയവയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം. കേരളീയ സ്ത്രീകളുടെ സാക്ഷരതാ നിലവാരം മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ മെച്ചമാണെന്നതിൽ തർക്കമില്ല (86.17%). സ്ത്രീപുരുഷ അനുപാതത്തിലും, ആയുർദൈർഘ്യത്തിലും, ഔപചാരികവിദ്യാഭ്യാസത്തിലും ശിശുമരണനിരക്കിലുമെല്ലാം സ്ത്രീയുടെ നില മറ്റു സംസ്ഥാനങ്ങളേക്കാൾ ആപേക്ഷികമായി മെച്ചപ്പെട്ടതുതന്നെ. എന്നാൽ, ഇതിനൊരു മറുവശമുണ്ട്. കേരളത്തിലെ പ്രധാന തൊഴിൽ മേഖലകളിലും സാഹിത്യകലാരംഗങ്ങളിലുമെല്ലാം സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരികയാണ്. സ്ത്രീവിരുദ്ധ ആശയങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും സാർവ്വത്രികമാക്കപ്പെട്ടിരിക്കുന്നു. ഇതെന്തുകൊണ്ട്? സംസ്ഥാനനിയമസഭ, രാഷ്ട്രീയപാർട്ടികൾ, ബഹുജനസംഘടനകൾ, തുടങ്ങിയവയിലൊന്നും നേതൃപദവിയിലോ അംഗബലത്തിലോ ശ്രദ്ധേയമായ സ്ത്രീ സാന്നിദ്ധ്യം ഇല്ല. 10 വനിതകളിൽ കൂടുതൽ ഒരിക്കലും നമ്മുടെ നിയമസഭയിൽ അംഗമായിരുന്നിട്ടില്ല. ഇതൊക്കെ എന്തുകൊണ്ട്? പ്രമുഖ രാഷ്ട്രീയ

,പാർട്ടികൾക്കെല്ലാം വനിതാസംഘടനകൾ ഉണ്ടെങ്കിലും കേരളത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളും ഇന്നും അസംഘടിതരായി തുടരുന്നതെന്തുകൊണ്ടാണ്? ഇതിന് ഉത്തരം കാണണമെങ്കിൽ കേരളീയ സാമൂഹ്യജീവിതത്തിൽ അതിവേഗം പടർന്നുപിടിച്ച സാംസ്കാരികമൂല്യച്യുതിയുടെ ആഴങ്ങളിലേക്ക് കടന്നുചെല്ലേണ്ടതുണ്ട്. കേരളത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി നടത്തിയ വികസനപ്രവർത്തനങ്ങളിലേക്ക് വിമർശനബുദ്ധ്യാ വിരൽ ചൂണ്ടേണ്ടതുണ്ട്. വനിതാ പ്രസ്ഥാനങ്ങളുടെ പ്രവർത്തനരംഗത്തെ പോരായ്മകളും പരിശോധിക്കപ്പെടണം.

## ജനകീയാസൂത്രണവും സ്ത്രീകളും

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനകീയാസൂത്രണപ്രസ്ഥാനമായി വിഭാവനം ചെയ്യപ്പെട്ടപ്പോൾ എടുത്തു പറഞ്ഞ ഒരു കാര്യം വികസന-ആസൂത്രണരംഗത്തെ സ്ത്രീകളുടെ അദൃശ്യതയാണ്. ഗ്രാമസഭ മുതൽ പദ്ധതി രൂപവത്കരണം വരെയുള്ള വിവിധഘട്ടങ്ങളിലെല്ലാം സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, സ്ത്രീപക്ഷത്തുനിന്നുള്ള വിമർശനങ്ങൾക്കും അഭിപ്രായങ്ങൾക്കും മുൻഗണനാ നൽകുന്നതിനും സംസ്ഥാനതലത്തിൽ തന്നെ നിർദ്ദേശമുണ്ടായി. വികസന സെമിനാർ നടക്കുന്ന ഈ ഘട്ടത്തിൽ ഈ നിർദ്ദേശങ്ങളുടെ ഫലപ്രാപ്തിയും ചർച്ച ചെയ്യപ്പെടേണ്ടതാണ്.

വികസനത്തിന്റെ അടിത്തറ സമ്പത്തും സമ്പത്തിന്റെ അടിത്തറ അധ്വാനവും ആണെങ്കിൽ, ആ അദ്ധ്വാനത്തിന്റെ വലിയ പങ്കു നിർവ്വഹിക്കുന്നത് സ്ത്രീകളല്ലേ? കുട്ടികളെ പരിപാലിക്കൽ, അടുക്കള ജോലികൾ, അലക്ക്, കുടിവെള്ള വിറക് എന്നിവ ശേഖരിക്കൽ തുടങ്ങി ദൈനംദിന ജീവിതത്തിൽ സ്ത്രീകൾ നടത്തുന്ന അധ്വാനം കൂലിയില്ലാത്ത് ജോലി (കാണാപ്പണി) യായതിനാൽ വികസനത്തിലും ആസൂത്രണത്തിലും ഈ അധ്വാനവും അതുകൊണ്ടുണ്ടാകുന്ന സമ്പത്തും പരിഗണിക്കപ്പെടാതെ പോകുന്നു. തൊഴിൽ എന്ന് വിളിക്കപ്പെടുന്ന മേഖലകളിലാകട്ടെ സ്ത്രീകൾ വേതനനിരക്കിലും മറ്റു പലകാര്യങ്ങളിലും കടുത്ത വിവേചനത്തെ നേരിടുന്നുണ്ട്. വികസനത്തിലെ മുൻഗണന നിശ്ചയിക്കുമ്പോഴും ആസൂത്രണത്തിലും ദുരിതഭാരത്തിന്റെ വലിയ പങ്കും പേറുന്ന സ്ത്രീകളെക്കുറിച്ച് ചിന്തിക്കാറില്ല. പൊതുവിൽ കാണുന്ന ഈ ദുഃസ്ഥിതിയെ ക്കുറിച്ചാണ് സ്ത്രീകളുടെ അദൃശ്യത എന്നതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഇതു മറി കടക്കുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനം ഗ്രാമതലത്തിൽ തന്നെ ആവശ്യമാണ്. ഇതിനുള്ള സാധ്യത പ്രദാനം ചെയ്യുന്നു എന്നതാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സവിശേഷതകളിൽ ഒന്ന്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും സംഘടനകൾ ഒറ്റക്ക് പരിശ്രമിച്ചാൽ പോരാ, മറിച്ച് എല്ലാ സംഘടനകളിൽപെടുന്നവരും ഒരു സംഘടനയിലും പെടാത്തവരുമായ എല്ലാ വനിതകളും പങ്കെടുക്കുന്ന, ഉൾക്കൊള്ളുന്ന വാർഡുതല-പഞ്ചായത്തുതല സമിതികൾ, ആശയചർച്ച, വേദികൾ, വായനശാലകൾ, കലാസാഹിത്യപരിപാടികൾ, തൊഴിൽ സംരംഭങ്ങൾ.... ഇതാണ് ജനകീയാസൂത്രണപ്രസ്ഥാനം വിഭാവനം ചെയ്യുന്നത്.

## സ്ത്രീകളുടെ സാമൂഹ്യപദവി, നമ്മുടെ പഞ്ചായത്തിൽ

വെള്ളൂർ ഗ്രാമത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള വാമൊഴിവരമൊഴി പഠനങ്ങളിലൊന്നും ശ്രദ്ധേയമായ വ്യക്തിത്വം പുലർത്തിയ സ്ത്രീകളുടെ പേരുകളൊന്നും കാണാൻ കഴിയുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ ഉറങ്ങിക്കിടന്നിരുന്ന സാമൂഹികബോധത്തിന്റെയും കൂട്ടായ്മയുടെയും ഉണർവ്വുണ്ടായത് അമ്പതുകളിലാണ്. കേരളത്തിലെ മറ്റെവിടെയും എന്ന പോലെ നമ്മുടെ ഗ്രാമത്തിലും വായനശാലകളും ക്ലബ്ബുകളും പൊട്ടിമുളച്ചുവന്നു. ഇവയുടെ ആഭിമുഖ്യത്തിൽ ഉണ്ടായ നാടകസംഘത്തിൽ സ്ത്രീകൾ സഹകരിച്ചിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു പക്ഷേ, നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹികരംഗത്തേക്കുള്ള ആദ്യ ഇടപെടൽ ഇതായിരിക്കും. പിന്നീട്, മത്സ്യം, കൃഷി, കരിങ്കൽ തുടങ്ങി മേഖലകളിൽ തൊഴിലാളികൾ സംഘടിതരാവുകയും ഒട്ടേറെ സമരങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ ഇവയിലെയും സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഈ ഇടപെടലുകളെല്ലാം രാഷ്ട്രീയ-തൊഴിൽമേഖലകളിലെ ട്രേഡ് യൂണിയന്റെ പങ്കാളിത്തത്തിലും, വളരെ പരിമിതമായ വൃത്തത്തിലുള്ള ചെറിയ ഒരു വിഭാഗം മാത്രം പങ്കെടുക്കുന്നതിലും ഒതുങ്ങി. എന്നാൽ തൊണ്ണൂറുകൾ മുതൽ നമ്മുടെ പഞ്ചായത്തിൽ നടന്ന കക്ഷിരാഷ്ട്രീയത്തിനതീതമായ മൂന്നു പ്രവർത്തനമേഖലകളിൽ എല്ലാ വാർഡിൽ നിന്നും ശ്രദ്ധേയമായ വനിതാ പങ്കാളിത്തം ഉണ്ടായിരുന്നു. സമ്പൂർണ്ണ സാക്ഷരതായജ്ഞം, വിഭവഭൂപടനിർമ്മാണം, ജനകീയാസൂത്രണപ്രസ്ഥാനം എന്നിവയാണീ മൂന്നു പ്രവർത്തനങ്ങൾ. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തനരംഗങ്ങളിലും സ്കൂളുകളിൽ നടത്താറുള്ള വിജ്ഞാനോത്സവം, മാതൃസംഗമം തുടങ്ങിയവയിലും സ്ത്രീപങ്കാളിത്തം ഉണ്ട്. ഒമ്പതാം പദ്ധതിക്കുവേണ്ടി കൂടിയ ഗ്രാമസഭകളിലെ വനിതാപങ്കാളിത്തവും വനിതാ ഗ്രൂപ്പുചർച്ചകളിൽകണ്ട ആവേശകരമായ സജീവതയും എടുത്തുപറയത്തക്കതാണ്.

1991 ലെ ജനസംഖ്യാകണക്കുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ (21584) 10739 പേർ സ്ത്രീകളും 10845 പേർ

പുരുഷന്മാരും പുരുഷന്മാരേക്കാൾ സ്ത്രീകളുടെ എണ്ണം 106 കുറവ്. 0-6 പ്രായപരിധിയിൽപെട്ട കുട്ടികളുടെ എണ്ണത്തി(2559)ലും പെൺകുട്ടികളേക്കാൾ (1215) ആൺകുട്ടികളാണ് (1344) മുന്നിൽ. എണ്ണത്തിൽ കാണുന്ന ഈ അന്തരം ഒരു പിന്നാക്ക സൂചന തന്നെയാണ്. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയിൽ മാത്രമാണ് സ്ത്രീകൾ സാക്ഷരജനസംഖ്യയിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കുറവാണ് (പട്ടിക 1 ഉം 2 ഉം കാണുക).

പട്ടിക 1. സ്ത്രീപുരുഷ അനുപാതം

| | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| ജനസംഖ്യ | 10739 | 10845 | 21584 |
| 0-6 പ്രായ പരിധിയിൽ | 1215 | 1344 | 2559 |
| പട്ടികജാതി | 1441 | 1430 | 2871 |
| പട്ടികവർഗ്ഗം | 13 | 11 | 24 |

*(അവലംബം : 1991 ലെ ജനസംഖ്യാ കണക്കുകൾ)*

പട്ടിക 2. സാക്ഷരതാ നിലവാരം

| | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| ജനസംഖ്യ | 10739 | 10845 | 21584 |
| സാക്ഷരർ | 8608 | 9194 | 17802 |
| ശതമാനം | 80 | 85 | 82 |

*(അവലംബം : 1991 ലെ ജനസംഖ്യാ കണക്കുകൾ)*

## തൊഴിൽ രംഗം

തൊഴിൽ രംഗത്തെ യഥാർത്ഥ കണക്കുകൾ ലഭ്യമെങ്കിലും സംഘടിതമേഖലയിൽ സ്ത്രീകളായ ജോലിക്കാരുടെ എണ്ണം വളരെക്കുറവാണെന്നു കാണാൻ വിഷമമില്ല. അദ്ധ്യാപനജോലി മാത്രമാണിതിനപവാദം. കാർഷിക ജോലികൾ, മണൽ, കരിങ്കൽ, ഇഷ്ടിക, ചുമട് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് വേതനവിവേചനം നേരിടേണ്ടിവരുന്നുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകളാകട്ടെ, തങ്ങളുടെ ജോലി കുടുംബജോലി ആയേ കണക്കാക്കിയിട്ടുള്ളു. മൃഗപരിപാലനം, ശിശുപരിപാലനം, തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീകളാണ് മുന്നില്ലെങ്കിലും അതൊന്നും 'തൊഴിൽ' ആയി പരിഗണിച്ചിട്ടില്ലല്ലോ? തൊഴിലുള്ളവരും അല്ലാത്തവരുമായ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും പുരുഷന്മാരേക്കാൾ 10 മണിക്കൂറെങ്കിലും കൂടുതലായി ജോലി ചെയ്യുന്നുണ്ട്. ആദ്യമുണരുന്നതും അവസാനമുറങ്ങുന്നതും സ്ത്രീയാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്.

സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കാർഷികരംഗത്തും, സ്ത്രീകളുടെ സ്വയംതൊഴിൽ കണ്ടെത്തൽ രംഗത്തും ആസൂത്രിതമായ പദ്ധതികൾ ആരംഭിക്കണം. ഭക്ഷ്യവിളകളിൽ നിന്ന് നാണ്യവിളകളിലേക്കുള്ള ചുവടുമാറ്റവും കാർഷികവൃത്തിയോടുള്ള അനാഭിമുഖ്യവും കൃഷിഭൂമിയിലുണ്ടായ കുറവും കാർഷിക മേഖലയെ തളർത്തിയതിനോടൊപ്പം സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്കും കാരണമായി. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ പുതിയ കാർഷിക വികസനതന്ത്രത്തിൽ സ്ത്രീ പങ്കാളിത്തത്തിനുള്ള ബോധപൂർവ്വമായ ഊന്നൽ വേണം. കാർഷിക മേഖല നേരിടുന്ന തൊഴിലാളി ദൗർലഭ്യം എന്ന പ്രശ്നം പരിഹരിക്കുന്നതിനും, കാർഷിക മേഖലയുടെ അഭിവൃദ്ധിക്കും ഇതു സഹായകമാവും. ഔഷധസസ്യങ്ങൾ, ഫല-പുഷ്പസസ്യകൃഷിയും, അടുക്കളത്തോട്ടവും കാർഷികരംഗത്തെ വളർച്ച കൂടി ലക്ഷ്യമിട്ട് സ്ത്രീകളുടെ നേതൃത്വത്തിലാരംഭിക്കാവുന്ന കാർഷികപരിപാടികളാണ്. വേതന തുല്യത, കൂട്ടായ്മയുടെ ഉടമസ്ഥത എന്നിവ ഉറപ്പാക്കിയാലെ ഇതു വിജയിക്കൂ.

സ്വയം തൊഴിൽ സംരംഭങ്ങൾ കാർഷികമേഖലക്കു പുറത്തും ആരംഭിക്കാം. ഒറ്റക്കും കൂട്ടായും തുടങ്ങാവുന്ന ധാരാളം സംരംഭങ്ങളും, കേന്ദ്രസംസ്ഥാനപദ്ധതികളും ഇപ്പോൾതന്നെ നിലവിലുണ്ട്. ഇവയെക്കുറിച്ചുള്ള അറിവില്ലായ്മയും, അവ നേടിയെടുക്കുന്നതിൽ ഭരണപരമായുള്ള നൂലാമാലകളും മറികടക്കാനായാൽ ഒട്ടേറെ സാധ്യതകൾ ഈ രംഗത്തുണ്ട്. ഭക്ഷ്യസംസ്കരണം, മൃഗപരിപാലനം തുടങ്ങി ഒട്ടേറെ രംഗത്ത് ഇതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താം. ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് പരിശീലനവും പഞ്ചായത്തുതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളും ഉണ്ടെങ്കിൽ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കാം. ഐ. ആർ. ഡി. പി, ഖാദി വ്യവസായം, വനിതാ വികസന കോർപ്പറേഷൻ, ഇന്ദിരാ മഹിളാ യോജന, ജവഹർ തൊഴിൽ ദാനം, ഗ്രാമീണയുവജനതൊഴിൽ പരിശീലനപരിപാടി (ട്രൈസം) ഗ്രാമീണവനിതാ ശിശുവികസനപരിപാടി (സി. ഡബ്ല്യു.സി. ആർ. എ) തുടങ്ങിയവയ്ക്കു പുറമേ, പഞ്ചായത്താവിഷ്കരിക്കുന്ന കാർഷിക-വ്യവസായിക പദ്ധതികളുമായും ഇവയെ കൂട്ടിച്ചേർക്കണം.

## വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസരംഗത്തെ മെച്ചപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ കൊണ്ട് മാത്രം സ്ത്രീകളുടെ നില തൃപ്തികരമാണെന്നു പറയാനാവില്ല എന്നു നാം കണ്ടു. മാതൃശിശുകേന്ദ്രങ്ങൾ, അംഗനവാടികൾ, നേഴ്സറി സ്കൂളുകൾ, പഞ്ചായത്തിലെ സ്കൂളുകൾ, സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി, മാതൃസംഗമം തുടങ്ങിയവയെ വിലയിരുത്തുമ്പോൾ

വളരെ മോശമായ സ്ഥിതിയാണിന്നുള്ളത്. വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും ഈ രംഗത്ത് ഇടപെടാൻ കഴിയണം. നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്കൂളായകുഞ്ഞുരാമൻ മെമ്മോറിയൽ സ്കൂളിൻെറ സ്ഥിതി നോക്കൂ. പൊളിഞ്ഞുവീഴാറായ കെട്ടിടസമുച്ചയം, ശുദ്ധജലദൗർലഭ്യം, വൃത്തിയായ കക്കൂസും മൂത്രപ്പുരയും ഇല്ലാത്ത സ്ഥിതി, അദ്ധ്യാപനത്തിലെ പരിമിതി, കുറഞ്ഞു കുറഞ്ഞു വരുന്ന കുട്ടികളുടെ എണ്ണം, അടച്ചുപൂട്ടൽ ഭീഷണി, കുട്ടികളുടെ മോശമായ വിദ്യാഭ്യാസനിലവാരം എന്നിവയൊക്കെ ഒറ്റനോട്ടത്തിൽ തന്നെ ദൃശ്യമാണ്. നേഴ്സറി സ്കൂളുകളും അഞ്ച് എൽ. പി. സ്കൂളുകളും ഒട്ടേറെ പരിമിതികൾക്കുള്ളിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനതലത്തിൽ വരെ മെച്ചപ്പെട്ട അംഗീകാരങ്ങൾ ലഭിച്ച വിദ്യാസമ്പന്നകളായ പെൺകുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും പൊതുസ്ഥിതി മോശംതന്നെയാണ്. മോശമായ പഠനനിലവാരമുള്ള പെൺകുട്ടികൾക്കായി വിവിധങ്ങളായ പരിപാടികൾ ആരംഭിക്കണം. മാതൃസംഗമം പരിപാടി കുറേക്കൂടി ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം. സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. പെൺകുട്ടികൾക്കുള്ള മൂത്രപ്പുര, കക്കൂസ്, എന്നിവ നിർബന്ധമായും ഉറപ്പാക്കണം. ഇവയുടെ അഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്നിരുന്നു. പെൺകുട്ടികളുടെ വ്യക്തിത്വവികാസത്തിനും അടിത്തറയിടുന്ന പരിപാടികൾ സ്കൂളിലെ പാഠ്യേതരപ്രവർത്തനങ്ങളിൽ ഉൾച്ചേർക്കണം. തുടർസാക്ഷരതാപരിപാടികൾ പുനരാരംഭിക്കുവാൻ യാതൊരു തടസ്സവും നിലവിലില്ല. സന്നദ്ധതയുള്ള ധാരാളം യുവതികൾ നമ്മുടെ വാർഡുകളിലുണ്ട്. അംഗനവാടികളും നേഴ്സറി സ്കൂളുകളും പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുന്നതിനു കഴിയണം. വനിതാരംഗത്തു നടത്താനുദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും അടിത്തറയിടേണ്ടത് സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെയാണെന്ന കാര്യം സവിശേഷശ്രദ്ധ പതിയേണ്ട ഒന്നാണ്.

## ആരോഗ്യരംഗം

സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ കുടുംബത്തിലും കുടുംബത്തിനു വെളിയിലും, എന്നും അവഗണിക്കപ്പെടുകയാണ് പതിവ്. പുരുഷന്മാരേക്കാൾ വളരെകൂടുതൽ അദ്ധ്വാനിക്കുന്നവരെങ്കിലും രോഗപ്രതിരോധം, ചികിത്സ, മെച്ചപ്പെട്ട ഭക്ഷണം തുടങ്ങിയവയിൽ ഏറ്റവും ഒടുവിലായിപ്പോകുന്നുണ്ട്. സ്ത്രീകൾ. ഇത് സ്ത്രീകളുടെ ആരോഗ്യസ്ഥിതി മോശമാകുന്നതിന് കാരണമാണ്.

സ്ത്രീകളുടെയിടയിലെ രോഗാതുരതയുടെ സംസ്ഥാനതലകണക്കുകൾ ലഭ്യമെങ്കിലും പഞ്ചായത്തുതലത്തിൽ ലഭ്യമല്ല. സംസ്ഥാനത്തിൻെറ പൊതുസ്ഥിതിയിൽനിന്നും വളരെയൊന്നും വ്യത്യസ്ഥമാകാനിടയില്ല നമ്മുടെ പഞ്ചായത്തിലും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ, രോഗപ്രതിരോധനടപടികൾക്കാണ് ആരോഗ്യപരിപാലനത്തിൽ പ്രാധാന്യം എന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രോഗം വരാതിരിക്കണമെങ്കിൽ ഭക്ഷണം, പാർപ്പിടം, പരിസരശുചിത്വം, കുടിവെള്ളം, തുടങ്ങിയവ മെച്ചമാവുകയും വേണം. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് വൈവിധ്യമുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. കൂലിപ്പണിക്കാർ, വിദ്യാർത്ഥിനികൾ, കുഞ്ഞുങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നീ വിഭാഗങ്ങൾക്കോരോന്നിനും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവശ്യമാണ്. ശരിയായ അറിവും വൈദ്യോപദേശവും ഇതിൽ പ്രധാനപ്പെട്ടതാണ്. ലൈംഗിക ആരോഗ്യകാര്യങ്ങളിലെ അന്ധവിശ്വാസവും അബദ്ധധാരണകളും, അറിവില്ലായ്മയും സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതാണ്. ആരോഗ്യപ്രവർത്തകർ, ശാസ്ത്രസാഹിത്യപരിഷത്ത്, ബ്ലോക്കു പഞ്ചായത്ത്, പി. എച്ച്. സി, താലൂക്കാശുപത്രി എന്നിവയുമായി ചേർന്ന് സമഗ്രമായ വനിതാ ആരോഗ്യനയം ആവിഷ്കരിക്കണം.

## സാമൂഹിക സാംസ്കാരിക പദവി

നേരത്തേ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയസാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ അഭാവം നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. രാഷ്ട്രീയ, ബഹുജനസംഘടനകളുടെ നേതൃപദവികളിലൊന്നിലും വനിതകൾ ഇല്ല. വനിതാ സംഘടനകളിലാകട്ടെ ദൈനംദിനപ്രവർത്തനങ്ങളോ, സ്ത്രീകളുടെ ശ്രദ്ധേയമായ പങ്കാളിത്തമോ ഇല്ല. സഹകരണസംഘം, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ ഭരണസമിതികളിലെ വനിതാസാന്നിദ്ധ്യം കേവലവും നിർബന്ധിതവുമായ സംവരണതത്വത്തിൽ നിന്നു ലഭിച്ചതാണ്.

ചലച്ചിത്രം, പരസ്യം, ചലച്ചിത്രഗാനം, പൈങ്കിളിവാരികകളും അവയിലെ പ്രണയ നോവലുകളും, വനിതാമാസികകൾ, ടി. വി. പരിപാടികൾ, പത്രങ്ങൾ തുടങ്ങിയവയെല്ലാം സ്ത്രീകളെ പുരുഷൻെറ അടിമയായും ഉപഭോഗവസ്തുവായും ചിത്രീകരിക്കുന്നു. സൗന്ദര്യവർദ്ധകവസ്തുക്കളുടെയും ആഡംബരജീവിതത്തിൻെറയും ഫാഷൻെറയും സെക്സിൻെറയും വൈകൃതമാണ് നമ്മുടെ സാംസ്കാരിക ജീവിതത്തിൽ പരക്കെ കാണപ്പെടുന്നത്. ഇതിൻെറ പ്രതിഫലനമാണ് നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന സ്ത്രീവിരുദ്ധ അതിക്രമങ്ങൾ. സൂര്യനെല്ലി ഉൾപ്പെടെ ചർച്ച ചെയ്യപ്പെട്ട പെൺവാണിഭകേസുകൾ നമ്മുടെ പഞ്ചായത്തിലും ആവർത്തിക്കപ്പെടുകയില്ല എന്നതിന് ഉറപ്പൊന്നുമില്ല. പുരുഷ

ൻെറ കീഴിൽ, അവൻെറ ഉപഭോഗവസ്തുവായി, ഭാര്യയായി കഴിയുന്നതിനപ്പുറം, എല്ലാ രംഗത്തും പുരുഷനു തുല്യമായ സ്വത്വം സ്ത്രീകൾക്കുണ്ടെന്ന് സ്ത്രീകൾ തന്നെ തിരിച്ചറിഞ്ഞുകൊണ്ടേ ഇതിനെ മറി കടക്കാനാവൂ. ഒരു വഴി പ്രശ്നത്തിലോ, വിദ്യാഭ്യാസപ്രശ്നത്തിലോ സ്ത്രീക്ക് ഇടപെടാൻ കഴിയാത്തത് താൻ അബലയാണെന്ന അധമ ബോധവും പുരുഷമേധാവിത്വത്തിൻെറ സാന്നിദ്ധ്യവും അറിവില്ലായ്മയും മൂലമാണ്. സ്ത്രീകളെ കൂടുതലായി ബാധിക്കുന്ന ശിശുപരിപാലനം, കുടിവെള്ളം, കക്കൂസ്, വിറകുശേഖരണം തുടങ്ങിയ കാര്യങ്ങൾക്കു് വികസനപ്രവർത്തനത്തിൽ മുൻഗണന ലഭിക്കാതെ പോയതും ഇതുകൊണ്ടാണ്. സ്ത്രീകൾ എല്ലാ രംഗത്തും ഇടപെടാൻ തുടങ്ങിയാൽ ഇന്നത്തെ സ്ഥിതി ഇല്ലാതാകും എന്നും ഉച്ചനീചത്വവും അഴിമതിയും കെടുകാര്യസ്ഥതയും ചോദ്യംചെയ്യപ്പെടും എന്നും നിലവിലുള്ള മേധാവിത്വവിഭാഗങ്ങൾ ഭയപ്പെടുന്നുണ്ട്. പുതിയ സാംസ്കാരികാവബോധത്തിലൂടെയേ ഇതിനെ മറി കടക്കാനാവൂ. ഇതിനുള്ള ആവേശം സ്ത്രീകളിൽ ഉണ്ട് എന്നതിൻെറ തെളിവാണ് ഗ്രാമസഭാചർച്ചകൾ.

## പ്രശ്നങ്ങൾ

1. ഓരോ മേഖലയിലും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ശരിയായ പഠനം നടന്നിട്ടില്ല. സ്ഥിതിവിവരകണക്കുകളുടെ അഭാവം പദ്ധതികളാവിഷ്കരിക്കുന്നതിന് തടസ്സമാണ്.

2. നിലവിലുള്ള പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ അതിൻെറ ഫലപ്രാപ്തിയെ തടയുന്നു.

3. തൊഴിൽമേഖല എന്നാൽ സർക്കാർ ജോലിയുൾപ്പെടെയുള്ള സംഘടിതമേഖല എന്നു മാത്രം പരിഗണിക്കുകയും ഏറെ സാധ്യതയുള്ള മറ്റു രംഗങ്ങൾ അവഗണിക്കുകയും ചെയ്യുന്നു.

4. വേതനത്തിലെ വിവേചനം നിലനില്ക്കുന്നത് കാർഷികജോലിയിലേക്കും മറ്റും ആകർഷിക്കപ്പെടുന്നതിൽ നിന്നും സ്ത്രീകളെ തടയുന്നു.

5. വിദ്യാഭ്യാസരംഗത്തെ പാഠ്യേതരപ്രവർത്തനങ്ങളിൽ (കലാസാഹിത്യകായികപ്രവർത്തനങ്ങൾ) പെൺകുട്ടികളുടെ സാന്നിദ്ധ്യം തുച്ഛമാണ്.

6. ഉപഭോഗതല്പരതയും, ഫാഷൻ പ്രേമവും, പൊള്ളയായ സൗന്ദര്യസങ്കല്പവും വിവാഹ-കുടുംബജീവിതസ്വപ്നങ്ങളും വസ്തുനിഷ്ഠയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.

7. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ജാതിമതാചാരങ്ങളിലൂടെയും സ്ഥാപിച്ചെടുത്ത സ്ത്രീവിരുദ്ധ-പുരുഷമേധാവിത്വആശയങ്ങളുടെ ശക്തിയായ സ്വാധീനം സ്ത്രീകളെത്തന്നെ തടയുന്നു.

8. വായനശാലകൾ, കാലാസാംസ്കാരിസംഘടനകൾ എന്നിവ സ്ത്രീകൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയാത്തതുകൊണ്ട് വ്യക്തിത്വവികാസം സാധ്യമാവുന്നില്ല.

9. രാഷ്ട്രീയ-ബഹുജനസംഘടനകൾ അംഗബലത്തിലും നേതൃപദവിയിലും സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടാക്കാൻ ബോധപൂർവ്വമായി ശ്രമിക്കുന്നില്ല.

10. സ്ത്രീകളുടെ തൊഴിലില്ലായ്മ, അവരുടെ സ്വയംപര്യാപ്തതയേയും സ്വാഭിപ്രായരൂപീകരണത്തേയും തടയുന്നു.

## സാദ്ധ്യതകൾ

1. പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും എല്ലാ വിഭാഗം സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് വനിതാസമാജങ്ങൾ രൂപീകരണം. പഞ്ചായത്തിലെ എല്ലാ വികസനപ്രവർത്തനങ്ങളിലും ഇടപെടാനും അഭിപ്രായം പറയാനും കഴിയുന്ന വിധം ഈ സമാജങ്ങൾ സംഘടിപ്പിക്കണം. ഗ്രാമസഭയിലും പഞ്ചായത്ത് ഭരണസമിതിയിലും ഈ അഭിപ്രായങ്ങൾക്ക് പരിഗണന ലഭിക്കണം.

2. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും സ്ത്രീപുരുഷവിവേചനത്തിനുമെതിരേ ബോധവൽക്കരണപരിപാടികളും പ്രചാരണങ്ങളും സംഘടിപ്പിക്കണം.

3. സ്ത്രീകൾക്കെതിരേയുള്ള അവഗണനയും ആശയങ്ങളും ഉണ്ടായാൽ ത്വരിതഗതിയിലും കർശനമായും നടപടികൾ ഉണ്ടാവും എന്ന് ഉറപ്പു വരുത്തണം. പഞ്ചായത്തതിർത്തിയിൽ പ്രദർശിപ്പിക്കപ്പെടുന്ന അശ്ലീലസിനിമാപോസ്റ്ററുകൾ നിയമംമൂലം നിരോധിക്കുകയും ലംഘനത്തിന് കനത്ത ശിക്ഷാനടപടികൾ പ്രഖ്യാപിക്കുകയും വേണം.

4. നടപ്പിലാക്കപ്പെടുന്ന ഓരോ പദ്ധതിയിലും സ്ത്രീകൾക്ക് പൊതുവെയും വിധവകൾ, കുടുംബനാഥകൾ, പട്ടികജാതി പട്ടികവർഗ്ഗസ്ത്രീകൾ എന്നിവർക്ക് മുൻഗണന നൽകണം.

5. നിലവിലുള്ള വായനശാലകളിൽ സ്ത്രീകൾക്ക്

സ്വതന്ത്രമായി പുസ്തകം തെരഞ്ഞെടുക്കുന്നതിനും ഇരുന്നു വായിക്കുന്നതിനും സൗകര്യം ഉണ്ടാക്കണം.

6. സ്ത്രീകളുടെ മാത്രമായ ആശയാചർച്ചാവേദികളും വ്യക്തിത്വവികാസവും ലക്ഷ്യമിട്ട് സ്ത്രീകളുടെ പഠനോത്സവങ്ങളും വായനശാലകളും ക്യാമ്പുകളും സംഘടിപ്പിക്കണം.

7. നിലവിലുള്ള ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നതിനായി വർഷംതോറും പഞ്ചായത്തുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. തങ്ങളുടെ ആനുകൂല്യങ്ങൾ പിടിച്ചു പറ്റുന്നതിന് സ്ത്രീകൾക്ക് അവകാശബോധം പകർന്നു തരുന്നതായിരിക്കണം ഈ ക്യാമ്പുകൾ.

8. സ്വയംതൊഴിൽ, സഹകരണം, കുടിൽ വ്യവസായം തുടങ്ങിയവ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ സാങ്കേതികവിദ്യ, മാനേജ്മെൻറ് എന്നിവയിൽ പരിശീലനങ്ങൾ സംഘടിപ്പിക്കണം.

9. സ്ത്രീകളുടെ ആരോഗ്യപ്രശ്നവും ഇന്ധനക്ഷാമവും കണക്കിലെടുത്ത് പഞ്ചായത്തിലാകെ പുക ശല്യമില്ലാത്ത വിറകടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ''സമ്പൂർണ്ണ ഊർജ്ജഗ്രാമം'' എന്ന പദ്ധതി ആവിഷ്കരിക്കണം. വനിതാ സമാജങ്ങളുടെ നേതൃത്വത്തിൽ നടക്കേണ്ട ഈ പരിപാടിക്ക് കടുത്തുരുത്തി ബ്ലോക്ക് ഐ. ആർ. ഇ. പി., ശാസ്ത്രസാഹിത്യപരിഷത്ത്, കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹായം ലഭ്യമാക്കാവുന്നതാണ്. സ്ത്രീകളുടെ നേതൃത്വത്തിലുള്ളവയായതിനാൽ ചുരുങ്ങിയതോതിൽ തൊഴിൽ ലഭ്യതയും ഉണ്ട്.

10. പഞ്ചായത്തിലെ പച്ചക്കറിയുല്പാദനം ഇരട്ടിപ്പിക്കുന്നതനുകൂടി ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീകളുടെ നേതൃത്വത്തിൽ അടുക്കളത്തോട്ടം പരിപാടി ആരംഭിക്കണം. ഗാർഹിക ഉപയോഗത്തിനും വില്പനക്കുമുള്ള പച്ചക്കറി കൃഷി വിഭാവനം ചെയ്യണം. മാഞ്ഞൂർ - കുറുപ്പന്തറ പ്രദേശങ്ങളിൽ നിന്ന് മെച്ചപ്പെട്ട വിത്തുകൾ ശേഖരിച്ചും, വെള്ളൂർ സഹകരണസംഘത്തിൽ നിന്ന് സബ്സിഡിയിലൂടെ വളം ലഭ്യമാക്കിയും വെള്ളൂർ-തലയോലപറമ്പ് ചന്തകളിൽ സ്ത്രീകളുടെ പച്ചക്കറിത്തട്ടുകടകൾ സ്ഥാപിച്ച് വിപണി കണ്ടെത്തി ഈ പരിപാടി സമഗ്രമാക്കാവുന്നതാണ്.

11. കാർഷികമേഖലയിലെയും ഇഷ്ടിക, മണൽ തുടങ്ങിയ രംഗങ്ങളിലെയും വേതനനിരക്കിലെ സ്ത്രീ പുരുഷവിവേചനം ഇല്ലാതാക്കാൻ വനിതാസമാജവും ഗ്രാമപഞ്ചായത്തും ഇടപെടണം. തൊഴിലാളി സംഘടനകളെയും സഹകരിപ്പിക്കണം.

12. സ്ത്രീകളുടെ നേതൃത്വത്തിൽ ഇന്ന് നിലവിലുള്ള തൊഴിൽ സംരംഭങ്ങൾ വിപുലീകരിക്കുന്നതിന് സാമ്പത്തികസഹായം നൽകണം.

13. സ്ത്രീരോഗ-ശിശുരോഗവിദഗ്ദ്ധരുടെ സഹായം പഞ്ചായത്തിൽ ലഭ്യമാക്കണം. താലൂക്കാശുപത്രിയിലെ ഈ വിഭാഗം ഡോക്ടർമാരുടെ സിറ്റിംഗ് കാലാകാലങ്ങളിൽ നിശ്ചിതദിവസം നടത്തിക്കൊണ്ട് ഇതാരംഭിക്കണം.

14. പ്രാഥമികാരോഗ്യകേന്ദ്രവുമായി ബന്ധപ്പെടുത്തി മിഡ്‌വൈഫ്, ഹെൽത്ത വിസിറ്റർ എന്നിവരുടെ സേവനം പുനഃക്രമീകരിക്കണം. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, രോഗിണികൾ എന്നിവർക്ക് ആഴ്ചയിലൊന്നുവീതം ദിവസങ്ങളിൽ ഇവരുടെ ഉപദേശനിർദ്ദേശങ്ങൾ ലഭ്യമാക്കണം. വനിതാ സമാജങ്ങളിലൂടെയായാൽ ഈ പരിപാടി കൂടുതൽ എളുപ്പമാകും.

15. തൊഴിലെടുക്കുന്ന സ്ത്രീകളുടെ (സ്കൂളിൽ പോകാത്ത) കുട്ടികളുടെ പരിചരണത്തിനായി ക്രഷുകൾ സ്ഥാപിക്കണം. സ്വയം തൊഴിൽ സംരംഭമായും ഇതാരംഭിക്കാം.

16. സാക്ഷരതായജ്ഞത്തിൽ പങ്കാളികളായ സന്നദ്ധപ്രവർത്തകരുടെ വാർഡുതലയോഗം വിളിച്ചുചേർത്ത് സാക്ഷരതാ തുടർപരിപാടി പുനരാരംഭിക്കണം. ഇത് പൂർണ്ണമായും സാമ്പത്തികചെലവില്ലാത്ത പ്രവർത്തനമായി പ്രഖ്യാപിക്കണം.

17. വാർഡുതല വനിതാ സമാജങ്ങൾ മാതൃസംഗമം സംഘടിപ്പിച്ചുകൊണ്ട് കുട്ടികളുടെ പഠനനിലവാരത്തിൽ പൊതുവായും പെൺകുട്ടികളുടെ പഠനപ്രശ്നങ്ങളിൽ പ്രത്യേകമായും ഇടപെടണം. ഈ പ്രവർത്തനത്തെ പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സ് പ്രവർത്തനവുമായി കണ്ണി ചേർക്കണം.

18. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും പൊതുസ്ഥാപനങ്ങളിലും മൂത്രപ്പുരയും കക്കൂസും സ്ത്രീകൾക്ക് മാത്രമായി ലഭ്യമാക്കണം.

19. ഗവൺമെണ്ടാശുപത്രി, സ്കൂൾ പി.ടി.എ. മാതൃസംഗമം കമ്മറ്റി, വനിതാസമാജം എന്നിവയുടെ സംയു

ക്താഭിമുഖ്യത്തിൽ പെൺകുട്ടികൾക്കും മുതിർന്ന സ്ത്രീകൾക്കുമായി ലൈംഗിക-ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കണം.

20. പഞ്ചായത്തിൽ സമ്പൂർണ്ണമദ്യനിരോധനം നടപ്പിലാക്കണം. ഗ്രാമപഞ്ചായത്തിൻെറ ഭാഗത്തുനിന്ന് നിയമപരമായ നടപടിയും സ്ത്രീകളുടെ ഭാഗത്തുനിന്ന് സംഘടിതമായ ചെറുത്തുനില്പും ഉണ്ടാകണം.

21. ബ്ലോക്കുതലത്തിൽ സ്ത്രീകൾക്കാവശ്യമായ നിയമസഹായവേദി ആരംഭിക്കുന്നതിന് വെള്ളൂർ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടണം.

22. സന്ധ്യാസമയത്ത് വിദ്യാഭ്യാസവും തൊഴിലും കഴിഞ്ഞ് എത്തുന്ന സ്ത്രീകളുടെ ആവശ്യവും കൂടി പരിഗണിച്ചുകൊണ്ട് എല്ലാ ഇടവഴികളിലും പൊതുവഴികളിലും വഴിവിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കപ്പെടുകയും വേണം.

23. മൂവാറ്റുപുഴയാറിലും മറ്റ് ജലസ്രോതസ്സുകളിലും നിലവിലുള്ള കുളിക്കടവുകൾ പുതുക്കുന്നതിന് വനിതാസന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ പരിപാടി ആവിഷ്കരിക്കണം.

24. നിലവിലുള്ള വനിതാക്ഷേമപ്രവർത്തനങ്ങളായ വിധവാ പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, മറ്റു പദ്ധതികൾ എന്നിവയുടെ നടത്തിപ്പും മോണിട്ടറിംഗും വനിതാസമാജം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിലാക്കണം.

25. വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സാഹായ പദ്ധതിക്ക് ഒമ്പതാം പദ്ധതിയിൽ മുൻഗണ ലഭിക്കണം.

26. ഒമ്പതാം പദ്ധതിയുടെ രൂപകല്പനക്ക് നിയോഗിക്കപ്പെടുന്ന കർമ്മസമിതിയിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം നിർബന്ധമായും ഉറപ്പിക്കണം.

സമൂഹത്തിൻെറ പാതി മനസ്സിനും പാതി ഉടലിനും ഉടമകളായ സ്ത്രീകളെ അവരുടെ സ്വത്വം തിരിച്ചറിഞ്ഞ് ഒരു മുന്നേറ്റത്തിലേക്ക് നയിക്കാതെ, ഒമ്പതാം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയില്ല. അത്തരമൊരു ഉയിർത്തെഴുന്നേല്പിൽ പങ്കാളികളാവാൻ സ്വയം തീരുമാനിച്ചുകൊണ്ടുവേണം ഈ വികസന സെമിനാർ അവസാനിപ്പിക്കാൻ. തുടർന്നുള്ള വികസന പ്രവർത്തനങ്ങളിലും ഈ തീരുമാനം ഒരു വഴികാട്ടിയാകട്ടെ.

അടുക്കള പുകക്കുടുക്കയിൽ കുടുങ്ങി
ഉള്ളുനീറിതേങ്ങിടുന്നൊരമ്മാരെ...
അടുക്കളതളത്തിനപ്പുറത്തിരുൾകയങ്ങളിൽ
ഉള്ളുനീറി തേങ്ങിടുന്ന സോദരിമാരെ...
നനഞ്ഞു വീർത്ത കൺതുടച്ചുർത്തെഴുന്നേല്ക്കുവാൻ
നമുക്ക് നേരമായ് .. നേരമായ്.... നേരമായീ .....

# സഹകരണം

1904-ൽ ആണ് ഔദ്യോഗികമായി സഹകരണപ്രസ്ഥാനം ഇന്ത്യയിൽ ആരംഭിച്ചത്. പഞ്ചവത്സരപദ്ധതികളും ആസൂത്രണവും ഈ പ്രസ്ഥാനത്തിൻെറ പുരോഗതിയെ സഹായിച്ചു. 1951-ലെ 1-ാം പഞ്ചവത്സരപദ്ധതിക്കാലം മുതൽക്കേ സഹകരണപ്രസ്ഥാനത്തിന് പ്രാധാന്യം നൽകപ്പെട്ടു. സഹകരണപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കു വേണ്ടി രൂപീകരിക്കപ്പെട്ട കോ-ഓപ്പറേറ്റീവ് പ്ലാനിംഗ് കമ്മറ്റിയുടെ നിർദ്ദേശപ്രകാരം ഹ്രസ്വകാല-മധ്യകാല-ദീർഘകാല വായ്പകളായി ഓരോ പദ്ധതികാലത്തും വായ്പ ലക്ഷ്യം വെച്ചിരുന്നു.

1909-ൽ മലബാറിൽ ആദ്യത്തെ സഹകരണസംഘം രജിസ്റ്റർ ചെയ്തു. 1914-ൽ ആണ് തിരുവിതാംകൂറിൽ സഹകരണനിയമം പ്രാബല്യത്തിൽ വന്നത്. 1916-ൽ തിരുവിതാംകൂർ ദേശത്ത് നിലവിൽ വന്ന സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കാണ് അവിടുത്തെ ആദ്യത്തെ സഹകരണസംഘം. 1956-ൽ ഐക്യകേരളപിറവിയെത്തുടർന്ന് ഇത് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കായി രൂപാന്തരപ്പെടുകയും ചെയ്തു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സഹകരണപ്രസ്ഥാനം വളരെയധികം പുരോഗതി പ്രാപിച്ചിട്ടുണ്ട്. 1969-ൽ ആണ് കേരളത്തിൽ ആകമാനം ബാധകമാകുന്ന സഹകരണനിയമം പ്രാബല്യത്തിൽ വന്നത്.

അതിന് ശേഷം മിക്കവാറും എല്ലാ മേഖലകളിലും സഹകരണപ്രസ്ഥാനം വ്യാപിക്കുകയും അഭൂതപൂർവ്വമായ വളർച്ച നേടുകയും ചെയ്തു. ഭൂപരിഷ്കരണം ഏറെക്കുറെ സമഗ്രമായി നടപ്പിലാക്കിയതുമൂലം സഹകരണമേഖലയുടെ ഗുണഫലം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാധാരണക്കാർക്ക് ലഭിക്കുകയുണ്ടായി.

കാർഷികവായ്പയിൽ ശ്രദ്ധ കേന്ദ്രീകരിച്ച സഹകരണ പ്രസ്ഥാനം ക്രമേണ ഉൽപാദന-വിതരണ-വിപണന മേഖലകളിലേക്കും വ്യാപിച്ചു. കേരളത്തിലെ സഹകരണ സംഘങ്ങളെ വായ്പാ സംഘങ്ങൾ എന്നും വായ്പേതര സംഘങ്ങളെന്നും രണ്ടായി തിരിക്കാം. ഇവയെത്തന്നെ പൊതുവേ നാലായി തിരിക്കാം.

1. കാർഷിക വായ്പാ സംഘം
2. കാർഷികേതരവായ്പാസംഘം
3. വായ്പേതരകാർഷികസംഘം
4. വായ്പേതരവും കാർഷികേതരവുമായ സംഘങ്ങൾ

വികസനരംഗത്ത് അനന്തസാധ്യതയുള്ള സഹകരണപ്രസ്ഥാനത്തിൻെറ ഗുണവശങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ മറ്റു പലയിടത്തുമെന്നതുപോലെ വെള്ളൂർ പഞ്ചായത്തിനും സാധിച്ചിട്ടില്ല. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളെ സംബന്ധിച്ച വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംരംഭമായ വെള്ളൂർ സഹകരണസംഘം 1924ൽ പ്രവർത്തനമാരംഭിച്ചു.

സഹകാരികളുടെ എണ്ണത്തിലും മൂലധനത്തിലും ഇന്ന് ഇതിന് ഈടുറ്റ ഒരു സഹകരണസ്ഥാപനമായി വളരുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ബാങ്കിൻെറ ഇന്നത്തെ ശേഷിക്കനുസരിച്ച് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുവാൻ അതിന് ഇനിയും കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. സഹകരണപ്രസ്ഥാനത്തെ സംബന്ധിച്ച മതിപ്പ് ജനങ്ങളിൽ ഉണർത്തുന്നതും അവരുടെ ഉന്നമനം ലക്ഷ്യമാക്കിയിട്ടുള്ളതും പ്രത്യുൽപാദനപരമായതുമായ മേഖലകളിൽ കാര്യമായി ഇടപെട്ടുകൊണ്ട് ഒരു ഭാവി പ്രവർത്തനപരിപാടി ഇനിയും രൂപീകരിക്കേണ്ടതുണ്ട്. വിലനിലവാരം ഒരു പരിധിവരെ പിടിച്ചുനിർത്തുവാൻ കഴിയു

മായിരുന്ന സഹകരണ മാവേലിസ്റ്റോർ ഫലപ്രദമായി പ്രവർത്തിപ്പിക്കാത്തതും ഇറുമ്പയത്തെ കടുംകൃഷി സഹകരണസംഘത്തിൻെറ പ്രവർത്തനം മതിയാക്കിയതും ലാഭത്തെ മാത്രം കേന്ദ്രീകരിച്ചുള്ള, സേവനതുറയേയും അടിസ്ഥാനഉല്പാദനമേഖലയേയും പാടേ വിസ്മരിച്ചുകൊണ്ടുള്ള, ബാങ്കിൻെറ പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ്.

കണക്കുകൾ പരിശോധിച്ചാൽ ഉല്പാദനമേഖലയിൽ ഗണ്യമായ വായ്പ നല്കുന്നതിൽ ബാങ്ക് ശ്രദ്ധിച്ചിട്ടില്ലെന്നുള്ളത് വ്യക്തമാണ്. കാർഷികമേഖലയിലെ വായ്പാനിക്ഷേപാനുപാതം മതിയായതല്ല. ആകെ നിക്ഷേപത്തിൻെറ 22% മാത്രമാണത്. കൂടാതെ ചെറുകിടവ്യവസായ സംരംഭങ്ങൾക്കും സ്വയം തൊഴിൽ പദ്ധതിക്കുവേണ്ടിയും 30-9-96 ലെ കണക്കുപ്രകാരം ഒരു പൈസപോലും വായ്പയിനത്തിൽ നല്കിയിട്ടില്ല.

മേൽപട്ടികയിൽ നിന്നും സഹകരണബാങ്കിൻെറ പ്രവർത്തനത്തെ ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യകത വ്യക്തമാണ്. സഹകരണരംഗത്തുള്ള നടപടിക്രമങ്ങൾ മറ്റു ബാങ്കുകൾക്കു സമാനമായി ലഘൂകരിച്ച് കൂടുതൽ സഹകാരികളെ നേടുന്നതിനും ജനങ്ങളെ അതുമായി അടുപ്പിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. ഇന്ന് ബാങ്കിംഗ് മേഖല ആകെത്തന്നെ ഉദാരവൽക്കരണനയങ്ങൾമൂലം സേവനമേഖലയെ കൈവിട്ട് കൂടുതൽ കൂടുതൽ ലാഭത്തെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ ഇതിന് പ്രസക്തി ഏറുന്നു.

## നെല്ലുല്പാദകസഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ നെല്ലുല്പാദകസഹകരണ സംഘങ്ങളുടെ പ്രവർത്തനം വളരെ പരിമിതമാണ്. കൃഷിക്കാരുടെ കൂട്ടായ്മയ്ക്കു, യോജിച്ച കൃഷിയിറക്കുന്നതിനും ജലസേചനം, കീടനാശിനി, വളപ്രയോഗം തുടങ്ങി കൃഷിയുടെ സമസ്തമേഖലകളിലും ഈ സംഘം ശ്രദ്ധിക്കേണ്ടതാണ്.

## റബ്ബർ ഉൽപാദകസംഘങ്ങൾ

റബ്ബർകൃഷി വ്യാപകമായതോടെ റബ്ബർ ഉൽപാദകസംഘങ്ങൾ നമ്മുടെ പഞ്ചായത്തിലും പ്രവർത്തനമാരംഭിച്ചു. ഈമേഖലയിലും പാൽ സംഭരണം പോലുള്ള പരിമിതമായ പ്രവർത്തനങ്ങൾ 'മാത്രമാണ് നടത്തുന്നത്. റബ്ബർപാൽ അസംസ്കൃതവസ്തുവായി ഉപയോഗിച്ചുകൊണ്ട് നിരവധി ചെറുകിട ഉൽപാദനയൂണിറ്റുകൾ തുടങ്ങുവാനുള്ള സാദ്ധ്യതകളെ സംഘങ്ങൾ ഇനിയും വേണ്ടവിധം പ്രയോജനപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്.

മേൽനോട്ടത്തിലും കാര്യമായ ശ്രദ്ധ ഈ സംഘം എടുക്കേണ്ടതാണ്. കൂടാതെ നെല്ലിൻെറ വിപണനത്തിലും അരിയാക്കി വില്ക്കുന്നതിലും മറ്റും ഈ സംഘത്തിൻെറ ഇടപെടൽ അത്യന്താപേക്ഷിതമാണ്.

## പാൽ ഉല്പാദക സഹകരണസംഘം

പഞ്ചായത്തിൽ പാൽ ഉൽപാദക സഹകരണസംഘങ്ങൾ പരിമിതമായ തോതിൽ പ്രവർത്തിക്കുന്നുണ്ട്. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം കാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും സമീപകാലത്ത് സംഘങ്ങളുടെ രൂപീകരണത്തോടെ കാലി വളർത്തൽ മെച്ചപ്പെട്ടുവരുന്നുണ്ട്. പാൽ സംഭരണം, വിപണനം പാലുല്പന്നങ്ങളുണ്ടാക്കൽ ഇവയിൽ ഈ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കൂടാതെ സംഘങ്ങളുടെ നടത്തിപ്പിലുള്ള അപാകതമൂലം ചില സംഘങ്ങളുടെ പ്രവർത്തനം നിലച്ചുപോകുവാൻ ഇടയായിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കാൻ വേണ്ട പരിശീലനവും നിർദ്ദേശങ്ങളും ലഭ്യമാക്കണം. മൃഗപരിപാലനത്തിൽ മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

## പരമ്പരാഗതതൊഴിൽ മേഖലയിലെ സംഘങ്ങൾ

പരമ്പരാഗതതൊഴിൽ മേഖലയായ കൈത്തറി, തഴപ്പായ നെയ്ത്ത് തുടങ്ങിയ മേഖലകളിൽ ചില സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സാമ്പത്തിക സഹായമില്ലായ്മ, അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങൾ ഇത്തരം തൊഴിൽ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇവ കണക്കിലെടുത്ത് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിലും മറ്റും സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

## കെട്ടുതെങ്ങു സംഘം

നിരവധി കെട്ടുതെങ്ങുസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ പ്രവർത്തനം പ്രധാനമായും കൃഷിക്കാരിൽ നിന്നും തേങ്ങ വാങ്ങി വില്ക്കുന്നതിൽ മാത്രമായി ഒതുങ്ങി നില്ക്കുന്നു. തെങ്ങുകൃഷിയുടെ കാര്യത്തിലോ വെളിച്ചെണ്ണയുൾപ്പടെയുള്ള നാളികേര ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിലോ ഈ സംഘങ്ങൾ ശ്രദ്ധ ചെലുത്തുന്നില്ല. കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടാക്കുവാനും നല്ല ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഇത്തരം ശ്രമങ്ങൾക്കു കഴിയും.

പരമ്പരാഗത തൊഴിൽ, കൃഷി തുടങ്ങിയ മേഖലകളിൽ

മാത്രം കേന്ദ്രീകരിച്ചുകൊണ്ടു രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ അതതു മേഖലകളിൽ കൂടുതൽ പ്രവർത്തന ക്ഷമമാകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഉല്പന്നങ്ങളുടെ വിപണനവും, ചെറിയ ചെറിയ ഉല്പാദനയൂണിറ്റുകളുടെ നിലനില്പും പുതിയവയുടെ ആരംഭവും സാദ്ധ്യമാവുകയുള്ളൂ. പഞ്ചായത്തിലെ സംഘങ്ങൾ പരസ്പരം ബന്ധപ്പെട്ടുകൊണ്ട് കൂട്ടായ പ്രവർത്തനങ്ങൾ അതതു മേഖലകളിൽ നടത്തുവാൻ മുൻകൈ എടുക്കണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഇറുമ്പയം 9-10 വാർഡുകൾ ഉൾപ്പെടുത്തി ഒരു പിന്നോക്ക ക്ഷേമ സഹകരണ സംഘം രൂപീകരിക്കണം
2. 1,2,5,8 വാർഡുകളിൽ കെട്ട് തെങ്ങ് സഹകരണ സംഘം രൂപീകരിക്കണം
3. തെങ്ങു കയറ്റ തൊഴിലാളി ക്ഷേമസഹകരണ സംഘം രൂപീകരിക്കണം
4. സഹകരണാടിസ്ഥാനത്തിൽ ബസ് സർവ്വീസ് ആരംഭിക്കണം
5. പഴം പച്ചക്കറി സഹകരണ സംഘം രൂപീകരിക്കണം
6. ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കണം

വനിതാ പ്രാതിനിധ്യമുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കണം (ഗാർമെൻറ്സ്, വാഴനാരുകൊണ്ട് കൗതുക വസ്തുക്കൾ നിർമ്മിക്കൽ, റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കൽ, ക്ഷീര സഹകരണ സംഘം തുടങ്ങിയവ)

തേങ്ങാ സഹകരണ സംഘം രൂപീകരിക്കണം. തയ്യൽ തൊഴിലാളി സഹകരണ സംഘം രൂപീകരിക്കണം. പപ്പടം, ജാം, സ്ക്വാഷ്, ചിപ്പ്സ്, തുടങ്ങിയ വ്യവസായങ്ങൾക്കായി സഹകരണ സംഘം രൂപീകരിക്കണം.

നെല്ല് സംഭരിച്ച് അരിയാക്കി വിപണനം ചെയ്യുന്ന യൂണിറ്റ്, റബ്ബർ ബാൻഡ്, ക്ഷീര വ്യവസായം, ചെറുകിട തയ്യൽ യൂണിറ്റ് തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

മത്സ്യകൃഷി, ചെറുകിട വ്യവസായം, കരകൗശല വസ്തുക്കൾ, വസ്ത്ര നിർമ്മാണം, തുടങ്ങിയവ സഹകരണ മേഖലയിൽ ആരംഭിക്കണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ ഒരു അപ്പെക്സ് ബോഡിയായി വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തിക്കുകയും അവക്കു വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായം ചെയ്യുകയും വേണം.

സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരം

| നമ്പർ | സംഘത്തിൻെറ പേര് |
|---|---|
| 1. | വെള്ളൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 2. | വടകര സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 3. | വെള്ളൂർ-മുളക്കുളം ജനറൽ മാർക്കറ്റിങ്ങ് സൊസൈറ്റി ഇറുമ്പയം |
| 4. | കാർമൽ റബ്ബർ ഉൽപ്പാദക സംഘം വരിക്കാംകുന്ന് |
| 5. | കൽപ്പക വെൽഫെയർ സൊസൈറ്റി വെട്ടിക്കാട്ട് മുക്ക് |
| 6. | ക്ഷീര സഹകരണ സംഘം - കരിപ്പാടം |
| 7. | തഴപ്പായ് നെയ്ത്ത് സൊസൈറ്റി, കരിപ്പാട് |
| 8. | വനിതാ വിവിധോദ്ദേശ സഹകരണ സംഘം |
| 9. | ക്ഷീര സഹകരണ സംഘം ഇറുമ്പയം |

**The Velloor Service Co-op. Bank Ltd.**
**Statistics as on 30 - 9 -96**

| Particulars | No. of A/cs. | Amt Rs. Ps. |
|---|---|---|
| Total Deposits | 6217 | 244,75717 |
| Total Advances | 4908 | 1,53,12,877 |
| Priority Sector Advances | 1627 | 52,51,718 |
| Non Priority Sector Advances of which priority | 3281 | 1,00,61,159 |
| 1. Direct | 573 | 13,05,250 |
| 2. Indirect | 598 | 18,37,627 |
| 3. SSI Advance | — | — |
| 4. Housing Finance | 65 | 11,65,180 |
| 5. Other priority sector | 391 | 943,661 |
| Assistance rendered to SC/ST | 895 | 35,62,115 |
| Assistance rendered to women | 1214 | 49,37,447 |
| DRI | — | — |
| Self employment advances | — | — |

# സംസ്കാരം

സമ്പന്ന സവർണ്ണ വിഭാഗത്തിൻെറ
കുത്തകയായിരുന്ന കലാസാഹിത്യാദികൾ
ജനകീയമാകാൻ തുടങ്ങിയത് കേരളത്തിൽ
ഉരുത്തിരിഞ്ഞ നവോത്ഥാന
പ്രസ്ഥാനത്തിൻേറയും സ്വാതന്ത്ര സമര
മുന്നേറ്റത്തിൻേറയും ഫലമായാണ്.



ഏതൊരു സമൂഹത്തിൻേറയും ഭൗതിക ഉല്പാദനവ്യവസ്ഥക്ക് അനുരോധമാണ് അതിൻെറ സാംസ്ക്കാരിക ഘടന രൂപപ്പെടുന്നത്. ജന്മി–നാടുവാഴി ഉല്പാദന വ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്ന കേരളത്തിൻെറ സാമൂഹിക ജീവിതത്തിൽ പ്രധാനമായും രണ്ടു സാംസ്ക്കാരിക ധാരകളുണ്ട്. ഒന്ന് സവർണ്ണ സമ്പന്ന വിഭാഗത്തിൻേറയും മറ്റൊന്ന് അദ്ധ്വാനിക്കുന്ന ഭൂരിപക്ഷത്തിൻേറയും.

ഉല്പാദന പ്രക്രിയയുമായി നേരിട്ട് ബന്ധമില്ലാതിരുന്ന സവർണ്ണരുടെ കുത്തകയായി തീർന്നു, കലാസാഹിത്യ സാംസ്ക്കാരികവേദികൾ. എന്നാൽ അദ്ധ്വാനിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ അവരുടെ തൊഴിൽ, ആരാധന, പ്രതിഷേധം എന്നിവ പാട്ടിലൂടെയും നൃത്തരൂപങ്ങളിലൂടെയും ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം അടിസ്ഥാന വർഗ്ഗ കലയുടെ ഈടുറ്റ പാരമ്പര്യം നമുക്കുണ്ട്. എങ്കിലും കേരളീയ കലകൾ എന്ന നിലയിൽ പ്രസിദ്ധിയാർജ്ജിച്ചത് കഥകളി, കൂത്ത്, കൂടിയാട്ടം തുടങ്ങിയവയായിരുന്നു. സമ്പന്ന സവർണ്ണ വിഭാഗത്തിൻെറ കുത്തകയായിരുന്ന കലാ സാഹിത്യാദികൾ ജനകീയമാകാൻ തുടങ്ങിയത് കേരളത്തിൽ ഉരുത്തിരിഞ്ഞ നവോത്ഥാന പ്രസ്ഥാനത്തിൻേറയും സ്വാതന്ത്ര്യ സമര മുന്നേറ്റത്തിൻേറയും ഫലമായാണ്. ഇക്കാല ഘട്ടത്തോടെ സാർവ്വത്രികമാകാൻ തുടങ്ങിയ അക്ഷരാഭ്യാസം, അവഗണിക്കപ്പെട്ട സാമാന്യ ജനങ്ങൾക്ക് പുതിയ വാക്കും വെളിച്ചവും നൽകി. കേരളത്തിൻെറ പൊതുവായ ഈ സാംസ്ക്കാരിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം നമ്മുടെ പഞ്ചായത്തിൻെറ സാംസ്ക്കാരിക പൈതൃകത്തെ നോക്കിക്കാണാൻ.

കേരളത്തിൽ മറ്റെല്ലായിടത്തും ഉണ്ടായിരുന്നതുപോലെ തന്നെ ജാതി വ്യവസ്ഥയുടെ തീഷ്ണത ഇവിട്രയും നില നിന്നിരുന്നു. ഭൂമിയുടെ ഉടമസ്ഥത ഭൂരിഭാഗവും സവർണ്ണ ജൻമിമാരുടേയും, ദേവസ്വത്തിൻേറയും കയ്യിലായിരുന്നു. അയിത്താചരണത്തിനെതിരായി ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി നടന്ന വൈക്കം സത്യാഗ്രഹം, ഇന്ന് വൈക്കം താലൂക്കിൽ ഉൾപ്പെടുന്ന ഈ പ്രദേശത്ത് വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള വീഥികളിലൂടെ അവർണ്ണ ജാതിയിൽ പെട്ടവർക്ക് നടക്കുന്നതിനു പോലുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഇതിനെതിരെയാണ്1924 ൽ ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയ

നേതാക്കൾ പങ്കെടുത്ത വൈക്കം സത്യാഗ്രഹം നടന്നത്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിലോ അതിനോടൊപ്പം നടന്ന സാമൂഹ്യ നവോത്ഥാന മുന്നേറ്റങ്ങളിലോ ഗണ്യമായ മറ്റു സംഭാവനകളൊന്നും നൽകുവാൻ ഈ പ്രദേശത്തിനായില്ല. എങ്കിലും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഉണ്ടായ നവോത്ഥാനത്തിൻെറ അലയൊലികൾ വെള്ളൂരിലും എത്തുകയുണ്ടായി. അതിൻെറ ഫലമായി ഏതാനും കലാസമിതികളും വായനശാലകളും രൂപം കൊള്ളുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. വെള്ളൂർ വരിയ്ക്കാം കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ അൻപതുകളിൽത്തന്നെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വായന ശാലകളും അതിനോടനുബന്ധിച്ച് കലാ സമിതികളും രൂപം കൊണ്ടു. സ്ത്രീകൾ ഉൾപ്പെടെയുള്ള കലാ പ്രവർത്തകർ നാടക സംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു.

പഴയ തിരുവിതാംകൂറിനെ കൊച്ചിയുമായി വേർതിരിക്കുന്ന അതിർത്തി പ്രദേശത്താണ് വെള്ളൂർ സ്ഥിതി ചെയ്യുന്നത്. പഴയ കാലത്തെ കേരളത്തിലെ ഈ രണ്ടു പ്രധാന രാജ്യങ്ങളേയും വേർതിരിച്ചിരുന്ന ഇല്ലിക്കോട്ടയോട് ചേർന്നുള്ള കിടങ്ങിൻെറ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. തിരുവിതാംകൂറിലെ ദിവാനായിരുന്ന രാമയ്യൻ ദളവ നേരിട്ട് നേതൃത്വം കൊടുത്ത് പണി കഴിപ്പിച്ചതാണ് ഈ കോട്ട എന്ന് വിശ്വസിക്കപ്പെടുന്നു. കൊച്ചി തിരുവിതാംകൂർ നാട്ടുരാജ്യങ്ങളുടെ അതിർത്തി തിരിച്ചിരുന്ന കല്ലുകൾ (കൊ–തി–കല്ല്) ഇന്നും പല ഭാഗത്തും കേടുകൂടാതെ നില നിൽക്കുന്നുണ്ട്.

സുദീർഘമായ പൈതൃകം പേറുന്ന നിരവധി ദേവാലയങ്ങൾ ഇവിടെയുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് പെരുന്തട്ട് ശിവക്ഷേത്രം, വെള്ളൂർ വാമനസ്വാമി ക്ഷേത്രം, മേവെള്ളൂർ തൃക്ക, കരിപ്പാടത്തെ ഗണപതിപ്പാറ ക്ഷേത്രം വടകരയിലേയും ഇറുമ്പയത്തെയും സി.എസ്.ഐ പള്ളികൾ എന്നിവ.

പ്രസിദ്ധങ്ങളായ കേരളത്തിലെ നൂറ്റെട്ട് ശിവക്ഷേത്രങ്ങളിൽപെട്ടതാണ് പെരുന്തട്ട് ശിവക്ഷേത്രം. വളരെ നാൾ ജീർണ്ണാവസ്ഥയിൽ കിടന്നിരുന്ന ഈ ക്ഷേത്രം ഇപ്പോൾ പുനരുദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇവിടുത്തെ ശിവരാത്രി മഹോത്സവം വളരെ വിശേഷമായി ആഘോഷിക്കപ്പെടുന്നു.

വിശിഷ്ടമായ ആകൃതിയോടു കൂടിയ (ഗജപൃഷ്ടാകൃതി) ശ്രീകോവിലുള്ള കേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണ് വെള്ളൂർ വാമനസ്വാമി ക്ഷേത്രം. പെരുന്തച്ചനാണ് ഇത് പണിതത് എന്നു വിശ്വസിച്ചു വരുന്നു. ആനയും വെടിക്കെട്ടുമില്ല എന്ന അപൂർവ്വതയും ഈ ക്ഷേത്രത്തിനുണ്ട്. ഉത്സവത്തോടനുബന്ധിച്ച് നടന്നിരുന്ന കൊടിമര ഘോഷയാത്ര കലാ–സാംസ്ക്കാരികപരിപാടികൾ എന്നിവയിൽ സമസ്ത ജനവിഭാഗങ്ങളുടേയും പങ്കാളിത്തം ഉണ്ടായിരുന്നു. എന്നാൽ ധ്വജപ്രതിഷ്ഠയോടെ ഇത് ഇല്ലാതായി.

മേൽപറഞ്ഞവ കൂടാതെ പഞ്ചായത്ത് അതിർത്തിയിലുള്ള പ്രധാന ആരാധനാലയങ്ങളാണ് വെള്ളൂരിലെ തിരുകുടുംബ ദേവാലയം, വെള്ളൂരിലേയും വെട്ടിക്കാട്ടു മുക്കിലേയും മുസ്ലീം പള്ളികൾ, വരിയ്ക്കാം കുന്നിലെ ഇന്ദിരാൻ ചിറയ്ക്കൽ ക്ഷേത്രം, എരട്ടാനിക്കാവ്, നീർപാറയിലെ സി.എസ്.ഐ.പള്ളി, ചെറുകരയിലെ ശ്രീകൃഷ്ണ ക്ഷേത്രം, ചങ്ങമ്മത ക്ഷേത്രം, മേവെള്ളൂർ സെൻറ് മേരീസ് ദേവാലയം, തോന്നല്ലൂരിലെ പേച്ചിയമ്മൻ കോവിൽ തുടങ്ങിയവ. ഇവിടെയെല്ലാം വർഷം തോറും നാനാ ജാതി മതസ്ഥർ പങ്കെടുക്കുന്ന ആഘോഷങ്ങളും നടന്നു വരുന്നു. ഇവയിൽ എടുത്തു പറയത്തക്കതാണ് ചങ്ങമ്മതയിലും പടിഞ്ഞാറ്റു കാവിലും നടത്തി വരുന്ന പ്രാചീന അനുഷ്ഠാന കലകളായ ഗന്ധർവ്വൻ പാട്ടും, മുടിയേറ്റും.

## ഗ്രന്ഥശാലകളും വായനശാലകളും

അമ്പതുകളിലും അറുപതുകളിലും കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടായ സാംസ്ക്കാരിക നവോത്ഥാനത്തിൻെറ ഭാഗമായി രൂപം കൊണ്ട ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും പ്രവർത്തനം സാംസ്ക്കാരിക രംഗത്തുണ്ടാക്കിയ വളർച്ച ശ്രദ്ധേയമാണ്. ഇക്കാലത്ത് വെള്ളൂരിലും വരിക്കാം കുന്നിലും ഗ്രന്ഥശാലകൾ രൂപം കൊള്ളുകയും പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ ചെറിയ ചെറിയ വായനാ കേന്ദ്രങ്ങൾ ഉടലെടുക്കുകയും ചെയ്തു. എന്നാൽ കാലക്രമത്തിൽ ഇവയിൽ പലതും പ്രവർത്തന രഹിതമായി. ഇന്ന് പഞ്ചായത്തിൽ നാലു ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. വെള്ളൂർ പഞ്ചായത്ത് ഗ്രന്ഥശാല, വരിക്കാം കുന്ന് വിദ്യാഭിവർദ്ധിനി ഗ്രാമീണ വായനശാല, ഇറുമ്പയത്തെ ടാഗോർ ലൈബ്രറി, കരിപ്പാടത്തെ ചാരുത ലൈബ്രറി എന്നിവ.

ഗ്രന്ഥശാലകളിൽ നിന്നും ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രതിദിനം മുന്നൂറ്റി മുപ്പത്തഞ്ച് വായനക്കാരുണ്ടെങ്കിലും അന്വേഷണത്തിൽ അതിലും കുറവാണെന്ന് അറിയാൻ കഴിഞ്ഞു. ഗ്രന്ഥശാലകളുടെ ഗ്രേഡും ഗ്രാൻറും നിലനിർത്തുന്നതിന് ഒരു നിശ്ചിത എണ്ണം വായനക്കാർ ദിവസേന വേണമെന്ന് നിർബന്ധമുണ്ട്. അതു തികയ്ക്കുന്നതിനായി പല ഗ്രന്ഥശാലകളും യഥാർത്ഥ വായനക്കാരുടെ എണ്ണം പെരുപ്പിച്ച് കാണിക്കുകയാണ് ചെയ്യുന്നത്.

പുസ്തക വായനക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും പൈങ്കിളി വാരികകൾ വായിക്കുന്നവരുടെ എണ്ണം കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. ഇത് വായനക്കാരുടെ ഗുണനിലവാര തകർച്ചയ്ക്കും

പട്ടിക - 1

ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരം - വെള്ളൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | ഗ്രന്ഥശാലയുടെ പേര് | രജിസ്റ്റർ നമ്പർ | രജിസ്റ്റർ ചെയ്ത വർഷം | അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | ശരാശരി വായനക്കാരുടെ എണ്ണം | ഗ്രാൻറു വിവരം (പ്രതിവർഷം) |
|---|---|---|---|---|---|---|---|
| 1. | ഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാലാ ആൻറ് റീഡിംഗ്റൂം മേവെള്ളൂർ | 2744 | 1959 സെപ്ത: 8 | 169 | 5185 | 185 | 4000 |
| 2. | വിദ്യാഭിവൃദ്ധിനി ഗ്രാമീണവായനശാലാ, വരിക്കാംകുന്ന് | 3240 | 1963 | 126 | 3090 | 50 | 600 |
| 3. | ടാഗോർ ലൈബ്രറി ഇറുമ്പയം | 5091 | 1988 | 260 | 2100 | 50 | |

സാംസ്ക്കാരിക ച്യുതിക്കും കാരണമാകുന്നു. രാഷ്ട്രീയ സാംസ്ക്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നവായനശാലകൾ ഇന്ന് വെറും പുസ്തകശാലകളായി മാറിയിട്ടുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വരവും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

പഞ്ചായത്തിലെ പത്രവിതരണം സംബന്ധിച്ച കണക്ക്

| പത്രത്തിൻെറ പേര് | വരിക്കാരുടെ എണ്ണം |
|---|---|
| മാതൃഭൂമി | 591 |
| മനോരമ | 829 |
| കേരള കൗമുദി | 87 |
| ഇന്ത്യൻ എക്സ്പ്രസ് | 125 |
| ഹിന്ദു | 125 |
| ദേശാഭിമാനി | 107 |
| ദീപിക | 32 |
| മംഗളം | 20 |

കായികരംഗം:

പൊതുജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെടുത്തി കാണേണ്ട കായികരംഗം ഇന്ന് മറ്റുമേഖലകളിലെന്നതുപോലെ കച്ചവട സംസ്ക്കാരത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരം ക്രിക്കറ്റ്- ടെന്നീസ് പോലുള്ള കളികൾക്ക് നമ്മുടെ നാട്ടിൽ അമിത പ്രാധാന്യം നേടിക്കൊടുത്തു. കേരളത്തിൻെറ കാലാവസ്ഥക്കും സാംസ്ക്കാരത്തിനും യോജിച്ച കളികൾക്ക് വേണ്ടത്ര പ്രചാരം ഈ മാദ്ധ്യമങ്ങൾ നൽകുന്നില്ല. കായികരംഗം ഇന്ന് ഒരു വൻവ്യവസായമായി മാറിയിരിക്കുന്നതിനാൽ സ്പോർട്സ് പരിശീലനങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കുന്നത് വളരെ ചെലവേറിയതായി തീർന്നിരിക്കുന്നു. അതിനാൽ ഇത് സമ്പന്നർക്കു മാത്രം സാദ്ധ്യമാകുന്ന കാര്യമായി മാറി. മുൻപ് ഈ പഞ്ചായത്തിൽ കലാ സാംസ്ക്കാരിക സംഘടനകളോടനുബന്ധച്ച് സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിച്ചിരുന്നു. നാടൻ പന്തുകളി, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കളികൾക്കായിരുന്നു അന്നു പ്രചാരം. ഇവയുടെ സ്ഥാനത്ത് ഇന്നു പുതിയ തലമുറ ക്രിക്കറ്റിന് അമിത പ്രാധാന്യം കൊടുക്കുന്നു. എന്നാൽ അപൂർവ്വം ചില ക്ലബ്ബുകള് ഇന്നും ഫുട്ബോളിനും വോളിബോളിനും പ്രാധാന്യം നൽകുന്നുണ്ട്. പഞ്ചായത്തിലെ സ്ക്കൂളുകൾ, ക്ലബുകൾ, യുവജന സംഘടനകൾ ഇവയെ ഏകോപിപ്പിച്ചു കൊണ്ട് നമ്മുടെ പ്രദേശത്തിനു ചേർന്ന ഒരു കായിക സംസ്ക്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ 9-ാം പദ്ധതിയുടെ ഭാഗമായി ആവിഷ്ക്കരിക്കണം. കളിസ്ഥലങ്ങളുടേയും ഉപകരണങ്ങളുടേയും പരിശീലനത്തിൻേറയും അനിവാര്യത ഇക്കാര്യത്തിൽ കണക്കിലെടുക്കണം.

## നിർദ്ദേശങ്ങൾ -സാദ്ധ്യതകൾ

1. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന എല്ലാ ക്ലബ്ബുകളേയും കലാസാംസ്ക്കാരിക സംഘടനകളേയും പഞ്ചായത്തുതലത്തിൽ രജിസ്റ്റർ ചെയ്യിക്കുകയും, പഞ്ചായത്തിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളിലും ജനകീയ പരിപാടികളിലും ഇവയുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം. മാതൃകാപരമായ പ്രവർത്തനം നടത്തുന്ന എല്ലാ ക്ലബ്ബുകൾക്കും ധനസഹായം നൽകണം.

2. സാദ്ധ്യതയുള്ള ക്ലബ്ബുകളോട്./സാംസ്ക്കാരിക സംഘടനകളോടനുബന്ധിച്ച് വായനശാലകൾ ആരംഭിക്കുന്നതിനാവശ്യമായ സഹായങ്ങളും നിർദ്ദേശ

ങ്ങളും നൽകണം.

3. നിലവിലുള്ള വായനശാലകളുടെ വികസനപ്രവർത്തനം നടത്തണം. കൂടുതൽ ആനുകാലികങ്ങളും പുസ്തകങ്ങളും ലഭ്യമാക്കണം.വായനശാലകളോടനുബന്ധിച്ച് കലാ-സാംസ്ക്കാരിക പരിപാടികളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കണം.

4. വളരെ പഴക്കമുള്ള വെള്ളൂർ പഞ്ചായത്ത് ഗ്രന്ഥശാല പുനരുദ്ധരിച്ച് റഫറൻസ് ലൈബ്രറി ആക്കണം. പഴയ പുസ്തകങ്ങൾ ബൈൻഡു ചെയ്ത് സൂക്ഷിക്കുകയും പുസ്തകങ്ങൾ ശാസ്ത്രീയമായി അടുക്കി വയ്ക്കുകയും വേണം .പരിശീലനം ലഭിച്ചിട്ടുള്ള ഒരു ലൈബ്രേറിയന്റെ മുഴുവൻ സമയസേവനം ലഭ്യമാക്കണം.ഗ്രന്ഥശാല പകൽ മുഴുവൻ തുറന്നു പ്രവർത്തിക്കണം. പഞ്ചായത്ത് ഗ്രന്ഥശാലയോടനുബന്ധിച്ച് റീഡിംഗ്റൂമിൽ സ്ത്രീകൾക്കും മറ്റും വന്നിരുന്നു വായിക്കുന്നതിനു വേണ്ട അന്തരീക്ഷം സൃഷ്ടിക്കണം.

5. വെള്ളൂർ ആസ്ഥാനമാക്കി കുട്ടികളുടെ ലൈബ്രറിയും സാംസ്ക്കാരിക നിലയവും നിർമ്മിക്കണം. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അവരുടെ കലാ-കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇത് ഉപയോഗ പ്രദമായിരിക്കും. ഒരു ട്രസ്റ്റ് രൂപീകരിച്ച് സർക്കാർ ഏജൻസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ ഇതിന്റെ പ്രവർത്തനം നടപ്പിലാക്കാവുന്നതാണ്. ഇതിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം.

6. റെയിൽവേ സ്റ്റേഷനടുത്തുള്ള റിക്രിയേഷൻ ക്ലബ്ബ് പുനരുജ്ജീവിപ്പിക്കണം. അതിനു വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകണം. റെയിൽവേ പാലത്തിനു സമീപം പുഴയുടെ തീരത്തുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഉദ്യാനം നിർമ്മിക്കണം.

7. ആറാട്ടു മണപ്പുറത്ത് ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കണം.

8. സർക്കാർ ആഫീസുകളിലേയും മറ്റു സ്ഥാപനങ്ങളിലേയും അഴിമതി തടയുന്നതിന് ജനകീയ ജാഗ്രതാ സമിതികൾ രൂപവൽക്കരിക്കണം.

9. കലാ-കായിക രംഗങ്ങളിലെ പ്രതിഭകളെ കണ്ടെത്തുകയും അവർക്കു പ്രോത്സാഹനം നൽകുകയും വേണം.

10. ഇറുമ്പയം പെരുന്തട്ടിൽ തുടങ്ങിവെച്ച മിനി സ്റ്റേഡിയത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണം.

11. മറ്റു വികസന മേഖലകളിൽ ചർച്ച ചെയ്ത സമഗ്ര പച്ചക്കറി കൃഷി, ക്ഷീര വ്യവസായം, സഹകരണ യൂണിറ്റുകൾ തുടങ്ങിയവയുമായി ഏകോപിപ്പിച്ചു കൊണ്ട് പഞ്ചായത്തു തലത്തിൽ 'കാർഷികോത്സവം' സംഘടിപ്പിക്കണം. കാർഷിക ഉല്പന്നങ്ങളുടേയും സാമഗ്രഹികളുടേയും പ്രദർശനം, കാർഷീക വിളകളുടെ മൽസരം-കന്നുകാലി പ്രദർശനം മൽസരം കൃഷിരംഗത്തെ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രദർശനം-പ്രഭാഷണങ്ങൾ-സിനിമാ പ്രദർശനങ്ങൾ-തുടങ്ങിയവ ഉൾപ്പെടുത്തി വളരെ വിപുലമായി പഞ്ചായത്തിന്റെ ഉത്സവമായി ഇത് ആഘോഷിക്കാവുന്നതാണ്. കർഷകർ, കാർഷിക സംഘടനകൾ, സർക്കാർ ഏജൻസികൾ-സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തി ഇതിന്റെ സംഘാടനം നടത്തണം.

12. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം.

13. കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.

14. എല്ലാ കോളനികളിലും പൊതു ടി.വി സ്ഥാപിക്കണം.

15. എല്ലാ വാർഡുകളിലും കളിസ്ഥലം നിർമ്മിക്കണം.

16. തോന്നല്ലൂരിൽ സബ്പോസ്റ്റോഫീസ് സ്ഥാപിക്കണം.

17. പരമ്പരാഗത കലാകാരന്മാർക്ക് പെൻഷൻ നൽകണം.

18. പഞ്ചായത്ത് തലത്തിൽ കായിക പരിശീലന കേന്ദ്രം സ്ഥാപിക്കണം.

## കലാകായിക സമിതികൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇരുപതോളം ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാമായി ഏകദേശം ആയിരത്തോളം അംഗങ്ങളുണ്ട്. (പട്ടിക 2 കാണുക)

ക്ലബുകളുടെ ബാഹുല്യം എടുത്തു പറയാമെങ്കിലും ഇവയിൽ ഒട്ടു മിക്കവയുടേയും പ്രവർത്തനം ഓണപരിപാടികളിലും വാർഷീക പരിപാടികളിലും ഒതുങ്ങുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലെ യുജനങ്ങളുടെ കലാ പരമാ

പട്ടിക 2

പഞ്ചായത്തിലെ കലാ-കായിക സമിതികളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | സമിതിയുടെ പേര് | വാർഡ് | സ്ഥാപിച്ച വർഷം | റജിസ്ട്രേഷൻ | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1. | യംഗ്മെൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, വരിക്കാംകുന്ന് | IV | 1980 | ഉണ്ട് | 25 |
| 2. | യുവകലാ സാഹിതി, വടകര | III | 1984 | ഇല്ല | |
| 3. | പ്രണവം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, മേവെള്ളൂർ | VII | 1996 | ഉണ്ട് | 53 |
| 4. | സാരഥിക്ലബ്, മേവെള്ളൂർ | VII | 1992 | ഉണ്ട് | 32 |
| 5. | സഹൃദയാ ക്ലബ്, മേവെള്ളൂർ | VI | 1985 | ഉണ്ട് | 62 |
| 6. | ബഞ്ചമിൻ മൊളോയിസ് ക്ലബ്, വടകര | III | ഇല്ല | 100 | |
| 7. | സഹൃദയാ ക്ലബ്, വരിക്കാംകുന്ന് | IV | 1978 | ഉണ്ട് | 53 |
| 8. | ബ്യൂറോ വോളിബോൾക്ലബ്,വടകര | III | 1983 | ഉണ്ട് | 30 |
| 9. | ഫ്രണ്ട്സ് ക്ലബ്, നീർപാറ | IV | 1995 | ഉണ്ട് | 60 |
| 10. | ന്യൂവോയ്സ് ക്ലബ്, തോന്നല്ലൂർ | V | 1990 | | |
| 11. | താളലയ ആർട്സ്, ഇറുമ്പയം (സംഗീത നാടക അക്കാദമി റജിസ്ട്രേഷൻ) | X | 1980 | ഉണ്ട് | 30 |
| 12. | സംഗമം ക്ലബ്, ഇറുമ്പയം | X | 1980 | ഉണ്ട് | 91 |
| 13. | ജോസ്കോ ക്ലബ്,ഇറുമ്പയം | X | 80 | | |
| 14. | മോർണിംഗ് സ്റ്റാർ ക്ലബ്, ഇറുമ്പയം | X | 1990 | ഇല്ല | 35 |
| 15. | ഹരിശ്രീ ക്ലബ്,വരിക്കാം കുന്ന് | IV | ഇല്ല | | |
| 16. | ള്ളൂർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് | VII | 80 | | |
| 17 | പ്രീമിയർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് | VII | | | |
| 18. | അരങ്ങ്, വെള്ളൂർ | VII | ഉണ്ട് | 100 | |
| 19. | നാഷണൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കരിപ്പാടം | | | | |

യ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ജനങ്ങളുടെ ഇടയിൽ ശാസ്ത്രീയ ചിന്താഗതി വളർത്തിയെടുക്കുന്നതിനും ഇവയ്ക്കു ധാരാളം സംഭാവനകൾ നൽകാൻ കഴിയും. കൂടാതെ വായനാശീലം വളർത്തിയെടുക്കുന്നതിനും, പ്രാദേശീകവും ദേശീയവും, അന്തർ ദേശീയവുമായ പ്രശ്നങ്ങളിൽ പ്രതികരിക്കുന്നതിനും ജനങ്ങളെ പര്യപ്തരാക്കുന്ന തരത്തിൽ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും മുൻകയ്യെടുക്കാൻ കഴിയണം. ജാതി വ്യവസ്ഥക്കും, സാമൂഹ്യ അസമത്വത്തിനുമെതിരെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ, ഉപഭോഗ സംസ്ക്കാരത്തിൻെറ പരിണതഫലം എന്നോണം ഇന്നു കാണുന്ന മൂല്യച്യുതിക്കെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയിലും നാടിൻെറ നാനാഭാഗത്തുമുള്ള ക്ലബുകൾ ചിട്ടയായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഒമ്പതാം പദ്ധതിയിലെ വികസന പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടെന്നതിനാൽ നമ്മുടെ നാട്ടിലെ ക്ലബുകൾ, വായനശാലകൾ, യുവജന സംഘടനകൾ തുടങ്ങിയവയെ പദ്ധതി പ്രവർത്തനങ്ങളുമായി കണ്ണിചേർക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളുടേയും സാമൂഹ്യക്ഷേമ പദ്ധതികളുടേയും ഗുണം അർഹതയുള്ളവർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കാം.

# തൃപ്പൂണിത്തുറയ്ക്കടുത്ത ചരിത്രാവശിഷ്ടങ്ങൾ

പഴയ കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും അതിർത്തിയിൽ കാഞ്ഞിരമിറ്റത്തടുത്ത് വാരിക്കുന്നം ഹിന്ദുമിഷ്യൻ പ്രൈമറിസ്കൂളിന്റെ പടിഞ്ഞാറുഭാഗത്തായി ഒരു ഗുഹ ഈയിടെ കണ്ടെത്തുകയുണ്ടായി. ഇതിനുള്ളിൽ ഇരുമ്പുകൊണ്ടുള്ള പല ആയുധങ്ങളുടേയും അവശിഷ്ടങ്ങളും മൺപാത്രക്കഷ്ണങ്ങളും മററുമുണ്ടായിരുന്നു. രാമയ്യൻദളവ നിർമ്മിച്ചതെന്നു കരുതപ്പെടുന്ന ഇല്ലിക്കോട്ടയും കിടങ്ങിനടുത്താണ് ഈ ഗുഹ. 6½ അടി നീളവും മൂന്നടിയോളം വീതിയും ആറേഴടി താഴ്ചയുമുള്ള ഈ ഗുഹയുടെ പടിഞ്ഞാറെ ചുമരിന്റെ നടുവിൽ 1½ അടി വട്ടത്തിൽ ഒരു ദ്വാരമുണ്ട്. അടുത്തു വേറെയും ചില ഗുഹകളുണ്ട്. കരിങ്കല്പലകകൾകൊണ്ട് ഈ ഗുഹാമുഖം അടച്ചുവെച്ചിരുന്നു. അക്കരെമനയത്താട്ട് മനവക സ്ഥലത്താണ് ഈ ഗുഹ.

—ഫോട്ടോ: കൈപ്പിള്ളിൽ വാസു



ഗുഹനില്ക്കുന്നത് അക്കരെമനയത്താട്ടമനക്കാരുടെ സ്ഥലത്താണ്. മനയുടെ ഒരു ഭാഗവും മനയിലെ ശ്രീ നീലകണ്ഠൻ നമ്പൂതിരിയും ഉണ്ണിയും



രാമയ്യൻ ദളവ നിർമ്മിച്ചതെന്നു കരുതപ്പെടുന്ന ഇല്ലിക്കോട്ടയും കിടങ്ങും.



ഇല്ലിക്കോട്ടയ്ക്കടുത്ത് ഈയിടെ കണ്ടെത്തിയ ഗുഹയുടെ വാതില്പലകകൾ—അവ മൂടിയിരുന്ന വെള്ളപ്പാറപ്പലകകൾ അടുത്തു കാണാം



രാമയ്യൻ ദളവ കഴിച്ചതെന്നു പറയപ്പെടുന്ന മനക്കുളം



ഗുഹയുടെ ഉള്ളിൽനിന്ന് കിട്ടിയ സാധനങ്ങൾ—വില്, ശൂലം, ചുരിക, കല്ലുകൾ, ഉടഞ്ഞ മൺപാത്രങ്ങൾ തുടങ്ങിയവ



നീണ്ടുപോകുന്ന ഒരു ഗുഹാദ്വാരം. ഇതിൽ മുന്നായിത്തിരിഞ്ഞുപോകുന്ന ഒരു വഴിയും വെള്ളവുമുണ്ട്. ആളുകൾക്കു യഥേഷ്ടം സഞ്ചരിക്കാം

1954 ജുലായ് 18-ാം തിയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വെള്ളൂർ പഞ്ചായത്തിലെ വരിക്കാംകുന്നിൽ ചരിത്രാവശിഷ്ടങ്ങൾ കണ്ടെത്തിയതിനെ സംബന്ധിച്ചു വന്ന വാർത്ത.



# വിഭവസമാഹരണം

വൈക്കം താലൂക്കിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വിഭവങ്ങളുടെ കാര്യത്തിൽ താരതമ്യേന മെച്ചപ്പെട്ട നിലയിലാണ് വെള്ളൂർ പഞ്ചായത്ത്. 1953-ൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനമിപ്പോൾ പഞ്ചായത്തുകളുടെ ഏറ്റവും ഉയർന്ന ശ്രേണിയിലുള്ള സ്പെഷ്യൽ ഗ്രേഡിലെത്തിയിരിക്കുന്നു. ഇത് വരുമാനത്തിലുണ്ടായ ക്രമമായ വർദ്ധനവിനെയാണ് കാണിക്കുന്നത്.

1982-ൽ പത്രക്കടലാസ് നിർമ്മാണശാല ഉൽപ്പാദനമാരംഭിച്ചതോടുകൂടി പഞ്ചായത്തിൻെറ വരുമാനത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടായി. എങ്കിലും ഇത്രയും ബൃഹത്തായ ഒരു വ്യവസായ ശാലയുടെ വരവോടെ ഉണ്ടാവേണ്ടിയിരുന്ന വളർച്ച വെള്ളൂരിൻെറ സമ്പദ്ഘടനയിൽ പ്രതിഫലിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

> ആത്മാർത്ഥതയും സന്നദ്ധതയും വൈദഗ്ധ്യവും ഒത്തുചേർന്നതാണ് വെള്ളൂരിൻെറ മനുഷ്യവിഭവശേഷി. വമ്പിച്ച തോതിലുള്ള ഈ ശക്തി സ്രോതസ്സ് ഫലപ്രദമായി വഴി തിരിച്ചുവിട്ടാൽ തന്നെ വികസന പ്രക്രിയയിൽ ഗണ്യമായ മുന്നേറ്റം നടത്താനാവും.

കെട്ടിട നികുതി, മണൽ ലേലത്തിൽ നിന്നുള്ള വരുമാനം, തൊഴിൽ നികുതി എന്നീ ഇനങ്ങളാണ് പഞ്ചായത്തിൻെറ വരുമാനത്തിലെ മുഖ്യ ഇനങ്ങൾ. ഇതിൽ തന്നെ കെട്ടിട നികുതിയാണ് ഏറ്റവും പ്രധാനം. 1995-96-ൽ ഈയിനത്തിൽ ലഭിച്ചത് 12,92,950 രൂപയാണ്. അതായത് മൊത്തം വരുമാനത്തിൻെറ 29.45 ശതമാനം. ഇപ്പോഴത്തെ പ്രവണത വച്ചു നോക്കുമ്പോൾ കെട്ടിട നികുതി വരും വർഷങ്ങളിലും വർദ്ധിച്ച തോതിൽ തന്നെ ലഭിക്കുമെന്നു കണക്കാക്കാം.

രണ്ടാമത്തെ പ്രധാന വരുമാന സ്രോതസ്സാണ് മണൽ ലേലം. മുൻകാലങ്ങളിൽ പ്രാദേശികാവശ്യങ്ങൾക്കു മാത്രമായി മണൽ വാരിയിരുന്നപ്പോൾ ഇതിൽ നിന്നും ലഭിച്ചിരുന്ന വരുമാനം നാമമാത്രമായിരുന്നു. എന്നാൽ നിർമ്മാണ മേഖലയിലുണ്ടായ അഭൂതപൂർവ്വമായ വളർച്ചയെ തുടർന്ന് മണൽ ഖനനം ഒരു വൻവ്യവസായമായി മാറുകയും അത് പഞ്ചായത്തിൻെറ വരുമാനത്തിൽ ഗണ്യമായ ഒരു ഘടകമാവുകയും ചെയ്തു. 1995-96-ൽ 10,80,340/ രൂപയാണ് ഇതുവഴി ലഭ്യമായത്. അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന മണൽ വാരൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കു കാരണമാവുന്നു എന്നതിനാൽ ഇതിൽ നിന്നുള്ള വരുമാനത്തിന് ഊന്നൽ കൊടുക്കരുതെന്നും കർശനമായ നിയന്ത്രണങ്ങളോ പൂർണ്ണമായ നിരോധനം

തന്നെയോ ഏർപ്പെടുത്തണമെന്നുമുള്ള ആവശ്യം പരക്കെ ഉയർന്നുവന്നിട്ടുണ്ട്. മണലിൻെറ ലഭ്യതയിലും ഗുണത്തിലു മുണ്ടായികൊണ്ടിരിക്കുന്ന ശോഷണവും കണക്കിലെടു ക്കേണ്ടതാണ്. ഇവയൊക്കെമൂലം മണൽ ഖനന വ്യവ സായം ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണി പ്പോൾ. ഈയൊരു പരിതസ്ഥിതിയിൽ മണൽലേലത്തിൽ നിന്നുള്ള വരുമാനത്തെ സ്ഥായിയായ ഒന്നായി കണക്കി ലെടുക്കാനാവില്ല.

1995-96-ൽ തൊഴിൽ നികുതിയായി ലഭിച്ചത് 7,54,860 രൂപ യാണ്. ഇതിൽ സിംഹഭാഗവും പത്രകടലാസ് നിർമ്മാണശാ ലയിൽ നിന്നുമാണ്. 1600-ഓളം സ്ഥിരം ജീവനക്കാരുള്ള ഈ സ്ഥാപനം ഇന്ന് പല കാരണങ്ങളാൽ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. തന്മൂലം തൊഴിൽ നികുതി യിൽ നിന്നുമുള്ള വരുമാനവും അനിശ്ചിതത്വത്തിലായിരി ക്കുന്നു.

മേൽപറഞ്ഞ കണക്കുകളിൽ നിന്ന് വ്യക്തമാവുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്. ആകെ വരുമാനത്തിൻെറ വളരെ ചെറിയൊരു ഭാഗം മാത്രമെ വികസന പ്രവർത്തനങ്ങൾ ക്കായി ചിലവഴിക്കുന്നുള്ളു. പഞ്ചായത്തിൻെറ തനതുവരു മാനം ഉപയോഗിച്ചു തന്നെ ഇനിയും വളരെയേറെ മുന്നേ റാനാവും. വികസനോന്മുഖ സമ്പദ്ഘടനയിൽ മിച്ച ബജറ്റ് എന്ന സമീപനം ആസാശ്യമല്ല. ഭാവി വികസനതന്ത്രങ്ങൾ ആവിഷ്കരിക്കുമ്പോൾ ഈ വക കാര്യങ്ങൾ കൂടി കണക്കി ലെടുക്കേണ്ടതാണ്.

വിഭവസമാഹരണത്തിൽ വളരെയേറെ സംഭാവനകൾ നല്കാൻ കഴിയുന്ന ഒരു വിഭാഗമാണ് വിദേശമലയാളികൾ. വെള്ളൂർ പഞ്ചായത്തിൽ നിന്നും ഏകദേശം 350 പേരാണ് വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നത്. ഇവിടെയുള്ള ബാങ്കുകളിലെ ഇവരുടെ നിക്ഷേപം 30-9-96-ലെ കണക്കനുസരിച്ച് 2,80,78,231 രൂപയാണ്. ഇതിൽ നിന്നും വ്യക്തമാവുന്നത് ഈ വിഭാഗത്തിലുള്ളവരുടെ വരുമാനം പൂർണ്ണമായും ഇവിടെത്തന്നെ ലഭ്യമായിട്ടില്ല എന്നതാണ്. ഉല്പാദന മേഖലകളിലും പഞ്ചായത്ത് നിവാസികളായ വിദേശ മലയാളികളുടെ സംഭാവന വളരെ തുച്ഛമാണ്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിൽ കാര്യമായ ശ്രദ്ധചെലുത്തിയാൽ വിഭവസമാഹരണത്തിൽ വളരെയേറെ നേട്ടങ്ങളുണ്ടാക്കുവാനാവും.

## ഈ പഞ്ചായത്തിലെ പ്രമുഖ ധനകാര്യ സ്ഥാപനങ്ങൾ ഇവയാണ്.

1. ഭാരതീയ സ്റ്റേറ്റ് ബാങ്ക്,വെള്ളൂർ ശാഖ
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വെള്ളൂർ ശാഖ
3. ഫെഡറൽ ബാങ്ക്, വെള്ളൂർ ശാഖ
4. സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ - ന്യൂസ് പ്രിൻറ് നഗർ ശാഖ
5. വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക്
6. കടുത്തുരുത്തി അർബ്ബൻ സഹകരണ ബാങ്ക്, വെള്ളൂർ ശാഖ
7. വടകര സർവ്വീസ് സഹകരണ ബാങ്ക്.

30-9-96ലെ കണക്കനുസരിച്ച് ഈ സ്ഥാപനങ്ങളെല്ലാം

വെള്ളൂർ പഞ്ചായത്തിൻെറ വരുമാനം (1995-96ലെ) ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| ഇനവിവരം | തുക (രൂപ) | ശതമാനം |
|---|---|---|
| കെട്ടിട നികുതി | 12,92,950 | 29.45 |
| മണൽ ലേലം | 10,80,340 | 24.61 |
| തൊഴിൽ നികുതി | 7,54,860 | 17.19 |
| സർക്കാർ ഗ്രാൻറ് | 7,29,607 | 16.63 |
| സർക്കാർ ഗ്രാൻറ് ഒഴികെയുള്ള മറ്റുവരവ് | 2,65,000 | 6.04 |
| വസ്തുകൈമാറ്റ നികുതി | 2,31,185 | 5.27 |
| നിക്ഷേപം | 23,700 | 0.54 |
| ലൈസൻസ് ഫീസ് | 11,000 | 0.25 |
| വൃക്ഷലേലം | 1005 | 0.02 |
| ആകെ | 43,89,647 | 100 |
| അവലംബം : ഗ്രാമ പഞ്ചായത്ത് രേഖ. | | |

| വെള്ളൂർ ഗ്രാമപഞ്ചായത്ത് -ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96 ലേത്. | | |
|---|---|---|
| ചെലവിനങ്ങൾ | തുക | ശതമാനം |
| ഭരണചെലവുകൾ | 9,49,056 | 49.82 |
| പൊതുമരാമത്ത് | 5,40,300 | 28.37 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് | 1,39,400 | 7.32 |
| വിദ്യാഭ്യാസം | 39,000 | 2.05 |
| ജലവിതരണം, പൊതുജനാരോഗ്യം | 4,500 | 0.24 |
| മറ്റുള്ളവ | 2,32,544 | 12.20 |
| ആകെ | 19,04,800 | 100 |
| അവലംബം : ഗ്രാമപഞ്ചായത്ത് രേഖ | | |

കൂടി സമാഹരിച്ചിരിക്കുന്ന നിക്ഷേപം 12,58,24,000 രൂപയും വിതരണം ചെയ്തിരിക്കുന്ന വായ്പ തുക 8,90,23,700 രൂപയുമാണ്. അതായത് നിക്ഷേപത്തിന്റെ 71.20 ശതമാനം വായ്പയായി തിരികെ നൽകിയിരിക്കുന്നു. ന്യൂസ്പ്രിൻറ് നഗറിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ അവരുടെ നിക്ഷേപത്തിന്റെ 106.9 ശതമാനം ആണ് വായ്പയായി നൽകിയിരിക്കുന്നത്. പത്രകടലാസ് നിർമ്മാണ ശാലയിലെ ജീവനക്കാർക്കും മറ്റും നൽകിയിരിക്കുന്ന ഓവർഡ്രാഫ്റ്റ് ആണ് ഇതിൽ ഗണ്യമായ ഭാഗം. ഇതു തന്നെയാണ് പഞ്ചായത്തിലെ വായ്പ - നിക്ഷേപ അനുപാതം ഇത്രയും ഉയർന്നതാവാൻ കാരണം. തന്മൂലം മുകളിൽ സൂചിപ്പിച്ച വായ്പ-നിക്ഷേപ അനുപാതം വച്ചുകൊണ്ടുള്ള ഒരു വിലയിരുൽ യഥാർത്ഥ ചിത്രം നൽകുകയില്ല.

### 30-9-96ലെ ബാങ്കുകളിലെ നിക്ഷേപ-വായ്പ വിവരം

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | നിക്ഷേപം | വായ്പ | വായ്പ -നിക്ഷേപ അനുപാതം |
|---|---|---|---|---|
| 1. | ഫെഡറൽ ബാങ്ക് | 2,40,94,000 | 1,15,38,000 | 47.9 |
| 2. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 2,33,01,000 | 1,54,33,000 | 66.2 |
| 3. | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 2,66,23,788 | 2,84,53,776 | 106.9 |
| 4. | വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | 2,44,75,717 | 1,53,12,877 | 62.6 |
| 5. | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | 2,73,30,000 | 1,88,96,000 | 69.1 |
| | ആകെ | 12,58,24,505 | 8,96,33,653 | 71.2 |

*കുറിപ്പ്: കെടുത്തുരുത്തി അർബൻ സഹകരണ ബാങ്കിന്റെയും വടകര സർവ്വീസ് സഹകരണ ബാങ്കിന്റെയും കണക്കുകൾ ഗണ്യമായവയല്ലാത്തതിനാൽ മേൽപട്ടികയിൽ നിന്നൊഴിവാക്കിയിരിക്കുന്നു.*

ധനകാര്യസ്ഥാപനങ്ങളെ സംബന്ധിച്ച വിവരം 30-9-96ലേത്.

| വായ്പ ഇനം | എണ്ണം | തുക (രൂപ) |
|---|---|---|
| മുൻഗണന മേഖലാ വായ്പകൾ | 4091 | 3,26,84,535 |
| മുൻഗണനേതര വായ്പകൾ | 5114 | 5,69,49,118 |
| മൊത്തം വായ്പ | 9205 | 8,96,33,653 |

വായ്പ - നിക്ഷേപ അനുപാതം 71.20ശതമാനം ആയിരിക്കുമ്പോൾ മുൻഗണനാമേഖലകൾക്കായി നീക്കി വെയ്ക്കപ്പെട്ടിരിക്കുന്നത് മൊത്തം വായ്പയുടെ 36.5 ശതമാനം മാത്രമാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകൾ വ്യക്തമാക്കുന്നു.

മുൻഗണനാ മേഖല വായ്പകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ( 30-9-96) ലെ കണക്കുകൾ)

| ഇനവിവരം | എണ്ണം | തുക (രൂപ) |
|---|---|---|
| കാർഷിക മേഖല | 2648 | 1,62,92,463 |
| ചെറുകിട വ്യവസായം | 177 | 40,63,219 |
| ഭവന നിർമ്മാണം | 68 | 13,77,192 |
| മറ്റു മുൻഗണനാ മേഖലകൾ | 1198 | 1,09,51,661 |
| ആകെ | 4091 | 3,26,84,535 |

ഈ കണക്കുകൾ കാണിക്കുന്നത് കാർഷിക മേഖലയിലെ നിക്ഷേപം മൊത്തം വായ്പയുടെ 18.2 ശതമാനം മാത്രമാണ് എന്നാണ്. ചെറുകിട വ്യവസായ മേഖല, ഭവന നിർമ്മാണം, മറ്റു മുൻഗണനാ വിഭാഗങ്ങൾ എന്നിവയിൽ ഇത് യഥാക്രമം 4.5, 1.5, 12.3 ശതമാനം മാത്രവും. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ മൊത്തം വായ്പയുടെ 2.6 മാത്രമേ മുൻഗണനാ മേഖലയ്ക്കായി അനുവദിച്ചിട്ടുള്ളു. സേവന മേഖലാ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ 6.7 വാർഡുകൾ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കീഴിലാണ്. ഈ വാർഡുകളിലുള്ളവർക്ക് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ഗ്രാമസഭയിൽ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്..

നാടിന്റെ വികസന പ്രക്രിയയിൽ പ്രമുഖ പങ്കുവഹിക്കേണ്ട ധനകാര്യ സ്ഥാപനങ്ങൾ തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ഉല്പാദന മേഖലകൾക്കായുള്ള വിഹിതം ചുരുങ്ങിയത് 25 ശതമാനം കണ്ടു വർദ്ധിപ്പിക്കേണ്ടതാണ്. ഇതുവഴി ഏകദേശം 2.25 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്താനാവും.

വിഭവ സമാഹരണത്തിനായി ഗ്രാമസഭാ ചർച്ചകളിൽ നിന്നും ഉയർന്നുവന്ന മറ്റു നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. എല്ലാ കെട്ടിടങ്ങൾക്കും നിയമാനുസൃതം നികുതി നിശ്ചയിക്കുകയും ഈടാക്കുകയും ചെയ്യും.
2. പഞ്ചായത്തിലെ വിദേശ മലയാളികളുടെ നിക്ഷേപം പൂർണ്ണമായും ഇവിടെ തന്നെ ഉൽപ്പാദന മേഖലകളിൽ ലഭ്യമാക്കുക.
3. ഓട്ടോ, ടാക്സി, ബസ് എന്നിവയ്ക്ക് പാർക്കിംഗ്

സൗകര്യമേർപ്പെടുത്തുകയും അതിനായി ഫീസ് ചുമത്തുകയും ചെയ്യുക.

4. പഞ്ചായത്തിൻെറ നേതൃത്വത്തിൽ അനുയോജ്യമായ ഒരു ഏജൻസി രൂപീകരിച്ച് ബാങ്ക് നിരക്കിനേക്കാൾ ഉയർന്ന തോതിലുള്ള വരുമാനം ഉറപ്പു കൊടുക്കുന്ന കടപ്പത്രം ഇറക്കുക.

5. ഇന്ദിരാവികാസ് പത്ര തുടങ്ങിയ ദേശീയ സമ്പാദ്യ പദ്ധതികളിലൂടെ സമാഹരിക്കുന്ന തുകയുടെ 20 ശതമാനം പഞ്ചായത്തിനും ലഭ്യമാവുമെന്നതിനാൽ ഈ പദ്ധതികളിലേക്ക് പരമാവധി നിക്ഷേപം സമാഹരിക്കുന്നതിനായി തീവ്രയത്ന പരിപാടികൾ ആവിഷ്കരിക്കുക.

6. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഇപ്പോൾ നിലവിലുള്ള കരാർ സമ്പ്രദായം അവസാനിപ്പിച്ച് ഈ ജോലി വികസന സമിതികളെ ഏല്പിക്കുക. ഇതിനാവശ്യമായ പ്രവർത്തന മൂലധനം മുൻകൂറായി നൽകണം. കരാറടിസ്ഥാനത്തിൽ ജോലികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ഗണ്യമായ സാമ്പത്തികചോർച്ച ഒഴിവാക്കാനിതു സഹായകമാവും.

ജനങ്ങളുടെ അകമഴിഞ്ഞ പങ്കാളിത്തം കൊണ്ടു മാത്രമേ വികേന്ദ്രീകൃത ആസൂത്രണം വിജയകരമായി നടപ്പാക്കാനാവൂ. ആയതിനാൽ ലഭ്യമായ മനുഷ്യവിഭവശേഷി പൂർണ്ണതോതിൽ തന്നെ വിനിയോഗിക്കപ്പെടുമെന്നുറപ്പാക്കണം. ആത്മാർത്ഥതയും സന്നദ്ധതയും വൈദഗ്ധ്യവും ഒത്തു ചേർന്നതാണ് വെള്ളൂരിലെ ഈ മേഖല. വമ്പിച്ച തോതിലുള്ള ഈ ശക്തി സ്രോതസ്സ് ഫലപ്രദമായി വഴിതിരിച്ചു വിട്ടാൽ തന്നെ വികസന പ്രക്രിയയിൽ ഗണ്യമായ മുന്നേറ്റം നടത്താനാവും. പഞ്ചായത്തിലെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഘടനകളെയെല്ലാം ഇതിൽ കണ്ണി ചേർക്കണം.

❀ ❀ ❀

# പരിസ്ഥിതി



വ്യവസായ വിപ്ലവത്തെത്തുടർന്ന് പ്രകൃതിയുടെ മേലുള്ള കടന്നാക്രമണം ലോകമെങ്ങും അനിയന്ത്രിതമായി. ഇത് പ്രകൃതിയുടെ താളം തെറ്റിക്കുകയും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനു തന്നെ ഗുരുതരമായ ഭീഷണിയാവുകയും ചെയ്തിരിക്കുന്നു. ആഗോളതപനം, ഓസോൺപാളിയുടെ ശോഷണം തുടങ്ങിയ വിപത്തുകളുടെ കരിനിഴലിലാണ് നാമിന്ന്. പ്രകൃതിയെ ചൂഷണം ചെയ്യൽ, വികസനത്തിന് അനിവാര്യമാണെന്ന് ഒരു വിഭാഗം ശഠിക്കുമ്പോൾ തന്നെ സ്ഥായിയായ പുരോഗതിയാണ് വികസനത്തിലൂടെ ലക്ഷ്യമാക്കുന്നതെങ്കിൽ അത് പ്രകൃതിയുമായുള്ള സമരസപ്പെടലിലൂടെ മാത്രമേ സാദ്ധ്യമാകൂ എന്നു വാദിക്കുന്ന മറ്റൊരു ചിന്താഗതിയും ബലപ്പെട്ടിരിക്കുന്നു. ലോകത്താകമാനം ഈ വിഷയത്തെക്കുറിച്ച് ചർച്ച നടക്കുന്നുണ്ട്. പരിസ്ഥിതി വാദികളുടെ നിരന്തര ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി പല രാജ്യങ്ങളിലും വികസനത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണ കീഴ്മേൽ മറിയുവാൻ ഇടയായി.

അമേരിക്ക തുടങ്ങിയ വികസിത, മുതലാളിത്ത രാജ്യങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങളെ ഗൗരവപൂർവ്വം പരിഗണിച്ചു കൊണ്ടുള്ള സമീപനമാണ് വേണ്ടതെന്ന ആവശ്യം ശക്തിപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ മേധാപട്കർ, സുന്ദർലാൽ ബഹുഗുണ തുടങ്ങിയ പരിസ്ഥിതി പ്രവർത്തകരും, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകളും ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നു.

കേരളത്തിൽ ജനകീയ ശാസ്ത്ര പ്രസ്ഥാനമെന്ന നിലയിൽ ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ വളർച്ചയോടെയാണ് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള സജീവ ചർച്ചയാരംഭിച്ചത്. സൈലൻറ് വാലി പദ്ധതിയിലെ ഇടപെടൽ ഇതിലൊരു നാഴികക്കല്ലാണ്. രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പു സൈലൻറ് വാലിക്കെതിരായ വിവാദങ്ങൾ വികസന വിരുദ്ധമാണെന്ന രീതിയിൽ മാത്രമാണ് വിലയിരുത്തപ്പെട്ടത്. എന്നാൽ ഇന്ന് അതിൻെറ സാഗത്യം ഏറെക്കുറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

1982-ൽ പത്രക്കടലാസ് നിർമ്മാണ ശാല പ്രവർത്തനം ആരംഭിച്ചതോടെയാണ് വെള്ളൂരിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുത്തത്. ജലമലിനീകരണത്തിനും, അന്തരീക്ഷ മലിനീകരണത്തിനും എതിരെ ശക്തമായ ജനകീയ സമരങ്ങൾ ഉയർന്നു വന്നു. വൈക്കം താലൂക്കിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ആയിരക്കണക്കിനാളുകൾ വള്ളങ്ങളിലും മറ്റുമായി വെള്ളൂരിലെത്തി ഫാക്ടറിയിലേക്കു മാർച്ചു ചെയ്തു പ്രതിഷേധം പ്രകടിപ്പിച്ച ഐതിഹാസിക സമരത്തിന് വെള്ളൂർ സാക്ഷ്യം വഹിക്കുകയുണ്ടായി. മൂവാറ്റുപുഴയാറിലെ മലിനീകരണത്തിനെതിരായി പിന്നീട് വൈക്കം താലൂക്ക് ബന്ദ് ഉൾപ്പെടെ നിരവധി സമരങ്ങൾ നടന്നിട്ടുണ്ട്. ആദ്യകാലങ്ങളിലുണ്ടായ ആവേശകരമായ ഈ സമരങ്ങൾ പിന്നീട് പല കാരണങ്ങൾ കൊണ്ട് കെട്ടടങ്ങുകയാണുണ്ടായത്.

താരതമ്യേന മെച്ചപ്പെട്ട മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉണ്ടെങ്കിലും എച്ച്.എൻ.എൽ ഫാക്ടറിയിൽ നിന്നുമുള്ള വായു-ജല മലിനീകരണങ്ങൾ പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. പുഞ്ചപ്പാടത്ത് മലിനജലം കെട്ടിക്കിടക്കുന്നത് സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലം മലിനീകരിക്കപ്പെടുന്നതിനും കുടിവെള്ള പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്.

## മണൽവാരൽ

മൂവാറ്റുപുഴയാറിൽ നിന്നുമുള്ള അനിയന്ത്രിതമായ മണൽ വാരൽ ഇന്ന് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. കൊള്ള ലാഭം മാത്രം ലാക്കാക്കി ടൺ കണക്കിനു മണലാണ് ദിവസേന ആറ്റിൽ നിന്നും ശേഖരിക്കുന്നത്. ഇതിൽ അടിയന്തിരമായി ഇടപെട്ടു ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടു വരണം.

## ഇഷ്ടികക്കളങ്ങൾ

കഴിഞ്ഞ 10–15 വർഷങ്ങളായി പഞ്ചായത്തിൽ കൂടി വരുന്ന ഇഷ്ടികക്കളങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നെൽപ്പാടങ്ങളും ഫലഭൂയിഷ്ടമായ പ്രദേശങ്ങളും വിവേചന രഹിതമായി ഇഷ്ടികക്കളങ്ങളാക്കി മാറ്റുന്നതിന് നിയന്ത്രണം കൊണ്ടു വരേണ്ടതുണ്ട്. നെൽപ്പാടങ്ങൾ നികത്തി പുരയിടങ്ങളാക്കുന്നതും പഞ്ചായത്തിൽ വ്യാപകമായി നടന്നു വരുന്നു. ഇതു തടയുവാനുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്.

## ശബ്ദമലിനീകരണം

സമസ്ത മേഖലകളിലും ഉണ്ടായ വികസനങ്ങളുടെ ഭാഗമായി ശബ്ദമലിനീകരണത്തിന്റെ തോത് ഈ പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ട്. നിരന്തരം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ, ഫാക്ടറികളുടെ പ്രവർത്തനം, യോഗങ്ങളുടേയും സമ്മേളനങ്ങളുടേയും ആഘോഷങ്ങളുടേയും ഭാഗമായുള്ള ഉച്ചഭാഷിണി മൂലമുള്ള മലിനീകരണം ഇവ പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ട്. ഇതിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും നിയന്ത്രണ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുകയും വേണം.

## പ്ലാസ്റ്റിക് മലിനീകരണം

പരിസ്ഥിതിക്ക് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മറ്റൊരു ഘടകമാണ് പ്ലാസ്റ്റിക് വസ്തുക്കളുടെ അമിതമായ ഉപയോഗം, പച്ചക്കറി, തുണികൾ, പാൽ തുടങ്ങി എല്ലാ സാധനങ്ങളും പാക്ക് ചെയ്യുന്നതിന് പ്ലാസ്റ്റിക് ഉപയോഗിച്ചു വരുന്നു. പലപ്പോഴും ഒരിക്കൽ മാത്രം ഉപയോഗിച്ച് വലിച്ചെറിയപ്പെടുന്ന ഇവ വിഘടിക്കപ്പെടാതെ മണ്ണിൽ അവശേഷിക്കുന്നു. വർദ്ധിച്ചു വരുന്ന ഇവയുടെ ഉപയോഗം മണ്ണിന് ദോഷമുണ്ടാക്കുന്നു. പ്രകൃതിയിലേക്ക് എളുപ്പം വിഘടിച്ചു ചേരുന്ന കടലാസ് , നാരുകൾ തുടങ്ങിയവ കൊണ്ടുള്ള വസ്തുക്കൾ പ്ലാസ്റ്റിക്കിനു പകരം ഉപയോഗിക്കുന്ന ശീലം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഇതെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങളുടെ ഇടയിൽ നടത്തണം.

## കീടനാശിനികൾ

കീടനാശിനികളുടെ അമിത ഉപയോഗവും പാരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നുണ്ട്. പാടശേഖരങ്ങൾ, തോടുകൾ, പുഴകൾ എന്നിവ എല്ലാം ഇതുമൂലം മലിനപ്പെടുന്നു. അമിതമായി കീടനാശിനി തളിച്ച പച്ചക്കറികളും മറ്റും ഉപയോഗിക്കുന്നതിലൂടെ നിരവധി രോഗങ്ങൾ ഉണ്ടാകുന്നുണ്ട്. മാത്രമല്ല കീടനാശിനികളുടെ അശ്രദ്ധമായ ഉപയോഗവും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കും. കർഷകർക്കും കർഷക തൊഴിലാളികൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ന്യൂസ് പ്രിൻറ് ഫാക്ടറിയിലെ മലിനീകരണനിയന്ത്രണസംവിധാനങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഫാക്ടറി മൂലമുണ്ടാകുന്ന ജല-വായുമലിനീകരണം കർശനമായി തടയണം.
2. ന്യൂസ്പ്രൻറ് ഫാക്ടറിയിൽ നിന്ന് മലിവജലം വെള്ളൂർ പുഞ്ചയിലേക്കും കോളോത്ത് തോട്ടിലേക്കും തുറന്നു വിടുന്നത് തടയണം.
3. പാടത്ത് കൊണ്ടു നിക്ഷേപിക്കുന്ന കൽക്കരി-കുമ്മായ മാലിന്യങ്ങൾ സമീപ പ്രദേശത്ത് മലിനീകരണം ഉണ്ടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.
4. സിമൻറ് ഫാക്ടറി മൂലമുള്ള വായു മലിനീകരണ്, ഭാവിയിൽ കൂടുതൽ പ്രദേശത്തേക്ക് വ്യാപിക്കുമെന്ന് പരിസരവാസികൾ ഭയപ്പെടുന്നു. സമാനമായ മറ്റു ഫാക്ടറികളുടെ അനുഭവപാഠം ഇതുപോലെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഈ ഫാക്ടറിയിൽ മലിനീകരണനിയന്ത്രണസംവിധാനങ്ങൾ പര്യാപ്തമാണോ എന്നും അവ ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നും പഞ്ചായത്തിൻെറ നേതൃത്വത്തിൽ പരിശോധിക്കണം.
5. മുവാറ്റുപുഴയാറ്റിലെ മണൽ വാരൽ നിയന്ത്രിച്ച് പരിസ്ഥിതിയെ സംരക്ഷിക്കണം. കര ഇടിഞ്ഞു പോകുന്നത് കരിങ്കൽ കെട്ടിയും ഈറ്റ, മുള തുടങ്ങിയവ വച്ചു പിടിപ്പിച്ചും തടയണം.
6. ഫലപൂയിഷ്ടമായ കൃഷിഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് ഇഷ്ടികക്കളങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം.
7. രാസവളങ്ങളുടെയും കീടനാശിനികളുടേയും ഉപയോഗം കുറയ്ക്കുന്നതിന് ജൈവകൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണപരിപാടി കൃഷിക്കാരുടെ ഇടയിൽ നടത്തണം.
8. അറവുശാലകൾ പരിസരമലിനീകരണം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തണം. അവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയമം കർശനമായി നടപ്പാക്കണം.
9. പ്ലാസ്റ്റിക് വസ്തുക്കളുടെയും ഉപയോഗം കുറക്കുന്നതിന് കടലാസ്, നാരുകൾ തുടങ്ങിയ ജൈവവസ്തുക്കൾ കൊണ്ടു നിർമ്മിക്കുന്ന പായ്ക്കിങ്ങ് വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. ഇതിനുള്ള പ്രചരണപരിപാടികൾ സംഘടിപ്പിക്കണം.
10. ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തണം.
11. പഞ്ചായത്തിലെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ സമിതി രൂപീകരിക്കണം.
12. പഞ്ചായത്തിലെ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ബഹുജന പങ്കാളിത്തം ഉറപ്പാക്കണം.



VELLOOR PANCHAYAT
ENVIRONMENTAL APPRAISAL
INDEX
DRY AREAS
LOW WATER AVAILABILITY AREAS
RECLAIMED PADDY FIELDS
POND - PERENNIAL
POOR WATER QUALITY AREAS
HINDUSTAN NEWSPRINT LTD AREAS
ROCK EXPOSURES
HIGH EROSION PRONE AREAS
AREA SHOULD BE PROTECTED FROM QUARRYING
CANAL
CLAY MINE
EDAKATTUVAYAL
TO ERNAKULAM
MEVELLOOR
TO MULAKULAM TEKKEKARA
MULAKULAM
VELLOOR
CHEMPU
H·N·L
VARIKKAMKUNNU
MUVATTUPUZHA RIVER
VADAKARA
IRUBAYAM
KARIPADAM
TO VETTIKKATTUMUKKU
TO KOTTAYAM
TALAYOLAPARAMBU
MARAVANTHURUTHU

# ഉപസംഹാരം

പ്രിയ ഗ്രാമവാസികളെ,

1995 ഒക്ടോബർ മാസം 4-ാം തീയതി അധികാരത്തിൽ വന്ന വെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണസമതി മുൻ ഭരണസമതി തുടങ്ങി വച്ച പല വികസനപ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും, പുതിയവ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുനീങ്ങുന്നു. ഗ്രാമീണതനിമ നിറഞ്ഞ ഈ പ്രദേശത്തെ പുരോഗതിയിലേക്കു നയിക്കുവാൻ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഈ നാട്ടിലെ നല്ലവരായ പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിലൂടെ ഈ പഞ്ചായത്തിനെ ഉയർച്ചയുടെ പടവുകളിലേക്കു നയിക്കുവാൻ കഴിയുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. പഞ്ചായത്തീരാജ് നിലവിൽ വന്നതോടുകൂടി പഞ്ചായത്തുകൾക്കു നിർവ്വഹിക്കുവാനുള്ള ചുമതലകൾ വളരെ വലുതാണ്.

വെള്ളൂർ പഞ്ചായത്തിൻെറ വികസനത്തിന് ഉതകുംവിധം വിശേഷാൽഗ്രാമസഭകളിലൂടെ വന്ന ക്രിയാത്മകചർച്ചകളും നിർദ്ദേശങ്ങളും പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിന് ഈ കമ്മറ്റി പ്രതിജ്ഞാബദ്ധമാണ്. ഈ നാടിൻെറ ശാന്തതയും സമാധാനവും നിലനിർത്തിക്കൊണ്ട് പ്രകൃതി സൗന്ദര്യം നഷ്ടപ്പെടുത്താതെ ജനപങ്കാളിത്തത്തോടുകൂടി വികസനപ്രവർത്തനങ്ങൾ നടത്തുവാനുള്ള ശ്രമം അഭംഗുരം തുടരുന്നു. വികസനപ്രവർത്തനങ്ങളുടെ നടത്തിപ്പിന് സഹായസഹകരണങ്ങൾ നൽകിപോരുന്ന മുഴുവൻ ഗ്രാമവാസികളോടും, ഉദ്യോഗസ്ഥവൃന്ദങ്ങളോടും സാമൂഹ്യരാഷ്ട്രീയഭാരവാഹികളോടും ഈ ഭരണസമതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

വികസനരേഖയെ പദ്ധതികളാക്കി മാറ്റുകയും ഈ പദ്ധതികളിൽ പ്രാധാന്യം കല്പിക്കേണ്ടതിന് മുൻഗണന നൽകി നടപ്പിലാക്കേണ്ടതുമുണ്ട്. മുൻഗണന വിലയിരുത്തുമ്പോൾ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് കുടിവെള്ള പ്രശ്നത്തിനാണ്. ഇതിൻെറ പ്രാധാന്യം മുൻകൂട്ടി കണ്ടുകൊണ്ട് പഞ്ചായത്ത് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ലോകബാങ്ക് സഹായത്തോടെ HRWS പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം വില കൊടുത്തു വാങ്ങുന്നതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തീകരിക്കുന്ന ഈ പദ്ധതിയുടെ ഗുണം നമ്മോടൊപ്പം അയൽ പഞ്ചായത്തുകൾക്കും ലഭ്യമാകും.

ഈ പഞ്ചായത്തിൻെറ ജനസംഖ്യ 21584 ആണ്. ഇവരിൽ 81% കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളും 30% കുടുംബങ്ങൾക്ക് സാനിറ്റേഷൻ സൗകര്യവും 25% കുടുംബങ്ങൾക്ക് വൈദ്യുതി വെളിച്ചവും ലഭിച്ചിട്ടില്ല. വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിലും ഇവരുടെ ആവശ്യങ്ങൾ ഈ ഭരണസമതിയുടെ കാലത്തു നിറവേറ്റുന്നതിന് കടപ്പെട്ടിരിക്കുന്നു.

ഈ പഞ്ചായത്തുനിവാസികളിൽ ബഹുഭൂരിപക്ഷം ആളുകളും കാർഷികരംഗത്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതോടൊപ്പം വ്യാവസായികരംഗത്തും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. നെല്ല്, തെങ്ങ്, റബ്ബർ, വാഴ, കപ്പ, കൊക്കോ, ജാതി തുടങ്ങിയ കൃഷികൾ നടത്തുന്നതോടൊപ്പം പച്ചക്കറികൃഷിക്കും പ്രത്യേകം ഊന്നൽ നൽകി പ്രവർത്തിച്ചുവരുന്നു. ജലസേചനസൗകര്യകുറവ്, വളം, കീടനാശിനി എന്നിവയുടെ വർദ്ധിച്ച വില കാർഷിക തൊഴിലാളികളുടെ ലഭ്യത

കുറവ് കൃഷി രംഗത്തെ പുറകോട്ടു വലിക്കുന്നു. ഈ പോരായ്മകൾ പരിഹരിക്കുവാനുള്ള ആത്മാർത്ഥശ്രമം കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

കഴിഞ്ഞ കാലവികസനപ്രർത്തനങ്ങളുടെ നടത്തിപ്പും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നടന്നുവരുന്നു.

പഞ്ചായത്തിലെ രണ്ട് പ്രധാനപ്പെട്ട വ്യവസായകേന്ദ്രങ്ങളാണ് വെള്ളൂർ പത്രക്കടലാസ് ഫാക്ടറിയും വെള്ളൂർ സിമൻറ് ഫാക്ടറിയും. ഈ ഫാക്ടറികളുടെ പ്രവർത്തനം മൂലം പഞ്ചായത്തിന് വരുമാനം കൂടുതലായി കിട്ടുന്നുണ്ട്. എങ്കിലും, അന്തരീക്ഷ മലിനീകരണവും, ജലമലിനീകരണവും ജനങ്ങൾക്കാകെ ബുദ്ധിമുട്ടുണ്ടാക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഭാഗിക്മായ സഹകരണം പത്രക്കടലാസ് ഫാക്ടറിയിൽ നിന്ന് ഉണ്ടാകുന്നുണ്ട് എന്നത് ഇത്തരുണത്തിൽ സ്മരിക്കുന്നു. മറ്റ് വ്യാവസായികരംഗങ്ങളായ ഇഷ്ടികനിർമ്മാണം, ചരൽ സംഭരണവും, വിപണനവും, ഹോളോബ്രിക്സ് നിർമ്മാണവും എന്നിവ കൃഷിഭൂമി ഇല്ലാതാക്കുകയും, പരിസ്ഥിതിയെ തകിടം മറിക്കുകയും ചെയ്യുന്നുണ്ട്. ഇവയെ തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുത്താതെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് നടത്തുന്നുണ്ടെങ്കിലും അധികാരികളുടെ ഭാഗത്ത് നിന്നുള്ള നിസ്സഹകരണവും നിയമസാങ്കേതികത്വവും പഞ്ചായത്തിന്റെ പ്രവർത്തനത്തിന് തടസ്സമാകുന്നു. വ്യാപകമായ അഴിമതിക്ക് ഈ രംഗം കളമൊരുക്കുന്നുണ്ട്. ഈ രംഗത്ത് ഫലപ്രദമായ പ്രവർത്തനം കാഴ്ചവെക്കേണ്ടത് സമൂഹത്തിന്റെ നന്മയ്ക്ക് ആവശ്യമാണ്.

പഞ്ചായത്ത്‌രാജ് സംവിധാനത്തിലൂടെ ജനകീയ ആസൂത്രണം നടപ്പിലാക്കുന്നതിനായി നൂറുകണക്കിന് സാമൂഹ്യ സാങ്കേതികവിദഗ്ദ്ധർ വഹിച്ച പങ്ക് ഞങ്ങൾ അനുസ്മരിക്കട്ടെ. ഗ്രാമസഭ മുതൽ രണ്ടാംഘട്ട പ്രവർത്തനത്തിനു ശേഷം പഞ്ചായത്ത് വികസനസെമിനാർ വരെ ബഹുജന പങ്കാളിത്തം സജീവമായിരുന്നു. ജില്ലാ റിസോഴ്സ് പെഴ്സൻസും, പഞ്ചായത്ത് തല റിസോഴ്സ് പെഴ്സൻസും, ഉദ്യോഗസ്ഥസഹപ്രവർത്തകരും, പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഇക്കാര്യത്തിൽ നിസ്ഥുലമായ സേവനമാണ് കാഴ്ചവെച്ചത്. പഞ്ചായത്തിന്റെ വരുംകാലപ്രവർത്തനങ്ങൾ സമ്പന്നമാക്കുവാനും സമൃദ്ധിയാക്കുവാനും ശാന്തിയും സമാധാനവും നിലനിർത്തുവാനും അഭിപ്രായസമന്വയത്തിലൂടെ വികസന പ്രവർത്തനപദ്ധതി മുൻഗണനാക്രമം തീരുമാനിക്കുവാനും ഈ വികസനസെമിനാർ ഫലപ്രദമാകട്ടെ എന്നാശംസിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

സ്നേഹപൂർവ്വം

എൻ. എം. താഹാ,

പ്രസിഡൻറ്, വെള്ളൂർ ഗ്രാമപഞ്ചായത്ത്


VELLOOR PANCHAYAT
SURFACE MATERIAL
1:12500
N 125 0 125 250 375 500 M
N
EDAKATTUVAYAL
TO ERNAKULAM
CHERUKARA
MEVELLOOR
TO MULAKULAM
TEKKEKARA
MULAKULAM
PULLIMUKAM
VELLOOR
VARIKKAMKUNNU
MUVATTUPUZHA RIVER
CHEMPU
VADAKARA
IRUBAYAM
KARIPADAM
TO VETTIKKATTUMUKKU
TO KOTTAYAM
TALAYOLAPARAMBU
MARAVANTHURUTHU
INDEX
PANCHAYAT BOUNDARY
ROCK EXPOSURES
DURICRUST
LATERITIC SOIL
ALLUVIUM
ROADS
RAILWAY TRACK



ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുട്ടികൊള്ളുന്നു.




ഒൻപതാം പദ്ധതി ജനകീയ പദ്ധതി

Printed at Pioneer Offset Printers, Cochin-16. Ph. 374823